
ഭാഗം
6

## അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



# കോവിഡ് 19
# കഥകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം

കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19 കഥകൾ

## ഭാഗം 6

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**കേരള സർക്കാർ**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**

നം.410/പ്രസ്/സി.എം.ഒ/2020. മെയ് 25, 2020.


## സന്ദേശം

അക്ഷരവൃക്ഷം സൃഷ്ടികളുടെ ആറും ഏഴും ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ആരവങ്ങളില്ലാത്ത ഈ അവധിക്കാലത്ത് നമ്മുടെ കുട്ടികൾ തയാറാക്കിയ കഥകളും കവിതകളും ലേഖനങ്ങളും വായിക്കുമ്പോഴുണ്ടാകുന്ന ആഹ്ലാദവും ആവേശവും ചെറുതല്ല. ഭാവനയും ഭാഷാപ്രയോഗവുമുൾപ്പെടെയുള്ള ശേഷികൾ ആർജിക്കുന്നതിലും പ്രകടിപ്പിക്കുന്നതിലും ലോകോത്തര നിലവാരം പുലർത്തുന്നവരാണ് നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നവരെന്ന് അവ വ്യക്തമാക്കുന്നു. പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കാനും ദീർഘവീക്ഷണത്തോടെയുള്ള പരിഹാരങ്ങൾ നിർദേശിക്കാനും അവർക്ക് കഴിയുന്നു. കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തിന്റെ ഗുണമേന്മയും കരുത്തും അടയാളപ്പെടുത്തുന്ന നാഴികക്കല്ലുകളിലൊന്നായി അക്ഷരവൃക്ഷം രചനകൾ നിലനിൽക്കും.

അവധിക്കാലത്തെ ഇത്തരം പ്രവർത്തനങ്ങൾ നൽകിയ ആത്മവിശ്വാസത്തോടെയാണ് നാം പുതിയ അധ്യയന വർഷത്തിലേക്ക് കടക്കുക. ഇപ്പോഴത്തെ സാഹചര്യത്തിൽ കുട്ടികൾ വിദ്യാലയങ്ങളിൽ നേരിട്ടെത്താതെ തന്നെ പഠനപ്രവർത്തനങ്ങൾ പലതും നടത്തേണ്ടി വരും. അത്തരം പ്രവർത്തനങ്ങൾക്ക് ഊർജമാകുന്നതാകും ഈ പദ്ധതിയുടെ വിജയം. അക്ഷരവൃക്ഷത്തിലേക്ക് സൃഷ്ടികൾ അയച്ച എല്ലാ കൂട്ടുകാരെയും സ്നേഹപൂർവം അഭിനന്ദിക്കുന്നു. ഈ പ്രവർത്തനം വേഗത്തിലും വിജയകരമായും നിർവഹിച്ച പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തകർക്കെല്ലാം അനുമോദനങ്ങൾ.

**പിണറായി വിജയൻ**

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



Break the chain

കൈവിടാതിരിക്കാം...
കൈ കഴുകൂ...

## ആമുഖം

പൊതുവിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ **'അക്ഷരവൃക്ഷം'** എന്ന പേരിൽ വിദ്യാർഥികളുടെ സർഗസൃഷ്ടികളുടെ ആറാമത്തെയും ഏഴാമത്തെയും സമാഹാരം പ്രകാശിപ്പിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. പ്രതിസന്ധിയുടെ പുതിയ കാലത്ത് വിദ്യാർഥികൾ ലോകത്തെയും മാനവ ജീവിതത്തെയും വിശ്വപ്രകൃതിയെയും എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ നേർസാക്ഷ്യങ്ങൾ ഇതിലുണ്ട്. ഒന്നിൽ നിന്നും മാറിനിൽക്കാതെ യാഥാർഥ്യങ്ങളെ സധൈര്യം നേരിടുന്നതിന്റെയും ഭാവിയെ ഇച്ഛാശക്തിയോടെ അഭിമുഖീകരിക്കുന്നതിന്റെയും സൂചനകൾ ഇതിൽ കാണാം. ജാഗ്രതയോടെ ജീവിതത്തെ അഭിമുഖീകരിക്കാനുള്ള ശ്രദ്ധയും ഉൾക്കാഴ്ചയുമാണ് ഇതിലൂടെ പങ്കുവയ്ക്കുന്നത്. പരിമിതമായ സ്വാതന്ത്ര്യം മാത്രം അനുഭവിച്ച് വീട്ടുകൾക്കുള്ളിൽ കഴിയുമ്പോഴും ലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കാനും വിശകലനം ചെയ്യാനും ഇന്ദ്രിയങ്ങളെ യാഥാർഥ്യബോധത്തോടെ തുറന്നുപിടിക്കാനുമുള്ള സന്ദേശമാണ് ഇത് നൽകുന്നത്.

വിദ്യാർഥികളുമായി നിരന്തരം ബന്ധപ്പെടാനും അവരെ ക്രിയാത്മകമായി ബന്ധിപ്പിക്കാനും കഴിയുക എന്നത് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ മികവിനെയാണ് കാണിക്കുന്നത്. നാം ആർജിച്ചിട്ടുള്ള വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാർഥികളെ ഇങ്ങനെ സർഗാത്മകമായി സജ്ജീകരിക്കാൻ ശ്രമിച്ച അധ്യാപകരുടെയും രക്ഷിതാക്കളുടെയും സന്നദ്ധതയും താത്പര്യവും ഏറെ ആഹ്ളാദം ജനിപ്പിക്കുന്നു.

അകന്നിരിക്കുമ്പോഴും അകലാതിരിക്കാനും വേറിട്ടു കഴിയുമ്പോഴും സാമൂഹികബന്ധം നിലനിർത്താനും ഒറ്റപ്പെടുമ്പോഴും കൈത്താങ്ങാകാനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കും. വിദ്യാർഥികളിൽ ആത്മ വിശ്വാസവും ഇച്ഛാശക്തിയും ശുഭപ്രതീക്ഷയും വളർത്താൻ ഇത്തരം പ്രവർത്തനങ്ങൾക്കു കഴിയട്ടെ.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# ഈ കൊറോണക്കാലത്ത്




രാവിലെതന്നെ ഒരു കപ്പ് ചായയുമായി ഉമ്മറത്തിരുന്നു പത്രം വായിക്കുക യായിരുന്നു അപ്പുമാഷ്. ചായ കുടിച്ചു കൊണ്ടിരുന്നപ്പോൾ മുന്നിൽ ഒരുപാട് കിളികളുടെ കളകളാരവം കേട്ടു. അതിലൊരു കിളി അപ്പുമാഷിന്റെ അരികിൽ വന്ന് ചോദിച്ചു: "എന്താ മാഷേ... ഇപ്പോൾ എവിടെയും പോകാ നില്ലല്ലോ?" അപ്പുമാഷ് അത്ഭുതത്തോടെ കിളികളെ നോക്കി പറഞ്ഞു: "ങേ, നിങ്ങൾക്ക് സംസാരിക്കാൻ കഴിയുമോ?" "ഞങ്ങൾക്ക് സംസാരിക്കാൻ കഴിയും മാഷേ... നിങ്ങളാരും ഞങ്ങളുടെ സംസാരം കേൾക്കാൻ ശ്രമിച്ചിട്ടില്ല." പക്ഷി പറഞ്ഞു തീരുമ്പോഴേക്കും മുന്നിൽ അതാ കുറേ മൃഗങ്ങളും. "ഇവരെന്താ കാട്ടിൽനിന്നും നാട്ടിലേക്ക് വന്നത്?" എന്ന് ചിന്തിക്കുമ്പോഴേക്കും കരടിയും പുലിയും പറയാൻ തുടങ്ങി: "മാഷേ... ഇപ്പോഴാ ഞങ്ങൾക്ക് നമ്മുടെ ആവാസസ്ഥലത്ത് സമാധാനപരമായി ജീവിക്കാൻ കഴിയുന്നത്. ഈ കൊറോണക്കാലത്ത്." മാഷ് എന്തെങ്കിലും പറയുന്നതിന് മുമ്പേ ഒരു സ്വർണമത്സ്യം പറയാൻ തുടങ്ങി: "പത്ത് ദിവസമെങ്കിലും ഞങ്ങൾക്ക് ആയുസ്സ് നീട്ടിക്കിട്ടി. കടലിൽ കപ്പലുകളുടെയും ബോട്ടുകളുടെയും പേടിപ്പെടുത്തുന്ന ശബ്ദങ്ങളില്ല. എങ്ങും ശാന്തതയാണ്. എല്ലാം കീഴടക്കി കൈപ്പിടിയിൽ ഒതുക്കി നിങ്ങൾ മനുഷ്യർ ഒരുപാട് അഹങ്കരിച്ചു. ഞങ്ങളും പ്രകൃതിയുടെ മക്കൾ തന്നെയാണ്." അപ്പുമാഷ് എല്ലാം കേട്ടു. ഒന്നും പറയാൻ കഴിഞ്ഞില്ല. "കണ്ണിൽപ്പോലും കാണാൻ കഴിയാത്ത ചെറിയ ഒരു അണുവിനെ പേടിച്ച് ഇന്ന് നിങ്ങൾ പുറത്തിറങ്ങുന്നില്ല. ഈ ലോകം മുഴുവൻ അടച്ചിട്ടു. ഞങ്ങൾ മൃഗങ്ങൾ ആഹാരത്തിനുവേണ്ടി അല്ലാതെ ഒരു ജീവിയെയും കൊല്ലാറില്ല." അപ്പോൾ പാമ്പ് പറഞ്ഞു: "എനിക്ക് തന്നെ നാണമാകുന്നു. എന്നേക്കാളും വിഷമുണ്ടല്ലോ ഈ മനുഷ്യർക്ക്." "മാഷേ, ഈ പ്രകൃതിയിലേക്ക് നോക്കൂ, ഞങ്ങളെത്ര സന്തോഷവാന്മാരാണ്. ഈ പ്രകൃതി എത്ര ശാന്തമാണ്. ഇത്തിരിയെങ്കിലും മാലിന്യമുക്തമായി. നിങ്ങൾക്ക് ഈ കൊറോണയെയും പിടിച്ചുകെട്ടാൻ കഴിയും. അതിനുള്ള ശക്തിയും ആർജവവും നിങ്ങൾക്കുണ്ട്. ഇനിയെങ്കിലും ഞങ്ങളെ സഹജീവിയായി കണക്കാക്കൂ... സ്വാർഥത വെടിയൂ. സ്വസ്ഥമായി ചിന്തിക്കൂ. ഞങ്ങൾ എല്ലാ ജീവജാലങ്ങളും പരസ്പരം ബന്ധിക്കപ്പെട്ട കണ്ണികളാണ്. എന്നാൽ ഞങ്ങൾ പോട്ടെ." അവർ യാത്ര പറഞ്ഞിറങ്ങി. "അച്ഛാ... എന്താ എണീക്കാറായില്ലേ... ഇതാ ചായ." പെട്ടെന്ന് മാഷ് എഴുന്നേറ്റ് ഒരു ചെറുചിരിയോടെ ചായ വാങ്ങി. അപ്പോൾ താൻ കണ്ടത് സ്വപ്നം ആയിരുന്നോ?

**അഞ്ജന അശോക് കെ.**
9 ബി, കെ.എം.വി.എച്ച്.എസ്.എസ്, കൊടക്കാട്
ചെറുവത്തൂർ ഉപജില്ല, കാസർഗോഡ്

# ചെണ്ടയുടെയും ചെണ്ടക്കോലിന്റെയും കഥ

ചൂടുമൂലം ചുട്ടുപഴുത്ത റോഡിൽനിന്ന് ഇടതുഭാഗത്തേക്ക് മണ്ണുകൊണ്ടുള്ളൊരു വഴി. നേരെ പോയാൽ വനംപോലെ തോന്നിക്കുന്ന ഉൾപ്രദേശത്തെത്തും. അവിടെ ആകെ നാല് കുടുംബങ്ങളേ താമസമുള്ളൂ. അതിലൊന്നാണ് മേളക്കാരൻ രാമുവിന്റെ കുടുംബം. മേളകേസരി എന്നാണയാളുടെ വിളിപ്പേര്. നമ്മുടെ കഥയ്ക്ക് പശ്ചാത്തലമായി ഒരുങ്ങുകയാണവിടം.

രണ്ടു മുറികളുള്ള ചെറുകെട്ടിടത്തിൽ, ഒരു മുറിയുടെ മൂലയിൽ കട്ടിലിനടുത്ത് ഒരു ചെണ്ടയിരിക്കുന്നു. ചെണ്ടയും ചെണ്ടക്കോലും തമ്മിലുള്ള അകലം ഉറപ്പിക്കാനെന്നോണം ചെണ്ടക്കോൽ ഒരു തുണിയിൽ പൊതിഞ്ഞ ശേഷമാണ് ചെണ്ടയിലുടക്കി വച്ചിരിക്കുന്നത്; ഇരുവർക്കുംകൂടി ഒരു പടച്ചട്ടയും. പെട്ടെന്നൊരു തണുത്ത കാറ്റു വീശി. പടച്ചട്ടയുടെ കരുത്തിനെ തകർക്കാൻപോന്ന ഒന്നായിരുന്നില്ലെങ്കിലും, ആ ഇളംകാറ്റ് കവറിനകത്തുകടന്ന് മൃദുവായ തുണിയിലൂടെ ഊർന്നിറങ്ങി ചെണ്ടക്കോലിനെ തഴുകി. പെട്ടെന്നുള്ള കുളിരിൽ വിവശനായ ചെണ്ടക്കോൽ ചെണ്ടയെ കൂടുതൽ മുറുകെപ്പിടിച്ചു. ഹർഷപുളകിതനായിക്കൊണ്ട് ചെണ്ട മുറുമുറുത്തു:

“എന്താടാ കൊച്ചേ?”

ചെണ്ടക്കോൽ പറഞ്ഞു: “തണുക്കുന്നു.”

ചെണ്ട പറഞ്ഞു: “അതെങ്ങനാ... ഒരു കൊട്ടുകിട്ടിയിട്ട് മാസം ഒന്നായി. കരോണ, കൊരോണ എന്നു പറഞ്ഞ എന്തോ ഒരു ഗോളം അന്തരീക്ഷത്തിലൂടെ ഉരുണ്ടു നടപ്പുണ്ടെന്നു കേട്ടു.”



ചെണ്ടക്കോൽ പറഞ്ഞു: “പുറത്തു വലിയ ചൂടാണല്ലോ. നല്ല രസമായിരിക്കും. വെയിലത്തെങ്ങാനും കെടക്കാർന്നു.”



പതിഞ്ഞ ശബ്ദത്തിൽ കോൽ തുടർന്നു: ''ആശാന്റെ കാര്യമെങ്ങനാ?"

ചെണ്ട പറഞ്ഞു: "ആശാന് ഇപ്പോ വല്യ ക്ഷാമമില്ലാന്ന് അറിഞ്ഞു. കിട്ടുന്നതിൽനിന്ന് ലേശം സൂക്ഷിക്കാറുണ്ടായിരുന്നത്രേ... ഏതായാലും മനുഷ്യരെല്ലാം ഒരു പാഠം പഠിച്ചു."

"പ്രകൃതി കൊടുത്ത ഒരടിയാ... എന്തൊക്കെയായിരുന്നു...? ലോകം കീഴടക്കുമെന്ന ഭാവം"- കോൽ പറഞ്ഞു.

"എനിക്കെന്നാ ചേട്ടനിട്ടൊന്ന് കൊട്ടാൻ പറ്റ്വാ?" കോൽ.

ചെണ്ട അക്ഷമനായി പറഞ്ഞു: "ആർക്കറിയാം? ഉത്സവങ്ങളൊക്കെ മൗനപ്രാർഥനപോലായി. അല്ലേലും ആ കൊറോണയുടെ ഉരുളിച്ച കൊറച്ച് കൂടുതലാ."

കോൽ പറഞ്ഞു: "എന്നെങ്കിലും ഇത് തീരൂന്നൊറപ്പാ, ഇല്ലെങ്കിൽ ചേട്ടന്റെ തോൽ നരയ്ക്കുകേലേ?"

പൂപ്പൽ ആക്രമിക്കാൻ തുടങ്ങിയ ചെണ്ടയുടെ തോൽ ഇരുട്ടത്ത് കോൽ എങ്ങനെ കണ്ടെന്നുള്ളതിൽ ചെണ്ടയ്ക്ക് അത്ഭുതം തോന്നി. അവർ പരസ്പരം കൂടുതൽ ഒട്ടിച്ചേർന്നിരുന്നു; അകലം മറന്നുകൊണ്ട്.

**ആനന്ദ് ശർമ്മ**
10 എ
ജി.എച്ച്.എസ്.എസ്. മുട്ടം
അറക്കുളം ഉപജില്ല, ഇടുക്കി



# കണ്ണുകൾ

കടുവയുടെ കണ്ണുകൾ എപ്പോഴും തിളങ്ങിക്കൊണ്ടിരിക്കും. തവിട്ടുകലർന്ന തന്റെ പച്ചക്കണ്ണുകളിൽ എപ്പോഴും കാടു മാത്രം പ്രതിഫലിച്ചുകൊണ്ടിരുന്നെങ്കിൽ എന്ന് അത് ആശിക്കാറുണ്ടായിരുന്നു.



കാട് കടുവയെ നെഞ്ചിനുള്ളിലാണ് കൊണ്ടുനടക്കാറ്. കടുവ വടവൃക്ഷങ്ങൾ കയറിയും കാട്ടുചോലയിൽ നീന്തിത്തുടിച്ചും പുൽമേടുകളിൽ ഇരയെ തിരഞ്ഞും പൊന്തകളിൽ അന്തിയുറങ്ങിയും നടന്നു.

എന്നാൽ ഒരു കാര്യം കടുവയുടെ കണ്ണുകളിൽ അസ്വസ്ഥത നിറച്ചിരുന്നു. ആ പാത. അത് കടുവയുടെ പ്രഭാതസവാരികളുടെ പ്രശാന്തതയിലേക്ക് അതിക്രമിച്ചുകയറി. മഴയുടെയും വെയിലിന്റെയും മൂടൽമഞ്ഞിന്റെയും ആവരണങ്ങളിലേക്ക് തുളച്ചുകയറി.

ആ വഴിത്താരയെ കടുവ വെറുത്തു; കാടും. ആ പാതയിലൂടെ കാലുകളുടെ സ്ഥാനത്ത് ചക്രങ്ങൾ ഘടിപ്പിച്ച ബഹളക്കാരായ ജീവികൾ ഇരുകാലികളെയും വഹിച്ച് ഇരമ്പിയാർത്ത് കടന്നുവന്നുകൊണ്ടിരുന്നു. അവയുടെ പിളർന്ന വായിലിരുന്ന് ഇരുകാലികൾ കടുവയെ ആഘോഷിച്ചു. ആർപ്പുവിളികളും ആഹ്ലാദപ്രകടനങ്ങളും അസംഖ്യം ക്ലിക്കുകളുമായി അവർ കടുവയെ പൊതിഞ്ഞു.

എന്നാൽ ഇപ്പോൾ എന്തോ സംഭവിച്ചിരിക്കുന്നു. പാതയൊഴിഞ്ഞു കിടക്കുന്നു. ബഹളങ്ങൾ പോയിട്ട് ബഹളക്കാരുടെ നിഴലുകൾ പോലുമില്ല.

മടിച്ചുമടിച്ച് കടുവ വഴിത്താരയിൽ പാദം പതിപ്പിച്ചു. ആ മൃദുസ്പർശമേറ്റ് പാത പുളകമണിഞ്ഞു.

* * *

കൂട്ടിലെ പുലി പതിവില്ലാതെ ആനന്ദത്തിലാണ്. കൂടിനുമുന്നിൽ വന്ന് നിരന്നു നിന്ന് അതിന്റെ നിസ്സഹായത ആസ്വദിക്കാനാരുമില്ലാ

തായിരിക്കുന്നു. തന്നെ പറിച്ചെടുത്ത് കൊണ്ടുവന്ന ആ പഴയ കാടിനെ കുറിച്ച് ഒന്ന് സ്വപ്നം കാണാനെങ്കിലും സമയമുണ്ട്.

നഗരമധ്യത്തിലെ മതിൽക്കെട്ടിനുള്ളിലെ ഇരുമ്പഴികൾക്കകത്ത് കിടന്ന് പുലി സ്വപ്നം കണ്ടു. ആ കണ്ണുകളിൽ ഒരിക്കൽക്കൂടി കനവുകൾ പൂത്തു.

*　　*　　*

അവൾക്ക് ഒന്നും ചെയ്യാനില്ലായിരുന്നു. എവിടേക്കും പോവാനില്ലായിരുന്നു. ടെലിവിഷൻ ഓൺചെയ്താൽ വൈറസ് വാർത്തകൾ മാത്രമായതിനാൽ മടുപ്പോടെ അവളതിനെ ഉപേക്ഷിച്ചിരുന്നു.



ഒന്നും ചെയ്യാനില്ലെന്ന് തോന്നിയതുകൊണ്ട് അവൾ വാതിൽക്കലിരുന്ന് പുറത്തേക്കൊന്ന് കണ്ണുകൾ പായിച്ചു. മുറ്റത്തെ മരത്തിന്റെ ഇലകൾക്ക് എന്തൊരു പച്ചയാണ്! ചില്ലക്കൂട്ടിനകത്ത് മയക്കത്തിലാഴുന്ന കിളിക്കുഞ്ഞിന്റെ ഇളംതൂവലുകൾക്ക് എന്തൊരു മിനുക്കം! അണ്ണാറക്കണ്ണന്റെ ചിലപ്പിൽ ഇത്രയും കുസൃതിയോ! സുവർണസൂര്യന് എന്ത് ശോഭ! കാറ്റിന്റെ മുഖത്ത് ഇത്രയേറെ വാത്സല്യമോ! മണ്ണിനും മണമുണ്ടോ!

അവൾ പേനയും കടലാസുമെടുത്ത് എഴുതിത്തുടങ്ങി.

**സിനാഷ**
7 ബി
ഡയറ്റ്, മായിപ്പാടി
കാസർഗോഡ് ഉപജില്ല, കാസർഗോഡ്



# കായിക്കുടുക്ക

സൈക്കിളിൽ പോകുന്ന ചങ്ങായിയെ കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം, ഒരുപാട് ആഗ്രഹിച്ചതാണ് അതുപോലൊരു സൈക്കിൾ വാങ്ങാൻ. ഉപ്പ തരുന്ന അഞ്ചും പത്തും റുപ്പിയ ഒരു കുടുക്കയിൽ ഇട്ടു സൂക്ഷിച്ചു, അവധിക്കാലത്ത് ഒരു സൈക്കിൾ വാങ്ങാൻ. ചങ്ങായിമാരോടൊക്കെ പറഞ്ഞതാണ് ഈ വലിയ അവധി കഴിഞ്ഞ് ഞാൻ സ്കൂളിലേക്ക് എത്തുന്നത് പുതിയ സൈക്കിളിൽ ആയിരിക്കുമെന്ന്. കൊറോണ ആയതുകൊണ്ട് സ്കൂൾ നേരത്തേ പൂട്ടി. വീട്ടിൽ എന്നും ചക്കകൊണ്ടുള്ള വിഭവങ്ങളാണ്. ദിവസങ്ങൾ കുറേ കടന്നുപോയി. ഒരു ദിവസം ഉപ്പ ആരെയോ ഫോൺ വിളിക്കുന്നത് കേട്ടു. പണി ഒന്നുമില്ല, കൈയിൽ ഒരു റുപ്പിയ പോലുമില്ല, കൈയിൽ കായി എന്തെങ്കിലും ഉണ്ടോ? എന്നൊക്കെ ചോദിക്കുന്നത് കേട്ടു. അപ്പോൾ എനിക്കു തോന്നി, എന്റെ കുടുക്ക ഉപ്പയെ ഏൽപ്പിക്കാമെന്ന്. കുടുക്കയിലെ കായി ഒക്കെ ഉപ്പയ്ക്ക് കൊടുത്തപ്പോൾ സന്തോഷം കൊണ്ടാണോ സങ്കടം കൊണ്ടാണോ... ഉപ്പയുടെ കണ്ണ് നിറഞ്ഞു, എന്നെ ചേർത്ത് പിടിച്ചൊരുമ്മ. മനസ്സിനൊരാശ്വാസം തോന്നി. എന്തോ വലിയൊരു കാര്യം ചെയ്ത അഭിമാനത്തോടെ ഞാൻ സൈക്കിളിൽ പോയ കൂട്ടുകാരനെ കൈവീശിക്കാട്ടി...



**മുഹമ്മദ് റാബി**
7 എ
ജി.എം.യു.പി. സ്കൂൾ, ചീരാൻകടപ്പുറം
താനൂർ ഉപജില്ല, മലപ്പുറം

# ഞാൻ കണ്ട ഭൂമി


ഹൊ, ഉറക്കം കണ്ണുകളിൽനിന്ന് വിട്ടുമാറാതെ നിൽക്കുന്നു. വല്ലാത്ത ക്ഷീണം. ഒന്നുകൂടി തിരിഞ്ഞുകിടന്ന് തലയിലൂടെ പുതപ്പും വലിച്ചിട്ട് മൂടി ഉറങ്ങിയാലോ? ശ്ശോ. പറ്റില്ലല്ലോ! കൃത്യസമയത്തുതന്നെ ഉണർന്നെണീറ്റ് കാര്യങ്ങൾ ചെയ്യാൻ തുടങ്ങിയില്ലെങ്കിൽ എല്ലാം അവതാളത്തിലാകും.

ഈയിടെയായിട്ട് ഒന്നും ചെയ്യാൻ ഒരു ഉഷാറുമില്ല. ഊർജമൊക്കെ കുറഞ്ഞ് തുടങ്ങിയിരിക്കുന്നു. പഴയപോലെ പ്രകാശത്തിനൊരു തിളക്കമില്ലാത്തതു പോലെ.

അയ്യോ കൂട്ടുകാരേ, ഞാൻ എന്നെ പരിചയപെടുത്താൻ മറന്നുപോയി കേട്ടോ, ക്ഷമിക്കണം. ഞാനാണ് നിങ്ങൾക്ക് ചൂടും വെളിച്ചവുമൊക്കെ തരുന്ന സൂര്യൻ!

നിങ്ങൾക്കോർമയുണ്ടോ? പണ്ടൊക്കെ എന്തൊരു ഉന്മേഷമായിരുന്നു. അതിരാവിലതന്നെ ചാടിയെണീറ്റ്, ഊർജസ്വലതയോടെ ജോലിയാരംഭിക്കാൻ. ഓരോ ഗ്രഹത്തിലൂടെയും കണ്ണോടിച്ച്, ബുധൻ, ശുക്രൻ, ഭൂമി... ഹാ! ഭൂമിയിലെത്തുമ്പോൾ എന്തൊരു സന്തോഷമായിരുന്നു. ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് മെല്ലെ കടന്നുവരുന്ന പ്രകൃതി. തെളിഞ്ഞ അരുവികൾ, തുള്ളിക്കളിക്കുന്ന ജീവജാലങ്ങൾ, ഇളംകാറ്റിൽ തലയാട്ടിനിൽക്കുന്ന സസ്യലതാദികൾ, ശുദ്ധമായ വായു. ആകെയൊരു സന്തോഷം ഭൂമിയിലേക്ക് കണ്ണോടിക്കുമ്പോഴായിരുന്നു.

എന്നാൽ ഇപ്പോഴോ! ഹൊ കഷ്ടം, കറുത്ത പുകമൂടിയ അന്തരീക്ഷം. അതിലൂടെ തന്റെ രശ്മികളെ കടത്തിവിടാൻതന്നെ എന്തൊരു പ്രയാസമാണ്. അതുകൊണ്ടാണെനിക്ക് കടുത്ത അൾട്രാവയലറ്റ് രശ്മികളെ ഉപയോഗിക്കേണ്ടിവരുന്നത്. അങ്ങനെ നോക്കുമ്പോൾ കാണുന്ന കാഴ്ചയോ? അഴുക്കുജലം നിറഞ്ഞ കറുത്ത അരുവികൾ, കത്തിയെരിയുന്ന പച്ചപ്പുകൾ, പാർപ്പിടം നഷ്ടപ്പെട്ട ജീവജാലങ്ങളുടെ നിലവിളി കേൾക്കാൻ വയ്യ. എല്ലാറ്റിനും മീതെ മനുഷ്യന്റെ അട്ടഹാസം!





അയ്യോ, ഓരോന്നോർത്ത് സമയം പോയതറിഞ്ഞില്ല. പതുക്കെ ജോലി തുടങ്ങാം. പെട്ടെന്ന് ഭൂമിയിലേക്ക് ഒന്ന് കണ്ണോടിച്ചപ്പോൾ, ഹോ എന്തോ ഒരു മാറ്റംപോലെ! അന്തരീക്ഷത്തിൽ കറുത്തപുക കാണാനേ ഇല്ലല്ലോ! ഭൂമിയിൽ ഇതെന്തുപറ്റി? ഒന്ന് സൂക്ഷിച്ച് നോക്കി. തെളിഞ്ഞ അരുവികൾ, ഉന്മേഷത്തോടെ ഓടിക്കളിക്കുന്ന ജന്തുക്കളും പക്ഷികളും. മനുഷ്യരെ പുറത്ത് കാണാനേ ഇല്ലല്ലോ? എന്തുപറ്റി മനുഷ്യന് ആവോ? എന്തായാലും നന്നായി. ഭൂമിക്കൊരു ആശ്വാസമായല്ലോ!

എന്നാലും ഒരു സംശയം, ഈ അഹങ്കാരിയായ മനുഷ്യന് എന്തു പറ്റി, ഇങ്ങനെ ഒതുങ്ങാൻ എന്താണ് കാരണം? അതൊന്ന് കാണണമല്ലോ. ഒന്നുകൂടി സൂക്ഷിച്ചു നോക്കി. ആഹാ! ഒന്നു പൊട്ടിച്ചിരിക്കാൻ തോന്നുന്നു. ഇത്തിരിപ്പോന്ന ഈ കുഞ്ഞൻവൈറസ്കുട്ടനെയാണോ മനുഷ്യൻ പേടിക്കുന്നത്! ഹ... ഹ.. ഹ... എടോ മനുഷ്യാ, ഇവൻ നിന്റെ തെറ്റായ പ്രവർത്തനങ്ങൾ കാരണമാണ് ഭൂമിയിൽ വ്യാപിച്ചത് കേട്ടോ! ഈ കുഞ്ഞനെ ഇല്ലാതാക്കാൻ നീ കുറേ നല്ലശീലങ്ങൾ കൃത്യമായി പാലിച്ചാൽ മതി. ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക, തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും മറ്റുള്ളവർക്ക് ശല്യമാകാതെ പൊത്തിപ്പിടിക്കുക. പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക. അങ്ങനെയുള്ള കുറേ ശീലങ്ങൾ.

അതോടൊപ്പം വേറൊരു കാര്യംകൂടി ഞാൻ പറയട്ടെ, നീ നിന്റെ കാര്യങ്ങൾ മാത്രം നോക്കിയാൽ പോരാ, കേട്ടോ, നിന്റെ പരിസ്ഥിതിയെ നാശമാക്കാതെ ഇനിയെങ്കിലും ശ്രദ്ധിക്കണം. എന്നാലേ നിന്റെ മക്കൾക്കും അതുപോലെ മറ്റു ജീവജാലങ്ങൾക്കും ഭൂമിയിൽ സുഖമായി താമസിക്കാൻ പറ്റൂ.

അയ്യോ, സമയം പോയതറിഞ്ഞില്ല. ഇനി ഞാൻ മറ്റു ഗ്രഹങ്ങളിലേക്കൊന്നു നോക്കട്ടെ.

**അസ്‌ലഹ് സി.ടി.**
8 ബി
ജി.ഒ.എച്ച്.എസ്.എസ്. എടത്തനാട്ടുകര
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്



# ഒരു പുലരിയിൽ...

ഒരു ലോക്ഡൗൺ പ്രഭാതം. പതിവുപോലെ അച്ഛനോടൊപ്പം ഞാനും ഉണർന്നു. ദിനചര്യകൾക്കുശേഷം ഒരു കപ്പ് ചൂടുചായയുമായി പൂമുഖത്തെ ചാരുകസേരയിൽ അച്ഛനൊപ്പം ഞാനുമിരുന്ന് പത്രവായനയിൽ ഏർപ്പെട്ടു. 'കൊറോണവാർത്തകൾ' പത്രമെങ്ങും നിറഞ്ഞിരിക്കുന്നു. ടി.വിയിലും പത്രങ്ങളിലും മൊബൈലിലുമെല്ലാം 'കോവിഡ് 19' ഭീതിപടർത്തിയിരിക്കുന്നു. ജനങ്ങളെല്ലാം കൂട്ടിലടച്ച കിളികളെപ്പോലെ അവരവരുടെ വീടുകളിൽ ലോക്ഡൗൺ പാലിച്ച് സുരക്ഷിതമായിരിക്കുന്നു. പത്രത്തിലെ ചൂടുവാർത്തകളിലൂടെ ഞാനും ഒന്ന് കണ്ണോടിച്ചു.



പെട്ടെന്ന് ഒരു ശബ്ദം എന്റെ കാതുകളിൽ മുഴങ്ങി. ഛിൽ... ഛിൽ... ഛിൽ... മുറ്റത്തെ വലിയ വേപ്പുമരത്തിൽനിന്നാണ് അത്. മതിലിൽനിന്ന് ഒരു സുന്ദരക്കുട്ടൻ അണ്ണാറക്കണ്ണൻ വാലും കുലുക്കി ചിലച്ചുകൊണ്ട് ധൃതിയിൽ മരത്തിലേക്ക് ചാടിച്ചാടിക്കയറിപ്പോകുന്നു. എന്താണ് അവൻ ചെയ്യുന്നതെന്നറിയാൻ ഞാൻ മുറ്റത്തിറങ്ങി സൂക്ഷ്മമായി നിരീക്ഷിച്ചു. വേപ്പുമരത്തിലെ ഏറ്റവും ഉയർന്ന ചില്ലയിൽ ആരുടെയും ഉപദ്രവം ഉണ്ടാകാത്ത ഒരു സ്ഥലത്ത് അവൻ കൂട് നിർമ്മിക്കുകയാണ്. പത്രത്തിലെ പേടിപ്പെടുത്തുന്ന മരണസംഖ്യകൾക്കിടയിലെ ഒരു സുന്ദരനിമിഷം. നല്ല മൃദുവായ കൂട്, കാണാൻ എന്ത് ഭംഗിയാണ്! എത്ര കരുതലോടെയാണ് അണ്ണാൻ തന്റെ കൂട് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. വീട്ടിലെ ചകിരിയുപയോഗിച്ചാണ് കൂട് നിർമ്മിക്കുന്നത്. ഈ ചകിരി ഇവിടെയുണ്ടെന്ന് എങ്ങനെ അതിന് മനസ്സിലായി. അറിയില്ല. പക്ഷേ, ഒരു കാര്യം ഞാൻ ശ്രദ്ധിച്ചു. വളരെ ശ്രദ്ധയോടെയും സഹനത്തോടെയുമാണ് അത് കൂടുണ്ടാക്കുന്നത്.

"ചേട്ടായി എന്താണ് നോക്കുന്നത്?" ഞാൻ തിരിഞ്ഞുനോക്കി. അനിയത്തിയും എന്നോടൊപ്പം കൂടി. ഞാൻ അവൾക്ക് അണ്ണാന്റെ കൂട് കാണിച്ചുകൊടുത്തു. "ഹായ്! നല്ല പഞ്ഞിക്കൂട്. നല്ല രസമുണ്ട് കാണാൻ, അല്ലേ ചേട്ടായി..." ഇത്രയും പറഞ്ഞുകൊണ്ട് അവൾ സൈക്കിൾസവാരി നടത്താൻ തുടങ്ങി. ഞാൻ വീണ്ടും ചുറ്റും നിരീക്ഷിച്ചു. അപ്പുറത്തെ മാവിൻകൊമ്പിൽ കാക്കച്ചിയമ്മയുടെ കൂട് കണ്ടു. കുഞ്ഞിക്കുരുവികൾ സന്തോഷത്തോടെ പാറിപ്പറക്കുന്നു. പൂമ്പാറ്റകൾ പൂക്കളിൽ

പാറിനടക്കുന്നു. പറമ്പിലെ മണ്ടപോയ തെങ്ങിൽ ചക്കിപ്പരുന്തും വന്നെത്തി. മാനത്ത് വട്ടമിട്ടു പറക്കുന്ന കൃഷ്ണപ്പരുന്ത്. ചാരക്കൊക്കും പതിവുപോലെ പേരമരത്തിൽ ഇരിപ്പുണ്ട്. പുള്ളും മരംകൊത്തിയും പപ്പായമരത്തിലെ പപ്പായ കൊത്തിത്തിന്നുന്നു. ഞങ്ങളുടെ വളർത്തു നായയായ ടിപ്പുവും ബ്ലാക്കിപ്പൂച്ചയും മുറ്റത്തുനിന്ന് കളിക്കുന്നു.

എല്ലാ ജീവികളും വളരെ സന്തോഷത്തിലാണല്ലോ. എന്താണതിന് കാരണം. പെട്ടെന്നാണ് എനിക്ക് ഒരു കാര്യം ഓർമ്മവന്നത്. കഴിഞ്ഞ ദിവസം അച്ഛന്റെ മൊബൈലിൽ കണ്ട കാഴ്ചയാണ്. വിനോദ സഞ്ചാരികൾ ഏറെ എത്തുന്ന സ്ഥലങ്ങളിലും റോഡുകളിലുമെല്ലാം പുള്ളിമാനുകളും അപൂർവയിനം വെരുകുകളും മറ്റു ജീവികളും സ്വൈരമായി നടക്കുന്നു.

ഒരവധിക്കലത്ത് ഞങ്ങൾ തേക്കടിയിലും മറ്റും അവയെ കാണാനായി മണിക്കൂറുകളോളം കാത്തുനിന്നത് ഓർമ്മവന്നു. ഇപ്പോൾ വേനലായിട്ടും ഇടയ്ക്കിടെ മഴപെയ്യുന്നു. എനിക്ക് മനസ്സിലായി, പ്രകൃതി വളരെ സന്തോഷവതിയാണെന്ന്.

കൊറോണക്കാലത്ത് വാഹനങ്ങളുടെ വിഷപ്പുകയും മാലിന്യങ്ങളും പുറന്തള്ളുന്ന മനുഷ്യരെല്ലാം വീട്ടിനകത്താണല്ലോ. എത്ര സുന്ദരമായ പ്രകൃതി! അവൾ ഇപ്പോൾ ശുദ്ധമാണ്. പ്രകൃതിയുടെ മക്കളായ പക്ഷിമൃഗാദികൾ സന്തോഷത്തിലാണ്. എന്നാൽ അവളുടെതന്നെ മക്കളായ മനുഷ്യൻ മാത്രം ഭയന്നോടുന്നു. അവരുടെ ദുഷ്പ്രവൃത്തികൾ തന്നെയാണ് അതിനു കാരണം.

നാം ജൂൺ 5 പരിസ്ഥിതിദിനത്തിൽ മരത്തൈകൾ നടാറുണ്ടല്ലോ. പക്ഷേ, അതിനെ പരിപാലിച്ച് മരമായി വളർത്തി സംരക്ഷിച്ച് പ്രകൃതിസംരക്ഷണം ഉറപ്പാക്കാറില്ല. കഴിഞ്ഞ വർഷത്തെ പരിസ്ഥിതിദിനസന്ദേശം 'വായുമലിനീകരണം തടയുന്നതിന് മരം മാത്രം' എന്നായിരുന്നല്ലോ. ഇപ്പോഴുള്ള ദുസ്ഥിതിമാറി സന്തോഷത്തോടെ ഈ വർഷവും പരിസ്ഥിതിദിനത്തിൽ സ്കൂൾമുറ്റത്ത് ഒരു തൈനടാൻ കഴിയേണമേയെന്ന് പ്രാർഥിച്ചു. 'ഒരു തൈ നടാം നമുക്ക് അമ്മയ്ക്കു വേണ്ടി' എന്ന കവിത ഞാനുറക്കെപ്പാടി. അപ്പോഴും വേപ്പുമരത്തിലെ കൂടുനിർമ്മാണം അണ്ണാറക്കണ്ണൻ തുടർന്നുകൊണ്ടേയിരുന്നു...

**ഗോകുൽകൃഷ്ണ എം.**
4 എ, ജി.എം.എൽ.പി.എസ്, ഒടേറ്റി
വർക്കല ഉപജില്ല, തിരുവനന്തപുരം

# പേടിച്ചോടിയ കീടാണു

ഒരിക്കൽ ഒരു കീടാണു താമസിക്കാൻ പറ്റിയ വൃത്തിയില്ലാത്ത ഒരു സ്ഥലം അന്വേഷിച്ചു നടക്കുകയായിരുന്നു. അപ്പോഴാണ് അവൻ കിട്ടുവിന്റെ വീട് കണ്ടത്. ഇവിടെ കയറിപ്പറ്റാമെന്ന് കരുതി സന്തോഷത്തോടെ കീടാണു വീട്ടിലേക്ക് നടന്നു.

വീടിനകത്ത് കയറിയ കീടാണു ചുറ്റും നോക്കി. പല്ലുകൾ തേച്ചു വൃത്തിയാക്കുന്ന കിട്ടുവിനെ കണ്ട കീടാണു അവന്റെ ബ്രഷിൽ കയറിക്കൂടാനായി ഓടിച്ചെന്നു. പല്ല് തേപ്പുകഴിഞ്ഞ കിട്ടു ബ്രഷ് ഒരു കുഞ്ഞുപെട്ടിയിൽ അടച്ചുവച്ചു. ഇതുകണ്ട കീടാണുവിന് ദേഷ്യം വന്നു. നിരാശയോടെ പഴകിയതോ തണുത്തതോ ആയ ഭക്ഷണമുണ്ടോ എന്ന് നോക്കാനായി നടന്ന കീടാണുവിന്റെ മുന്നിലൂടെ കിട്ടുവിന്റെ അമ്മ ചൂടുള്ള, ആവിപറക്കുന്ന ആഹാരം കൊണ്ടുപോയി മേശപ്പുറത്ത് വച്ചു.

ആഹാരത്തിൽ ഒളിച്ചിരിക്കാൻ കഴിഞ്ഞില്ലെങ്കിലും കിട്ടുവിന്റെ കൈയിൽ പിടിച്ചിരിക്കാമെന്ന് കീടാണു കരുതി. ഭക്ഷണം കഴിക്കുമ്പോൾ അവന്റെ വയറിനകത്ത് കയറിക്കൂടി രോഗങ്ങൾ പരത്താമല്ലോ. കീടാണു സന്തോഷത്തോടെ കിട്ടുവിന്റെ വിരലുകൾക്കിടയിലിരുന്നു.



അപ്പോഴാണ് കിട്ടുവിന്റെ അമ്മ വിളിച്ചു പറയുന്നത് കീടാണു കേട്ടത്: "കിട്ടൂ... കൈകൾ രണ്ടും സോപ്പുപയോഗിച്ച് വൃത്തിയായി കഴുകിയിട്ട് വേണം ആഹാരം കഴിക്കാൻ..." ഇതു കേട്ട കീടാണു പേടിച്ച് കൈയിൽനിന്നിറങ്ങി സ്ഥലം വിട്ടു.

**മിൻഹ പി.**
3 ബി
ജി.എൽ.പി.എസ്. മമ്പാട്ടുമൂല
വണ്ടൂർ ഉപജില്ല, മലപ്പുറം



# സുഗന്ധമില്ലാത്ത പാലപ്പൂക്കൾ

മെഡിക്കൽ കോളേജിലെ കോവിഡ് രോഗികൾക്കായി വേർതിരിക്കപ്പെട്ട വാർഡിലെ മൂന്നാംനമ്പർ കിടക്കയിൽ അയാൾ എഴുന്നേറ്റിരുന്നു. വെള്ള നിറമടിച്ച ജനാലയിലെ പുതുമയുടെ മണമുള്ള ജാലകമറ കാറ്റിൽ ഇളകിയപ്പോൾ പുറത്തെ വെയിലിൽ പകൽക്കിനാവ് കണ്ടുനിൽക്കുന്ന പാലമരത്തിലെ വെളുത്ത പൂക്കളിൽ ചിലത് താഴെ വീണു.

അയാൾ മൊബൈലിൽ ഭാര്യയെ വിളിച്ചു: "ഇച്ചായാ... എങ്ങനെയുണ്ട്." അവളുടെ ശബ്ദം ഇടറി. അയാൾ ചിരിച്ചു: "എനിക്കൊരു കുഴപ്പവുമില്ല... അടുത്ത ടെസ്റ്റിൽ നെഗറ്റീവ് ആകും... തീർച്ച." അവൾ നിശ്ശബ്ദയായിരുന്നു. "ഇച്ചായാ..." അവൾ മെല്ലെ പറഞ്ഞു: "ഇവിടെ ഒരു സമാധാനവുമില്ല... വീടിനു കാവലുണ്ട്... ചിലരൊക്കെ കല്ലെറിഞ്ഞു ജന്നൽച്ചില്ലുകൾ പൊട്ടിച്ചു. നമ്മളെ പേപ്പട്ടികളെപ്പോലെ...'' എങ്ങനെ സമാധാനിപ്പിക്കണമെന്ന് അയാൾക്കറിയില്ലായിരുന്നു.

അയാൾ കുവൈറ്റിൽനിന്ന് കഴിഞ്ഞയാഴ്ചയാണ് നാട്ടിൽ എത്തിയത്. മുഖാവരണം കെട്ടണമെന്നും കൈകൾ സോപ്പിട്ടു കഴുകണമെന്നും ഒക്കെ നിർദേശമുണ്ടായിരുന്നു. പക്ഷേ, അതൊന്നും അയാൾ ചെയ്തില്ല. രോഗം അയാൾക്ക് പിടിപെടില്ലെന്നും വേറേതോ ലോകത്തിലാണ് ഇതൊക്കെ സംഭവിക്കുന്നതെന്നും അയാൾ കരുതി. ചെറിയ തൊണ്ടവേദന വന്നപ്പോൾ ഗൗരവമായി എടുത്തില്ല. തണുത്തവെള്ളം കുടിച്ചതാകാനാണു വഴി... അയാൾ കരുതി.

ആരോഗ്യപ്രവർത്തക വീട്ടിലെത്തി നിരീക്ഷണ ത്തിൽ കഴിയാൻ പറഞ്ഞു. തൊണ്ടയിൽനിന്ന് സ്രവം എടുത്ത് പരിശോധനയ്ക്ക് അയച്ചിരുന്നു. ഫലം വന്നപ്പോൾ പോസിറ്റീവ്. കാര്യങ്ങൾ കൈവിട്ടിരുന്നു. "ഇച്ചായാ അവിടെ ഒറ്റയ്ക്ക് മുഷിച്ചിലുണ്ടോ?'' ഭാര്യയുടെ അന്വേഷണം. "ഇതുവരെ കുഴപ്പമില്ലായിരുന്നു. അടുത്ത കിടക്കയിലെ തോമസ്കുട്ടി മരിച്ചു എന്നാ കേട്ടത്, ശ്വാസംമുട്ടായിരുന്നു. ഇന്നലെ ഇന്റൻസീവ് കെയർ യൂണിറ്റിലേക്ക് മാറ്റിയിരുന്നു. പാവം, അയാൾക്ക് ഒരുപാട് സ്വപ്നങ്ങൾ ബാക്കിയായിരുന്നു." "ഇച്ചായാ മോൾക്ക് ട്യൂഷൻഫീസ് കൊടുത്തില്ല." "സാരമില്ല." അയാൾ ആശ്വസിപ്പിച്ചു. "ഞാൻ ഈ ആഴ്ച വരില്ല, ബാങ്കിൽ പോകണം. ചെക്ക് ഒപ്പിട്ടുകൊടുത്താൽ പണം പിൻവലിക്കാം.

തൊണ്ടവേദന അൽപ്പം കുറവുണ്ട്. എങ്ങനെയെങ്കിലു ഒന്നു പുറത്തിറങ്ങിയാൽ മതിയായിരുന്നു.”

വീടിന്റെ പാലുകാച്ചു നടത്തണം. വീടുവയ്ക്കാനുള്ള ആഗ്രഹം മനസ്സിലിട്ടാണ് ഗൾഫിലേക്ക് പോയത്. ഈ വരവിന് വീടുകേറി താമസിക്കണം എന്നായിരുന്നു ആഗ്രഹം. ക്വാറന്റീനിൽ പോകേണ്ടി വരുമെന്ന് ആരുകണ്ടു. ഏതായാലും വീട്ടിലെത്തിയാലുടനെ പാലുകാച്ചു നടത്തണം. അടുത്ത ബെഡിലെ മോഹനൻപിള്ളക്കു ശ്വാസംമുട്ടു കൂടി. ഈ വാർഡിലെ അയാളെ കൂടാതെയുള്ള അവസാനത്തെ രോഗിയാണ് പിള്ള. സ്പേസ്സ്യൂട്ട് ധരിച്ചപോലുള്ള കുറേ ആരോഗ്യപ്രവർത്തകർ ഓടി ക്കൂടുന്നു. ചിലർ ഓക്സിജൻ മാസ്ക് അയാൾക്ക് ധരിപ്പിച്ചു. ഐ.സി. യുവിലേക്ക് തന്റെ കിടക്കയ്ക്കരികിലൂടെ ട്രോളിയിൽ കൊണ്ടുപോയപ്പോൾ പിള്ള അയാളെ നോക്കി ചിരിക്കാൻ ശ്രമിച്ചുവെന്ന് തോന്നി. മാസ്ക് അയാളുടെ മുഖഭാവത്തെ മറച്ചിരുന്നു. കണ്ണിലൂടെ ചിരിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു എന്നയാൾ ചിന്തിച്ചു.



ഇപ്പോൾ അയാൾ ആ വാർഡിൽ തനിച്ചായി. ജനൽ തുറന്നു. തുറന്ന പാളിയിലൂടെ തന്നെ തഴുകിയ കാറ്റിൽ അയാൾ പാലപ്പൂക്കളുടെ സുഗന്ധം തേടി. അയാൾക്ക് ഒരു മണവും ഉള്ളതായി തോന്നിയില്ല. ശ്വാസം കുടുതൽ അകത്തേക്ക് വലിക്കാൻ അയാൾ ശ്രമിച്ചു. അയാൾക്ക് ശ്വാസംമുട്ടി. അത് പതിയെ കൂടിക്കൂടി വന്നു. ഫോൺ അടിച്ചു. ഭാര്യയാണ്: ‘‘ഇച്ചായാ മോൾക്ക് ഇച്ചായനെ കാണണമെന്ന്.’’ അയാൾക്കെന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു. അതിനുവേണ്ട ജീവവായുവിനായി അയാൾ ഏങ്ങിവലിച്ചു. ഫോണിലൂടെയുള്ള മകളുടെ കൊഞ്ചലിന്റെ ശബ്ദം അയാളുടെ കാതുകളിൽ നേർത്തുനേർത്തു വന്നു.

**അകാശ്**
9 ബി
കെ.എൻ.എൻ.എം.എച്ച്.എസ്.എസ്, പവിത്രേശ്വരം
കൊട്ടാരക്കര ഉപജില്ല, കൊല്ലം



# വിധി

പുഴയോരത്തെ തെങ്ങിൻതോപ്പിലുള്ള ഓടുമേഞ്ഞ പഴയ വീട്ടിൽ തന്റെ കുഞ്ഞിനെ തൊട്ടിലാട്ടിക്കൊണ്ടു നിൽക്കുകയാണ് നന്ദന. കുഞ്ഞിന്റെ കളിചിരികൾ നോക്കിനിൽക്കുമ്പോൾ പുറത്ത് നിന്ന്... "ഇവിടാരൂല്ലേ്യ... അമ്മിണിയമ്മേ..." എന്ന് ആരോ വിളിച്ചു ചോദിക്കുന്നു.

"ആരാത്, ആ... മീനാക്ഷിയാണോ? എന്താപ്പോ ഈ നേരത്ത്, കുറേ ആയല്ലോ കാണ്ടിട്ട്" എന്ന് അമ്മയുടെ മറുപടിയും കേട്ടു.

"എന്താണ് അമ്മിണിയമ്മേ... പുറത്തിറങ്ങാൻ പറ്റൂല്ല്യാലോ... എല്ലാരോടും വീട്ടിലിരിക്ക്യാൻ പറഞ്ഞിരിക്കല്ലേ്യ... എത്ര നാള്ന്നുവെച്ചാ ഇങ്ങനെ ഇരിക്ക്യാ. പിള്ളാർടെ അച്ഛൻ പണിക്ക് പോയിട്ട് എത്ര നാളായീന്നറിയ്യോ, കുട്ട്യേോള് പട്ടിണ്യാ. ഇവിട്ത്തെ പുറംപണിക്ക് വരുമ്പോ മക്കൾ പട്ട്ണി അറിഞ്ഞേര്ന്നില്യാ... ഇപ്പോ ആർക്കും പണീല്ല. പറമ്പും പാടോം ഒക്കെ ഉള്ളോർക്കാണേ വല്ല ചക്കേം മാങ്ങേം ഒക്കെ ഉണ്ടായേനെ. ഇതീപ്പോ ഞങ്ങളെപ്പോലുള്ള അത്താഴപ്പഷ്ണിക്കാര് എന്താ ചെയ്യാ."

"നീയ്യ് വെഷ്മിക്കണ്ടാ മീനാക്ഷ്യേ... ഇവിടെന്തേലുണ്ടെങ്കി നിന്റെ കുട്ട്യോള് പട്ടിണികെടക്കില്യാ... നിനക്കെപ്പൊ വേണേലും ഇവിടെ വരാലോ..."

"ന്നാലും അമ്മിണിയമ്മേ, ഇതിപ്പോ പണിക്കുപോവാണ്ട് എങ്ങനേ ആൾക്കാര് ജീവിക്ക്യാ..."

"ന്റെ മീനാക്ഷ്യേ... ഇതല്ലാണ്ട് ഈ അസുഖത്തിന് വേറെ മാർഗ്ഗൊന്നുല്യാ, മറ്റുള്ളാരുമായിട്ട് എടപഴക്യാ അസുഖം വേഗം പടരൂല്ലേ്യ... ഗവൺമെന്റായിട്ട് സഹകരിക്കാതെ നമ്മക്ക് വേറെ നിവർത്തിയൊന്നൂല്യാ. നമ്മുടെ നാട്ടിലാ പിന്നേം അസുഖം കൊറവ്. ഇവിടെ നന്ദനേടെ ഭർത്താവ് ജോലി ചെയ്യ്ന്നോട്ത്തൊക്കെ വല്ലാത്ത അവസ്ഥയാന്നാ പറയണെ, അവനാച്ച ഡ്യൂട്ടിക്ക് പോവാണ്ടും പറ്റൂല്ല്യാലോ, ഡോക്ടറല്ലേ... മറ്റുള്ളോരെപ്പോലെ റൂമിൽ അടച്ചിരിക്കാൻ പറ്റ്വോ."

"അപ്പോ അമ്മിണിയമ്മേ, നന്ദനക്കുട്ടി അവിടെത്തന്ന്യാ... അത്പ്പോ എന്താ ചെയ്യണെ?"

"അപ്പോ നന്ദന നാട്ടീ വന്നതൊന്നും നീയ്യറിഞ്ഞില്ലേ... അവളിപ്പോ നാല് മാസായി വന്നിട്ട്. കുഞ്ഞിനിപ്പൊ രണ്ട് മാസായി. അവിടെ അസുഖം തൊടങ്ങ്യപ്പോ അവൻ നന്ദനനേ ഇങ്ങ്ട് പറഞ്ഞയച്ചു. അഞ്ചെട്ട് കൊല്ലായിട്ട്

നേർച്ചേം കാഴ്ച്ചേയ്യിട്ട് കിട്ട്യേ കുട്ട്യല്ലേ... ചെറ്യേ കുട്ട്യോൾക്കും പ്രായായോർക്കും ഒക്കെ ഈ അസുഖം വല്ലാതെ ബാധിക്കും ത്രെ.”

“അപ്പോ അമ്മിണിയമ്മേ, മരുമോൻ എന്നാങ്ങ്ട് വരാ? അയാൾക്ക് മോനെ കാണണ്ടേ?”

“എന്താ ചെയ്യാന്റെ മീനാക്ഷ്യേ... അവളെപ്പോഴും കരച്ചിലാ. എല്ലാം ഈശ്വരന് കൊടുക്കല്ലാണ്ട് നമ്മളെന്താ ചെയ്യാ...”

എല്ലാം കേട്ട് ജനാലയ്ക്കരികിൽ ഏതോ ലോകത്തെന്നപോലെ നിൽപ്പുണ്ട് നന്ദന. അവളുടെ ഓർമയിൽ മുഴുവൻ മുംബൈയിലെ തങ്ങളുടെ തിരക്കു നിറഞ്ഞ താമസസ്ഥലവും അവിടത്തെ വൃത്തിഹീനമായ അന്തരീക്ഷവുമാണ്. വിവാഹം കഴിഞ്ഞ് ദാസേട്ടന്റെ കൂടെ പോയതുമുതൽ ഒരിക്കലും പൊരുത്തപ്പെടാൻ പറ്റാത്ത സ്ഥലം. മനസ്സിൽ എപ്പോഴും നാട്ടിൻപുറത്തിന്റെ സൗന്ദര്യം നിറഞ്ഞുനിന്നിരുന്നതുകൊണ്ടാവാം, മുംബൈയിലെ ആളുകൾ തിങ്ങിനിറഞ്ഞ ആ അന്തരീക്ഷത്തോട് തീരെ ഇണങ്ങിച്ചേരാൻ പറ്റാത്തത്. നാട്ടിലേക്ക് പോരാൻ ഒരുപാട് നിർബന്ധിച്ചിട്ടും ജോലി വിട്ട് പോരാൻ അദ്ദേഹത്തിന് കഴിയില്ലായിരുന്നു. ഇപ്പോഴും ആ ജോലി അദ്ദേഹത്തെ കയറില്ലാതെ കെട്ടിയിട്ടു. ഇന്നിപ്പോൾ കുഞ്ഞ് ജനിച്ച് രണ്ട് മാസം കഴിഞ്ഞിട്ടും ആറ്റുനോറ്റുണ്ടായ കുഞ്ഞിനെ കാണാൻ വരാൻ അദ്ദേഹത്തിനു പറ്റണില്ല. ഹോസ്പിറ്റലിലെ രോഗികളും ആ വലിയ സിറ്റിയിലെ തിരക്കുകളും... അതുമായി അദ്ദേഹം വല്ലാതെ ഇഴുകിച്ചേർന്നിരിക്കുന്നു. തന്റെയും കുഞ്ഞിന്റെയും വിവരമറിയാൻ തന്നെ വിളിച്ചിട്ട് എത്രയോ ദിവസങ്ങളായി. പണ്ടും അങ്ങനെ തന്നെയായിരുന്നു, ഹോസ്പിറ്റലും രോഗികളും മാത്രമായിരുന്നു എന്നും അദ്ദേഹത്തിന്റെ സ്പിരിറ്റ്. നാട്ടിൻപുറത്തിന്റെ സൗന്ദര്യമോ ഇവിടത്തെ നന്മനിറഞ്ഞ ജീവിതരീതികളോ ഒന്നും അദ്ദേഹത്തിനറിയില്ല. തിരക്കേറിയ ആ നാട്ടിൽ ജനിച്ചുവളർന്ന അദ്ദേഹം അവിടത്തെ ജീവിതരീതികളുമായി ഇണങ്ങിച്ചേർന്നിരിക്കുന്നു. ഇതിപ്പോൾ ഇത്തരം ഒരു അസുഖം പടർന്നു പിടിച്ചതുകൊണ്ട് മാത്രമാണ് തന്നെ ഇങ്ങോട്ട് പറഞ്ഞയച്ചത്. ശുചിത്വവും നന്മയും നിറഞ്ഞ ഈ നാട്ടിൻപുറത്ത് മാത്രമേ തന്റെ കുഞ്ഞിന് രക്ഷയുള്ളൂ എന്ന് അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു. എന്നാലും എത്ര തിരക്കായാലും തന്റെ കുഞ്ഞിന്റെ വിവരം അറിയാൻ പോലും ഒന്നു വിളിക്കാതെ അദ്ദേഹത്തിന് ഇരിക്കാൻ പറ്റോ? എന്തോ, മനസ്സിന്റെ സമാധാനം മുഴുവൻ നഷ്ടപ്പെട്ടിരിക്കുന്നു. ഉറക്കംപോലും നഷ്ടപ്പെട്ടിട്ട്

എത്രയോ ദിവസമായി. സ്ഥിരം അസുഖം ബാധിച്ച ആളുകൾക്കിടയിൽ, അദ്ദേഹത്തിന് എന്തെങ്കിലും സംഭവിക്കോന്ന ഭയം... അത് മനസ്സിനെ വല്ലാതെ പിടിച്ചുലയ്ക്കുന്നു.

"എന്താണ് മോന് പറ്റീത്? ഈ പാതിരാനേരത്ത് എന്താ കുഞ്ഞിങ്ങനെ കരയണേ, നന്ദനേ, നീയവന് പാലുകൊടുത്തില്യേ?" കേശവേട്ടന്റെ ചോദ്യത്തിന് നന്ദന മറുപടി പറഞ്ഞു: "എന്താന്നറീല്യ അച്ഛാ, അവന് എവിടേലും വേദനിക്ക്ണ്ണ്ടോ ആവോ?"

"ആരാ ഈ നേരത്ത് ഫോണില്?" കേശവേട്ടൻ ഫോൺ എടുത്തു. "ഹലോ... ആരാത്?"

"നന്ദനേ... ഇതെന്താ അച്ഛന് പറ്റ്യേ? ഫോണെടുത്തിട്ടെന്താ ഇങ്ങനെ നിക്കണെ, ആരാ വിളിച്ചേ?"

തൊട്ടിലിനരികിൽ വന്നുനിന്ന് കേശവേട്ടൻ കുഞ്ഞിനെ നോക്കി: "ന്റെ മോനേ, നിന്നെക്കാണാൻപോലും അവന് പറ്റീല്ലാല്ലോ... എല്ലാം അവസാനിച്ചില്ലേ..."

**മെഹ്റിൻ എൻ. ജമാൽ**
9 എ
കോൺകോട് ഇ.എച്ച്.എസ്, ചിറമനേങ്ങാട്
കുന്നംകുളം ഉപജില്ല, തൃശ്ശൂർ



# പൊലിഞ്ഞ പനിനീർപുഷ്പങ്ങൾ

“ഇന്ദിരാ, താനെന്താ ഇങ്ങനെയിരിക്കുന്നത്? ഒരു നഴ്സായ താൻ ഇങ്ങനെ തകർന്നുപോയാലോ? ദേവൂനെ ആശ്വസിപ്പിക്കേണ്ടത് താനല്ലേ... ആ താനിങ്ങനെ...” ഡോ. നിമയുടെ വാക്കുകൾ മുറിഞ്ഞുപോയി. അവരുടെ ഇടയിൽ എന്തെന്നില്ലാത്തൊരു നിശ്ശബ്ദത പരന്നു. എങ്ങും മൂകതമാത്രം. ഏവർക്കും നല്ല പരിചരണം നൽകി ആ ആശുപത്രിയിൽ എല്ലാവർക്കും താങ്ങും തണലുമായി മാറിയ ഇന്ദിരയ്ക്കും കൊറോണ ബാധിച്ചിരിക്കുന്നു. തലേന്നാൾ ചെറിയൊരു ശരീരാസ്വാസ്ഥ്യം തോന്നിയതിനാൽ അവൾ ആശുപത്രിയിൽ നിരീക്ഷണത്തിലായിരുന്നു. പിറ്റേന്നാണ് ഫലം പോസിറ്റീവ് ആണെന്നറിഞ്ഞത്.

കൊറോണകാരണം ഇന്ദിരയുടെ ഭർത്താവ് കൂലിപ്പണിക്ക് പോയിട്ട് ദിവസങ്ങളായി. അതുകൊണ്ടുതന്നെ ആ കുടുംബത്തിന് താൻ മാത്രമായിരുന്നു ഏകാശ്രയം. എന്നാൽ ഇപ്പോൾ? ഇപ്പോൾ... ആ അത്താണിയും എരിഞ്ഞില്ലാതാകാൻ പോകുന്നു. എല്ലാം അവളുടെ തലച്ചോറിൽ വേദനയുടെ, ആശങ്കയുടെ തീക്ഷ്ണതരംഗങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. ആ ശോകചിന്തകൾ അവളുടെയുള്ളിൽ നെരിപ്പോടായി, അത് തിളച്ച് കണ്ണിലൂടെ ഒഴുകിക്കൊണ്ടിരുന്നു.

അപ്പോഴാണ് ഡോ. നിമയുടെ ആശ്വാസവാക്കുകൾ അവരെ മൂടിയത്. എന്തുപറയണമെന്നറിയാതെ കരയാൻ മാത്രമേ ഇന്ദിരയ്ക്ക് കഴിഞ്ഞുള്ളൂ. അവൾ ചോദിച്ചു: “ഡോക്ടർ, ഇനിയൊരു മടങ്ങിവരവ് കാണില്ലേ? മരണത്തെ ഭയക്കുന്നതുകൊണ്ടല്ല, എന്റെ ദേവൂട്ടിടേം രവിയേട്ടന്റെയും ഏക ആശ്രയം ഞാൻ മാത്രമാ... എന്റെ പൊന്നുമോളെ നന്നായി പഠിപ്പിക്കണം. അവളെ വലിയൊരു ഡോക്ടറാക്കണം എന്നതാ എന്റെ ആഗ്രഹം. അത് മാത്രമാ എന്റെ ജീവിതത്തിന്റെ അർഥം, അതെനിക്ക് കാണാൻ കഴിയോ? ഇല്ലാല്ലേ?” വീണ്ടും നിശ്ശബ്ദത. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞു: “ഇന്ദിരാ, സമാധാനമായിരിക്ക്. തനിക്കൊന്നും സംഭവിക്കില്ല. തന്നെപ്പോലെ ഒരാൾക്ക് ചേരുന്നതല്ലാട്ടോ ഈ കരച്ചില്. താനിത്രയ്ക്ക് ടെൻസ്ഡ് ആയാലോ?” ഇന്ദിരയുടെ ചങ്ക് പറിക്കുന്ന വാചകങ്ങൾ ഒരു മിന്നൽപ്പിണർപോലെ തോന്നിച്ചെങ്കിലും അതൊന്നും പ്രകടമാക്കാതെ ഇത്രയും പറഞ്ഞ് ഒപ്പിക്കാനേ ഡോക്ടർക്കു




കഴിഞ്ഞുള്ളൂ. കരച്ചിലിന്റെ വക്കിലെത്തിയ അവർ കൂടുതലൊന്നും പറയാതെ അവിടെനിന്ന് പോയി.

ഇന്ദിര തന്റെ സ്മരണകളിലേക്ക് വേരുകളുറപ്പിക്കുകയായിരുന്നു. ജോലികഴിഞ്ഞ് വീട്ടിലെത്തുമ്പോൾ തന്നെ കാത്തിരിക്കുന്ന പുന്നാരമകൾ ദേവു, അന്നത്തെ ദിവസം തനിക്ക് നേരിട്ട പ്രശ്നങ്ങളും പരിഭവങ്ങളും കേൾക്കാൻ കാതുകൂർപ്പിക്കുന്ന തന്റെ രവിയേട്ടൻ, സന്തോഷം നിറഞ്ഞുതുളുമ്പുന്ന കൊച്ചുകുടുംബം. ഇതാ, എല്ലാം അവസാനിക്കാൻ പോകുന്നു. തനിക്കിനിയൊരു തിരിച്ചുവരവുണ്ടോ? അതോ, ഈ വൻമാരിയുടെ ചുഴറ്റിൽ തന്റെ അധ്യായവും അവസാനിക്കുമോ?

പെട്ടെന്നൊരു നിമിഷം എവിടെനിന്നോ ഒരു ആത്മധൈര്യം അവളുടെ സിരകളിലൂടെ പ്രവഹിക്കുന്നത് അവളറിഞ്ഞു. ഇല്ല, ഞാൻ തളരില്ല. ദേവൂട്ടിയെയും രവിയേട്ടനെയും ഒന്നുകൂടി കാണണം. അവരെ ആശ്വസിപ്പിക്കണം. എല്ലാം വിധിയുടെ വിളയാട്ടമെന്ന് അവരെ പറഞ്ഞു മനസ്സിലാക്കണം. അല്ലാതെയൊരു വൈറസ് കാരണം എന്റെ കുടുംബം ദുഃഖത്തിന്റെ അഗാധതയിലേക്ക് താണുപോകാൻ ഞാൻ അനുവദിക്കില്ല. എനിക്ക് പകരം ദേവൂന് അവളുടെ അച്ഛനുണ്ട്. എനിക്ക് ചെയ്യാൻ കഴിയാത്ത ആതുരപ്രവർത്തനങ്ങൾ അവൾ ചെയ്തുകൊള്ളും. അല്ലാതെ അതിനെപ്പറ്റി വ്യസനിക്കുന്നതിലർഥമില്ല. ഈ വാക്കുകൾ അവളുടെ അന്തരാത്മാവിൽ മന്ത്രിച്ചുകൊണ്ടേയിരുന്നു.

എത്രയോ പേർ ഈ മഹാമാരിയുടെ വലയത്തിലകപ്പെട്ടിരിക്കുന്നു. എത്രയോ പേർ അതിന്റെ കുടുക്കുകളിൽ ഞെരിഞ്ഞമർന്ന് മരിച്ചിരിക്കുന്നു. എന്നാൽ ഒരുപാടുപേരുടെ ശുശ്രൂഷകയായ താൻ മരിക്കുന്നത് ഒരഭിമാനം തന്നെയാണ്. അവൾ സ്വയം മന്ത്രിച്ചു. പതിയെ പതിയെ അവളുടെ ചിന്തകൾ മുറിഞ്ഞു. എപ്പോഴോ നിദ്ര അവളെ ബന്ധനസ്ഥയാക്കി. ഉറക്കത്തിലേക്ക് അവൾ വഴുതിവീണു. ഉറക്കത്തിന്റെ യാമങ്ങളിൽ അവൾ ഒരു സ്വപ്നവും കണ്ടു. ഹേമന്ദരാവിൽ ഒരു പൂന്തോട്ടത്തിൽ തന്റെ മകൾ തനിക്ക് കുറേ പനിനീർപുഷ്പങ്ങൾ സമ്മാനിക്കുന്നു. ചുവന്നുതുടുത്ത റോസാപ്പൂക്കൾ... ഇരുളിലേക്കു നീങ്ങുന്ന അമ്മയ്ക്ക് മകൾ നൽകുന്ന അവസാനസമ്മാനം... ചുടുകണ്ണീർത്തുള്ളികളാൽ തഴുകപ്പെട്ട ശാരോനിലെ പനിനീർപുഷ്പങ്ങൾ...



**കാവ്യ**
9 ബി, ഗവ. എച്ച്.എസ്.എസ്. മാരായമുട്ടം
നെയ്യാറ്റിൻകര ഉപജില്ല, തിരുവനന്തപുരം

# എ കംപ്ലീറ്റ് ലോക്ഡൗൺ

“ഈ കൊറോണ, ദ് ങ്ങനെ പോയാൽ എവിടെ ചെന്നു നിക്കൂന്റെ ദേവീ. പണ്ടത്തെപ്പോലെ പഞ്ഞോം വറുതീം ക്കെ തന്നാരിക്കും ഇനീം.”

“അതെന്താ മുത്തശ്ശീ! ഒരു പഞ്ഞോം വറുതീം.” ഉണ്ണിക്ക് സംശയമായി.

“അതൊക്കെ ചരിത്രാ കുട്ടീ. ങ്ങടെ ക്കെ ചെറുപ്പത്തില് ചോറുണ്ണാനെത്ര കൊതിച്ചിട്ടുണ്ടെന്നോ? നെല്ലും അരീക്കെ കൈയിൽ സൂക്ഷിക്കണതുപോലും കുറ്റാരുന്നു. പനയിടിച്ചതും വാട്ടിയ കപ്പേം ചക്കേം ചക്കക്കുരൂം ഒക്കേരുന്നു അന്നത്തെ ഭക്ഷണങ്ങള്... ന്നിപ്പോ കൃഷീണ്ടോ? പണീണ്ടോ? എല്ലാം ചന്തേന്നല്ലേ വാങ്ങണത്. ചക്കേം ചക്കക്കുരൂക്കെ ആർക്കു വേണം? ഒള്ള വെഷവെല്ലാം വാങ്ങിത്തിന്ന്... ആശൂത്രീം നെരങ്ങി. ങ്ഹാ. ഒരു ജീവിതം. ഇനീപ്പോ ലോക്ഡൗണായാ അതുപോലുണ്ടാവില്യ.”

“ഈ മുത്തശ്ശിക്കെന്തറിയാം? ദേ നോക്ക്, യൂട്യൂബ്. ഇതെന്താന്നറിയോ, ചക്കക്കുരു ജ്യൂസ്. ഇപ്പോഴിത് ട്രെൻഡാ മുത്തശ്ശീ.”

“എവ്ടെ കാണട്ടെ ങ്ങടെ ക്കെ കാലത്ത് ചക്കക്കുരൂം മാങ്ങേം ചക്കക്കുരു തോരനും, കൂടിയാ ഒരു മെഴുക്കരട്ടീം. ദാ നോക്ക്യേ, ചക്കക്കുരൂണ്ട് ന്തൊക്കയാ പ്പ വിഭവങ്ങള്. ഇനീം ചക്കക്കുരൂന്ന് കൊറോണക്കുള്ള മരുന്ന് കിട്ട്വോ ആവോ?”

“ഒന്നു പോ മുത്തശ്ശീ. ചുമ്മാ കളിയാക്കണ്ടാ. ചക്കക്കുരു ജ്യൂസ് ഉണ്ടാക്കിത്തരാവോന്ന് ഞാനമ്മയോട് ചോദിച്ചിട്ടുണ്ട്.”

“ന്നാ ണ്ടാക്ക്. കുടിച്ചിട്ട് എങ്ങനുണ്ടെന്നു പറയാട്ടോ.”

“അതിനാദ്യം ചക്ക പറിക്കണം. ഇന്ന് ചക്കപ്പുഴുക്ക്. നാളെ ചക്കക്കുരു ജ്യൂസ്.”

“ന്നാ വേഗാവട്ടെ. വയ്യാണ്ടായി. എന്നാലും ഞാനൂടെ ഒരുക്കാങ്കൂടാം. എത്ര നാളായി ഇത്തിരി ചക്കപ്പുഴുക്ക് തിന്നിട്ട്.”

“ഒന്നടങ്ങ് മുത്തശ്ശീ. ഹോ! എന്തൊര് കൊതിയാ ചക്കപ്പുഴുക്കെന്നു കേക്കുമ്പം. അച്ഛൻ വരട്ടെ. ഞങ്ങൾ രണ്ടാളും കൂടെ പോയി പറിച്ചോണ്ടു വരാം. അതുവരെ ക്ഷമിക്ക്.”



"ആട്ടെ, അതുമതി. അച്ഛനെപ്പെഴാ വര്യാ? എങ്ങട് പോയതാ?"

"കടേലേക്ക് പോയതാ. സാധനങ്ങളൊക്കെ വാങ്ങണ്ടേ. നമുക്കല്ലേ മുത്തശ്ശീ കംപ്ലീറ്റ് ലോക്ഡൗൺ. അച്ഛനിങ്ങനേലും പുറത്തു പോവാലോ."

"അറിവുള്ളോരും അധികാര്യളും ക്കെ പറയണതനുസരിച്ച് വീട്ടിലിരിക്കണത് തന്നെയാ നല്ലതെന്റെ കുട്ട്യേ. കേട്ടിട്ടില്ലാത്ത തരം ഓരോ അസുഖങ്ങളാ വന്നുപെട്ടിരിക്കുന്നത്. അകത്തിരുന്നാൽ, അകലത്തിരുന്നാൽ പിന്നീട് അടുത്തിരിക്കാം ന്നല്ലേ അവര് പറേണത്. അങ്ങനെ തന്ന്യാ നല്ലേ."

"ദേണ്ടെ, അച്ഛൻ വന്നു. ഞാനിപ്പ വരാവേ."

"നിക്കണ നിപ്പിലിതെവിടെപ്പോയ് ചെക്കൻ. തെന്തു മാത്രം സാധനങ്ങളാ ബാലാ... ചൊമന്ന് മടുത്ത്വോ?"

"ങ്ഹാ, ഇത്തിരി മടുത്തു. ലോക്ക്ഡൗണല്ലേ? ഇനി സാധനങ്ങൾക്ക് ഷോർട്ടേജ് വരുവോന്ന് പറയാൻ പറ്റില്ലല്ലോ. ഒരു കരുതൽ. പട്ടിണി കിടക്കാൻ പറ്റ്വോ?"


"ദാ, അച്ഛാ, സാനിട്ടൈസർ. നന്നായിട്ടങ്ങു തേച്ചോളൂ... ഞങ്ങക്കൂടെ കൊറോണ കൊണ്ടത്തരല്ലേ."

"ഇതെടുക്കാനോടീതാർന്നോ നീയ്യ്. ഞാനോർക്കേം ചെയ്തു, നീ അച്ഛനെക്കണ്ടപ്പോ എവിടേക്കാ ഈ ഓടണേന്ന്."

"മിടുക്കൻ! പിന്നേ ഉണ്ണീ, ഈ സാധനങ്ങളോരോന്നായി കൊണ്ടുവയ്ക്കാൻ സഹായിച്ചേ. ഇത്തിരി ജോലിയൊക്കെ ചെയ്തു പഠിക്ക്."

"ഓ കെ അച്ഛാ. ബട്ട് വൺ കണ്ടീഷൻ."

"എന്താടാ ഒരു കണ്ടീഷൻ?"



"അതേയ്, ഈ മുത്തശ്ശി പറയ്വാ, മുത്തശ്ശിക്ക് ചക്കപ്പുഴുക്ക് തിന്നണംന്ന്. നമുക്കൊരു ചക്ക പറിച്ചാലോ അച്ഛാ."

"ഒന്നു ചുമ്മാണ്ടിരി ഉണ്ണ്യേ. ഇതാപ്പോ കഥ. ഞാമ്പറഞ്ഞു പോലും ചക്ക പറിക്കണംന്ന്." മുത്തശ്ശി ചിണുങ്ങി.

"അതിനെന്താമ്മേ, നമുക്ക് ചക്ക പറിക്കാലോ. ക്ഷേ ഇത്തിരി കഴിഞ്ഞിട്ടാവാട്ടോ ഉണ്ണ്യേ. ഒന്നിരിക്കട്ടെ, മടുത്തു."





“എങ്കി നമുക്ക് ചോറൊക്കെയുണ്ടിട്ട് പോവാം.”

“ആട്ടെ, അങ്ങനെത്തന്ന്യാവാം.”

*********

“എന്താ ബാലാ, എന്താ പറ്റിയേ? ങ്ങള് രണ്ടാളും കൂടി ഇപ്പളാണല്ലോ അങ്ങട് പോയത്. ഉണ്ണി എന്തിനാ കരയണത്? സുമതീ, ദേണ്ടെ ഉണ്ണി കരയണു. നീ ഒന്നു ചെന്ന് നോക്ക്യേ.”

“എന്താ ബാലേട്ടാ? ഉണ്ണിക്കെന്താ പറ്റീത്? യ്യോ! ഇവന്റെ കാലേന്ന് ചോര വരുന്നുണ്ടല്ലോ? എന്തു പറ്റ്യേന്റെ കുട്ടിക്ക്?”

“ഒന്നടങ്ങ് സുമതീ. കാര്യായിട്ടൊന്നുമില്ല. നീ ആ ഫസ്റ്റ്എയ്ഡ് കിറ്റ് ഒന്നെടുത്തേ. കാലു മുറിഞ്ഞിട്ടുണ്ട്. അതെങ്ങനാ? ഞാമ്പറഞ്ഞതാ കത്തീം വീശി നടക്കല്ലേ നടക്കല്ലേന്ന്. ചക്ക പറിച്ചതും കത്തീം പിടിച്ച് ങ്ങട് പറക്കല്ലാരുന്നോ? ഞാൻ ചക്കേടുത്തോണ്ടു വന്നപ്പഴേക്കും ദേണ്ടെ കിടക്കണു, കാറി. ചോരേലൊപ്പിച്ച്.” അച്ഛന്റെ വിശദീകരണം.

“അല്ല, ഞാൻ മര്യാദക്ക് തന്നെയാ പോന്നെ. ഒരു കല്ലേ ചവിട്ടീപ്പോ അത് അടർന്നുപോയി. ഞാൻ ദേ താഴെ കിടക്കുന്നു. അതിനെടേല് കത്തി എങ്ങനെയോ എന്റെ കാലിൽ കൊണ്ടതാ.” ഉണ്ണി തിരുത്തി.

“ആ, സാരല്യ മോനേ, ആഴോള്ള മുറിവല്ലാന്നു തോന്നണു. ഇത്തിരി നീളത്തിലുണ്ട്. നമുക്ക് മരുന്നൊക്കെ വച്ചുകെട്ടി കുറച്ചീസം വിശ്രമിക്കാട്ടോ. അതു കഴിഞ്ഞു മതി ഇനി തൊടീലെ കറക്കോക്കെ.”

“അതെ അതെ, എ കംപ്ലീറ്റ് ലോക്ഡൗൺ ഫോർ ഉണ്ണി.”

ചിരിയുടെ അകമ്പടിയോടെ അച്ഛനതു പറയുമ്പോൾ ഭീതിയൊഴിഞ്ഞ കണ്ണുകളോടെ അവൻ മുത്തശ്ശിയെ നോക്കി. തന്റെ വേദനയേക്കാൾ വലിയ വേദന മുത്തശ്ശിയുടെ മനസ്സിലുണ്ടെന്ന് ആ മുഖം വിളിച്ചു പറയുന്നതായി ഉണ്ണിക്ക് തോന്നി.

**ജേക്കബ് റ്റോം**
8 ബി
ഗ്രേസി മെമ്മോറിയൽ എച്ച്.എസ്. പാറത്തോട്
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം



# കൂട്ടിലടയ്ക്കപ്പെട്ട മനുഷ്യർ



കിളികൾ ആർത്തുല്ലസിച്ച് പറക്കുകയാണ്. “ഈ മനുഷ്യർക്ക് എന്തു പറ്റി? ആരെയും പുറത്തു കാണാനില്ലല്ലോ? എന്തോ കാര്യമായി സംഭവിച്ചിട്ടുണ്ട്.'' പനന്തത്ത പറഞ്ഞു. ഇതുകേട്ട് ചിണ്ടൻമൂങ്ങ നീട്ടി മൂളി: “മൂ... എന്തുതന്നെയായാലും ഞങ്ങൾക്ക് സുഖമായി എവിടെയും പറക്കാം.” തത്ത പറഞ്ഞു: “അങ്ങനെയൊന്നും പറയല്ലേ, പാവം, ഞങ്ങളെപ്പോലെ അവർക്കും ജീവവായു വേണ്ടേ?” “അവർക്കും ആ വിചാരം നമ്മളെക്കുറിച്ചും ഉണ്ടായിരുന്നില്ലല്ലോ?” “നീ പറഞ്ഞതൊക്കെ ശരിയാണ്. പക്ഷേ, പാവമല്ലേ മനുഷ്യർ.” “പാവമോ? ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ തല്ലുകൂടിയവർ ഇപ്പോൾ ഇതാ, ലോകം കാണാതിരിക്കുന്നു. നമുക്കൊന്ന് അവരുടെ അടുത്തു പോയിനോക്കാം.” തത്ത പറഞ്ഞു: ''അയ്യോ വേണ്ട, മനുഷ്യർക്ക് മുഴുവനും കൊറോണയാണെന്നാണ് കേട്ടത്.” മൂങ്ങയൊന്ന് ഇരുത്തി മൂളിക്കൊണ്ട് പറഞ്ഞു: “ഞങ്ങൾക്കൊന്നും മാസ്കും ഗ്ലൗസുമൊന്നും കിട്ടിയില്ലല്ലോ?” തത്ത പറഞ്ഞു: “ഹാ... എന്തായാലും വരുന്നത് വരട്ടെ. നമുക്കൊന്ന് പോയിനോക്കാം.” ആ മനുഷ്യൻ വളരെ കൗതുകത്തോടെ തത്തയെ സൂക്ഷിച്ചുനോക്കി. ''എന്താ മനുഷ്യാ ഇങ്ങനെ അടച്ചുപൂട്ടി ഇരിക്കുന്നത്?” മൂങ്ങ ഗൗരവഭാവത്തിൽ ചോദിച്ചു. “എന്തു പറയാനാ... പക്ഷികളേ... ഞങ്ങൾക്ക് ഈ ഗതി വരുമെന്ന് ഒരിക്കലും കരുതിയില്ല. നിങ്ങളെയൊക്കെ പിടിച്ച് കൂട്ടിൽ ഇടുമ്പോൾ ഞങ്ങൾ സന്തോഷിച്ചിരുന്നു. എന്നാൽ രണ്ട് ദിവസം വീട്ടിൽ ഇരുന്നപ്പോൾ ഞങ്ങൾക്ക് മനസ്സിലായി, ഞങ്ങൾ നിങ്ങളോട് എത്ര ക്രൂരമായാണ് പെരുമാറിയത് എന്ന്. മാപ്പ്... മാപ്പ്... മാപ്പ്...”



**നിവേദ**
3 എ
ചമ്പാട് എൽ.പി. സ്കൂൾ
ചൊക്ലി ഉപജില്ല, കണ്ണൂർ



# ഒരു കൊറോണക്കാലത്തെ നന്മമരം

കോളിങ്ബെൽ കേട്ടാണ് ഏലിയാമ്മച്ചി റൂമിൽനിന്നു വരാന്തയിലേക്ക് വന്നത്. വന്നുനോക്കുമ്പോൾ ജോസ് കസേരയിലിരുന്നു സോക്സ് അഴിക്കുന്നു. "ആ... നീ വന്നോ? എന്താ ഇന്ന് നേരത്തേ ആണല്ലോ?" "ഓ, ഇന്ന് വല്ലാത്തൊരു ക്ഷീണം, നല്ല തലവേദനയും തലകറക്കവും ഉണ്ട്. ഞാൻ ഒന്ന് കിടക്കട്ടെ"– ജോസ് മറുപടി പറഞ്ഞു. "ജോസേ, ആ കൈയ് ഒന്ന് നല്ലവണ്ണം കഴുകിയിട്ട് അകത്തേക്ക് കേറ്. എങ്ങനെ തലവേദന ഉണ്ടാകാതിരിക്കും. ഇത്രയും നേരം വെയിലത്തു നിൽക്കുവല്ലായിരുന്നോ? പോലീസ് ആണെന്നും പറഞ്ഞ് ഇങ്ങനെ അങ്ങ് കഷ്ടപ്പെടാമോ? വല്ല കൊറോണയും വന്നാൽ എന്ത് ചെയ്യും."

ഏലിയാമ്മച്ചിയുടെ ഒരേ ഒരു മകനാണ് ജോസ്. കെട്ടിയോൻ മരിച്ചേൽ പിന്നെ അവനെ ഏലിയാമ്മച്ചിയാണ് വളർത്തിവലുതാക്കിയത്. ഏലിയാമ്മച്ചിക്കോ കുടുംബക്കാർക്കോ ഇഷ്ടമല്ല ഈ പോലീസ് പണി. ജോസിന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു പോലീസാകണമെന്നും ജനങ്ങളെ സംരക്ഷിക്കണം എന്നും. ഏലിയാമ്മച്ചിക്ക് പേടിയായിരുന്നു, പോലീസായാൽ മകന് വല്ല അപകടവും സംഭവിക്കുമോ എന്ന്. എന്നാലും ജോസിന്റെ പിടിവാശിക്ക് വഴങ്ങി സമ്മതം മൂളി. അങ്ങനെ അവൻ മിടുക്കനായ ഒരു പോലീസ്കാരനായി. അവനെന്നും ജനങ്ങളെ സഹായിക്കുക എന്ന ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ.

രാത്രിയിൽ കഞ്ഞികുടിക്കാൻ ജോസ് വന്നിരുന്നപ്പോൾ ഏലിയാമ്മച്ചി സ്നേഹത്തോടെ കഞ്ഞി വിളമ്പിക്കൊടുത്തുകൊണ്ട് ജോസിന്റെ തലമുടിയിൽ പതിയെ തലോടി പറഞ്ഞു: ‘‘മോനേ, എല്ലാരും പറയുന്നതുപോലെ, ഈ കൊറോണക്കാലത്ത് നീ എന്തിനാ ജോലിക്ക് പോകുന്നത്? നീ ജോലി അങ്ങ് ഉപേക്ഷിച്ചേക്കൂ. നിനക്കറിയില്ലേ നീ ജോലിക്ക് പോയിക്കഴിഞ്ഞാൽ പിന്നെ ഈ അമ്മയ്ക്ക് ആധിയാണ്. നീ എന്തിനാ കേബിൾ കട്ട്ചെയ്തത്. ഞാൻ വാർത്ത ഒന്നും കേൾക്കാതിരിക്കാനല്ലേ..." "അതെ"– ജോസ് ഒന്ന് ഊന്നി പറഞ്ഞു: "അമ്മച്ചി വാർത്ത കാണാത്തതിന്റെ കുറവും കൂടിയേ ഉള്ളൂ, എന്നിട്ട് ആധിപിടിച്ചു വല്ലതും വരുത്തിവയ്ക്കാൻ. അമ്മച്ചി കരുതുന്നതുപോലെ കൊറോണ അത്ര അപകടകാരിയൊന്നുമല്ല. ഇതൊരു പനിപോലെ, അത്രേയുള്ളൂ." "ഓ, വെറുമൊരു പനിയായതുകൊണ്ടായിരിക്കാം നാട്ടിൽ എല്ലാരും കടയും പൂട്ടി



വീട്ടിലിരിക്കുന്നത്." "ഈ അയൽവക്കത്തുള്ളവരാണ് അമ്മച്ചിയോട് ഈ കള്ളക്കഥകൾ ഒക്കെ പറഞ്ഞു പേടിപ്പിക്കുന്നത്. ഇനി അമ്മച്ചി അവരോട് മിണ്ടുന്നതു കണ്ടാൽ എല്ലാത്തിനെയും ഞാൻ ശെരിയാക്കും."

ജോസിന് അമ്മച്ചി വിഷമിക്കുന്നത് കാണാൻ വയ്യായിരുന്നു. അതുകൊണ്ട് ആണ് ജോസ് ഇത്രയും ആപത്തും ലോകനിലനിൽപ്പിനെ പോലും ബാധിക്കുന്നതുമായ ഈ വിഷയത്തെപ്പറ്റി ഒരു വാക്കുപോലും പറയാതിരുന്നത്. അമ്മച്ചി എങ്ങാനും ഇപ്പോഴത്തെ ഈ നാടിന്റെ അവസ്ഥ അറിഞ്ഞാൽ പിന്നെ അവനെ ജോലിക്ക് വിടില്ല എന്നുറപ്പായിരുന്നു. അത്രയ്ക്ക് ജീവനായിരുന്നു അമ്മച്ചിക്ക് അവൻ. പിറ്റേന്ന് രാവിലെ ജോസ് എഴുന്നേൽക്കാൻ വളരെ വൈകി. അമ്മച്ചി പോയി അവനെ തട്ടിവിളിച്ചുണർത്തി. നോക്കുമ്പോൾ നല്ല പനി, പോരാത്തതിന് രാത്രി നല്ല ചുമയും ഉണ്ടായിരുന്നു. അതൊന്നും കാര്യമാക്കാതെ ജോസ് വേഗം റെഡിയായി സ്റ്റേഷനിലേക്കു പോയി. ഇന്നുള്ള ബോധവൽക്കരണക്ലാസ് ജോസാണ് എടുക്കേണ്ടത്.

സമയം രാവിലെ 10 കഴിഞ്ഞു. ക്ലാസ് ആരംഭിച്ചു. ജോസ് ജനങ്ങളെ നോക്കി ഒന്ന് പുഞ്ചിരിച്ചു. എന്നിട്ട് അവരോടായി പറഞ്ഞു: "നോക്കൂ, നിങ്ങൾ വീട്ടിൽ ഇരിക്കാൻ പറയുന്നത് ഞങ്ങളുടെ ഒരു നേട്ടത്തിനും വേണ്ടിയല്ല. നിങ്ങളുടെ ജീവൻ സംരക്ഷിക്കാൻ വേണ്ടിയാണ്. നമ്മുടെ നാട് വളരെ വലിയ ഒരു ആപത്തുഘട്ടത്തിലാണ്. ഈ കോവിഡ് 19 എന്ന മഹാമാരിയെ ഏതുവിധത്തിലും പ്രതിരോധിക്കാൻ നമ്മൾ സജ്ജരാകേണ്ടതുണ്ട്. നമ്മുടെ ജീവൻ ആപത്തിലാണ്, എന്നിട്ടും നമ്മളാരും വീട്ടിലിരിക്കാൻ തയാറുകുന്നില്ല. ലോക്ഡൗണിനോട് ആരും സഹകരിക്കുന്നില്ല. ഞങ്ങൾക്ക് വേണമെങ്കിൽ നിങ്ങൾ എന്തെങ്കിലും ചെയ്യട്ടെ എന്ന് കരുതി വീട്ടിലിരിക്കാം. എന്നിട്ടും ഞങ്ങൾ ജീവൻ പണയം വെച്ചും കുടുംബത്തെ മറന്നുകൊണ്ടും ആത്മാർഥമായി നിങ്ങൾക്കും രാജ്യത്തിനും വേണ്ടിയാണ് ഈ തെരുവുകൾതോറും നിൽക്കുന്നത്. കോവിഡ് 19 വളരെ പെട്ടെന്ന് പടർന്നുപിടിക്കുന്ന ഒരു മഹാമാരിയാണ്. അതിനാൽ നമ്മുടെ രാജ്യത്തെ ഈ വൈറസിന്റെ പിടിയിൽനിന്നു മുക്തമാക്കാൻ സഹായിക്കേണ്ടത് ഓരോരുത്തരുടെയും കർത്തവ്യമാണ്. ഞങ്ങൾ പറയുന്നത് നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ്. നമുക്ക് നല്ലൊരു നാളേക്കായി പ്രതീക്ഷിക്കാം. ഒരു കാര്യം എല്ലാവരും മറക്കരുത്, കൈകഴുകാനും സാനിറ്റൈസർ ഉപയോഗിക്കാനും..." ജോസിന്റെ തല വെട്ടിപ്പിളരുന്നതുപോലെ അവനു തോന്നി. ചുമ അടക്കിപ്പിടിച്ചിരിക്കയായിരുന്നു. ജനങ്ങൾക്ക് എന്ത് തോന്നും.

തലകറങ്ങുന്നതുപോലെ... കണ്ണിൽ ഇരുട്ടുകയറുന്നതു പോലെ... കണ്ണടഞ്ഞു പോകുന്നു... പെട്ടെന്ന് ജോസ് കാർപറ്റിലേക്കു നിലംപതിച്ചു.

കണ്ണ് തുറന്നപ്പോൾ ചുറ്റും ഡോക്ടർമാർ, നഴ്സുമാർ എന്നിവർ നിൽക്കുന്നു. അവൻ ഒന്ന് ഭയന്നു, കർത്താവിനെ മനസ്സിൽ വിളിച്ചു. എന്താണ് എന്ന് ചോദിക്കുന്നതിനു മുൻപേ ഡോക്ടർ പറഞ്ഞു: ''കോവിഡ് രോഗലക്ഷണമാണ് താങ്കളിൽ കാണുന്നത്. പേടിക്കണ്ട, സ്രവം എടുത്തിട്ടുണ്ട്. റിസൾട്ട് ഇപ്പോൾ കിട്ടും.'' തന്റെ മനോനില തകരുന്നത് പോലെ തോന്നി. കണ്ണുനീർ വാർന്ന് ഒഴുകി. അത് തന്നെയോർത്തല്ല എന്നുമാത്രം, ജനങ്ങളുടെ അവസ്ഥയെ പറ്റി... ജോസ് സ്വയം നിയന്ത്രിച്ചു. ഡോക്ടറോടു പറഞ്ഞു: "ഈ വിവരം ഒരിക്കലും അമ്മച്ചി അറിയാൻ പാടില്ല. അമ്മച്ചിയെ നിരീക്ഷണത്തിൽ വെക്കണം, ഇന്ന് ക്ലാസിൽ പങ്കെടുത്തവരെയും ഹോസ്പിറ്റലിൽ കൊണ്ടുവരണം. അവർക്കാർക്കും ആപത്തു വരുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.'' ഈയൊരു അവസ്ഥയിൽപ്പോലും ജനങ്ങളെപ്പറ്റി ചിന്തിക്കുന്ന ഒരു യഥാർഥ മനുഷ്യൻ, തന്റെ കടമ നിർവഹിക്കുന്ന ഒരു യഥാർഥ പോലീസുകാരൻ. ഡോക്ടർമാർ ജോസിന് മാക്സിമം സപ്പോർട്ട് നൽകി. "തനിക്ക് ഒന്നും പറ്റില്ലെടോ, ഇതൊക്കെ മാറാവുന്നതേയുള്ളൂ. താൻ ആത്മധൈര്യം കൈവിടരുത്." "രാജ്യത്തിനുവേണ്ടി എന്റെ ജീവൻ സമർപ്പിക്കാൻ സന്തോഷമേയുള്ളൂ. നമ്മൾ ഈ രോഗത്തിനെ അതിജീവിക്കും"- ഉറച്ച വിശ്വാസത്തോടെ ജോസ് ഡോക്ടറോട് പറഞ്ഞു. ആശുപത്രിയിൽ കോവിഡ് ഐസൊലേഷൻ വാർഡിൽ ജോസിനെ കൊണ്ടുപോയി. ജോസ് ഡോക്ടറോട് പറഞ്ഞു: "ഞാൻ ഈ രോഗത്തിൽനിന്നു മുക്തനാവുകയാണെങ്കിൽ അവസാനം രോഗം പിടിപെട്ട വ്യക്തി ഞാൻ ആകണം. അതല്ല, മരണം എന്നെ കൊണ്ടുപോകുകയാണെങ്കിൽ ഈ രോഗം വന്നു മരിക്കുന്ന അവസാന വ്യക്തിയും ഞാൻ ആകണം."

**ഫാത്തിമ എസ്.**
5 ബി
ഗവ. യു.പി. എസ്. പാനൂർക്കര
അമ്പലപ്പുഴ ഉപജില്ല, ആലപ്പുഴ



# രാമുവും കിളിയും

ലോക്ഡൗൺ കാരണം എവിടെയും പോകാൻ കഴിയാതെ വിഷമിച്ചിരിക്കുകയായിരുന്നു രാമു. അവന്റെ അടുത്ത് ഒരു കിളി പറന്നുവന്നു: "എന്താ രാമു വിഷമിച്ചിരിക്കുന്നത്?"

"കൂട്ടുകാരെ കാണാനാവാത്തതിലും അവരുടെ കൂടെ കളിക്കാനോ പഠിക്കാനോ പറ്റാത്തതിലും എനിക്ക് നല്ല വിഷമമുണ്ട്"– രാമു പറഞ്ഞു. ഇതു കേട്ട കിളി ചോദിച്ചു: "നീ പക്ഷികളെയും മൃഗങ്ങളെയും കൂട്ടിലിട്ട് വളർത്തുമ്പോൾ നീയും കൂട്ടിലാകുമെന്ന് ചിന്തിച്ചിട്ടുണ്ടോ?" ഇത് കേട്ട രാമു ഞെട്ടിപ്പോയി, "അയ്യോ! കിളിക്കുഞ്ഞേ, ഇപ്പോഴാണ് എനിക്ക് നിങ്ങളുടെ സങ്കടം മനസ്സിലാകുന്നത്!"



"ഞങ്ങൾക്കും ഉണ്ടാകില്ലേ മോഹങ്ങൾ; ആകാശത്തിൽ പറന്ന് നടക്കാനും നെൻമണി കൊത്തിത്തിന്നാനും കൂട്ടുകാരോടൊത്ത് കളിക്കാനും."

ഇനി ഒരിക്കലും കിളികളെയോ മറ്റ് ജീവികളെയോ കൂട്ടിലടയ്ക്കില്ലെന്ന് രാമു ശപഥം ചെയ്തു. രാമുവിനോട് നന്ദി പറഞ്ഞ് കിളി പറന്നുപോയി.

**ശ്രീനന്ദ് കെ.**
2 എ
ജി.എൽ.പി.എസ്. മരുതോങ്കര
കുന്നുമ്മൽ ഉപജില്ല, കോഴിക്കോട്



# തിരികെയാത്ര...

വീടിന്റെ മുകളിലേക്ക് ചാഞ്ഞുനിൽക്കുന്ന പ്ലാവിന്റെ കൊമ്പിലിരുന്നാണ് കറുമ്പിക്കാക്ക അപ്പുവിനെ ഉണർത്താറ്. ജനൽപ്പാളിയിലൂടെ കടന്നുവരുന്ന സൂര്യകിരണങ്ങൾക്ക് എതിരായി ജനലരികിൽനിന്ന് എന്നും രാവിലെ അപ്പു കറുമ്പിക്കാക്കയോടും പ്ലാവിനോടും കുശലം പറയുമായിരുന്നു. വീട്ടിലെ പ്ലാവും മാവും പക്ഷികളും ചെടികളും പൂക്കളും പൂമ്പാറ്റകളും പൂച്ചയും പട്ടിയും എല്ലാമായിരുന്നു അവന്റെ കൂട്ടുകാർ. അപ്പുവിന് തന്റെ കൂട്ടുകാരെയെല്ലാം വലിയ ഇഷ്ടമാണ്. അവന്റെ പ്രിയപ്പെട്ട പ്ലാവിലായിരുന്നു കറുമ്പിക്കാക്കയുടെയും കൂട്ടുകാരുടെയും കൂട്. വീടിന്റെ മുകളിലേക്ക് ചാഞ്ഞു നിൽക്കുന്നതുകൊണ്ട്അച്ഛന് പ്ലാവിനോട് തീരെ ഇഷ്ടമുണ്ടായിരുന്നില്ല. ഇക്കാര്യം അമ്മയ്ക്കും അപ്പൂപ്പനും അമ്മൂമ്മയ്ക്കുമറിയാമായിരുന്നു. കൂട്ടുകാർക്കുമറിയാമെന്ന് അപ്പുവിനു തോന്നിയിരുന്നു. പക്ഷേ, ഇക്കാര്യം അവർ സംസാരിക്കാതെ അവർക്കിടയിൽ ഒരു പേടി വളർന്നുവന്നു.


ഒരുദിവസം അച്ഛൻ ആരോടെന്നില്ലാതെ വിളിച്ചുപറഞ്ഞു: "ദേ, ഈ പ്ലാവ് ഉണങ്ങിയെന്നാ തോന്നണേ. വീടിന്റെ മേലേക്കാ ചാഞ്ഞു നിൽക്കണേ. നാളെത്തന്നെ ഇതു വെട്ടാൻ ഏർപ്പാടാക്കാം." ഇതുകേട്ട അപ്പു അമ്മയുടെ സാരിത്തുമ്പിൽ വിരൽചുറ്റി പ്ലാവിലേക്കു നോക്കി. അമ്മ അച്ഛനോട് മരം വെട്ടരുതെന്ന് പറയുമെന്ന് അവൻ പ്രതീക്ഷിച്ചു. അവന്റെ മുടിയിഴകളിൽ തലോടി അമ്മൂമ്മയാണ് അത് പറഞ്ഞത്: "തൽക്കാലം അത് അങ്ങനെ നിൽക്കട്ടെ. എന്റെ അപ്പൂപ്പൻ നട്ടതാണത്." മകന്റെയും ഭാര്യയുടെയും മുഖത്തേക്കു നോക്കാതെ അയാൾ പുറത്തേക്കു ചെരിപ്പിടാതെ നടന്നുപോയി.

രാത്രിയിൽ അമ്മൂമ്മയോടൊപ്പമാണ് അപ്പു ഉറങ്ങിയത്. ഉറക്കത്തിൽ കാക്കയുടെയും പൂച്ചയുടെയും കരച്ചിൽ, വീടു നഷ്ടപ്പെട്ടവരുടെ കരച്ചിൽ... അവൻ ഞെട്ടിയുണർന്നു. അതൊരു സ്വപ്നമായിരുന്നു. പുറത്ത് പ്ലാവിൻചില്ലയിൽ കാക്കമ്മയും കുട്ടികളും ഉറങ്ങുന്നു. അമ്മൂമ്മ അവനെ ചേർത്തുപിടിച്ച് ഏതോ പാട്ടുപാടി. കാക്കയെയും പൂച്ചയെയും പറ്റിയായിരുന്നു പാട്ട്. പാട്ടുകേട്ട് പിന്നെയും അവനുറങ്ങിപ്പോയി. ഉറക്കത്തിൽ, പരിസ്ഥിതിദിന അസംബ്ലിയിൽ നിൽക്കുന്ന അവനെ അവൻ കണ്ടു. മരം ഒരു വരം. പത്തു പുത്രന്മാർക്കു സമം ഒരു വൃക്ഷം.

രാവിലെ അവൻ ഉണർന്നപ്പോൾ അച്ഛൻ ജോലിക്കു പോയിട്ടില്ല.



ടി.വിയിൽ വാർത്ത കാണുന്നു. വാർത്തകളിൽ ഒഴിഞ്ഞ റോഡുകൾ, റോഡിൽ നിറയെ പോലീസ്, കടകൾ താഴിട്ടുപൂട്ടിയ ചിത്രങ്ങൾ പിന്നെയും പിന്നെയും കാണിക്കുന്നു.



കുറേനേരം കഴിഞ്ഞപ്പോൾ അച്ഛൻ പുറത്തേക്കു പോയി. അമ്മയുണ്ടാക്കിയ ദോശകഴിച്ച് പ്ലാവിൻചുവട്ടിൽ കൈകഴുകി തുപ്പാനോങ്ങിയപ്പോഴേക്കും അച്ഛൻ തിരിച്ചെത്തി. അമ്മയോട് ദേഷ്യപ്പെട്ടു സംസാരിക്കുന്നതു കേട്ടു. പിന്നെ അമ്മ എടുത്തുകൊടുത്ത വെട്ടുകത്തിയുമായി അച്ഛൻ പുറത്തേക്കിറങ്ങിയപ്പോൾ അവൻ ഞെട്ടി. പ്ലാവിന്റെ അടുത്തേക്കാണ് അച്ഛൻ പോകുന്നതെന്നറിഞ്ഞപ്പോൾ അവൻ അമ്മൂമ്മയുടെ അടുത്തേക്കോടി.

അച്ഛൻ പ്ലാവിൽ കയറി രണ്ടു ചക്ക വെട്ടിയിട്ടു. ഹായ്, അവന്റെ വായിൽ വെള്ളം വന്നു. എല്ലാവരും ആ വിഭവം വയറുനിറച്ചു കഴിച്ചു. അപ്പുവിന്റെ പ്ലാവിലും മാവിലുമെല്ലാം നിറയെ കായകളുണ്ടായിരുന്നു.

ചക്ക തിന്നശേഷം അവൻ അച്ഛന്റെ കൂടെ ഉമ്മറത്തു പായ വിരിച്ചുകിടന്നു. പ്ലാവിലെയും മാവിലെയും കായ്കൾ അവനെ നോക്കി ചിരിച്ചു. ഒരു സുഗന്ധമുള്ള കാറ്റ് അച്ഛനെയും മകനെയും തഴുകി വീടിനകത്തേക്കു കയറിവന്നു.

**അനാമിക എ.എസ്.**
8 ഡി
ജി.കെ.വി.എച്ച്.എസ്. എറിയാട്
കൊടുങ്ങല്ലൂർ ഉപജില്ല, തൃശ്ശൂർ

# വലിയ പാഠങ്ങൾ



ഇത്ര മനോഹരമായിരുന്നോ ഈ കോഴികളെ കാണാൻ. പൂവൻകോഴി തലകുലുക്കി വരുന്നത് കാണാൻ എന്ത് ചന്തമാണ്! വീടിന്റെ പിന്നാമ്പുറത്ത് വന്നിരിക്കുന്ന കിളികളുടെ ശബ്ദം എന്ത് രസമാണ് കോൾക്കാൻ! അപ്പോഴുണ്ട് ഉമ്മ ചക്കയും താങ്ങിപ്പിടിച്ച് വരുന്നു. അപ്പൊ ഇന്നും ഉച്ചയ്ക്ക് ചക്കതന്നെ. പത്തുമണിക്കുള്ള കഞ്ഞിക്ക് താത്ത ഉണക്കമീൻ കഴുകുന്നുണ്ട്. ഇപ്പോ ഇതാണ് എന്നും. ബിരിയാണിക്ക് പൂതിയാകുന്നു. പൂതിവെച്ചിട്ട് എന്താ കാര്യം, കിട്ടില്ലല്ലോ... കടകൾ തുറക്കുന്നില്ല, വണ്ടികൾ ഓടുന്നില്ല. എല്ലാം നിശ്ചലം. ചൈനയിൽ കൊറോണ ഉണ്ടെന്ന് പത്രത്തിൽ കണ്ടിരുന്നു. അന്ന് അതിനെക്കുറിച്ച് വായിക്കാൻ എവിടെ നേരം. ട്യൂഷൻ, സ്കൂൾ, വീണ്ടും ട്യൂഷൻ... ഓർക്കുമ്പോൾ തന്നെ ഭ്രാന്ത് പിടിക്കുന്നു. ഇന്ന് നേരം പോയിക്കിട്ടാൻ പെടാപ്പാട് പെടുകയാണ്. എത്ര പെട്ടെന്നാണ് നമ്മുടെ നാട് മാറിമറിഞ്ഞത്! രോഗം ഇല്ല, രോഗികൾ ഇല്ല, ആശുപത്രിയിൽ പോകുന്നില്ല, കല്യാണം ഇല്ല, മരണം കോൾക്കുന്നില്ല... എല്ലാം ശാന്തം. ക്ലാസ് കഴിഞ്ഞ് പുറത്തൊക്കെ ഒന്ന് കറങ്ങിവന്നാലും കൈകഴുകാതെ കിട്ടുന്നതൊക്കെ തിന്നിരുന്നു. ഇപ്പോൾ പുറത്ത് എവിടേയും പോകുന്നില്ല, കൈ കഴുകൽ മാത്രം.

ഇന്നാള് വല്ലിമ്മ പറഞ്ഞിരുന്നു, വല്ലിമ്മാന്റെ കല്യാണത്തിന് ഒരു കോഴികൊണ്ടാണ് കറിവെച്ചതെന്ന്... അത് കേട്ടപ്പോൾ തള്ള് തള്ള് എന്ന് പറഞ്ഞു കളിയാക്കി. അപ്പൊ വല്ലിമ്മ പറയാണ് ബല്യ പൈസക്കാര് രണ്ട് കോഴിനെ അർക്കൊള്ളൂന്ന്. അത് കേട്ടപ്പോൾ ഞാൻ കളിയാക്കിച്ചിരിച്ചു. ഇന്നലെ ആയിരുന്നു താത്താന്റെ മോളെ കല്യാണം. ആദ്യം ഉറപ്പിച്ചതായിരുന്നു. രാത്രി താത്ത വിളിച്ചപ്പോൾ പറഞ്ഞു, ഒരു കിലോ കോഴി വാങ്ങിയിരുന്നു എന്ന്. പുതിയാപ്ല വരുമ്പോൾ കൊടുക്കാൻ. അപ്പോഴാണ് എനിക്ക് മനസ്സിലായത്, നമ്മൾ ഒരുപാട് പിറകോട്ട് പോയിട്ടുണ്ടെന്ന്, ഇനിയും മാറും. നമ്മൾ മുഖം മറച്ചാണ് ഇപ്പോൾ സംസാരിക്കുന്നത്. എങ്കിലും ഒരുപാട് കഥകൾ പറയാനുണ്ട്. ചെറിയ നെഞ്ചുവേദന വന്നാൽ ഓപ്പറേഷൻ നടത്തിയിരുന്ന ആശുപത്രിക്കാർപോലും ഇപ്പോൾ പറയുന്നത് അങ്ങോട്ട് വരണ്ട എന്നാണ്. എല്ലാം തകിടംമറിഞ്ഞു. കണ്ണിന് കാണാൻ കഴിയാത്ത വൈറസ്, അതിനെ ആർക്ക് പിടിച്ചുകെട്ടാൻ കഴിയും? അതെ, അവന് മാത്രം. നമ്മൾ കാണാത്ത, നമ്മെ പടച്ച ദൈവത്തിന് മാത്രം. കൈകഴുകിയും അകലം പാലിച്ചും മാറിനിന്നും നമ്മൾ ശ്രമിക്കുക. മറയില്ലാതെ ദൈവത്തോട് പ്രാർഥിക്കുക. രോഗം മാറാനും കഴിഞ്ഞകാലം മറക്കാതെ ജീവിതത്തിൽ മുന്നോട്ട് പോവാനും...

**ഫാത്തിമ സിബ എൻ.**
4 എ, ജി.എൽ.പി.എസ്. കണ്ണമംഗലം
വേങ്ങര ഉപജില്ല, മലപ്പുറം



# എന്റെ ഒരു ദിനം

നേരം പുലർന്ന് ഏഴുമണിക്കാണ് ഞാൻ എഴുന്നേറ്റത്. വരാന്തയിലിരിക്കുകയായിരുന്നു. നോമ്പിന്റെ അത്താഴം കഴിഞ്ഞ് കിടന്നത് കാരണം എല്ലാരും നേരം വൈകിത്തന്നെയാണ് ഉണരാറ്. "മോളേ, ഉറങ്ങി എണീറ്റാൽ കൈ രണ്ടും കഴുകണമെന്ന് പറഞ്ഞിട്ടില്ലേ.'' ഉമ്മ വിളിച്ചുപറഞ്ഞു.

ഹാൻഡ്‌വാഷ് ഉപയോഗിച്ച് കൈകഴുകി പൂന്തോപ്പിലൂടെ പല്ല്തേച്ച് നടക്കുകയായിരുന്നു. അപ്പോഴാണ് ഞാൻ അത് ശ്രദ്ധിച്ചത്, ഇതുവരെ പൂവിരിയാത്ത റോസ്ചില്ലയിൽ ഒരു മൊട്ട് വന്നിരിക്കുന്നു, കൊറോണ മെയ് 2 എന്ന് പേരിട്ടു. മുല്ലവള്ളി നേരെയാക്കുമ്പോഴാണ് കുഞ്ഞുവാവ ചെത്തിപ്പൂവിന്റെ ചില്ല മുറിച്ചത്. എന്റെ കരച്ചിലും ബഹളവും കേട്ട് ഉപ്പച്ചി ഓടിവന്നു: "ഓ... സാരമില്ല. ഇനിയൊരു ലോക്ഡൗണോ പ്രളയമോ വന്നാൽ നിന്റെ തോട്ടത്തിലെ പച്ചക്കറിതന്നെ നമുക്ക് കഴിക്കാം. നമുക്ക് നിന്റെ തോട്ടം വലുതാക്കാം.'' ''ഉപ്പച്ചി വണ്ടിയുമെടുത്ത് പോകുമ്പോൾ ഹെൽമെറ്റും മാസ്കും എടുക്കാൻ മറക്കരുത്..."

ഞാൻ അത്ഭുതപ്പെട്ടുപോയി. സ്കൂളിലൊരു മീറ്റിങ്ങിനു വരാനോ ഹോംവർക്ക് ശരിയാക്കിത്തരാനോ പറഞ്ഞാൽ സമയമില്ല എന്നു പറയുന്ന ആളാ, പൂന്തോപ്പ് പച്ചക്കറിത്തോട്ടമാക്കിത്തരാം എന്നു പറഞ്ഞത്. നടന്നത് തന്നെ. ഉപ്പച്ചിയെ നല്ല കൂട്ടുകാരനാക്കിത്തന്നെ, പുതിയൊരു ദിനത്തിന്റെ ശുഭപ്രതീക്ഷയോടെ ലോക്ഡൗണിന് എല്ലാവിധ ആശംസകളും...

**ഹാനിയ വൈ.പി.**
4 എ,
ജി.എം.എൽ.പി. സ്കൂൾ എടക്കടപ്പുറം
താനൂർ ഉപജില്ല, മലപ്പുറം



# വെള്ളയുടുപ്പിട്ട മാലാഖ



ക്ലാസിലെ മിടുക്കിക്കുട്ടിയാണ് നിമ്മി. പഠിക്കാനും വായിക്കാനും ഡാൻസ് കളിക്കാനും പാട്ടുപാടാനും എന്നും അവൾ മുന്നിലാണ്. നിമ്മിയുടെ വീടിന്റെ അടുത്തുതന്നെ ഒരു ആശുപത്രിയുമുണ്ട്. അവിടെയുള്ള നഴ്സുമാരെ കാണുമ്പോൾ നിമ്മിക്ക് ആകെ പേടിയാണ്. എന്താണെന്നറിയാമോ? പനിപിടിച്ചു ചെല്ലുമ്പോഴും മുറിവുപറ്റി പോകുമ്പോഴും അവരവളെ കുത്തിവയ്ക്കും. നഴ്സുമാരെ നിമ്മിക്ക് ഇഷ്ടമല്ല. അവർ തരുന്ന കയ്പ്പുള്ള മരുന്ന് ഓർക്കുമ്പോതന്നെ ഛർദ്ദിക്കാൻവരും.

ഒരുദിവസം പത്രത്തിലൊക്കെ ഒരു വാർത്തവന്നു. ലോകം മുഴുവനും ഒരു വൈറസ് പടരുകയാണ്. മിക്കവാറും രാജ്യങ്ങളിൽ ഒരുപാട് ആൾക്കാർ മരിച്ചുകൊണ്ടിരിക്കുന്നു. ടി.വി. തുറക്കുമ്പോൾ കൊറോണ എന്നും കോവിഡ് 19 എന്നും മാത്രമേ കേൾക്കാനുള്ളൂ.

നിമ്മിയുടെ വീടിന് അപ്പുറമുള്ള ആശുപത്രിയിലും രോഗികൾ ഉണ്ടത്രേ. നിമ്മിയുടെ അച്ഛൻ അബുദാബിയിൽ ആയിരുന്നു. ഒരുദിവസം അച്ഛനും പനിവന്നു. അച്ഛനും അമ്മയും നിമ്മിയും അനിയത്തിയും ആശുപത്രിയിലായി. 24 മണിക്കൂറും വിശ്രമമില്ലാതെ ജോലിചെയ്യുന്ന, മറ്റുള്ളവരെ ശുശ്രൂഷിക്കുന്ന നഴ്സുമാരെ കണ്ടപ്പോൾ നിമ്മിക്ക് അവരോടുള്ള പേടി മാറി, ബഹുമാനമായി.

ഇപ്പോൾ നിമ്മിക്ക് മനസ്സിലായി, അവർ വെള്ളയുടുപ്പിട്ട മാലാഖമാരാണെന്ന്. അസുഖം ഭേദമായി ആശുപത്രിയിൽനിന്ന് മടങ്ങുമ്പോൾ നിമ്മി മനസ്സിലോർത്തു... വലുതാവുമ്പോൾ ഞാനുമൊരു നഴ്സാകും, വെള്ളയുടുപ്പിട്ട നഴ്സ്...

**ഫാത്തിമ റഹ്ന**
4 ബി
ജി.എം.എൽ.പി. സ്കൂൾ, പനങ്ങാട്ടൂർ
താനൂർ ഉപജില്ല, മലപ്പുറം



# അനുവിന്റെ സങ്കടം

പ്രകാശം റൂമിനുള്ളിലേക്ക് കടന്നുവന്നപ്പോഴാണ് അനു പുതപ്പിനുള്ളിൽനിന്നു മുഖം പുറത്തേക്കിട്ടത്. അലാറം അവളെ നോക്കി കളിയാക്കുന്നത് പോലെ തോന്നി. തലേദിവസം ഇസ്തിരിയിട്ടു മടക്കി കവറിൽവച്ച പുതുവസ്ത്രം അനുവിനെ നോക്കി സങ്കടപ്പെട്ടു. അവളോർക്കുകയായിരുന്നു... എന്തെല്ലാം പ്രതീക്ഷയോടെയാ... ഒത്തിരി സന്തോഷത്തോടെയായിരുന്നു ഈ ഒരുക്കങ്ങളെല്ലാം. എന്തിനെന്നോ... അമ്മാവന്റെ വിവാഹമായിരുന്നു ഏപ്രിൽ 1 ന്. ഉമ്മയുടെ വീട്ടിലെ മറ്റു കുട്ടികളോടൊപ്പമുള്ള കളിചിരികൾ... തമാശകൾ... മൈലാഞ്ചിടൽ... പുതുപെണ്ണിന് സർപ്രൈസ് കൊടുക്കൽ.. സ്വാദിഷ്ടമായ വിഭവങ്ങൾ... അങ്ങനെ എന്തെല്ലാം... എല്ലാം തകർന്നില്ലേ... അനു നെടുവീർപ്പിട്ടു. എല്ലാറ്റിനും കാരണം ആ വിനാശകാരിയായ വൈറസ്... കൊറോണ... അവൾ കൊഞ്ഞനം കുത്തി. എന്റെ കൈയിലെങ്ങാനും കിട്ടിയാലുണ്ടല്ലോ... ഞെക്കി ക്കൊല്ലും ഞാൻ... പിറുപിറുത്തുകൊണ്ട് പുതുവസ്ത്രത്തിന്റെ കവറും പിടിച്ചിരിക്കുന്നത് കണ്ട് അനുവിന്റെ ഉപ്പ റൂമിലേക്ക് വന്നു. സങ്കടത്തോടെ നിൽക്കുന്ന അനുവിന്റെ തോളിൽ തട്ടി ആശ്വസിപ്പിച്ചു. അവളെ സോഫയിലിരുത്തി. ടി.വി. ഓൺചെയ്തു. അതൊരു ന്യൂസ് ചാനലായിരുന്നു. അതിലതാ അനുവിന്റെ ശത്രു.

അനുവിന്റെ ഉപ്പ പറയുകയായിരുന്നു, ചൈനയിലും ഇറ്റലിയിലേക്കും സ്പെയ്നിലേക്കും അമേരിക്കയിലേക്കും അങ്ങനെ ഓരോരോ രാജ്യങ്ങളിലേക്കും രോഗം പടർത്തിക്കൊണ്ടിരിക്കുന്ന അവളുടെ ശത്രുവിന്റെ കഥ. ലോകം മുഴുവൻ അനുവിന്റെ ശത്രുവിനെ തുരത്താനുള്ള അതീവശ്രമത്തിന്റെ കഥ... അതിൽ പൊലിഞ്ഞുപോയ ആത്മാക്കളുടെ കഥ.... അനുവിന്റെയും അനിയന്റെയും പ്രായത്തിലുള്ള അനാഥക്കുഞ്ഞുങ്ങളുടെ കഥ...

അനു ഇപ്പോൾ സുരക്ഷിതയാണ്. ജാഗ്രതയോടെയാണ് വീട്ടിനുള്ളിൽ കഴിയുന്നത്. ഇതിനിടയിൽ കല്യാണാഘോഷമല്ല വലുത്, മനുഷ്യരാശിയുടെ നിലനിൽപ്പാണ്. അതിലേക്കുള്ള അതിജീവനശ്രമത്തിലാണ് ലോകം മുഴുവനും. ഉപ്പ പറഞ്ഞ കഥ കേട്ട് അനുവിന്റെ കണ്ണുനിറഞ്ഞു. കല്യാണാഘോഷം മുടങ്ങിയ കണ്ണീരായിരുന്നില്ല അത്. അനുവിന്റെ ശത്രുമൂലം ജീവൻ നഷ്ടപ്പെട്ട ആത്മാക്കളുടെ നിത്യശാന്തിക്ക് വേണ്ടിയുള്ള പ്രാർഥനയുടെ കണ്ണീർത്തുള്ളിയായിരുന്നു.

**ഹനൂന**
4 എ, ജി.എം.എൽ.പി. സ്കൂൾ, പരപ്പനങ്ങാടി ടൗൺ
പരപ്പനങ്ങാടി ഉപജില്ല, മലപ്പുറം

# സെന്റ് ഓഫ്

ഉച്ചയ്ക്ക് ശേഷമുള്ള അവസാന പിരിയഡ് ഞങ്ങൾക്ക് പി.ടി. ആയിരുന്നു. നേരത്തേ ഭക്ഷണം കഴിച്ച് കൂട്ടുകാരുമൊത്ത് ഗ്രൗണ്ടിലെ ഞാവൽ മരച്ചുവട്ടിൽ കളിയാരംഭിച്ചു. അന്ന് പതിവിലും നേരത്തേയുള്ള നീണ്ട ബെല്ലടിക്കുള്ള കാരണം തിരക്കി ഞാനും ക്ലാസിലേക്കോടി. ടീച്ചർ അവിടെ എത്തിയിരുന്നു. ''എന്തിനാ ടീച്ചറേ നേരത്തേ ബെല്ലടിച്ചതെന്ന'' ആൺകുട്ടികളുടെ ചോദ്യങ്ങൾക്കിടയിൽ സ്കൂൾറേഡിയോയിൽ ഹെഡ്മാഷിന്റെ ശബ്ദമുയർന്നു... "പ്രിയകുട്ടി... ട്രിം... ട്രീം..." പ്രാർഥനയ്ക്കൊടുവിൽ എല്ലാം കഴിഞ്ഞിരിക്കുന്നു. കുട്ടികൾ തുള്ളിച്ചാടുകയാണ്. ഒന്നാംക്ലാസിലെ അനിയത്തി ഓടിവന്നു പറഞ്ഞു: "താത്താ, നാളെ മുതൽ സ്കൂൾ ഇല്ല... ഞങ്ങളെ മാഷ് പറയാ, നാളെ മുതൽ സ്കൂളിൽ വരണ്ടാ എന്നും വീട്ടിലിരുന്ന് പടിച്ചാൽമതിയെന്നു പോലും...'' അവൾ സന്തോഷംകൊണ്ട് തുള്ളിച്ചാടുകയാണ്. സത്യം പറഞ്ഞാൽ എന്റെ കണ്ണ് നിറഞ്ഞു. എന്റെ സ്കൂൾ... എന്റെ ടീച്ചർ... എന്റെ ക്ലാസ്... കൂട്ടുകാർ... ഞങ്ങളുടെ പരിപാടി... എന്തോ ഒരു മരവിപ്പ് പോലെ... എല്ലാവരെയും കണ്ട് യാത്രപറഞ്ഞ് അനിയത്തിയുടെ കൈയും പിടിച്ച് തിരികെ വീട്ടിലേക്ക് നടക്കുമ്പോൾ ശരിക്കും ഞാൻ കരഞ്ഞിരുന്നു. പെട്ടെന്നൊരു നിമിഷംകൊണ്ട് ഞങ്ങളുടെ സുന്ദര നിമിഷങ്ങളെ ഇല്ലാതാക്കിയ ഈ രോഗത്തോട് വല്ലാത്തൊരു ദേഷ്യമായിരുന്നു.

**ആയിഷ**
4 ബി
ജി.എം.എൽ.പി. സ്കൂൾ, പുതിയകടപ്പുറം നോർത്ത്
താനൂർ ഉപജില്ല, മലപ്പുറം



# കാലം

ഐസലേഷൻ റൂമിന്റെ നാലുചുവരുകൾക്കുള്ളിലെ ഏകാന്തത എന്നെ വല്ലാതെ തളർത്തി. ശരീരം മുഴുവനായി മൂടിക്കെട്ടിയ ചില രൂപങ്ങൾ വന്ന് മൂന്നുനേരം ഭക്ഷണം തന്നിട്ട് പോകും. ഭാര്യയെയും കുട്ടികളെയും കാണാനുള്ള കൊതി വേറെ. പിന്നീടാണറിഞ്ഞത്, അവരേയും വേറെവേറെ റൂമുകളിൽ പാർപ്പിച്ചിട്ടുണ്ടെന്ന്. മക്കളെക്കുറിച്ചോർത്തപ്പോ ഗദ്ഗദം വിതുമ്പി. എല്ലാറ്റിനും കാരണക്കാരൻ ഞാനാണല്ലോ എന്നോർത്തപ്പോ ആ ദിവസത്തെ എന്റെ മനസ്സിന്റെ അഹന്തയെ എത്ര പഴിച്ചിട്ടും മതിവരുന്നില്ല. അതോർക്കുമ്പോ കുറ്റബോധംകൊണ്ട് മനസ്സ് നീറുകയാണ്...

കേരളത്തിൽ ലോക്ഡൗൺ ആരംഭിച്ച ആദ്യദിവസം നാട്ടിലും തൊട്ടടുത്ത നാട്ടിലൊന്നും കോവിഡ് രോഗബാധിതരുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടില്ല. അന്ന് രാവിലെ ലോക്ഡൗണായിട്ട് ആളുകളൊക്കെ വീട്ടിൽ തന്നെയാണോ അതോ ആരെങ്കിലും അങ്ങാടിയിലേക്കിറങ്ങുന്നുണ്ടോ എന്നൊക്കെ അറിയാനായി ചായകുടി കഴിഞ്ഞശേഷം പതുക്കെ അങ്ങാടിയിലേക്ക് വച്ചുപിടിച്ചു. പിറകിൽനിന്നും ഉമ്മ വിളിച്ച് ചോദിക്കുന്നുണ്ടായിരുന്നു: “മോനേ... എടാ... ഇന്ന് മുതൽ പുറത്തിറങ്ങാൻ പാടില്ലല്ലോ... പിന്നെ നീ എവിടേക്കാടാ... എടാ... ടി.വിയിലൊക്കെയിതാ എഴുതിക്കാണിക്കുന്നു, ആരും പുറത്തിറങ്ങരുതെന്ന്...”

ഉമ്മയുടെ വാക്ക് വകവെക്കാതെയാണ് അന്ന് അങ്ങാടിയിലേക്കിറങ്ങിയത്. അധികമാളുകളൊന്നും അങ്ങാടിയിലില്ല. ഒന്നോ രണ്ടോ കടകളേ തുറന്നിട്ടൊള്ളൂ... പലചരക്കുകാരൻ ഹംസാക്കാന്റെ കട തുറന്നുണ്ട്. ശ്രീനിയും ഷുക്കൂറുമെല്ലാം അവിടെനിൽക്കുന്നത് കണ്ട് അങ്ങോട്ട് നടന്നു. അപ്പോഴാണ് ഡ്രൈവർ ഷമീർ അങ്ങോട്ട് വന്നത്. അവൻ വന്ന് കൈനീട്ടിയപ്പൊ കൈ കൊടുത്തു. സംസാരിച്ചു... അത് കണ്ട ഷുക്കൂർ പറഞ്ഞു: “കൈകൊടുക്കാനും മാസ്ക്ക് ധരിക്കാതെ തൊട്ടടുത്ത് നിന്ന് സംസരിക്കാനുമൊന്നും പാടില്ലാന്നാണ്.” “നീയൊന്ന് പോയേ... അതിന് ഇവിടെ ആർക്കും രോഗ 7മൊന്നും ഇല്ലല്ലോ.” ഷുക്കൂറിന്റെ വാക്കുകളെയും ഞാൻ പുച്ഛിച്ചു തള്ളി. അവിടെ സംസാരിച്ചുനിൽക്കുന്നതിനിടയിലാണ് പോലീസ് വണ്ടി വന്ന് നിന്നതും വടിയുമായി മൂന്നാല് പോലീസുകാർ ചാടിയിറങ്ങിയതും. ‘‘തന്നോടൊക്കെ വീട്ടിലിരിക്കാൻ പറഞ്ഞതല്ലെടോ’’ന്നും പറഞ്ഞ് എല്ലാവരെയും അടിച്ചോടിക്കാൻ തുടങ്ങി. എല്ലാവരും പലവഴിക്ക് ചിതറിയോടി. രോഗമൊന്നുമില്ലാത്ത നാട്ടിലും വന്ന് പോലീസുകാർ അടിച്ചോടിക്കുന്നത് കണ്ടപ്പോ പോലീസുകാരോടും ഈർഷ്യം തോന്നി. ഒരു വല്ലാത്ത ലോകംതന്നെ!

ഏതായാലും പോലീസുകാരുടെ തല്ല് കൊണ്ടില്ലല്ലോ എന്ന് സമാധാനിച്ച് വീട്ടിലേക്ക് നടന്നു.

വീട്ടിലെത്തി ഭക്ഷണം കഴിക്കുമ്പോ ടി.വി. ഓണാക്കി നോക്കി. ചൈനയിലെയും ഇറ്റലിയിലെയും സ്പെയിനിലെയും കൊറോണവൈറസ് വ്യാപിക്കുന്നതിന്റെ ഭീകരമായ അവസ്ഥകൾ വളരെയധികം ആകുലതയോടെയാണ് ന്യൂസ്റിപ്പോർട്ടർമാർ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതിനിടയ്ക്ക് വന്ന ബ്രേക്കിങ്ന്യൂസിൽ കണ്ണുകളുടക്കി: "മലപ്പുറം ജില്ലയിൽ ഒരാൾക്ക് കോവിഡ് 19 സ്ഥിരീകരിച്ചു.'' ഉമ്മയെയും ഭാര്യയെയും വിളിച്ച് വാർത്ത കാണിച്ചുകൊടുത്തു. ഞെട്ടലോടെയാണ് അവരും ആ വാർത്ത വായിച്ചത്. അപ്പോഴാണ് ഫോൺ ബെല്ലടിച്ചത്. വേഗം പോയി ഫോൺ എടുത്തു, ഷുക്കൂറിന്റെ വാക്കുകൾ ഹൃദയത്തിൽ ഭയാശങ്കകളുണ്ടാക്കി. വാർത്തയിൽപ്പറഞ്ഞ കൊറോണ സ്ഥിരീകരിച്ച വ്യക്തി തൊട്ടടുത്ത പ്രദേശത്തുള്ളതാണ്. മിനിഞ്ഞാന്നാണ് അയാൾ ഗൾഫിൽ നിന്നെത്തിയത്. അതിനേക്കാളൊക്കെ എന്നെ ഭയപ്പെടുത്തിയത് ഞാനിന്ന് രാവിലെ കൈകൊടുത്ത് സംസാരിച്ച ഡ്രൈവർ ഷമീറിന്റെ വണ്ടിയിലാണെത്രേ അയാൾ എയർപോർട്ടിൽനിന്നു വന്നത്. അതും കൂടി കേട്ടപ്പൊ വല്ലാതൊരു പേടി തോന്നി. നമ്മുടെ ഈ കുഗ്രാമത്തിലൊന്നും ചൈനയിലുണ്ടായ ഈ രോഗം വരില്ലെന്ന് അഹങ്കരിച്ചതൊക്കെ വൃഥാവിലായി.

അവിടന്ന് മൂന്ന് ദിവസം കഴിഞ്ഞപ്പോഴാണ് ഡ്രൈവർ ഷമീറിനെ ആംബുലൻസിൽ ഐസലേഷനിലേക്ക് മാറ്റിയത് ഷുക്കൂർ പറഞ്ഞറിഞ്ഞത്. അതും കൂടിയറിഞ്ഞപ്പോ ഹൃദയമിടിപ്പിന്റെ വേദന കൂടി. രണ്ട് ദിവസത്തിന് ശേഷം ആരോഗ്യവകുപ്പിൽ നിന്ന് വിളിവന്നു. പേടിയോടെ കാത്തിരുന്ന ആ വിളി. പിന്നെ എല്ലാം വളരെ പെട്ടെന്നായിരുന്നു. പോലീസും ആരോഗ്യപ്രവർത്തകരും ഒരുമിച്ചാണ് ആംബുലൻസിൽ വീട്ടിലേക്ക് വന്നത്. ഉമ്മയെയും ഭാര്യയെയും കുട്ടികളെയും ആംബുലൻസിൽ കയറ്റുന്നത് കണ്ടപ്പോ ഹൃദയം പൊട്ടിപ്പൊയി. ഓർക്കുമ്പോ ചങ്ക് പൊട്ടുന്നപോലെ. "ഹലോ... ഭക്ഷണം..." ശരീരം മൂടിപ്പൊതിഞ്ഞ നഴ്സുമാർ ദക്ഷണം കൊണ്ടുവന്നു വെച്ചപ്പോഴാണ് ഓർമ്മയിൽനിന്നുണർന്നത്.

ആരോഗ്യമന്ത്രാലയം പറഞ്ഞതനുസരിച്ച് സ്വയം നിയന്ത്രിച്ചിരുന്നെങ്കിൽ എനിക്കൊരുപാട് പേരെ രക്ഷപ്പെടുത്താമായിരുന്നു എന്ന് ആത്മഗതം നടത്തി കട്ടിലിലേക്ക് ചാഞ്ഞു.

**റുഫാ ഷാൻ സി.കെ.**
9 എ, ജി.എച്ച്.എസ്.എസ്. ചെറിയമുണ്ടം
താനൂർ ഉപജില്ല, മലപ്പുറം




# തേനീച്ചയുടെ സങ്കടം

പട്ടണത്തിലെ ഒരു മരത്തിലെ തേനീച്ചക്കൂട്ടിൽ കുറേ തേനീച്ചകളുണ്ടായിരുന്നു. അവർ എന്നും പുറത്തേക്ക് തേൻ നുകരാൻ പോകും. ഒരുദിവസം പോകാൻ തയ്യാറാകുമ്പോൾ ഒരു പരിചയമില്ലാത്ത തേനീച്ച മാറിനിന്നു കരയുന്നത് അമ്മത്തേനീച്ച കണ്ടു.

അമ്മത്തേനീച്ച അവളോട് ചോദിച്ചു: "നീ എന്തിനാ കരയുന്നത്?" തേനീച്ച അവരോട് അവളുടെ കുടുംബത്തെക്കുറിച്ചു പറഞ്ഞു: "ഞാൻ അടുത്തുള്ള കാട്ടിലെ തേനീച്ചക്കുട്ടിയാണ്. വീട്ടിൽ അമ്മ, അച്ഛൻ, അനിയത്തി, പിന്നെ ഞാനും മാത്രമാണ്. അമ്മ എന്നും എന്നെയും അനിയത്തിയെയും കൂട്ടി പുറത്തേക്ക് പോകും. അച്ഛനും ഇടയ്ക്ക് കൂടെ വരും. ഞങ്ങളുടെ കാട്ടിലെ കൂട് വളരെ നല്ലതായിരുന്നു. അവിടെ ഞങ്ങൾക്ക് കുറേ കൂട്ടുകാർ ഉണ്ട്. കുറേക്കാലത്തിനു ശേഷം ഒരു ദിവസം ഞങ്ങൾ കളിക്കുമ്പോൾ കുറച്ച് അകലെ കുറേ മനുഷ്യക്കുട്ടികളെ കണ്ടു. അവർ ഞങ്ങളുടെ കാട് കാണാൻ വന്നതായിരുന്നു. അവർ കളിക്കുകയായിരുന്നു. അതിലെ ഒരു വികൃതിക്കുട്ടി ഞങ്ങളുടെ കൂടിനു നേരെ കല്ലെറിഞ്ഞു. ഞങ്ങൾ പെട്ടെന്ന് പറന്നു. അമ്മ, അച്ഛൻ, അനിയത്തി എന്നിവരെ അതിനുശേഷം കാണാനില്ല. വികൃതിക്കുട്ടികൾ വന്ന പട്ടണത്തിന്റെ ഭാഗത്തേക്കാ അവർ പറന്നത്. ഞാൻ കുറേ ദിവസം തപ്പിനടന്നു. അവരെ ഇതുവരെ കണ്ടില്ല. പണ്ട് തേൻ നുകരാനൊക്കെ പട്ടണത്തിലെ വീടുകളിൽ പോകാറുണ്ട്. എന്നാൽ അന്നത്തെ പോലെയല്ല അവിടെ!" ഇങ്ങനെ പറയുമ്പോൾ അവളുടെ കണ്ണുകളിൽ അത്ഭുതവും ഭയവും കാണാമായിരുന്നു.

"അവിടെ ആരെയും പുറത്തുകാണുന്നില്ല, വാഹനങ്ങൾ റോഡുകളിലില്ല, കടകൾ തുറക്കാതെ കുറേ നാളായതുപോലെ... എന്തോ സംഭവിച്ചിട്ടുണ്ട്! എനിക്ക് ഭയമാകുന്നു. എന്റെ കുടുംബത്തെ എങ്ങനെ കണ്ടെത്തും?" അവൾ പൊട്ടിക്കരഞ്ഞു.

അവളുടെ കരച്ചിൽ കാണാൻ വയ്യാതെ അവളെ സമാധാനിപ്പിക്കാൻ വേണ്ടി അമ്മത്തേനീച്ച പറഞ്ഞു: "നമുക്ക് നിന്റെ കുടുംബത്തെ കണ്ടുപിടിക്കാം. ഈ ലോക്ഡൗൺ ഒന്നു കഴിഞ്ഞോട്ടെ." പരിചിതമല്ലാത്ത വാക്ക് കേട്ടപ്പോൾ അവൾ തലയുയർത്തി നോക്കി.



**ഹന ഫാത്തിമ**
6 എ, ജി.എച്ച്.എസ്. പൊന്മുണ്ടം
താനൂർ ഉപജില്ല, മലപ്പുറം



# മൗനത്തിൽ ഞെരിഞ്ഞമർന്ന നിലവിളികൾ

അന്ന് അയാൾ പതിവിലും ക്ഷീണിതനായിരുന്നു. നരച്ച മുടിയിഴകളിൽനിന്ന് നെറ്റിയിലേക്ക് ഒലിച്ചിറങ്ങുന്ന വിയർപ്പുകണങ്ങളെ അയാൾ അങ്ങിങ്ങായി ചുളുക്കുകൾ വീണ കൈകൊണ്ട് തുടച്ചുനീക്കി. ഡോറിൽ ആരുടെയോ മുട്ടുകേട്ടിട്ടാണ് അയാൾ കണ്ണ് തുറന്നത്. അയാൾ പതിയെ ഡോർ തുറന്നു. മുന്നിൽ നിൽക്കുന്ന മായയെ ഉറക്കച്ചടവു കാരണം അയാൾക്ക് മനസ്സിലാക്കാൻ കുറച്ച് പ്രയാസമുണ്ടായി. "കബീറ്ക്കാ, നിങ്ങൾക്ക് കുഴപ്പമൊന്നുമില്ലല്ലോ?" മായയുടെ ചോദ്യംകേട്ട് അയാൾ ഗാഢമായി കോട്ടുവായിട്ടുകൊണ്ട് വണ്ടിയിൽ നിന്നിറങ്ങി കുഴപ്പമൊന്നുമില്ലെന്ന് തലയാട്ടിക്കാണിച്ചു. "കബീറ്ക്കാ, വണ്ടിയെടുക്കോ. പടിഞ്ഞാറെപ്പുഴയിൽ ഒരാൾ ഹോംകാററൈന്റെനിൽ കഴിയുന്നുണ്ട്. അവരെ ഒന്ന് ഹോസ്പിറ്റലിൽ എത്തിക്കണം." മായ അയാളുടെ മുഖത്തേക്ക് നോക്കി. "ഹാ, ശരി, ഞാനിപ്പം വരാം." മായ തിടുക്കപ്പെട്ട് ഹോസ്പിറ്റലിലേക്ക് കയറി. അയാൾ മുഖം കഴുകിവന്ന് ഡ്രൈവിങ് സീറ്റിലേക്കിരുന്നു. അപ്പോഴേക്കും മായയും വേറെ രണ്ട് നഴ്സുമാരും വണ്ടിയിൽ കയറി. "കബീറ്ക്കാ, ഇന്നലെ രാത്രി ഫുൾ ഡ്യൂട്ടിയിലായിരുന്നെന്ന് അറിഞ്ഞിരുന്നു. സുമേഷിനെ വിളിച്ച് നോക്കി ഞാൻ. അവനിന്ന് ലീവാണത്രേ. മോൾക്ക് പനിയാണെന്നാ പറഞ്ഞത്. ഇനി ഡ്യൂട്ടി മടുത്ത് മുങ്ങിയതാണോന്ന് ആർക്കറിയാം." മായ പറയുന്നത് കേട്ട് അയാൾ തന്റെ നര ബാധിച്ചു മുടിയിഴകളിലൂടെ വിരലോടിച്ചുകൊണ്ട് ചെറുതായൊന്ന് പുഞ്ചിരിച്ചു. പത്തിരുപതുകൊല്ലമായി അയാൾ ആ ആംബുലൻസിന്റെ വളയം പിടിക്കാൻ തുടങ്ങിയിട്ട്. ചെയ്യുന്ന ജോലിയിലെ ആത്മാർഥതകൊണ്ടാവാം, അയാൾ നന്നേ ക്ഷീണിതനായിരുന്നു.

മായ എന്തൊക്കെയോ അയാളോടും മറ്റ് രണ്ട് നഴ്സുമാരോടുമായി പറയുന്നുണ്ട്. പക്ഷേ, അയാൾ അതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. തന്റെ തല വെട്ടിപ്പിളരുന്നതുപോലെ അയാൾക്ക് തോന്നി. അയാൾക്ക് ഉറക്കം നഷ്ടപ്പെട്ടിട്ട് കാലം കുറേദിവസങ്ങളായി. തിരക്കുപിടിച്ച ജീവിതമായിരുന്നു അയാളുടേത്. അയാളെപ്പോഴും തിരക്കിലാണ്. ഇന്നലെ രാത്രി ഒരു പോള കണ്ണടച്ചിട്ടില്ലെന്ന് അയാളുടെ മുഖം വിളിച്ചു പറയുന്നുണ്ട്.

വീട്ടുമുറ്റത്ത് ആംബുലൻസ് വന്ന് നിന്നപ്പോൾത്തന്നെ കോലായിൽ കളിച്ചു കൊണ്ടിരുന്ന രണ്ട് കുട്ടികൾ അകത്തേക്കോടി. മായയും നഴ്സുമാരും വീട്ടിനകത്തേക്ക് കയറി. അയാൾ വണ്ടിയിൽനിന്നു പുറത്തേക്കിറങ്ങി മാസ്ക് താഴ്ത്തിയിട്ട് ആംബുലൻസിൽ ചാരിനിന്നു. തന്റെ ജീവിതം കത്തിയെരിയുകയാണെന്ന് അയാൾ മനസ്സിലാക്കി. മായയും നഴ്സുമാരും അകത്ത് നിന്ന് ഒര് പത്തിരുപതുവയസ്സ് തോന്നിക്കുന്ന പെൺകുട്ടിയുമായി ആംബുലൻസിലേക്ക് കയറി. അയാളും മാസ്ക് ധരിച്ച് വണ്ടിയിൽ കയറി.



ആ പെൺകുട്ടി കഴിഞ്ഞയാഴ്ച ഗൾഫിൽനിന്നു വന്നതാണെന്ന് മായ പറഞ്ഞ് അറിഞ്ഞിരുന്നു. തന്റെ മകളുടെ അതേ പ്രായമാണ് അവൾക്കെന്ന് അയാൾ മനസ്സിലാക്കി. മകൾ ഫാത്തിമ രണ്ട് വർഷത്തോളമായി ഇറ്റലിയിൽ നഴ്സായി ജോലിചെയ്യുകയാണ്. കഴിഞ്ഞദിവസം അവൾ തന്നെ വിളിച്ചപ്പോൾ അവിടത്തെ അവസ്ഥ കേട്ട് സ്തംഭിച്ചുപോയി. അത്രയും ഗുരുതരമായിക്കൊണ്ടിരിക്കുകയാണ് അവിടത്തെ സ്ഥിതി എന്ന് പറഞ്ഞുകൊണ്ടുള്ള അവളുടെ കരച്ചിൽ അയാളിപ്പോഴും തന്റെ ചെവിയിൽ മുഴങ്ങിക്കേൾക്കുന്നതറിഞ്ഞു. കൺകോണിലെവിടെയോ പൊടിഞ്ഞ നനവ് തുടച്ചുകൊണ്ട് അയാൾ ഡ്രൈവിങ്ങിൽ ശ്രദ്ധചെലുത്തി.

വിജനമായ റോഡിലൂടെ ആ ആംബുലൻസ് കുതിച്ചുപാഞ്ഞു. ലോകം മുഴുവൻ കോവിഡ്ഭീതിയിലാണ്! വഴിയോരങ്ങളിൽ ചലനമറ്റുകിടക്കുന്ന കടകളിലേക്കും സ്ഥാപനങ്ങളിലേക്കും അയാളുടെ കണ്ണുകൾ സഞ്ചരിച്ചു. രണ്ട് ദിവസങ്ങൾ കടന്നു പോയി. ഇതിനിടയിൽ മൂന്ന് പേർക്കുകൂടി കോവിഡ്ബാധ സ്ഥിരീകരിച്ചു. "കബീറ്ക്കാ, ഒന്ന് വരോ... ഇന്ന് ഡ്യൂട്ടിഡോക്ടേഴ്സ് കുറവാ... ബുദ്ധിമുട്ടാണെങ്കിൽ വേണ്ട"- മായ വന്നുവിളിച്ചപ്പോൾ അയാൾക്ക് പോകാതിരിക്കാൻ കഴിഞ്ഞില്ല. "അല്ല മോളേ, കഴിഞ്ഞദിവസം പടിഞ്ഞാറെപ്പുഴനിന്ന് നമ്മൾ ഇവിടേക്കെത്തിച്ച ആ പെൺകുട്ടിയുടെ റിസൾട്ടെന്തായി?" അയാളുടെ ചോദ്യം അവളിൽ ചെറിയൊരു വേദനപടർത്തി. "അത് ഇക്കാ... റിസൾട്ട് പോസിറ്റീവ് ആണ്. ആൾക്ക് അധികം പ്രായമൊന്നുമില്ല. പക്ഷേ..." അവളുടെ മുഖത്ത് ഉത്കണ്ഠ നിഴലിക്കുന്നത് അയാൾ കണ്ടു. "എന്തേ, എന്തു പറ്റി?" അയാൾ ചോദിച്ചു. "ഷി ഈസ് എ ഹാർട്ട് പേഷ്യന്റ്. അതുകൊണ്ട് അവളുടെ കാര്യം കുറച്ച് കോംപ്ലിക്കേറ്റഡ് ആണ്." അയാൾക്ക് എന്ത് പറയണമെന്ന് അറിയില്ലായിരുന്നു.

തൊട്ടപ്പുറത്തെ ഐസൊലേഷൻ വാർഡിൽനിന്ന് നിലവിളികൾ ഉയരുന്നത് അവർ കേട്ടു. ഉടനെ അവർക്കിടയിലേക്ക് ഒര് നഴ്സ് വന്ന് പറഞ്ഞു. "മായ , ഒന്ന് വരൂ കുറച്ച് ക്രിട്ടിക്കലാ." അവൾ അയാളെയുംകൊണ്ട് ഐസോലേഷൻ സ്യൂട്ട് ധരിപ്പിച്ച് വാർഡിലേക്ക് കയറി. അവളുടെ അവസ്ഥ വളരെ ദയനീയമായിരുന്നു. എന്തു ചെയ്യണമെന്നറിയാതെ അയാൾ പകച്ചുനിന്നു. ശ്വാസത്തിനുവേണ്ടി അവൾ കിടന്നു പിടയുന്നത് അയാളെ അസ്വസ്ഥനാക്കി. നിറയെ ഉപകരണങ്ങൾക്ക് നടുവിൽ അവൾ പിടഞ്ഞു കൊണ്ടിരിക്കുകയാണ്. ഓക്സിജൻ മാസ്ക് ധരിപ്പിച്ച അവളെ അയാൾ ഉറ്റുനോക്കി. പതിയെ പതിയെ അവളുടെ കണ്ണുകൾ മറിഞ്ഞുപോകുന്നത് കണ്ടു. അയാളുടെ ഹൃദയത്തിൽനിന്നും മൗനമായ നിലവിളികൾ ഉയരുന്നത് അയാളറിഞ്ഞു. ഒരുപക്ഷേ അയാൾക്ക് മാത്രം കേൾക്കാൻ കഴിയുന്ന നിലവിളികൾ...

**ലാമിയ എൻ.**
10 ബി, ജി.എച്ച്.എസ്.എസ്. പൊൻമുണ്ടം
താനൂർ ഉപജില്ല, മലപ്പുറം





# തിരനോട്ടം

എഴുന്നേറ്റപ്പോൾ സമയം പത്തര കഴിഞ്ഞിട്ടുണ്ടാകും. ആദ്യമായി ആണ് ഇങ്ങനെയൊരു മാറ്റം മഹേഷിന്റെ ജീവിതത്തിലേക്ക് വരുന്നത്. രാവിലെ നാലുമണിയിലെ കൊല്ലുന്ന തണുപ്പും തിടുക്കം പിടിച്ച ആഹാരവും വെളുപ്പാൻകാലത്തെ നെട്ടോട്ടവും കർമ്മബോധത്തിന്റെ യഥാർഥ ചൂടും. അതൊക്കെ മഹേഷ് മറന്നുപോയിരുന്നു. എല്ലാറ്റിൽ നിന്നുമുള്ള മോചനത്തിന്റെ സുഖത്തോടൊപ്പം അലസതയുടെ വിരഹവും അയാൾ അനുഭവിച്ചിരുന്നു.

സീതേച്ചിയുടെ കുട്ടികൾ കാർട്ടൂണിന്റെ അഡിക്ഷനിൽ രസം പിടിച്ചിരിക്കുന്നു. തന്റെ അനുജൻ മൊബൈലിനു മേൽ കമഴ്ന്നുവീണിരിക്കുന്നു. അമ്മ അടുക്കളയിൽനിന്നു വിളിച്ചുപറയുന്നു: “അവനു ഫോണിൽ നടിമാരുടെ പടം കണ്ടാൽ മതി. നമ്മുടെയൊക്കെ മുഖം കണ്ട് മടുത്തിട്ടുണ്ടാകും.”

മഹേഷ് വെറുതെ ആലോചിച്ചു, ടെലിവിഷനും മൊബൈലും ഇല്ലാത്തൊരു ലോകമുണ്ടായിരുന്നില്ലേ. അന്ന് മനുഷ്യൻ എങ്ങനെ ജീവിച്ചു? പക്ഷേ, ഒന്നുണ്ട്, അന്നവന് സഞ്ചാരസ്വാതന്ത്ര്യം ഉണ്ടായിരുന്നു. എവിടെപ്പോയും തന്റെ ലക്ഷ്യങ്ങൾ സാധ്യമാക്കാനുള്ള കഴിവ്. പണ്ടായിരുന്നെങ്കിൽ മഹേഷ് ഇതിനെക്കുറിച്ച് ഒരു ലേഖനമെങ്കിലും തയ്യാറാക്കിയേനെ. എത്രയോ നാളായി അതൊക്കെ മാറിയിട്ട്. കഴിഞ്ഞ കുറേനാളുകളായി അവൻ പേനയെടുക്കാറുള്ളത് ഫയൽ എഴുതാനും സൈൻ ചെയ്യാനുമാണ്. പുകച്ചു തുപ്പിയ സിഗരറ്റ്കഷണങ്ങൾ പോലെ പേനയും കുന്നുകൂടി. അവയിൽനിന്ന് ഭാവനയുടെ ചോരപോലെ മഷി ഒലിക്കുന്നുണ്ടായിരുന്നു.

മഹേഷ് പുറത്തേക്ക് നോക്കി. ഒഴിഞ്ഞ റോഡ് വഴിത്താരയിലൂടെ പോകുന്ന ഏതെങ്കിലും ഒരു വാഹനവുമായി മുട്ടിയുരുമ്മാൻ പ്രേമദാഹവുമായി കാത്തിരിക്കുന്നു.

സീതേച്ചി? മഹേഷ് അടുക്കളവശത്തെ ചെറിയ മുറിയിലേക്ക് ഉറ്റുനോക്കി. പൊടിപിടിച്ച തയ്യൽമെഷീൻ മിനുക്കിയെടുക്കുന്ന സീതേച്ചി. അവരുടെ കാലും കൈയും മനസ്സും ഒരുപോലെ പ്രവർത്തിക്കുന്നു. അല്ലെങ്കിലും പഴമ ബാധിച്ചു മുറിയുടെ ഒരു കോണിൽ ചടഞ്ഞിരിക്കുന്ന ഈ യന്ത്രമാണല്ലോ വൈധവ്യം ബാധിച്ച അമ്മയുടെയും കൗമാരവും



ബാല്യവും കഴിക്കുന്ന മക്കളുടെയും പട്ടിണിയകറ്റിയത്. സർക്കാർ സ്കൂളിൽ സ്ഥിരജോലി ലഭിക്കുംവരെ സീതേച്ചിയുടെ അധ്വാനവും ആഹാരവും ഇവിടെയായിരുന്നു. ഒരു കൗതുകത്തിനു അയാളത് നോക്കിനിന്നു. ദിവസം പത്തുപതിനഞ്ച് ആയപ്പോഴേക്കും ആ വീട്ടിലെ പണവും മൊബൈലിലെ ബാലൻസും തീർന്നിരുന്നു. പൈസയടയ്ക്കാതെ ടീവിയിലെ ദൃശ്യങ്ങളും മാഞ്ഞു.

അക്കൗണ്ടിലെ ശമ്പളമെടുക്കാൻ എ.ടി.എമ്മിനു ശുദ്ധിപരീക്ഷ നടത്തണം. ഒരു ഭയം. ജീവനേക്കാൾ വലുതല്ലല്ലോ പണം. ശേഷിച്ച പണം കുടുംബനാഥയുടെ വിധവാപെൻഷനാണ്. അതവർ സൂക്ഷിച്ചുവച്ചു. മകന് മൊബൈൽ റീചാർജ് ചെയ്യാൻപോലും കൊടുക്കാതെ.

അങ്ങനെ ദിവസങ്ങൾക്കുള്ളിൽ മഹേഷിന്റെ കുടുംബം മരണവീട് പോലെയായി. ആ സമയങ്ങളിൽ ദോശ ചുടുന്ന അമ്മയ്ക്ക് ചുറ്റും മക്കളും ചെറുമക്കളും കലപില കൂട്ടി. വീട്ടുജോലികളിൽ നേരമ്പോക്കുകൾ പരതി. വൈകുന്നേരത്തെ ചായയോടൊപ്പം രാഷ്ട്രീയവും സാഹിത്യവും കൊറോണാവാദങ്ങളും വന്നു. ആഹാരവും ആഗ്രഹവും ഒരുമിച്ചായി. അവർ മണ്ണിലേക്കും മനസ്സുകളിലേക്കും തിരിച്ചിറങ്ങി. പ്രാർഥനകൾ ലോകത്തിനു വേണ്ടിയായി.

ഇതൊക്കെ ആ ഒരു വീട്ടിൽ മാത്രമല്ല, ലോകത്ത് പലയിടത്തും നടന്നിട്ടുണ്ടാകാം. അത് കാലം കണക്കുകൂട്ടിവച്ച വലിയ തിരിച്ചറിവുകൾ. മറ്റൊന്ന് സ്വാതന്ത്ര്യം, കൂട്ടായ്മ, ആഘോഷങ്ങൾ, കൂട്ടപ്രാർഥനകളുടെ പരിശുദ്ധി എല്ലാം നഷ്ടപ്പെട്ടിരുന്നു.

മഹേഷിന്റെ ചിന്തകൾ പേനയിൽ പ്രതിഫലിച്ചു. വരാന്തയിൽ ഇരുന്നുകൊണ്ട് അയാൾ പുറത്തേക്ക് നോക്കി. തെരുവുനായ്ക്കൾ റോഡിലൂടെ സ്വാതന്ത്ര്യത്തോടെ നടക്കുന്നു. പക്ഷികൾ കൂട്ടമായി ഒച്ചയുണ്ടാക്കി പറക്കുന്നു. മനുഷ്യൻ മാത്രം സ്വാതന്ത്ര്യമില്ലാതെ... സ്വന്തം സന്തോഷം വിറ്റുണ്ടാക്കിയ മണിമാളികകളിൽ മനുഷ്യൻ സമാധാനം തിരയുന്നു...

**ആഷ്ന നൗഷാദ്**
9 സി
ഗവ. എച്ച്.എസ്.എസ്. പുനലൂർ
പുനലൂർ ഉപജില്ല, കൊല്ലം

# അമ്മുവിന്റെ ശുചിത്വം



അമ്മു ഒരു രണ്ടാം ക്ലാസ് വിദ്യാർഥിയാണ്. നന്നായി പഠിക്കുന്ന മിടുക്കികുട്ടിയാണ്. അമ്മു ചെറിയ കുട്ടിയാണെങ്കിലും ശുചിത്വത്തിന്റെ കാര്യത്തിൽ വളരെയധികം ശ്രദ്ധയുള്ളവളാണ്. അമ്മുവിന്റെ ഉറ്റ സുഹൃത്തും അയൽവാസിയുമാണ് അപ്പു. സ്കൂളിൽ പോകുന്നതും വൈകുന്നേരം കളിക്കുന്നതും എല്ലാം അപ്പുവിന്റെ കൂടെത്തന്നെ. എന്നാൽ അപ്പു ശുചിത്വത്തിന്റ കാര്യത്തിൽ ശ്രദ്ധയില്ലാത്ത വനായിരുന്നു. അമ്മു ശുചിത്വത്തെക്കുറിച്ച് എത്ര പറഞ്ഞിട്ടും അപ്പു അതൊന്നും കേട്ടതേയില്ല.

പെട്ടെന്നൊരു ദിവസം അപ്പുവിന് വിറയലോടുകൂടിയ പനിപിടിച്ചു. പനിയുടെ കാരണം വ്യക്തിശുചിത്വത്തിന്റ കുറവാണെന്ന് ഡോക്ടർ പറഞ്ഞു. അപ്പോഴാണ് അപ്പുവിന് അമ്മു പറഞ്ഞതിന്റെ വില മനസ്സിലായത്. രോഗം ഭേദമായി സ്കൂളിൽ തിരിച്ചെത്തിയ അപ്പു അമ്മുവിനെയും കൂട്ടി തന്റെ കൂട്ടുകാരെയെല്ലാം ശുചിത്വത്തെപ്പറ്റി ബോധവാൻമാരാക്കി. ശുചിത്വത്തെ പറ്റി ബോധവൽക്കരിക്കാൻ കാണിച്ച കുഞ്ഞുമനസ്സിനെ വിദ്യാർഥികളും അധ്യാപകരും അഭിനന്ദിച്ചു.

**നിഹ്‌ല എം.എസ്.**
2 സി
ജി.എൽ.പി. സ്കൂൾ, തരിശ്
വണ്ടൂർ ഉപജില്ല, മലപ്പുറം



# ഒരുമയുടെ വിജയം

നീനുവിന്റെ അന്നത്തെ ദിവസം തുടങ്ങുന്നത് ആ സങ്കടവാർത്ത കേട്ടുകൊണ്ടാണ്. അയൽവാസിയും കൂട്ടുകാരിയുമായ ശ്രാവണിയുടെ അച്ഛന് പനിയും തൊണ്ടവേദനയും ഛർദ്ദിയും കഠിനമായിട്ടുണ്ട്. ശ്രാവണിയെ പോലെത്തന്നെ അദ്ദേഹത്തിന് നീനുവിനെയും വളരെ കാര്യമാണ്.

അദ്ദേഹം ഗൾഫിൽനിന്നു വന്നിട്ട് അധികനാളായില്ല. വന്നപ്പോൾ നീനുവിനും കുറേ കളിപ്പാട്ടങ്ങളും മിഠായിയും മറ്റും കൊണ്ടുവന്നിരുന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ ആരോഗ്യപ്രവർത്തകർ വന്ന് ശ്രാവണിയെയും കുടുംബത്തെയും നിരീക്ഷണവാർഡിലേക്ക് കൊണ്ടുപോയി.

നീനു അവരുടെ വീട്ടിലേക്ക് പലപ്പോഴും പോയിരുന്നു. അതുകൊണ്ടുതന്നെ അവളെയും കുടുംബത്തെയുംകൂടി നിരീക്ഷണകേന്ദ്രത്തിലേക്ക് മാറ്റി. നീനുവിന് അച്ഛനെയും അമ്മയെയും കാണാതെ സങ്കടമായി. ശ്രാവണിയുടെ അച്ഛന് കൊറോണ സ്ഥിരീകരിച്ചതോടെ ജാഗ്രത കൂടി. ഡോക്ടർമാരും നഴ്സുമാരും മറ്റ് ആരോഗ്യപ്രവർത്തകരുമെല്ലാം മാസ്കും കോട്ടും കൈയുറയും ധരിച്ചാണ് നടക്കുന്നത്. അവർ നീനുവിനെയും ധരിപ്പിച്ചു.

കുറച്ചുദിവസങ്ങൾക്ക് ശേഷം ശ്രവണിയുടെ അച്ഛൻ സുഖം പ്രാപിച്ചു. നിരീക്ഷണസമയം കഴിഞ്ഞപ്പോൾ അവരെല്ലാം വീട്ടിലേക്ക് മടങ്ങി. നീനു വീട്ടിലേക്ക് വന്നപ്പോഴാണ് പത്രവാർത്ത കണ്ടത്. തമിഴ്നാട്ടിലും മഹാരാഷ്ട്രയിലുമെല്ലാം രോഗം പടർന്നുപിടിച്ചിരിക്കുന്നു. അമേരിക്കയിലും ഇറ്റലിയിലുമെല്ലാം ആയിരക്കണക്കിന് ആളുകൾ ദിവസവും മരിച്ചുകൊണ്ടിരിക്കുന്നു. അവൾ ചിന്തിച്ചു, ഡോക്ടർമാരും നഴ്സുമാരും ആരോഗ്യവകുപ്പും സർക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ചതുകൊണ്ടാണ് നമുക്കീ മഹാമാരിയെ പിടിച്ചുനിർത്താനായത്. എല്ലാവരും ജാഗ്രതയോടെ ശുചിത്വം പാലിച്ച് വീട്ടിൽത്തന്നെ ഇരുന്നാൽ നമുക്ക് ഈ മഹാവിപത്തിനെ ഒന്നിച്ചുചേർന്ന് പ്രതിരോധിക്കാം.

**നഷ് വി.പി.**
2 സി
ജി.എൽ.പി. സ്കൂൾ, തരിശ്
വണ്ടൂർ ഉപജില്ല, മലപ്പുറം



# ഒരു ഗ്രാമം

ഒരിക്കൽ ഒരു ഗ്രാമത്തിൽ ധാരാളം ജനങ്ങൾ വളരെ സന്തോഷത്തോടെയും സഹകരണത്തോടെയും ജീവിച്ചിരുന്നു. ആളുകൾ കൃഷിയിൽ വളരെ താൽപ്പര്യം ഉള്ളവരായിരുന്നു. കൃഷിചെയ്ത സാധനങ്ങൾ ഗ്രാമങ്ങളിൽനിന്ന് പട്ടണത്തിൽ കൊണ്ടുപോയി വിറ്റുകിട്ടുന്ന പണംകൊണ്ടാണ് അവർ ജീവിച്ചിരുന്നത്.

അങ്ങനെ ഒരിക്കൽ ഗ്രാമത്തലവന്റെ മകൻ പട്ടണത്തിലേക്ക് സാധനങ്ങൾ വിൽക്കാനായി പോയി. പട്ടണത്തിലെ അവസ്ഥകൾ കണ്ട് അയാൾ ഞെട്ടിത്തരിച്ചു. അദ്ദേഹം ഗ്രാമത്തിലേക്ക് തിരിച്ചു. പട്ടണത്തിലെ അവസ്ഥകൾ പിതാവിനോട് വിവരിച്ചു: “അച്ഛാ, ഞാൻ ഇന്ന് പട്ടണത്തിൽ പോയി. അപ്പോൾ അവിടെയുള്ള ആളുകൾ ആകെ പരിഭ്രാന്തരായിരുന്നു.”

“എന്താണ് കാരണം?” അച്ഛൻ ചോദിച്ചു. “അവിടെ മാരകമായ, ഭീതിജനകമായ ഒരു രോഗം പടർന്നുപിടിച്ചിരിക്കുന്നു. ജനങ്ങൾ ആരും പുറത്തിറങ്ങുന്നില്ല, കടകമ്പോളങ്ങൾ അടച്ചിരിക്കുന്നു.” “അയ്യോ, അപ്പോൾ നമ്മൾ എന്തു ചെയ്യും? നമ്മുടെ ആളുകളിനി എങ്ങനെ പട്ടണത്തിൽ പോയി സാധനങ്ങൾ വിൽക്കും?” അച്ഛൻ വിഷമത്തിലായി. മകൻ പറഞ്ഞു: “നമ്മുടെ നാട്ടിൽനിന്നും ഈ അടുത്ത് ആരെങ്കിലും പട്ടണത്തിൽ പോയിട്ടുണ്ടെങ്കിൽ ചിലപ്പോൾ അവർക്കും ആ രോഗം പിടിപെടാൻ സാധ്യതയുണ്ട്.”

ഒരുദിവസം ഒരാൾ ഗ്രാമത്തലവന്റെ അടുത്തേക്ക് ഓടിവന്നു. ഗ്രാമത്തലവൻ ചോദിച്ചു: “എന്താ കാര്യം?” അയാൾ പറഞ്ഞു: “എന്റെ മകന് വല്ലാത്ത പനിയും വിറയലും. അവന്റെ കൂടെ ചന്തയിൽ പോയ നാലുപേരും ഇതേ അവസ്ഥയിലാണ്. പനി വന്ന് ഒരാൾ മരിക്കുകയും ചെയ്തു. എനിക്ക് പേടിയാവുന്നു.” ഗ്രാമത്തലവൻ ഞെട്ടലോടെ ചോദിച്ചു: “ഡോക്ടറെ കാണിച്ചോ, ഡോക്ടർ എന്ത് പറഞ്ഞു?” “പനിക്കുള്ള മരുന്ന് തന്നു. പക്ഷേ, ഇതുവരെയായിട്ടും ഒരു കുറവുമില്ല. ഇനി എന്തു ചെയ്യും?”

ഗ്രാമത്തലവന്റെ മകൻ പുറത്തുവന്നു പറഞ്ഞു: “നമ്മൾ എല്ലാവരും ശുചിത്വം പാലിക്കുന്നവരായി മാറണം. എപ്പോഴും കൈകൾ സോപ്പുപയോഗിച്ചു കഴുകണം, മറ്റുള്ളവരിൽനിന്ന് അകലം പാലിക്കണം. മാസ്ക് ധരിക്കണം, എപ്പോഴും വൃത്തിയായി ഇരിക്കാൻ ശ്രമിക്കണം, രോഗമുള്ളവരെ ജാഗ്രതയോടെ ശുശ്രൂഷിക്കണം. ഇങ്ങനെയെല്ലാം ചെയ്താൽ നമുക്ക് ഈ രോഗത്തിൽനിന്നു രക്ഷനേടാം.”

ആ ഗ്രാമവാസികൾ ഗ്രാമത്തലവന്റെ മകൻ പറഞ്ഞതുപോലെ പ്രവർത്തിക്കുകയും മഹാരോഗത്തിൽനിന്നു രക്ഷനേടുകയും ചെയ്തു. പിന്നീട് അവിടെയുള്ളവരെല്ലാം പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടും വ്യക്തിശുചിത്വം പാലിച്ചുകൊണ്ടും കൃഷിയെ പരിപാലിച്ചുകൊണ്ടും ജീവിച്ചുപോന്നു.

**അനുശ്രീ കെ.പി.**
ക്ലാസ് 2, ജി.എൽ.പി.എസ്, തുയ്യം
എടപ്പാൾ ഉപജില്ല, മലപ്പുറം



# ഒരു ക്വാറന്റൈൻ ഡയറി

"ഹിനാ... നീ ഇന്ന് പത്രം വായിച്ചോ..." ദോശയും തലേന്നത്തെ ചിക്കൻകറിയും കൂട്ടി പ്രാതൽ കഴിക്കുന്നതിനിടയിൽ ഉമ്മച്ചി ചോദിച്ചു. "അയ്യോ, ഞാനത് മറന്നല്ലോ." ഗ്ലാസിലെ ചായ വലിച്ചുകുടിച്ച് കൈകഴുകി ഞാൻ സിറ്റൗട്ടിലേക്ക് ഓടി. 'ലോക്ഡൗൺ വീണ്ടും നീട്ടിയേക്കും.' ഒന്നാമത്തെ പേജിൽത്തന്നെ കണ്ടു.

കുറച്ചുദിവസമായി ഇങ്ങനെ എന്തൊക്കെയോ ചർച്ചകളാണ്. പുറത്തു ഇറങ്ങുമ്പോൾ മാസ്ക് ധരിക്കണം, അത്യാവശ്യം മാത്രേ പുറത്ത് പോകാവൂ, കൈ എപ്പോഴും സോപ്പിട്ട് കഴുകണം... ഇങ്ങനെ... ഇതൊക്കെ എന്തിനാ... ആലോചിച്ചു. ഉമ്മച്ചിയോട് ചോദിക്കാം, അടുക്കളയിലേക്കോടി. "കോവിഡ് 19 എന്ന രോഗം ഉണ്ടത്രേ. കൊറോണ എന്ന വൈറസ് ആണ് അത് പരത്തുന്നത്. അതിനെ നിയന്ത്രിക്കാനാണീ ലോക്ഡൗൺ. ലോകരാജ്യങ്ങൾ ഈ രോഗത്തിന്റെ പിടിയിലാണ്."

കേട്ടപ്പോ പേടി തോന്നി. എന്റെ ഉപ്പച്ചി ജോലിചെയ്യുന്ന സൗദിയിലും ഈ രോഗം ഉണ്ടത്രേ. അതുകൊണ്ട് ഉപ്പച്ചിക്കിപ്പോ നാട്ടിൽ വരാൻ പറ്റില്ല. പാത്രം കഴുകുന്നതിനിടയിൽ ഉമ്മച്ചിയുടെ സംസാരത്തിൽ മാറ്റമുണ്ടായിരുന്നു. "ഇതിനാണോ സ്കൂൾ നേരത്തേ അടച്ചത്?" "അതെ, അതിന് തന്നെ."

ഇതൊക്കെ തീർന്നിനി എന്റെ സ്കൂൾ എന്ന് തുറക്കും? ഉപ്പച്ചി എന്ന് വരും...? ഉപ്പച്ചിയെ കാണാൻ കൊതിയാവുന്നു... മാമ്പഴം വീഴുന്ന ശബ്ദം കേട്ട് തോടിനടുത്തുള്ള മാവിൻചുവട്ടിലേക്ക്, പത്രം എടുത്തുവച്ചു ഞാൻ ഓടി...



**ഹിന ഫാത്തിമ**
2 ബി
ജി.എം.എൽ.പി.എസ്. പൂക്കൊളത്തൂർ
കിഴിശ്ശേരി ഉപജില്ല, മലപ്പുറം



# ഉണ്ണിമോളും പൂമ്പാറ്റയും

എത്ര ദിവസമായി ഇങ്ങനെ... ഇനിയും കുറേ ദിവസംകൂടി ഇങ്ങനെത്തന്നെ ആയിരിക്കുമെന്നാണ് അച്ഛനും പറഞ്ഞത്. ഉണ്ണിമോൾക്ക് സങ്കടം തോന്നി. വാർഷികപരിപാടിക്കായി പാട്ടും ഡാൻസുമൊക്കെ ഒരുക്കി വരുന്നതിനിടയിലാണ് സ്കൂൾ പെട്ടെന്ന് അടച്ചത്. പരീക്ഷയും നടന്നിട്ടില്ല. കൊറോണ എന്ന് കേട്ടു. കൈ നന്നായി കഴുകണമെന്നും അത്യാവശ്യ കാര്യങ്ങൾക്ക് മാത്രമേ പുറത്ത് പോകാവൂ എന്നും പോകുമ്പോൾ മാസ്ക് ധരിക്കണം എന്നും...

അയൽപക്കസുഹൃത്തുക്കൾ പോലും കളിക്കാൻ വരുന്നില്ല. എന്തിന്, വീടിനു പുറത്തിറങ്ങാൻ പോലും സമ്മതിക്കുന്നില്ല. സ്കൂളിൽനിന്നു ടീച്ചർ വർക്കുകളൊക്കെ അമ്മയുടെ വാട്സാപ്പിലേക്ക് അയക്കുന്നു, അത് നോക്കി ചെയ്യുന്നു.

ആദ്യദിവസങ്ങളിലൊക്കെ രസമായിരുന്നു. ഇഷ്ടംപോലെ ഉറങ്ങാം.. കളിക്കാം... പക്ഷേ... പിന്നീട് ഒറ്റയ്ക്കായിട്ട് ഒരു രസവുമില്ല. ജോലിക്കൊന്നും പോകാൻ അച്ഛനും പറ്റുന്നില്ല. വാഹനങ്ങൾ ഓടുന്നില്ല എന്ന്. എത്ര ഭയങ്കരനാണീ കൊറോണ!

അമ്മൂനേം ഹരിയേട്ടനേം അമ്മായിയേം ഒക്കെ വീഡിയോ കാളിലൂടെ കണ്ടു...

ഉണ്ണിമോൾക്കൊരു നായയുണ്ട്, പാവയാണ്. അവൾ അതിനോടാണ് സങ്കടം പറയുന്നതിപ്പോൾ. എന്തായീ കൊറോണ പോവാത്തത്, എപ്പോഴാണ് എല്ലാവരുമൊത്തു കളിക്കാനാവുക എന്നൊക്കെ. അച്ഛനും മുത്തശ്ശിക്കുമൊപ്പം പൂന്തോട്ടത്തിൽ നടക്കുമ്പോഴാണ് ഉണ്ണിമോൾ ആ പൂമ്പാറ്റയെ കണ്ടത്. ഇതുവരെ കാണാത്ത, വലുപ്പവും ഭംഗിയുമുള്ള പൂമ്പാറ്റ. പത്തുമണിയിൽനിന്നു മുല്ലയിലേക്ക്, പിന്നെ റോസാപ്പൂവിലേക്ക്... കടുത്ത ചുവന്ന റോസാപ്പൂവിലിരിക്കുന്ന പൂമ്പാറ്റയെ ഉണ്ണിമോൾ സന്തോഷത്തോടെ നോക്കിനിന്നു. പിന്നെ ചോദിച്ചു... "നീയെവിടുന്നു വരുന്നു? ഇതിന് മുമ്പ് കണ്ടിട്ടേയില്ലല്ലോ?" പൂമ്പാറ്റ, തേൻ കുടിക്കൽ നിർത്തി അവളെ നോക്കി പുഞ്ചിരിച്ചു.

"ഞാൻ വളരെ ദൂരെനിന്നു വന്നതാണ്. വർഷങ്ങൾക്ക് മുമ്പ് ഈ നാട്ടിലൊക്കെ ഇടയ്ക്ക് വരുമായിരുന്നു."

"ഞാൻ കണ്ടിട്ടേയില്ലല്ലോ"– ഉണ്ണിമോൾ അത്ഭുതത്തോടെ ചോദിച്ചു.

"എന്റെ അപ്പനപ്പൂപ്പന്മാരുടെ കാര്യമാണ് പറഞ്ഞത്. കാടും മേടും കുളവും പുഴയുമൊക്കെ ഭംഗിയും വൃത്തിയുമായി കിടന്നിരുന്ന നല്ലൊരു കാലത്ത് അവരിവിടെ ഇടയ്ക്ക് വന്നിരുന്നു. കുറേ കാലത്തിനുശേഷമാണ് അവർ പറഞ്ഞുതന്ന ആ നല്ല കാലം... അതേ വസന്തകാലം കാണുന്നത്." പൂമ്പാറ്റ പൂവിലേക്ക് തേൻ കുടിക്കാൻ തിരിഞ്ഞു.

വസന്തകാലമോ... ഉണ്ണിമോൾക്ക് അമ്പരപ്പായി. "അതെങ്ങനെ? മഴ പെയ്യേണ്ടപോലെ പെയ്യുന്നില്ല, പെയ്താൽ വെള്ളപ്പൊക്കം, മഞ്ഞുകാലമേ വരുന്നില്ല, കൊടുംചൂട്, നല്ല ഭക്ഷണം കിട്ടുന്നില്ല എന്നൊക്കെയാണ് മുത്തശ്ശി പറയാറുള്ളത്. എന്നിട്ടിപ്പോൾ?" അവളാ സംശയം പൂമ്പാറ്റയോട് പറഞ്ഞു. പൂമ്പാറ്റ ചിരിച്ചു.

"സുന്ദരിമോളേ, നിങ്ങൾ മനുഷ്യർ ഈ പ്രകൃതിയോട് എന്തൊക്കെയാണ് കാട്ടിക്കൂട്ടിയത്! മരങ്ങൾ മുറിച്ചും കാടുവെട്ടിയും മല ഇടിച്ചും പുഴയും കുളവും മണ്ണുവാരിയും നികത്തിയും അങ്ങനെയങ്ങനെ..." "ശരിയാണ്, ടീച്ചർ ക്ലാസിൽ പറഞ്ഞിട്ടുണ്ട്, പഠിക്കാനും ഉണ്ടായിരുന്നു.'' പോസ്റ്റർനിർമിച്ചതും ക്ലാസിൽ നാടകം കളിച്ചതുമൊക്കെ ഉണ്ണിമോൾ ഓർത്തു.

"ഇപ്പോൾ, നിങ്ങൾ എല്ലാവരും വീട്ടിലിരുന്നപ്പോൾ എന്തൊക്കെ മാറ്റങ്ങൾ ആണെന്നോ! ഞാൻ പറന്നുവന്ന നാട്ടിലൊക്കെ കായലും പുഴയും കടലും കാടും മേടുമൊക്കെ ഭംഗിയായിയിരിക്കുന്നു. എന്റെ കൂട്ടുകാരൻ മീൻ പറഞ്ഞു, അവരിപ്പോൾ മനുഷ്യനെ ഭയക്കാതെ നീന്തിത്തുടിക്കുന്നുവെന്ന്." കഴിഞ്ഞദിവസം അമ്മയുടെ ഫോണിൽകണ്ട വാർത്ത ഉണ്ണിമോൾക്ക് ഓർമവന്നു. ഗംഗാനദിയിൽ തിരിച്ചെത്തിയ ഗംഗാഡോൾഫിൻ... അവൾ ഒന്ന് നിറഞ്ഞു ചിരിച്ചുപോയി. "സംസാരിച്ചു നിന്നു നേരം പോയി."

"കാണാം നമുക്കിനിയും''- തേൻകുടിച്ചു നിറഞ്ഞ വയറോടെയും മനസ്സോടെയും പൂമ്പാറ്റ യാത്രപറഞ്ഞു. ഉണ്ണിമോൾ കോലായിലേക്ക് കയറി. ഇതുവരെ, പുറത്തിറങ്ങാനാവാതെ, കളിക്കാൻ കൂട്ടുകാരില്ലാതെ കൊറോണയെന്ന വൈറസിനെ പേടിച്ചിരുന്ന അവൾക്ക് സന്തോഷം തോന്നി. പാവം ജീവികൾക്കുവേണ്ടി കുറച്ചുകാലംകൂടി ഇങ്ങനെ വീട്ടിലിരിക്കാം. "ഉണ്ണിമോളേ... കൈ നന്നായി കഴുകിക്കോളൂ"- അച്ഛൻ വിളിച്ചു പറയുന്നു...

**നൂറ മിസ്റിയ ടി.**
3 എ, ജി.എൽ.പി.സ്കൂൾ, ഒഴൂർ
താനൂർ ഉപജില്ല, മലപ്പുറം



# 2050 ലെ മുത്തശ്ശിക്കഥ

“മുത്തശ്ശീ... മുത്തശ്ശീ... ഒരു കഥ പറയാമോ?” പേരക്കുട്ടി ബബ്ലു ചോദിച്ചു. “എന്താ, പറയാമല്ലോ, നിനക്ക് കഥ വലിയ ഇഷ്ടാണല്ലേ? എന്നാൽ ഞാനൊരു മഹാരോഗം പടർന്നുപിടിച്ചതിനെക്കുറിച്ച് പറയാം.”

മുത്തശ്ശി കഥപറയാൻ തുടങ്ങി: “സംഭവം 2019 ഡിസംബറിലാണ്. ജനങ്ങൾ എല്ലാം പരസ്പരം കലഹിച്ചും ബന്ധങ്ങൾ മറന്നും ജീവിച്ചിരുന്ന കാലം. ആളുകൾ തമ്മിൽ അക്രമവും വാക്കുതർക്കങ്ങളും നടന്നിരുന്നു. കൂടാതെ പ്രകൃതിയെ വളരെയധികം ദ്രോഹിച്ചിരുന്നു. കാടുകൾ എല്ലാം വെട്ടിമുറിച്ച് കെട്ടിടങ്ങൾ പണിതു, പണം ചിലരുടെ കൈയിൽ മാത്രം കുമിഞ്ഞുകൂടി. പട്ടിണിപ്പാവങ്ങൾ അതുപോലെതന്നെ ജീവിച്ചു. മൃഗങ്ങളെയെല്ലാം മനുഷ്യർ കൊന്ന് ഭക്ഷണത്തിനായി ഉപയോഗിച്ചു.

ക്രമേണ ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്ക് മാറ്റം വന്നു. ചൂട് ക്രമാതീതമായി കൂടി, വെള്ളപ്പൊക്കവും മാരക അസുഖങ്ങളും ഇല്ലാതാക്കിയ പകർച്ച വ്യാധികളും തിരിച്ചുവരാൻ തുടങ്ങി.

അങ്ങനെയിരിക്കെ ചൈന എന്ന രാജ്യത്ത്, ഒരു പ്രദേശത്ത് ഇതുവരെ അറിയപ്പെടാത്ത ഒരു രോഗാണു വരുകയും ആളുകളെ കൊന്നൊടുക്കുകയും ചെയ്തു. ആദ്യമാദ്യം ആരും അതിനെ ഗൗരവമായി എടുത്തില്ല. കോവിഡ് 19 എന്ന് അതിനെ വിളിച്ചു. കൊറോണവൈറസ് ആയിരുന്നു അത്. ചിലർ പറഞ്ഞു, ‘ഹൊ അത് ചൈനയിലല്ലേ, നമ്മെ അത് ബാധിക്കില്ല.’ അങ്ങനെ അതിനു ചെവികൊടുക്കാതെ അവർ നടന്നു.

അധികം വൈകാതെ പത്രത്തിലും ടി.വിയിലും കോവിഡിനെക്കുറിച്ച് വലിയ വാർത്തകൾ വന്നുതുടങ്ങി. ഇറ്റലിയിലും സ്പെയിനിലും ഇറാനിലും അമേരിക്കയിലും കോവിഡ് മരണം വിതച്ചു. അത് ഇന്ത്യയിലും എത്തി. ജനങ്ങൾ ആദ്യം പേടിച്ചില്ല. എന്നാൽ പതുക്കെപ്പതുക്കെ അത് വ്യാപിക്കാൻ തുടങ്ങി. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അത് ബാധിച്ചു തുടങ്ങി. ഇങ്ങ് കേരളത്തിലും അവൻ എത്തി. എന്നാൽ നമ്മുടെ ഗവൺമെന്റിന്റെ ഇടപെടൽ അതിനെ ചെറുക്കുന്നതിന് സഹായിച്ചു. സംസ്ഥാനം അടച്ചുപൂട്ടി. മനുഷ്യൻ അകത്തായപ്പോൾ അകത്ത് അടയ്ക്കപ്പെട്ട പക്ഷിമൃഗാദികൾ പുറത്തേക്ക് എത്തിനോക്കി.



ആരോഗ്യപ്രവർത്തകർ, സാമൂഹികപ്രവർത്തകർ, നിയപാലകർ... വളരെയധികം പ്രയത്നിച്ചു.

ജനങ്ങൾ പരസ്പരം അറിയാൻ തുടങ്ങി, പ്രകൃതിയെ സ്നേഹിച്ചുതുടങ്ങി.

ആയിടെയാണ് അവൾക്ക് സമ്പർക്കത്തിലൂടെ രോഗം പകർന്നത്. വിദേശത്ത് നിന്നുവന്ന ഭർത്താവിൽനിന്നാണ് അവൾക്ക് രോഗം ബാധിച്ചത്. അവർ കുടുംബാംഗങ്ങളുമായും ഇടപെട്ടു. നിരവധി ആളുകൾക്ക് രോഗം ബാധിച്ചു.

എന്നാൽ, ആരോഗ്യപ്രവർത്തകർ ഇത് കണ്ടെത്തി അവളെയും ഭർത്താവിനെയും കുടുംബാംഗങ്ങളെയും നിരീക്ഷണത്തിലാക്കി. രോഗം മൂർച്ഛിച്ചപ്പോൾ ആശുപത്രിയിലേക്ക് മാറ്റി കൃത്യമായ ചികിത്സ നൽകുകയും ചെയ്തു. വളരെ നാളത്തെ പരിശ്രമത്തിനൊടുവിൽ അവരെ രോഗത്തിൽ നിന്നു രക്ഷപ്പെടുത്തി. കേരളത്തിലെ ആരോഗ്യപ്രവർത്തകർക്കും ഗവൺമെന്റിനും അവർ നന്ദിപറഞ്ഞു."

മുത്തശ്ശി അവനോട് ചോദിച്ചു: "മോനറിയാമോ? ആ സ്ത്രീയും ഭർത്താവും കുടുംബവും ആരൊക്കെയാണെന്ന്?"

ബബ്ലു പറഞ്ഞു: "അറിയില്ല മുത്തശ്ശീ, മുത്തശ്ശി പറയൂ..."

അവൻ മുത്തശ്ശിയുടെ കണ്ണുകളിലേക്കു നോക്കി.

മുത്തശ്ശി തുടർന്നു: "എന്റെ മുഖത്തേക്കൊന്ന് നോക്കൂ, അത് ഞാനും നിന്റെ അപ്പൂപ്പനും ആയിരുന്നു. ആ കുടുംബം നിന്റെ കുടുംബമായിരുന്നു."

അവൻ അത്ഭുതപ്പെട്ടു.

മുത്തശ്ശി പറഞ്ഞവസാനിപ്പിച്ചു: "അന്ന് നമ്മൾ കേരളത്തിലായതിനാൽ ഇന്നും ജീവിച്ചിരിക്കുന്നു."

പുറത്ത് മഴക്കോളു കണ്ടു. "നല്ല മഴ, മോന് മഴ നനയണോ?"

"ഉം..." അവൻ അപ്പോഴും അത്ഭുതത്തോടെ മുത്തശ്ശിയുടെ മുഖത്തേക്കുതന്നെ നോക്കിയിരുന്നു.

**മേഘരഞ്ജനി എ.**
3 ജി
എൽ.പി. സ്കൂൾ, കെ. പുരം
താനൂർ ഉപജില്ല, മലപ്പുറം

# ആപത്തുകാലത്ത്...

"...രാമേട്ടാ.... ങ്ങളേട്യാ?"

"ന്താ ഉസ്മാനിക്കാ, നേരം വെളുക്കുമ്പോ തന്നെ ഒരു കൈക്കോട്ടും എടുത്ത് പറമ്പിലോട്ട് ഇറങ്ങിയതാ. ഈ നേരായിട്ടും വന്നിട്ടില്യ... വല്ലാത്ത തത്രപ്പാടിലാ ഉസ്മാനിക്കാ. അശേഷം പലചരക്കില്ലാ. കടേന്നാണേൽ ഒന്നും കിട്ടണും ല്യ. ന്തോ... ഒരു ദിനം ഉണ്ടൂന്നു കേട്ടു. ന്താണാവോ? പരദൈവങ്ങൾക്കറിയാം."

"അപ്പോ ജ്ജൊന്നും അറിഞ്ഞില്ലേ? ന്റെ ലക്ഷ്മിയേ... ബല്ലാത്തൊരു അസുഖാദ്... ഞമ്മടെ കിത്താബിലിണ്ട് അവസാനനാൾ അടുക്കാറായീന്ന്. ന്തല്ലാണാവോ വര്യാ?"

"എന്തിനാ ഉസ്മാനിക്കാ രാമേട്ടനെ അന്വേഷിച്ചേ?"

"ഒരായിരം ഉറുപ്യ കടം ചോയ്ക്കാനാ ലക്ഷ്മ്യേ... രണ്ട് ദെവസായി ഈ കുട്ട്യോള് നേരാംവണ്ണം ന്തേലും കയ്ച്ച്ട്ട്..."

"ബടെ എന്ത് ണ്ടാവാനാ ഇക്കാ... പണിയെടുക്കണ കാശ് മുഴുവൻ ഷാപ്പിലേക്കല്ലേ... ആ... ഉസ്മാനിക്കാ... ങ്ങളാട നിക്കീൻ. പറമ്പിൽ ഞാൻ കഴിഞ്ഞ മഴക്കാലം കഴിഞ്ഞപ്പോ കൊറച്ച് ചേനേം ചേമ്പും നട്ടിരുന്നു. അത് പറിക്കാൻ പോയതാ അതിയാൻ. കുട്ട്യോൾക്ക് നേരത്തിന് ന്തേലും കഴിക്കാൻ കൊടുക്കണ്ടേ. കിട്ട്ണ പൈസ മുഴുവൻ ഓര് കുടിച്ചു തീർത്തില്ലേ... ബെർദല്ല പഴേ കാലത്ത് ള്ളോര് പറയണത്, സമ്പത്തുകാലത്ത് തൈപത്തു വെച്ചാൽ ആപത്തുകാലത്ത് കാ പത്തു തിന്നാംന്ന്. ങ്ങളും കൊണ്ടോയി വേവിച്ച് കൊടുത്തോളിൻ ഉസ്മാനിക്കാ, കുട്ട്യോൾക്ക്."
"അന്നെ പടച്ചോൻ കാക്കും ലക്ഷ്മിയേ..."

**വൈഗ എസ്.പി.**
6 സി
ജി.യു.പി.എസ്, കരിങ്കപ്പാറ
താനൂർ ഉപജില്ല, മലപ്പുറം



# ഭൂമിയുടെ അവകാശികൾ

ഇപ്പോൾ നമ്മൾ (മൃഗങ്ങളും പക്ഷികളും) ഈ ഭൂമിയുടെ ശരിയായ അവകാശികളായിത്തീർന്നിരിക്കുന്നു, ആരോ പറഞ്ഞതാണ്. കാട്ടിൽ ആ വാർത്ത തീപോലെ പടരുകയാണ്. നമ്മൾ ഭൂമിയുടെ അവകാശികൾ. എല്ലാവർക്കും വലിയ സന്തോഷം. എന്താണിതിലെ സത്യം? മൃഗങ്ങൾ ചിന്താകുലരായി. എന്നിരുന്നാലും ഭൂമിയുടെ അധിപർ എന്നഹങ്കരിച്ചിരുന്ന മനുഷ്യർ എവിടെ? ഈ ചോദ്യം മൃഗങ്ങൾ പരസ്പരം ചോദിച്ചു. അവസാനം മൃഗരാജാവ് അന്വേഷണത്തിന് ഉത്തരവിട്ടു.

കുറുക്കൻ, കുരങ്ങൻ, മാൻ, കരടി, ആന എന്നിവരടങ്ങിയ അന്വേഷണ സമിതിയെ നിയമിച്ചു. അന്നുതന്നെ അവർ നാട്ടിലേക്ക് തിരിച്ചു. കാട്ടിലൂടെ നടന്നപ്പോൾ അവർക്ക് അത്ഭുതമാണുണ്ടായത്. മനുഷ്യർ വെട്ടിമാറ്റിയ മരങ്ങളുടെ കുറ്റികളിൽനിന്നു പുതിയ നാമ്പുകൾ ഉയിർത്തെഴുന്നേൽക്കുന്നു. കാട്ടരുവിക്ക് മുൻപത്തേക്കാൾ തെളിമ. അങ്ങനെ കാട് കടന്ന് അവർ നാട്ടിലെത്തി.

കോൺക്രീറ്റ് സൗധങ്ങൾക്കിടയിലൂടെ അവർ നടന്നു. ഗേറ്റുകൾ അടഞ്ഞ് കിടക്കുന്നു. ഫാക്ടറികൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. കാട്ടിലെ പോലെത്തന്നെ നാട്ടിലെ വായുവിനും ഒരു ശുദ്ധി വന്നപോലെ. തെരുവുകൾ വിജനം, അവർ അത്ഭുപ്പെട്ടു! ഇതെന്തുപറ്റി? അവർ പരസ്പരം നോക്കി. അപ്പോഴാണ് ഒരു നായയും പൂച്ചയും അതുവഴി വന്നത്. ആദ്യം അവർക്ക് അത്ഭുതം തോന്നി. ബദ്ധശത്രുക്കളായവർ ഒരുമിച്ച്. അവർ തങ്ങൾ കണ്ട കാര്യങ്ങളെക്കുറിച്ചും മനുഷ്യരെപ്പറ്റിയും അവരോട് അന്വേഷിച്ചു. നായ പറഞ്ഞു: ''മനുഷ്യർ തന്റെ അഹങ്കാരത്തിന്റെ ഫലം അനുഭവിക്കുകയാണ്. അവർ കൂട്ടിലടയ്ക്കപ്പെട്ടിരിക്കുകയാണ്.''

അവർ എല്ലാം ഒരുമിച്ച് ചോദിച്ചു: "മനുഷ്യർ കൂട്ടിലടയ്ക്കപ്പെട്ടെന്നോ!" പൂച്ച പറഞ്ഞു: "അതെ, ഈ ഭൂമിയുടെ അധിപർ എന്ന് നിനച്ച് അധികാരക്കൊതിയോടെ അവർ മുന്നോട്ട് പോകുകയായിരുന്നു. എന്തിനേയും കാൽച്ചുവട്ടിൽ നിർത്തി ആർത്തിയോടെ കൊന്നുതിന്നു. എന്നാൽ സൂക്ഷ്മജീവിയായ ഒരു വൈറസ്, കൊറോണ എന്നാണവന്റെ പേര്, അവൻ മനുഷ്യനെ വീട്ടിനുള്ളിലാക്കി അടച്ചിട്ടിരിക്കയാണ്."

"അത് കൊള്ളാമല്ലോ, ഭൂമിയെ അടക്കി ഭരിച്ചവർക്ക് ഒരു സൂക്ഷ്മജീവി കൊടുത്ത പണി." ആനയും കരടിയും കുലുങ്ങിച്ചിരിച്ചു.

"എന്ത് ചെയ്യാൻ, ലക്ഷക്കണക്കിന് മനുഷ്യരെയാണ് ആ ഭീകരൻ കൊന്നൊടുക്കുന്നത്. ലോകം മുഴുവൻ അവൻ മുൾമുനയിൽ നിർത്തിയിരിക്കുകയാണ്"– നായ പറഞ്ഞു. "തുടക്കത്തിൽ പകച്ചുപോയി എങ്കിലും മനുഷ്യർ അതിനെതിരെ പലനാട്ടിലും പോരാടിക്കൊണ്ടിരിക്കുന്ന കഥകൾ വരുന്നുണ്ട്"– പൂച്ച പറഞ്ഞു. "ഇനിയെങ്കിലും മനുഷ്യന് തിരിച്ചറിവുണ്ടാകുമോ"– കരടി ചോദിച്ചു. "എനിക്ക് തോന്നുന്നില്ല, ഈ മനുഷ്യർ നേരെയാകുമെന്ന്"– നായ പെട്ടെന്ന് പറഞ്ഞു.

"അതെന്താ നീ അങ്ങനെ പറഞ്ഞത്?" മാൻ ചോദിച്ചു. നായ പറഞ്ഞു: "ഞങ്ങൾ അതുതന്നെയാണ് ചർച്ചചെയ്തുവന്നതും. തുടക്കത്തിൽ പകച്ചുപോയി എന്ന് ഇവൻ പറഞ്ഞില്ലേ, അപ്പോൾ വീടുകളിൽ കഴിയുകയും പരസ്പരസ്നേഹത്തിന്റെ വാക്കുകൾ പറയുകയും എഴുതുകയും ചെയ്ത മനുഷ്യർ വൈറസിനെ പ്രതിരോധിക്കാൻ തുടങ്ങിയപ്പോൾ തന്നെ പരസ്പരം ചേരിതിരിഞ്ഞ് തമ്മിലടിക്കാനും തുടങ്ങിയിരിക്കുന്നു. രാജ്യങ്ങൾ പരസ്പരം പഴിചാരിത്തുടങ്ങിയ വാർത്തകളും നാട്ടിൽ പരക്കുന്നുണ്ട്. ഒററ്റത്ത് മരണം തുടർക്കഥയാകുമ്പോഴാണ് ഇതെല്ലാമെന്നാണ് ഞങ്ങളെ അത്ഭുതപ്പെടുത്തുന്നത്"– കുരങ്ങൻ പറഞ്ഞു.

"അവർ അങ്ങനെയാണ്. ഓന്തിനെ പോലും വെല്ലുന്ന രീതിയിൽ നിറം മാറാൻ കഴിവുള്ളവർ. നമുക്കെന്തായാലും കാട്ടിലേക്ക് തിരികെ പോകാം. രാജാവിനെ വിവരമറിയിക്കാം. കുറച്ച് ദിവസത്തേക്കെങ്കിലും നമ്മൾ ഈ ഭൂമിയുടെ അവകാശികളായി എന്നത് സത്യമാണെന്ന്..."

**സുഹ തസ്നി**
6 ബി
ജെ.എഫ്.കെ.എം.വി.എച്ച്.എസ്.എസ്, അയണിവേലിക്കുളങ്ങര
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം



# ഒരു ലോക്ഡൗൺ ഐഡിയ

ലോക്ഡൗൺ! എന്താണീ ലോക്ഡൗൺ? അമ്മയോട് ചോദിച്ചു. ചൈനയിൽ നിന്നും ഒരു മാരകവൈറസ്, രോഗം പരത്താനായി ലോകം മുഴുവൻ പറന്നിട്ടുണ്ടെന്നും അതിനോട് യുദ്ധം ചെയ്യാൻ നമ്മുടെ കൈയിൽ ആയുധം ഇല്ലാത്തതുകൊണ്ട് നാം നമ്മുടെ രാജ്യത്തെ സംരക്ഷിക്കാൻ രാജ്യം മണിച്ചിത്രത്താഴിട്ടു പൂട്ടിയതാണ് ലോക്ഡൗൺ എന്നും അമ്മ പറഞ്ഞു. ആ പൂട്ടിന്റെ താക്കോൽ നമ്മളോരോരുത്തരും ആണത്രേ. ആ പൂട്ട് തുറക്കാൻ ശ്രമിക്കാതെ കുറച്ചുകാലം പുറത്തിറങ്ങാതെ വീട്ടിൽത്തന്നെ ഇരുന്നാൽ കൊറോണ (കൊവിഡ് 19) വൈറസിനെ ഓടിക്കാം എന്ന് അമ്മ പറഞ്ഞു. എന്റെ പരീക്ഷപോലും മുടക്കാൻ കഴിവുള്ള ആ വൈറസ് ഭീകരൻ തന്നെയാവും സംശയം ഇല്ല.

എന്നും രാവിലെ കൃത്യമായി പാലുതരുന്ന വീട്ടിലെ വല്യച്ഛന് വയ്യാത്തത് കാരണം വല്യമ്മയും വരാറില്ല. പാലു മുടങ്ങി, പശുവിൻപാലിൽ ഉണ്ടാക്കുന്ന ചായയുടെ രസം അപ്പോഴാണ് ശരിക്കും മനസ്സിലായത്. പാൽപ്പൊടിച്ചായയും കുടിച്ച് കൊറോണകലർന്ന നിറംമങ്ങിയ വാർത്തകളും നോക്കി നെടുവീർപ്പിട്ട് ഇരിക്കുമ്പോഴാണ് അമ്മയുടെ വിലാപം: “പാലു തന്നു തിരിച്ചുപോകുമ്പോൾ വല്യമ്മ പശുക്കൾക്കുള്ള കാടിയും കൊണ്ടുപോയിരുന്നു, ഇനി ഈ പച്ചക്കറി മാലിന്യവും കഞ്ഞിവെള്ളവും ഒക്കെ എന്തു ചെയ്യും?”

ഒരിത്തിരി നെല്ലു വെയിലത്തിട്ട്, അതുകാരണം വിരുന്നുവന്ന കാക്കകളെ മുഴുവൻ എറിഞ്ഞോടിച്ചു. അഭിമാനികൾ ഇനി വിളിച്ചാലും വരുമോ ആവോ? ഒറ്റ കിളിയെയും കാണാനില്ല. ഇന്നലെ പാടത്തിലൂടെ പറന്നുപോയത് കിളി ആണോ എന്ന് വിചാരിച്ചു നോക്കിനിൽക്കുമ്പോൾ അമ്മ പറഞ്ഞു, പുറത്തിറങ്ങുന്ന ചെറുക്കൻമാരെ പിടിക്കാൻ പോലീസ് ഡ്രോൺ പറത്തിയതാണത്രേ.

അടുക്കളയിൽ സ്ഥിരം കാവലിന് ഒരു അമ്മപ്പൂച്ചയും മൂന്നാലു കുഞ്ഞുപൂച്ചകളും ഉണ്ടായിരുന്നു, ആരോ വച്ച വിഷം തിന്ന് (അതോ ഫോർമാലിൻ കലർന്ന പച്ച മീൻ തിന്നിട്ടോ) ചത്തു എന്ന് പറയുന്നത് കേട്ടു. അതിലൊരെണ്ണം ഞങ്ങളുടെ വിറകിനടിയിൽ ആയിരുന്നു. അപ്പോഴും ഒരു കാക്കക്കുട്ടിയെ പോലും ആ വഴി കണ്ടില്ല. ചീഞ്ഞുനാറിയ അതിനെ എങ്ങനെയോ ഞങ്ങൾ കുഴിച്ചുമൂടി.

പിന്നെ വരാനുള്ളത് അടുത്ത വീട്ടിലെ കോഴികളാണ്. എന്റെ റോസാപ്പൂ മുഴുവൻ കൊത്തിത്തിന്ന ദേഷ്യത്തിന് അമ്മ തേങ്ങ ചിരകിയിട്ട ചിരട്ടകൾ എടുത്ത് എറിഞ്ഞു. അതിലൊന്നിന്റെ കാലൊടിഞ്ഞ ദേഷ്യത്തിന് അവിടത്തെ ചേച്ചി വേലികെട്ടി അതിർത്തി അടച്ചു. പോയി മാപ്പുപറഞ്ഞിട്ടും അതിർത്തി തുറന്നിട്ടില്ല.

അപ്പോ എന്താ പറഞ്ഞുവന്നത്? എന്നുവച്ചാൽ അമ്മയ്ക്ക് കഞ്ഞിവെള്ളം തൊടിയിൽ കളഞ്ഞാൽ അത് തിന്നാൻ ആളില്ല. അതു തൊടിയിൽകിടന്ന് നാറും. ഒരു പോംവഴി കണ്ടുപിടിക്കാൻ ഞാനും അമ്മമ്മയും അച്ഛനും ഏട്ടനും ഇരുന്നും കിടന്നും ആലോചിച്ചു. ലോക്ഡൗൺ കാരണം സമയത്തിനു വീട്ടുജോലി തീരണം എന്ന നിബന്ധന ഇല്ലാത്തതുകൊണ്ട് ആലോചനയ്ക്ക് അമ്മയും കൂടി. കുഴിച്ചിടാം എന്നും ഉണക്കി കത്തിക്കാം എന്നുമൊക്കെ അഭിപ്രായങ്ങൾ വരാൻ തുടങ്ങി. പണ്ട് നാലുദിക്കിൽനിന്നും വന്നിരുന്ന അഭിപ്രായങ്ങൾ ഇപ്പോൾ ഒരൊറ്റ ദിക്കിൽനിന്നു വരാൻ തുടങ്ങിയല്ലോ എന്ന് അമ്മമ്മ കളിയായി പറഞ്ഞു. സ്മാർട്ട്ഫോണും ലാപ്ടോപ്പും ഇല്ലാത്ത അമ്മയുടെ ട്രോളിന് ഫേസ്ബുക് ട്രോളിനേക്കാൾ ലൈക്കും കിട്ടി.

അവസാനം ഞാൻതന്നെ ഒരു വഴി കണ്ടുപിടിച്ചു. സ്കൂളിൽനിന്നു കിട്ടിയ വെണ്ടയ്ക്ക, പാവയ്ക്ക വിത്തുകൾ ഒക്കെ അലമാരിയിൽ ഭദ്രമായി വച്ചിട്ടുണ്ടായിരുന്നു. തോട്ടം വൃത്തിയായി കിളച്ച് ആ വിത്തുകൾ എടുത്ത് മണ്ണിലും കവറുകളിലും (ഹാവൂ, പ്ലാസ്റ്റിക് കത്തിച്ച് അന്തരീക്ഷം മലിനമാക്കാതിരുന്നത് എത്ര നന്നായി) മറ്റുമായി കുഴിച്ചിടുക. ചെറിയ വായിലെ വലിയ വർത്തമാനം ആണെങ്കിലും നന്മയുള്ളതുകൊണ്ട് ആ അഭിപ്രായം എല്ലാവരും അംഗീകരിച്ചു.

എന്നും നേരം വെളുപ്പിനേ അമ്മ അടുക്കളയിൽ കയറുമ്പോൾ മൂടിപ്പുതച്ചു കിടന്നിരുന്ന ഞങ്ങൾ പിറ്റേന്ന് എഴുന്നേറ്റ് തോട്ടം വൃത്തിയാക്കി. വെണ്ടയ്ക്ക, പാവയ്ക്ക, ചീര സകലരേയും സന്തോഷത്തോടെ മണ്ണിട്ട് മൂടി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ പച്ചക്കറിവേസ്റ്റും കഞ്ഞിവെള്ളവും തിന്നും കുടിച്ചും തൈകൾ വളർന്ന് പുഷ്പിച്ച് കായ്കറികൾ ആയി. ഞങ്ങൾക്കും അടുത്ത വീടുകളിൽ കൊടുക്കാനും മാത്രം നിറയെ പച്ചക്കറി!

വീണ്ടും പാലുമായി വല്യമ്മ വരാൻ തുടങ്ങി. പക്ഷേ, അവർ കഞ്ഞിവെള്ളം കൊണ്ടുപോയില്ല. പകരം അവരുടെ കൈകളിൽ ഞങ്ങൾ അധ്വാനിച്ചുണ്ടാക്കിയ പച്ചക്കറി കവറിൽ ഇട്ടു കൊടുത്തപ്പോൾ അമ്മയുടെ ചിരിക്ക് ആ പാലിനേക്കാൾ മധുരമുള്ളതായി തോന്നി.

**അനാമിക എസ്. രാമചന്ദ്രൻ**
7 എ
ടി.ആർ.കെ.എച്ച്.എസ്.എസ്, വാണിയംകുളം
ഒറ്റപ്പാലം ഉപജില്ല, പാലക്കാട്



# പച്ചപ്പ്

കഴിഞ്ഞ വർഷം ലീവ് സറണ്ടർ ചെയ്ത തുകയോടൊപ്പം പി.എഫിൽ നിന്ന് കുറച്ച് കാശുകൂടെ എടുത്ത് ഒരുതുണ്ട് വയൽ വാങ്ങി. വലിയ കർഷകനായതുകൊണ്ടല്ല, അധികം ശ്രദ്ധവേണ്ടാത്ത കുപ്പച്ചീര, ചേമ്പ്, വാഴച്ചേമ്പ്, ചേന, കറിവേപ്പില, കോവൽ, പറുത്തി, കൂവ, കാച്ചിൽ, നനക്കിഴങ്ങ്, കാണം, മുരിങ്ങ, ചുണ്ട, പപ്പായ, കാന്താരിമുളക്, പാൽമുളക്, ഇഞ്ചി, അഗസ്തിച്ചീര, മരച്ചീനി തുടങ്ങിയവയൊക്കെ നടണമെന്ന് കരുതി. പക്ഷേ, ചിലത് മാത്രം നട്ടു.

നടക്കാനിറങ്ങുമ്പോൾ കുറച്ച് വെള്ളം ഒഴിക്കും. എതായാലും പച്ചക്കറിക്ക് ക്ഷാമം വന്നപ്പോൾ പാടത്ത് നോക്കാനിറങ്ങി. ഭാര്യ പറഞ്ഞു: “ഒരുപാട് കാണും, കാര്യമായി കൃഷിചെയ്തതല്ലേ? വയൽ വാങ്ങാൻ പോയപ്പോൾ ഞാൻ പറഞ്ഞതാ, കുറച്ച് ആഭരണങ്ങൾ വാങ്ങിവയ്ക്കാൻ.’’ ഞനൊന്നും മിണ്ടിയില്ല നമ്മുടെ സാമൂഹികപശ്ചാത്തലം നോക്കുമ്പോൾ അവൾ പറഞ്ഞതിലും കാര്യമുണ്ടെന്ന് തോന്നി.

ഞാൻ പാടത്ത് ചെന്ന് നോക്കിയപ്പോൾ മുരിങ്ങയിൽ കായുണ്ട്, ഇലയുണ്ട്, ചേമ്പിൽ കുറച്ച് തണ്ടുണ്ട്, പപ്പായയിലും കോവലിലും ചെറുതെങ്കിലും കുറച്ച് കായുണ്ട്. കൂവ, കാച്ചിൽ, നനക്കിഴങ്ങ് ഇവയിൽ ചെറിയകിഴങ്ങുകൾ വന്നുതുടങ്ങിയിരിക്കുന്നു. കാന്താരിയിൽ ധാരാളം മുളകുണ്ട്. ഓരോന്നും ഒരോദിവസം കറിവച്ചാൽ ഒന്നുരണ്ട് മാസം കഴിഞ്ഞുകൂടാൻ ഒരു ബുദ്ധിമുട്ടുമില്ല.

മനസ്സിൽ ‘കൊറോണഭീതി’ മാറിയതുപോലെ.

**അഞ്ജിമ എ.ആർ**
12 എ2
ഡി.വി.എം.എൻ.എൻ.എം.എച്ച്.എസ്.എസ്, മാറനല്ലൂർ
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# മുഖംമൂടികൾ

എന്റെ കട്ടിലിനു ചുറ്റും ഇത്രയും മുഖംമൂടി ധരിച്ച ആളുകളോ! എനിക്കു തല കറങ്ങുന്നതുപോലെ. “എടാ മടിയാ... എഴുന്നേൽക്കെടാ”- അമ്മയുടെ നീട്ടിയുള്ള വിളി. ‘‘സമയം എത്രയായെന്ന് അറിയാമോ?’’ “അറിഞ്ഞിട്ടെന്തിനാമ്മെ, സ്കൂളില്ലല്ലോ?” ഞാൻ പുതപ്പ് തലയിലൂടെ മൂടി പുതച്ചുകിടന്നു. പുറത്ത് മഴ പെയ്യുന്നുണ്ടോ? മുഖത്തേക്ക് ചെറുതായി വെള്ളം വീഴുന്നുണ്ടല്ലോ... വീണ്ടും അമ്മയുടെ ഒച്ചപ്പാട്: “എടാ... എഴുന്നേൽക്കടാ... നിന്റെ മുഖത്ത് വെയിലടിച്ചാലേ എഴുന്നേൽക്കുള്ളോ?” അമ്മ എന്റെ മുഖത്ത് വെള്ളം തളിച്ചതായിരുന്നു. ഞാൻ ഉറക്കം മുറിഞ്ഞ ദേഷ്യത്തിൽ ഉമ്മറത്തേക്കിറങ്ങി ചെന്നു.

അച്ഛൻ പത്രം എന്റെ നേരെ നീട്ടി: “മോനേ, പത്രം വായിക്കെടാ. നമുക്ക് അറിവ് പകരുന്ന പലതും അതിലുണ്ട്. വൈറസ്ബാധ വരാതിരിക്കാനുള്ള മാർഗങ്ങൾ, മറ്റ് പലതും.” ഞാൻ പത്രം വാങ്ങി മുറിയിലേക്ക് നടന്നു. അപ്പോൾ ടി.വിയിൽ കോറോണയെപ്പറ്റി ഒരു ഡോക്ടർ എന്തോ പറയുന്നത് കേട്ടു. ഓ, ഈ ടി.വി. എപ്പോൾ തുറന്നാലും കോറോണ... കോറോണ. എനിക്കിതു കേൾക്കുമ്പോൾ ദേഷ്യം വരും. ഞാൻ ചാനൽ മാറ്റിമാറ്റി കാർട്ടൂണുകൾ കണ്ടുകൊണ്ടിരുന്നു. ദൂരെനിന്ന് ഒരു അനൗൺസ്മെന്റ് ശബ്ദം അടുത്തുവരുന്നു: “കോറോണ വരാതിരിക്കാനുള്ള പ്രതിരോധത്തെപ്പറ്റി പഞ്ചായത്തിൽനിന്നുള്ള അറിയിപ്പ്.” ഞാനതൊന്നും ശ്രദ്ധിക്കാൻ പോയില്ല. അച്ഛൻ തൊടിയിലേക്കിറങ്ങിയപ്പോൾ ഞാൻ ഓടി അടുക്കളയിലെത്തി. ‘‘എടാ, നീ പല്ലു തേച്ചോ?’’ ഒരു കുറ്റബോധവുമില്ലാതെ തലയാട്ടി. അമ്മ കാണാതെ ഫ്രിഡ്ജിൽനിന്ന് തണുത്ത വെള്ളവും എടുത്ത് ദോശ വെട്ടിവിഴുങ്ങി. അമ്മ ഒരു കെട്ടു തുണിയുമായി വെളിയിലേക്കിറങ്ങി. “മോനേ, അമ്മയെ സഹായിക്കാൻ വരണേ?” “ശരി അമ്മാ.” കഴിഞ്ഞാഴ്ച എന്റെ കൂട്ടുകാരൻ ഉസ്മാൻ എന്നെ വിളിച്ചു. അവന്റെ ബാപ്പ ഗൾഫിൽനിന്ന് വരുമെന്ന് പറഞ്ഞു. അവന്റെ വീട്ടിൽ പോയാലോ. ഞാൻ ആലോചിച്ചു, ആരും കാണാതെ ഞാൻ അവന്റെ വീട്ടിൽ പോയി. എന്താണിത്, അവന്റെ വീട്ടിലെ വാതിലുകളെല്ലാം തുറന്നുകിടക്കുന്നു. അവൻ അകത്തേക്ക് കയറിച്ചെന്നു. ഒരു മുറിയിലെ വാതിൽ അടഞ്ഞുകിടക്കുന്നതു കണ്ടു. ആ വാതിലിൽ എന്തോ എഴുതിയിരിക്കുന്നു. അത് വായിക്കാൻ മിനക്കിടാതെ ഞാൻ അകത്തേക്ക് കയറി. അവിടെ ആരോ മൂടിപ്പുതച്ചു കിടന്നുറങ്ങുന്നു. ഞാൻ പുതപ്പു വലിച്ചുനീക്കി, ഉസ്മാന്റെ ബാപ്പ കിടന്നുറങ്ങുന്നു. ഞാൻ ബാപ്പയെ കുലുക്കിവിളിച്ചു. ബാപ്പ ഞെട്ടിയുണർന്നു. “മോനേ, നീ എന്തിനാണിങ്ങോട്ട്



വന്നത്. എന്റെ ഭാര്യയും മകനും എന്നെ ഉപേക്ഷിച്ചുപോയി. ഞാൻ ഹോംകോറന്റൈനിലാണ്. എന്റെ അടുത്ത് മുഖം മറയ്ക്കാതെ വരരുത്, എന്നെ തൊടുകയുമരുത്. വേഗം വീട്ടിൽപോയി അച്ഛനോട് പറയണം." ഞാൻ വേഗം വീട്ടിലേക്കോടി. ഒരാഴ്ച കഴിഞ്ഞപ്പോൾ എനിക്ക് പനിയും തുമ്മലും തൊണ്ടവേദനയും അനുഭവപ്പെട്ടു. അച്ഛനും അമ്മയും വേവലാതിപ്പെടുന്നതും അടക്കം പറയുന്നതും ശ്രദ്ധിച്ചു. അവർ പെട്ടെന്നെന്നെ ഹോസ്പിറ്റലിൽ എത്തിച്ചു. ഡോക്ടർ എന്നെ പരിശോധിച്ചു. ഡോക്ടറുടെ മുഖം മാറുന്നത് ഞാൻ ശ്രദ്ധിച്ചു. ആദ്യം വിഷമവും പിന്നെ ദേഷ്യവും ഡോക്ടറുടെ മുഖത്ത് കണ്ടു. എന്നെ പുറത്തു നിർത്തി അദ്ദേഹം അച്ഛനെ വഴക്ക് പറഞ്ഞു. "നിങ്ങളുടെ അശ്രദ്ധകൊണ്ടല്ലേ മകനീ അസുഖം വന്നത്. ലോക്ഡൗൺകാലത്ത് പുറത്തിറങ്ങരുതെന്നറിയില്ലേ, ക്വാറന്റൈനിലോ ചികിത്സയിലോ കഴിയുന്ന ആളിനെ സുരക്ഷാമാർഗങ്ങൾ സ്വീകരിക്കാതെ കാണാൻ പാടില്ലെന്ന് അറിയില്ലേ?" എല്ലാവരുടെയും മുന്നിൽ തലയുയർത്തിനിന്ന എന്റെ അച്ഛൻ ആദ്യമായി ഒരാളുടെ മുന്നിൽ തല കുമ്പിട്ടുനിൽക്കുന്നത് ഞാൻ കാണുകയാണ്. അച്ഛന്റെ കണ്ണിൽനിന്നു കണ്ണുനീർ ഒഴുകിവരുന്നതു കണ്ടു. എന്റെ മനസ്സിൽ ആദ്യമായി കുറ്റബോധം തോന്നി. ഞാൻ അമ്മ പറഞ്ഞതു കേട്ടിരുന്നെങ്കിൽ, ടി.വിയിലെ ന്യൂസ് കണ്ടിരുന്നെങ്കിൽ, അച്ഛൻ തന്ന പത്രം വായിച്ചിരുന്നെങ്കിൽ, ഞാനാ കതകിലെ മുന്നറിയിപ്പ് ശ്രദ്ധിച്ചിരുന്നെങ്കിൽ... എല്ലാം ഓർത്തപ്പോൾ തലകറങ്ങുന്നതു പോലെ തോന്നി.

എനിക്ക് ചുറ്റും മുഖം മൂടിവച്ച ആളുകൾ, ഓരോരോ മരുന്നുകൾ, ഓരോ പരിശോധനകൾ. അച്ഛനെയും അമ്മയെയും കാണുന്നില്ലല്ലോ? അവരെ എന്നെ കാണാൻ സമ്മതിക്കുന്നില്ല. അതെ, എനിക്കും കോറോണ പകർന്നിരിക്കുന്നു, എനിക്കു ഭയമായി. കുറച്ചുനാളത്തെ ചികിത്സയ്ക്ക് ശേഷം എന്റെ അസുഖം ഭേദമായതായി ഡോക്ടർ പറഞ്ഞു. എന്നെ വിളിച്ചുകൊണ്ടുപോകാൻ മാതാപിതാക്കൾ വരും. ഞാൻ കാത്തിരുന്നു. മുഖംമൂടി ധരിച്ച അച്ഛനെയും അമ്മയെയും കണ്ടപ്പോൾ എനിക്ക് വിഷമമായി. ആരോഗ്യപ്രവർത്തകർ ഞങ്ങളെ സന്തോഷപൂർവം യാത്രയാക്കി. അച്ഛനും അമ്മയും മാറിമാറി എന്നെ ഉമ്മവച്ചു. എന്നിൽനിന്നു കണ്ണീർ ധാരയായി ഒഴുകിക്കൊണ്ടിരുന്നു. അന്നുമുതൽ ഞാനൊരു പ്രതിജ്ഞയെടുത്തു. മടിയില്ലാതെ അച്ഛനെയും അമ്മയെയും ഗുരുജനങ്ങളെയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യും.

**ശ്രീപാർവതി**
3 എ, ജി.എൽ.പി.എസ്. കുതിരപ്പന്തി
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# സ്നേഹത്തിന്റെ അകലം

രണ്ടുവർഷം കഴിഞ്ഞാണ് ഉപ്പ നാട്ടിൽ വരുന്നത്, ഞാൻ പ്രതീക്ഷയിൽ ആയിരുന്നു. പറഞ്ഞ സാധനം വാങ്ങിയിരുന്നോ എന്ന് ഇന്നലെയും ഉപ്പാനെ വിളിച്ച് ഉറപ്പുവരുത്തി. അനിയൻ വീട്ടിന്റെ മുറ്റത്തിരുന്നു മുകളിലൂടെ പറക്കുന്ന വിമാനം നോക്കി ഉപ്പാന്നു വിളിക്കാൻ തുടങ്ങിയിരുന്നു. അവൻ കരുതിയത് മുകളിലൂടെ പോകുന്ന വിമാനത്തിൽ എല്ലാം ഉപ്പയുണ്ട് എന്നാണ്. ഉപ്പ വന്നാൽ പോകേണ്ട സ്ഥലങ്ങളും ഞങ്ങൾ പ്ലാൻ ചെയ്തുവച്ചിരിക്കുന്നു. സന്തോഷവും പ്രതീക്ഷകളുമായി ഞങ്ങൾ ഉപ്പാനെ കാത്തിരുന്നു. ഇന്നാണ് ഉപ്പ വരുന്നത്, രാവിലെ പതിവിലും ഉത്സാഹത്തിലാണ് ഞാൻ എഴുന്നേറ്റത്. പക്ഷേ, ഉമ്മയാണ് പറഞ്ഞത്, ഉപ്പാനെ കൂട്ടാൻ പതിവുപോലെ നമ്മൾ പോകുന്നില്ല എന്ന്. ഉപ്പതന്നെ എയർപോർട്ടിൽനിന്നു ടാക്സി വിളിച്ചു വരുമെന്ന്. എനിക്ക് നിരാശ തോന്നി. എയർപോർട്ടിൽനിന്ന് ഉപ്പയെ കൂട്ടിവരുക എന്നതുതന്നെ ഒരു വലിയ സന്തോഷമാണ്. അതാണ് ഉപ്പ വേണ്ടെന്നു പറഞ്ഞത്. എന്നാലും സാരമില്ല. ഉപ്പ കുറച്ചുകഴിഞ്ഞു വരുമല്ലോ. കാറിന്റെ ശബ്ദം കേട്ടു ഞങ്ങൾ പുറത്തേക്കു ചാടിയിറങ്ങി. സന്തോഷത്തോടെ കാറിനടുത്തേക്ക് പോകാൻ നോക്കിയപ്പോൾ, ഉപ്പ കാറിൽനിന്നും ഇറങ്ങി. മാസ്ക് ധരിച്ചിരുന്നു. ഞങ്ങൾ അടുത്തേക്കുപോകാൻ നോക്കിയപ്പോൾ ഉപ്പ വിലക്കി. ഉപ്പ വീടിന് പുറത്തുനിന്നുതന്നെ ഹാൻഡ്‌വാഷ് ഉപയോഗിച്ച് കൈകഴുകി പുരയ്ക്കകത്തു കയറി നേരെ ഒന്നാം നിലയിലേക്ക് പോയി. എനിക്കു മനസ്സിലായില്ല, ഉപ്പ എന്താ ഇങ്ങനെ? സാധാരണ ഇങ്ങനെ അല്ല, കണ്ടാൽ ഉടനെ കെട്ടിപ്പിടിക്കും, ഉമ്മവെക്കും. ഇപ്പോൾ അതൊന്നുമില്ല. ഞങ്ങളെ ശരിക്കും നോക്കിയില്ല. വീടിനു മുകളിൽ കയറിയതിനുശേഷം ഉപ്പ താഴേക്കു വന്നില്ല. ഉമ്മ ഭക്ഷണം മുകളിലെ വാതിൽക്കൽ കൊണ്ടുവച്ചു തിരികെവരും. സംസാരിക്കാൻ നിന്നാലും പോകാൻ പറയും. മുകളിലെ ജനലിലൂടെ ഞങ്ങൾ മുറ്റത്തു നിൽക്കുമ്പോൾ നോക്കി നിൽക്കും. കുറച്ചു കഴിഞ്ഞ് ആരോഗ്യപ്രവർത്തകർ വീട്ടിൽ വന്നു. കുറച്ചു സമയം കഴിഞ്ഞ് അവർ പോയി. അതിനുശേഷമാണ് ഉമ്മ എന്നോട് പറഞ്ഞത്: “കൊറോണഭീതിയിലാണ്. അതുകൊണ്ട് ഉപ്പ 14 ദിവസം മുകളിൽ കഴിയും, അതു നമ്മുടെ എല്ലാവരുടെയും സുരക്ഷയ്ക്ക് വേണ്ടിയാണ്. അതുകഴിഞ്ഞാൽ ഉപ്പ നമ്മുടെ കൂടെ വരും.” വിഷമത്തോടെയാണെങ്കിലും എനിക്കതു മനസ്സിലാക്കാൻ പറ്റി. അനുജൻ ഇപ്പോഴും മുറ്റത്തുനിന്ന് ഉപ്പാനെ വിളിക്കുന്നുണ്ട്. പക്ഷേ, ഇപ്പോൾ വിമാനത്തെ നോക്കിയല്ല, മുകളിലത്തെ ജനലിലൂടെ പുറത്തേക്കു നോക്കുന്ന ഉപ്പാനെ നോക്കിയാണ്.

**മുഹമ്മദ് ഷിനാസ്**
6 എ, നിടുവാലൂർ എ.യു.പി. സ്കൂൾ, ഇരിക്കൂർ
ഇരിക്കൂർ ഉപജില്ല, കണ്ണൂർ



# ഇതും കടന്നുപോകും...

വളരെ ചെറിയ ഗ്രാമമാണ് ചെന്തുരുത്ത്. പാടവും പുഴയും കുന്നും കുണ്ടനിടവഴിയും ഒക്കെയായി അതിമനോഹരമായ പ്രദേശം. വികസനമെന്ന പേരിൽ കോൺക്രീറ്റ്സൗധങ്ങളൊന്നും അധികമില്ല. പക്ഷേ, പുതുതായി കോൺക്രീറ്റ് വീടുകൾ ഉയർന്നുവരുന്നുണ്ട്. മെയിൻറോഡിൽനിന്ന് പാടത്തോട് ചേർന്നുള്ള ചെറിയ വഴിയിലൂടെ 10 മിനിട്ട് നടക്കണം അമ്മുവിന്റെ വീട്ടിലേക്ക്. അഞ്ചാംക്ലാസുകാരിയാണ്. കോളേജിൽ പഠിക്കുന്ന ചേച്ചിയും അമ്മയും മുത്തശ്ശിയും അടങ്ങുന്നതാണ് അമ്മുവിന്റെ ലോകം. വലിയ പറമ്പ് നിറയെ പേരയും ചക്കയും ആത്തിയും മത്തനുമൊക്കെയായി നല്ല പച്ചപ്പിന് നടുവിൽ കാണുന്ന ഇരുനിലക്കെട്ടിടമാണ് അമ്മുവിന്റെ വീട്. അവൾ ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ വിദേശത്തേക്ക് പറന്നതാണ് അച്ഛൻ. എന്നും വിളിക്കും. വാട്ട്സ്ആപ്പും ഫേസ്ബുക്കുമൊക്കെയായി അച്ഛൻ അരികിലാണെന്ന തോന്നലേയുള്ളൂ. അകലെയെങ്കിലും അമ്മയുടെ തല്ലിൽനിന്ന് രക്ഷിക്കാൻ അച്ഛൻ മധ്യസ്ഥത പറയും, അച്ഛൻ പറഞ്ഞാൽ പിന്നെ അമ്മ തൊടില്ല.

"അച്ഛനൊരു സൂപ്പർമാൻ തന്നെ..." അവളുടെ കുഞ്ഞുമനസ്സോർത്തു.

അങ്ങനെയിരിക്കെ അതിരാവിലെ നെറുകയിൽ ഉമ്മതന്ന് ഇക്കിളികൂട്ടി ഉണർത്തവെ അമ്മ ചെവിയിൽ മന്ത്രിച്ചു: "പൊന്നേ, അച്ഛൻ വരുന്നു, ബുധനാഴ്ച."

അവളുടെ കുഞ്ഞിക്കണ്ണുകൾ വിടർന്നു. ചാടിയെണീറ്റ് കലണ്ടറിനടുത്തേക്കോടി. ഇന്ന് തിങ്കൾ, അപ്പോ മറ്റന്നാളോ... അവൾക്ക് സന്തോഷം നിയന്ത്രിക്കാനായില്ല. ഓടിനടന്ന് എല്ലാവരോടും പറയണമെന്നവൾ ഓർത്തു, പക്ഷേ...

ഇപ്പോ കൂട്ടുകാരെ കാണാനേ പറ്റുന്നില്ല. ഈ വേനലവധി മഹാ ബോറാകുന്നുണ്ടെന്ന് ഓർത്തതായിരുന്നു. അമ്മ ഈ അവധിക്ക് ഒരിടത്തും വിട്ടില്ല. കാണാൻ പറ്റാത്തത്ര ചെറിയ ഒരു കീടാണു– കൊറോണ എന്നാണു പോലും പേര്– കാരണം ആരും പുറത്തിറങ്ങുന്നില്ല. തൊട്ടാൽ അസുഖം പകരുമത്രേ. ചേച്ചി ഇടയ്ക്ക് കൂട്ടുകാരെ കൂട്ടി അമ്മ പൊതിഞ്ഞ് നൽകിയ 15 പാക്കറ്റ് ചോറും കൊണ്ട് എവിടേക്കോ പോവുന്നതു കാണാം. വഴിയിലൊക്കെ ആരും ഇല്ലാത്തതിനാൽ പട്ടിണിയായവർക്ക് നൽകാനാന്നു പറയും. ചേച്ചി പോകുന്ന കാഴ്ച ബഹുരസമാണ്. തുണികൊണ്ടുള്ള മാസ്ക്വച്ച്... കൊള്ളക്കാരിയെന്നു വിളിച്ച് അമ്മു എപ്പോഴും കളിയാക്കും. പക്ഷേ, ചേച്ചി





ഒന്നു ചിരിച്ചിട്ട് പോകും. ദൂരെനിന്ന് തിരിച്ചുവരുന്നത് കാണുമ്പോൾ ഓടിച്ചെല്ലാനൊന്നും അമ്മ സമ്മതിക്കില്ലിപ്പോൾ. ചേച്ചി പുറത്തെ കുളിമുറിയിൽ കുളിച്ചാണ് വീട്ടിനകത്ത് കയറുക, "അല്ലെങ്കിൽ നമുക്കും അസുഖം വരും" എന്നു പറഞ്ഞ് അമ്മ അമ്മുവിന്റെ തലയിൽ തലോടും.

ഇനിയിപ്പോ പറമ്പിലൊന്ന് കറങ്ങാം. ആരേലും കാണാനായാലോ എന്നോർത്ത് അമ്മു മുറ്റത്തേക്കിറങ്ങി. അകലെ അയലത്തെ വീടിന്റെ ഉമ്മറത്തിരിക്കുന്ന നാരായണിയമ്മയോട് അവളുറക്കെ കൂവി: "കേട്ടോ, എന്റെ അച്ഛൻ വരുന്നുണ്ട്."

അവർ കേട്ടിട്ടുണ്ടാവുമോ എന്തോ... പക്ഷേ, അവൾക്ക് സമാധാനമായി. പറമ്പിലെ കൊറ്റിയുടെ പിറകെ അവളാഞ്ഞുപിടിച്ചു. ശലഭത്തോടെന്തോ രഹസ്യം പറഞ്ഞു, അവളാകെ സന്തോഷത്തിലാണ്.

രാത്രി അമ്മയോടൊപ്പം കിടക്കവെ അവളുടെ മനസ്സുനിറയെ അച്ഛനായിരുന്നു. അവൾക്ക് നന്നായി ഉറങ്ങാൻ കഴിഞ്ഞില്ല.

അതിരാവിലെ ഉണർന്നു. അമ്മ ഇന്ന് മൊബൈലും വച്ച് ടീവിക്ക് മുന്നിലാണല്ലോ. എന്തു പറ്റി? അവൾ പിന്നിലൂടെ ചെന്ന് അമ്മയെ കെട്ടിപ്പുണർന്നു. തേങ്ങലല്ലാതെ, സന്തോഷമില്ല.

"എന്തു പറ്റി അമ്മേ?" അവൾ ചോദിച്ചു.

"അച്ഛനുടനെ വരില്ല മോളേ, ഇനിയിങ്ങോട്ട് ഉടനൊന്നും പ്ലെയിനില്ലത്രേ..."

"അതെന്താ... അമ്മേ?" അമ്മു കരയുന്ന പോലായി.

"എല്ലായിടത്തും ഈ അസുഖമാ... കൊറോണ.... അതുകൊണ്ട് സർക്കാർ വിദേശത്തുള്ളവരെ ഇപ്പോ കൊണ്ടുവരില്ലത്രേ... എയർപോർട്ട് അടച്ചു..."

അവളുടെ വിടർന്ന കണ്ണുകൾ തുളുമ്പി. ഒന്നുംമിണ്ടാതെ അവൾ പറമ്പിലേക്ക് നടന്നു. പ്ലാവിഞ്ചോട്ടിൽ അലസം നിന്ന കൊറ്റി അവളെ സാകൂതം നോക്കി.

അവൾ ആരോടെന്നില്ലാതെ ചോദിച്ചു: "അപ്പോ എന്റെ അച്ഛന് അസുഖം വരില്ലേ?"

പെട്ടെന്ന് ചേച്ചിയുടെ സുന്ദരമായ കരങ്ങൾ അവളെ പൊതിഞ്ഞു: "എന്താ ചക്കരേ... ഈ കാലവും കടന്നു പോകും, കരയാതെ..."

**അസിൻ ഫ്രാൻസിസ്**
8 എ
പള്ളിത്തുറ എച്ച്.എസ്.എസ്.
കണിയാപുരം ഉപജില്ല, തിരുവനന്തപുരം

# ആഗതൻ

“നിങ്ങളെ മുമ്പ് ഇവിടെങ്ങും കണ്ടു പരിചയമില്ലല്ലോ, ഇവിടെ ആരുടെ അടുത്തേക്കാ? ആരെ കാണാനാ, എവിടുന്നാ? അങ്ങനെയല്ല, ഒന്നറിയാൻ വേണ്ടി ചോദിച്ചെന്നു മാത്രം.”

മറുപടി ഒന്നും കിട്ടിയില്ല. ‘‘പിന്നേയ്, ഇവിടെ ആരെയാ അന്വേഷിക്കുന്നത്? കണ്ടാലറിയാം, വല്ലാത്ത ഒരു ഭാവം.’’ അയാളൊന്നും ഉരുവിട്ടില്ല, എന്നാലും എന്തായിരിക്കും ഇയാളന്വേഷിക്കുന്നത്? ആ... പോട്ടെ. എന്നാലും വല്ലാത്തൊരു ജന്മം, ഇങ്ങനെയും ഉണ്ടാവുമോ ആളുകൾ? ഒന്നുംപറയാതെ പരക്കെ എന്തോ തിരയുകയാണെന്ന് അയാളുടെ കണ്ണിൽനിന്നു വായിച്ചെടുക്കാം.

നടന്നും ഓടിയും അയാളുടെ നിഴലായി അയാളറിയാതെ പിന്തുടർന്നു. പെട്ടന്ന് മുന്നിൽ കണ്ട ‘ആൾക്കൂട്ടം’ അയാളിലുണ്ടാക്കിയ മാറ്റങ്ങൾ മുഖത്തും ശരീരഭാവത്തിലും എല്ലാം... അധരങ്ങളിലെ ചെറുചലനങ്ങൾ, മുഖത്ത് വന്ന പ്രകാശം. അയാൾ ആവേശത്തോടെ മന്ത്രിച്ചു: “അമേരിക്കയിലും സ്പെയിനിലും, എന്തിനധികം എന്റെ ജന്മനാടായ ചൈനയിൽപ്പോലും എനിക്ക് ഇത്രയധികം കഷ്ടപ്പെടേണ്ടി വന്നിട്ടില്ല.” ശേഷം ആഗതൻ അവരിൽ ഒരാളായി ചേർന്നു.



**മുഹമ്മദ് സയാൻ യു.കെ.**
7 ബി
പി.എം.എസ്.എ.യു.പി. സ്കൂൾ, നെല്ലിപ്പറമ്പ്
വേങ്ങര ഉപജില്ല, മലപ്പുറം

# എല്ലാം ഒരു സ്വപ്നം

മൊബൈലും ടി.വിയുമെല്ലാം അവനു മടുത്തുതുടങ്ങി. പുറത്തേക്കിറങ്ങിയാൽ റോന്തുചുറ്റുന്ന പോലീസിന് മുന്നിൽ പെട്ടാലോ എന്ന ആധിയാണ്. കുഞ്ഞുന്നാളിൽ തന്നെ പോലീസിനെ അവന് പേടിയാണ്. അപ്പോഴാണ് ആദിത്യന് മച്ചിനു മുകളിലുള്ള സാധനങ്ങളെക്കുറിച്ച് ഓർമ്മവന്നത്. അവിടെയുള്ളവയ്ക്കിടയിൽ ആവശ്യമുള്ളവ തിരഞ്ഞു കണ്ടുപിടിച്ച് അവൻ അവ ഭദ്രമായി സൂക്ഷിച്ചു വയ്ക്കുമായിരുന്നു. അവിടെ എത്തിയ അവൻ ആദ്യം കണ്ടത് ഒരു കൂറ്റൻ നിലക്കണ്ണാടിയാണ്. അവൻ ആ കണ്ണാടിയിൽ സ്പർശിച്ചുനോക്കി. എന്നാൽ അവന് അതിൽ തൊടാൻ കഴിയുമായിരുന്നില്ല. അവൻ അമ്മയെ വിളിച്ചു.

"അമ്മേ ഈ കണ്ണാ..." അവൻ വാക്കുകൾ മുഴുമിപ്പിക്കും മുൻപേ ആ കണ്ണാടി അവനെ ഉള്ളിലേക്ക് ആവാഹിച്ചിരുന്നു. അവൻ കണ്ണുകൾ തുറന്നപ്പോൾ ഒരു പുൽമേട്ടിലാണ് കിടന്നിരുന്നത്. അങ്ങിങ്ങായി അനേകം മരക്കുറ്റികൾ കാണാമായിരുന്നു. പലയിടങ്ങളിലായി വള്ളിപ്പടർപ്പുകളുടെ അവശിഷ്ടങ്ങളും കാണുന്നു. എന്നാൽ അവനെ ആകർഷിച്ചത് ഇവയൊന്നുമല്ലായിരുന്നു. നിലത്ത് അടുക്കുകളായി കൂന കൂടിക്കിടക്കുന്ന ഇലകളായിരുന്നു. ഒറ്റമരം പോലുമില്ലാതെ ഇവിടെ ഇത്രയധികം ഇലകൾ എങ്ങുനിന്നു വന്നു എന്ന് അവൻ ശങ്കിച്ചു.

പെട്ടെന്നുതന്നെ അവന്റ പിറകിൽനിന്ന് ഒരു ഘനഗംഭീരമായ ശബ്ദം കേട്ടു. അവിടെ ഒരു ഭീമാകാരനായ വിരൂപിയെ ആണ് കാണാനായത്.

"അതെ, നീ ആലോചിച്ചത് ശരിതന്നെയായിരുന്നു, ഇവിടെ ഒരുപാട് ഇലകൾ ഉണ്ട്. എന്നാൽ ഒരൊറ്റ മരംപോലും ഇല്ലതാനും"– വിരൂപി പറഞ്ഞു. "എന്നാൽ ഇലകളൊക്കെ എവിടെനിന്നാണ് വരുന്നത്?" ആദിത്യൻ ആരാഞ്ഞു. ഇടറുന്ന ശബ്ദത്തിൽ വിരൂപി പറഞ്ഞു: "നിനക്കറിയാമോ, ഇവിടം മനോഹരമായ ഒരു കാടായിരുന്നു. കിളികളുടെ കളകൂജനവും കാട്ടാറിന്റെ പളുങ്കുജലവും സമൃദ്ധമായ പച്ചിലകളും ഈ കാടിനെ സമ്പുഷ്ടമാക്കിയിരുന്നു. മൃഗങ്ങളെയും മറ്റും ഇങ്ങോട്ട് ആകർഷിക്കാൻ അതു മതിയായിരുന്നു. അവർക്ക് ഈ കാട് വേണ്ടുവോളം കനികൾ നൽകി, ദാഹമകറ്റാൻ ജലം നൽകി. എന്നാൽ ആ മൃഗങ്ങളിൽ നീചനായ ഒരു മൃഗം ഇങ്ങോട്ട് വന്നത് ഒരു മഴുവുമായിട്ടായിരുന്നു.

അതെ ആദിത്യൻ, മനുഷ്യൻ തന്നെ.” അവൻ ചോദിച്ചു: “ആരാണ് നീ?” മറുപടിയായി വിരൂപി പൊട്ടിച്ചിരിച്ചു. എന്നിട്ട് പറഞ്ഞു: “ഞാൻ ഈ കാടിന്റെ ആത്മാവ്, ഒരുകാലത്ത് ഞാൻ സുന്ദരനായിരുന്നു. ഇന്ന് മനുഷ്യൻ എന്നെ ഈ നിലയിൽ ആക്കിയിരിക്കുന്നു.”

പെട്ടെന്ന് അവൻ ഉറക്കത്തിൽനിന്നു ഞെട്ടിയുണർന്നു. ഇത്രയുംനേരം താൻ സ്വപ്നമായിരുന്നു കണ്ടിരുന്നത് എന്നത് അവനെ ആശ്ചര്യപ്പെടുത്തി. “എത്ര നേരായീ ന്ന് നിനക്ക് വല്ല ബോധ്യണ്ടോ?” അമ്മ ചോദിച്ചു. അതെ, നേരം വൈകിയിരിക്കുന്നു. ചുറ്റും വെയിൽ പരന്നിരിക്കുന്നു.

“എണീറ്റ് മുഖം കഴുകി വന്നേ”– അമ്മ വാത്സല്യപൂർവം ശാസിച്ചു. അമ്മ തന്നത്താൻ പറയുന്നുണ്ടായിരുന്നു, “തെക്കേതിലെ പ്ലാവ് വെട്ടാന്ന് വെച്ചൊപ്പൊ ഒറ്റയാളേം കിട്ടാനില്യ, കഷ്ടം തന്നെ.”

‘‘വേണ്ടമ്മേ, ആ പ്ലാവ് വെട്ടണ്ട. അതുകൊണ്ട് നമുക്ക് ഉപദ്രവോന്നൂല്ലാലോ... ഇക്കൊല്ലം ഇല്ലെങ്കിൽ അടുത്തകൊല്ലം അത് കായ്ച്ചോളും.” “അതെന്താടാ ഇപ്പൊ അങ്ങനെ തോന്നാൻ?” അമ്മ ചോദിച്ചു.

“അല്ലമ്മേ, അല്ലാതെതന്നെ പരിസ്ഥിതിയോട് നമ്മൾ ഒരുപാട് ദോഷം ചെയ്യുന്നുണ്ട്, അത് വെട്ടേണ്ട.”

ഇതും പറഞ്ഞുകൊണ്ട് അവൻ മുറ്റത്തേക്ക് നടന്നു. പെട്ടെന്നാണ് അവന് മച്ചിലേക്ക് കയറി നോക്കിയാലോ എന്ന് തോന്നിയത്. അവന്റെ സ്വപ്നം യാഥാർഥ്യം ആയിരുന്നില്ല എന്ന സങ്കടത്തോടെ അവൻ മച്ചിലേക്ക് കയറി. ഗംഭീരഭാവത്തോടെ ആ കൂറ്റൻ കണ്ണാടി അവനെ സ്വാഗതം ചെയ്തുകൊണ്ട് അവിടെ നിന്നിരുന്നു. അവന്റെ ചുണ്ടിലൊരു കുസൃതിച്ചിരി വിരിഞ്ഞു.

**ഹാഫിസ് മുഹമ്മദ് പുലാക്കൽ**
8 ടി
പി.കെ.എം.എം.എച്ച്.എസ്.എസ്. എടരിക്കോട്
വേങ്ങര ഉപജില്ല, മലപ്പുറം

# തിരിച്ചറിവ്

മൂന്നാംക്ലാസുകാരനായ അപ്പു പതിവുപോലെ വീടിന്റെ മുന്നിൽ കൂട്ടുകാരെ കാത്തുനിൽക്കുകയായിരുന്നു. അമ്മു, അമ്പിളി, അച്ചു, അവർ എല്ലാവരും വരും. പിന്നെ ഒരു മേളമാണ്. പക്ഷേ, ഇന്ന് എന്തുപറ്റി? ആരെയും കാണുന്നില്ലല്ലോ? അവൻ ആകെ ബോറടിച്ചു. അപ്പോഴാണ് ഒരു വിളി– "ഹലോ അപ്പൂ..." അവൻ തിരിഞ്ഞുനോക്കി. അമ്പിളിയുടെ ശബ്ദം. പക്ഷേ, അവളുടെ മുഖം ഒരു മാസ്ക് കൊണ്ട് മറച്ചിരിക്കുന്നു. "അമ്പിളീ, ഇതെന്തു പറ്റി? എത്ര നേരമായി ഞാൻ കാത്തു നിൽക്കുന്നു, അവരൊക്കെ എവിടെ?" അവൾ പറഞ്ഞു: "എടാ മണ്ടാ, നീ ഒന്നും അറിഞ്ഞില്ലേ? കൊറോണ എന്ന ഒരു ഭയങ്കര രോഗം വന്നിട്ടുണ്ട്. ഓരോ ദിവസവും ആയിരങ്ങളാണ് മരിക്കുന്നത്. ഇനി പുറത്തിറങ്ങാനോ കൂട്ടംകൂടി പറമ്പിൽ പോയി കളിക്കാനോ പാടില്ല. വളരെ അത്യാവശ്യം ഉണ്ടെങ്കിൽ മാത്രമേ പുറത്തിറങ്ങാൻ പറ്റൂ. അപ്പോൾ മാസ്ക് നിർബന്ധമാണ്. പുറത്തുപോയി വന്നാൽ കൈകൾ സോപ്പിട്ട് കഴുകണം, അല്ലെങ്കിൽ കൊറോണ വരും." അപ്പു വാ പൊളിച്ചു: "അപ്പോ ഈ അവധിക്കാലത്ത് നമ്മള് കൂട്ടിലിട്ട കിളികളെ പോലെ കഴിയേ?" അമ്പിളി പറഞ്ഞു: "അത് തന്നെ. നീ കഴിഞ്ഞ ആഴ്ച ഒരു തത്തയെ കെണിവെച്ച് കൂട്ടിലടച്ചില്ലേ, ഇനി അതിനെ പോലെ നമ്മളും കഴിയണം. ഒരുപാട് കാലം, ഈ അസുഖം മാറുന്നതുവരെ. അപ്പൂ, എനിക്ക് കൂടുതൽ സമയം നിൽക്കാൻ പറ്റില്ല. ഞാൻ കടയിലേക്ക് പോവുകയാണ്." അതും പറഞ്ഞ് അവൾ ഓടിപ്പോയി.

അമ്പിളിയുടെ വാക്കുകൾ ഇടിത്തീയായി അവന്റെ മനസ്സിൽ, കൂട്ടിലിട്ട തത്തപോലെ പുറത്തിറങ്ങാതെ എങ്ങനെയാണ് ഞാൻ കഴിയുക? ഈശ്വരാ, പുറത്തിറങ്ങാതെ ഒരു ദിവസംപോലും കഴിയാൻ എനിക്ക് സാധിക്കില്ല. അപ്പോൾ തത്തയെ എത്ര ദിവസമായി ഞാൻ... അവൻ തത്തക്കൂടിനടുത്തേക്ക് ചെന്നു. മിണ്ടാട്ടമില്ലാതെ തലതാഴ്ത്തി ഒന്നുംതിന്നാതെ തത്ത കൂട്ടിൽ ചടഞ്ഞിരിക്കുന്നു. അവന് ഒരു നിമിഷം ആ തത്ത താൻ തന്നെയാണെന്ന് തോന്നി. വിറയ്ക്കുന്ന കൈകളോടെ ആ കൂടിന്റെ വാതിൽ തുറന്ന് അവൻ പറഞ്ഞു: "കിളിയേ, മാപ്പ്... നിന്നെ പിടിച്ചുവയ്ക്കാൻ എനിക്ക് അവകാശമില്ല, പറന്നു പൊയ്ക്കോളൂ." തത്ത അവനെ ഒന്നു നോക്കി. എന്നിട്ട് തന്റെ ചിറകുകൾ വീശി ആകാശത്തേക്ക് കുതിച്ചു. അപ്പോൾ മാത്രം അതിന്റെ ചുണ്ടിൽനിന്നും അവൻ കേൾക്കാൻ കൊതിച്ച ഒരു പാട്ട് കേട്ടു. അവൻ അവന്റെ വീടിന് ഒന്ന് നോക്കി. ഇതാണ് ഇനി എന്റെ കൂട്, കൂട്ടിലടച്ച അപ്പു! അവന്റെ കണ്ണിൽനിന്ന് ഒരുതുള്ളി കണ്ണീർ അടർന്നുവീണു...

**ഷിഹ**
7 എഫ്, പി.ടി.എം.യു.പി.എസ്. മുള്ളിയാകുറിശ്ശി
മേലാറ്റൂർ ഉപജില്ല, മലപ്പുറം



# സ്വപ്നം

നിലാവുള്ള രാത്രി. അമ്പിളിമാമനെ കാണിച്ച് കുഞ്ഞിന് ചോറ് കൊടുക്കുകയായിരുന്നു അമ്മ. രണ്ട് ദിവസമായി ജോലിക്ക് പോയിട്ട്. ഇനി 14 ദിവസം ജോലിക്ക് വരേണ്ട എന്ന് മേസ്തിരി പറഞ്ഞിരിക്കുന്നു. അയൽവാസി മാളു പറയുന്നത് കേട്ടു, ഇനി പുറത്തിറങ്ങാനും പാടില്ലത്രേ... ബസും ട്രെയിനും ഒന്നും ഓടില്ലാന്ന്.

അപ്പു മുറ്റത്തേക്കിറങ്ങി, പഴയൊരു പാത്രത്തിൽ വെള്ളം വയ്ക്കുന്നു. വേനൽക്കാലമായതിനാൽ പക്ഷികൾക്കു വെള്ളം നൽകണമെന്ന് സ്കൂൾ പൂട്ടിയ അന്ന് രാജുമാഷ് പറഞ്ഞിരുന്നു. ഇന്നാണെങ്കിൽ പതിവില്ലാത്തവിധം പക്ഷികൾ ബഹളം വെക്കുന്നു. പുകയും പൊടിയുമൊന്നും ഇല്ലാത്തതുകൊണ്ടാണോ ഇവയെല്ലാം ഇങ്ങനെ അട്ടഹസിക്കുന്നത്? അപ്പു അകത്തേക്ക് കയറി. ആകെ പേടിയാകുന്നു. അച്ഛന് പാലക്കാടാണ് ജോലി. ഇനി എങ്ങനെ നാട്ടിൽ വരും? എങ്ങനെ മരുന്ന് വാങ്ങും?

പെട്ടെന്ന് കുടിലിനുള്ളിൽനിന്നും ഒരു കരച്ചിൽ. അമ്മേ... അമ്മ അകത്തേക്ക് നോക്കി. അപ്പുവാണ്, അവന്റെ അടുത്തുനിന്ന് ഒരാൾ ഓടിപ്പോകുന്നു. അമ്മ ഓടിച്ചെന്ന് അപ്പുവിനെയും കൊച്ചനിയനെയും കൂടി വാരിയെടുത്തു. അമ്മ മൂന്നുപേർക്കും കാവലിരുന്ന് ഉറക്കി. ഇരുന്നിരുന്ന് അമ്മയും അറിയാതെ ഉറക്കത്തിലേക്ക് വഴുതിവീണു. അപ്പോഴതാ, ഒരാൾ ഓലമറയ്ക്കിടയിലൂടെ ഒളിഞ്ഞു നോക്കുന്നു, മറ്റൊരാൾ വാതിൽ തുറക്കാൻ ശ്രമിക്കുന്നു. അയാൾ അകത്തുകയറി കുഞ്ഞുങ്ങളെ ഓരോരുത്തരായി എടുത്ത് പുറത്തേക്ക് കൊണ്ടുപോകുന്നു. ഓരോ കുഞ്ഞിനെയും എടുത്ത് തീയിലേക്ക് എറിയുന്നു. അവസാനത്തെ കുഞ്ഞിനെയും എറിയാൻ മുതിരുമ്പോൾ അമ്മ കരഞ്ഞുകൊണ്ട് ചാടിവീണു. ഞെട്ടിയെണീറ്റു.

അവർ ചുറ്റുംനോക്കി. തന്റെ മൂന്ന് പൊന്നുമക്കളും അല്ലാതെ വേറൊരാളും അവിടെയില്ല. വാതിൽ അടഞ്ഞുതന്നെ കിടക്കുന്നു. അമ്മയുടെ കരച്ചിൽ കേട്ട് അപ്പു ചാടിയെണീറ്റു. "എന്താ അമ്മേ?" എല്ലാം കേട്ട് അവൻ പറഞ്ഞു: "അമ്മ വെറുതെ സ്വപ്നം കണ്ടതാ. ഞങ്ങൾ ഒരിക്കലും അമ്മയെ വിട്ട് എവിടെയും പോകില്ല. ഒരാളും ഞങ്ങളെ കൊണ്ടുപോവുകയും ഇല്ല." അവൻ അമ്മയെ പുണർന്നു. അമ്മ മക്കളെ ചേർത്തണച്ചുകൊണ്ട് വീണ്ടും കിടന്നു.

പെട്ടെന്ന് ഒരു ശബ്ദം. വാതിലിൽ ആരോ മുട്ടുന്നു. മക്കളെല്ലാം പേടിച്ച് കരയാൻ തുടങ്ങി. അൽപ്പം കഴിഞ്ഞ് പതുക്കെ വാതിൽ തുറന്ന് നോക്കി. പുറത്ത് ഒരു സഞ്ചിനിറയെ സാധനങ്ങൾ. ദൂരെ മാസ്ക് ധരിച്ച ഒരാൾ ഓടിപ്പോകുന്നു. സഞ്ചിയുടെ മുകളിൽ ഒരു മരുന്നുകവർ. തുറന്ന് നോക്കി. അവർക്കുള്ള ഗുളിക തന്നെ. ഒരു നെടുവീർപ്പോടെ അമ്മ പറഞ്ഞു: "ദൈവമേ... നീ ഞങ്ങളെ കാത്തു."

**റിൻഷാ ഷെറിൻ**
7 ഡി, പി.ടി.എം.യു.പി.എസ്. മുള്ളിയാകുറിശ്ശി
മേലാറ്റൂർ ഉപജില്ല, മലപ്പുറം

# സമ്മാനം

അപ്പു രണ്ടാംക്ലാസ് വിദ്യാർഥിയാണ്. നഗരത്തിലെ ഒരു ഫ്ളാറ്റിലാണ് അച്ഛനും അമ്മയും അവനും താമസം. എല്ലാവർഷവും സ്കൂൾ അടയ്ക്കുമ്പോൾ അവൻ അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും വീട്ടിൽ പോകും. പരീക്ഷ ഇല്ല എന്ന് അറിഞ്ഞപ്പോൾ മുതൽ അവൻ വളരെ സന്തോഷത്തിലാണ്. ഈ വർഷം നേരത്തേ അപ്പൂപ്പന്റെ വീട്ടിൽ പോകാമല്ലോ... അവൻ അമ്മയോട് ചോദിച്ചു: “അമ്മേ... എന്നെ എന്നാണ് അപ്പൂപ്പന്റെ വീട്ടിൽ കൊണ്ടുപോകുന്നത്?”

“മോൻ എന്തായാലും ഈ വർഷം പോകണ്ട, അമ്മ ഓണത്തിന്റെ അവധിക്ക് കൊണ്ടുപോകാം.” അമ്മയുടെ മറുപടി കേട്ട് അവനെ വിഷമമായി. എല്ലാവർഷവും അപ്പൂപ്പന്റെ വീട്ടിൽ പോകുമ്പോൾ മുറ്റത്തെ മാവ് നിറയെ മാങ്ങകൾ കാണും. അപ്പൂപ്പന് വരെ മാങ്ങ പറിച്ച് ഉപ്പും മുളകും ഇട്ട് കൊടുക്കും. കടയിൽനിന്ന് കിട്ടുന്ന അച്ചാറിനേക്കാൾ എന്ത് രുചിയാണ് അതിന്! പാടത്തിലൂടെ നടന്ന് വലിയ കുളത്തിൽ കുളിക്കാൻ കൊണ്ടുപോകുമായിരുന്നു. ഇവിടത്തെ കുളിമുറിയിൽനിന്ന് കുളിക്കുന്നതിനേക്കാൾ എത്ര മനോഹരമാണ് ആ കുളി. അമ്മൂമ്മ വിവിധതരം പലഹാരങ്ങൾ ഉണ്ടാക്കിത്തരുമായിരുന്നു. അച്ഛൻ വാങ്ങിത്തരുന്ന പാക്കറ്റ് പലഹാരത്തേക്കാൾ എത്ര തവണ കഴിച്ചാലും മതിവരാത്ത പലഹാരം ആയിരുന്നു അവയൊക്കെ. ഇപ്രാവശ്യം എനിക്ക് ഇതെല്ലാം ആരാണ് ചെയ്തുതരുന്നത്? അവൻ ആലോചിച്ചു.

ദിവസങ്ങൾ കടന്നുപോയി, എല്ലായിടത്തും കൊറോണ എന്ന രോഗം വ്യാപിക്കുന്നതായി കേൾക്കുന്നു. എല്ലാവരും ഭീതിയിലാണ്. അച്ഛനും അമ്മയും ജോലിക്ക് പോകുന്നില്ല. ഫ്ളാറ്റിലിരുന്ന് എത്ര കളിച്ചിട്ടും ടി.വി. കണ്ടിട്ടും ഒരു സുഖവും ഇല്ല. പുറത്തേക്ക് ആരുംതന്നെ ഇറങ്ങുന്നില്ല. അച്ഛന്റെയും അമ്മയുടെയും സംഭാഷണത്തിൽനിന്നു വിഷുവിന്റെ കാര്യം അവൻ അറിഞ്ഞു.

അപ്പൂപ്പന്റെ വീട്ടിൽനിന്നാണ് എല്ലാ പ്രാവശ്യവും കണികാണുന്നത്, കൃഷ്ണനെയും. പറമ്പിൽ വിളയുന്ന പച്ചക്കറികളും കണിക്കൊന്നയും എല്ലാം. ഉച്ചയ്ക്ക് അമ്മൂമ്മയുടെ വിഭവസമൃദ്ധമായ സദ്യയും. ഇപ്രാവശ്യം അതൊന്നും ഉണ്ടാകില്ല എന്ന് ഓർക്കുമ്പോൾ അവനു കൂടുതൽ വിഷമമായി.

അങ്ങനെ വിഷുദിനവും എത്തി. ആ ചെറിയ ഫ്ളാറ്റിൽ ചെറിയരീതിയിലുള്ള വിഷു ആഘോഷം അമ്മയും അച്ഛനുമായി ഒരുക്കി. എന്നാൽ രാവിലെ മുതൽ അവൻ ഒന്നും കഴിച്ചിരുന്നില്ല. അച്ഛൻ അവന്റെ അടുത്ത് ചെന്ന് കാര്യം തിരക്കി. അപ്പോഴാണ് അവൻ പറഞ്ഞത്, അവന് അപ്പൂപ്പനെയും അമ്മൂമ്മയെയും കാണണമെന്ന്. അച്ഛന് കാര്യം മനസ്സിലായി. അച്ഛൻ അവനോട് കാര്യം പറഞ്ഞു മനസ്സിലാക്കി.

കൊറോണ എന്ന മഹാമാരിയെ പ്രതിരോധിക്കാനാണ് നാം വീടിനുള്ളിൽത്തന്നെ കഴിയുന്നത്. അതിനായി ആരോഗ്യപ്രവർത്തകരും ഗവൺമെന്റും കഷ്ടപ്പെടുന്നതിനെക്കുറിച്ചും അച്ഛൻ അവനു പറഞ്ഞുകൊടുത്തു. "അവർ നമ്മുടെ നാടിനുവേണ്ടി ഇത്രയും കഷ്ടപ്പെടുമ്പോ നാം നമ്മുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും കുറച്ചുനാളത്തേക്കെങ്കിലും സഹിക്കണ്ടേ. നമ്മുടെ നാടിനെ തിരിച്ചുകിട്ടുക എന്നതാണ് ഏതൊരു മലയാളിയുടെയും സമ്മാനം"– അച്ഛൻ കൂട്ടിച്ചേർത്തു.

**Adhil P Joseph**
3 സി
പൂന്തോട്ടം സെന്റ് ജോസഫ്സ് എൽ.പി.എസ്. പുന്നപ്ര
ആലപ്പുഴ ഉപജില്ല, ആലപ്പുഴ



# തിരിച്ചടി

ഒരു ദിവസം ദൈവത്തിന്റെ മുന്നിൽ രണ്ടുപേർ എത്തി. ഒന്ന് കോവിഡും മറ്റൊന്ന് മനുഷ്യനും. ദൈവം ചോദിച്ചു: "നിങ്ങൾക്കെന്താണ് വേണ്ടത്?" ഇരുവരും ഒരേ സ്വരത്തിൽ പറഞ്ഞു: ''ഞങ്ങളിൽ ആരാണ് സ്വർഗത്തിൽ പോവേണ്ടത്?"

ദൈവം പറഞ്ഞു: ''നിങ്ങളിൽ ആരാണോ ഏറ്റവും കൂടുതൽ ആൾക്കാരെ ഉപദ്രവിച്ചത്, അയാൾക്ക് നരകത്തിൽ പോകാം, മറ്റേയാൾക്കു സ്വർഗത്തിലും പോകാം."

മനുഷ്യൻ പറഞ്ഞു: "ഞാൻ ആരെയും ഉപദ്രവിച്ചിട്ടില്ല, കോവിഡ് ആണ് എല്ലാ മനുഷ്യരെയും ഉപദ്രവിച്ചത്."

കോവിഡ് എതിർത്തുകൊണ്ട് പറഞ്ഞു: "ഞാൻ ആരെയും ഉപദ്രവിച്ചില്ല, ഈ മനുഷ്യൻ കാരണമാണ് ഞാൻ എവിടെ എത്തിച്ചേർന്നത്. കൂടാതെ ഈ മനുഷ്യൻ പ്രകൃതിയെയും ജീവജാലങ്ങളെയും ഉപദ്രവിച്ചു. അഹങ്കാരം നിറഞ്ഞ മനുഷ്യൻ ചെയ്തത്ര ഉപദ്രവം ഞാൻ ആർക്കും ചെയ്തിട്ടില്ല."

എല്ലാം കേട്ട് നിന്ന ദൈവം പറഞ്ഞു: ''നാളിതുവരെയായി ദ്രോഹങ്ങൾമാത്രം ചെയ്ത മനുഷ്യാ, നീ തന്നെയാണ് നരകത്തിൽ പോകേണ്ടത്. എന്നാൽ ഈ യാതനകാലത്തു നീ കാണിച്ച ഒത്തൊരുമ, സഹജീവിസ്നേഹം... അത് കാണാതിരിക്കാനും വയ്യ. അതുകൊണ്ടു മനുഷ്യാ, ഈ കോവിഡിനെ തുരത്താനുള്ള മരുന്ന് നിന്റെ ഒത്തൊരുമയിൽ പിറവിയെടുക്കുന്ന ദിവസം നിനക്ക് ഈ നരകത്തിൽനിന്നു മോചനം ഉണ്ടാകും."

**ധ്യാൻസൂര്യ എ.എൽ.**
4 എ
പുലീപ്പി ഹിന്ദു എൽ.പി. സ്കൂൾ
പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ



# ചക്കക്കുരു



എനിക്ക് എന്നും സങ്കടമായിരുന്നു. തൊട്ടപ്പുറത്തെ മാവിൻചുവട്ടിൽ മാമ്പഴം പെറുക്കാൻ എന്നും രാവിലെ വലിയവനെന്നോ ചെറിയവനെന്നോ ഇല്ലാതെ എല്ലാവരും വരുമായിരുന്നു.

ഇപ്പുറത്തെ പ്ലാവിൻചുവട്ടിൽ വീണു ചിതറിക്കിടക്കുന്ന എന്നെ അവരാരും തിരിഞ്ഞു നോക്കാറുപോലുമില്ല.

അങ്ങനെയിരിക്കെ ആ നാട്ടിൽ എന്തോ കോവിഡ് എന്നോ കൊറോണ എന്നോ പേരുള്ള ഒരു വൈറസ് പടർത്തുന്ന രോഗം വന്നു. അപ്പോൾ ആ നാട്ടിൽ എല്ലാം നിശ്ചലമായി. ആർക്കും പണിയില്ലാതായി, വരുമാനമില്ലാത്തവരായി എല്ലാവരും. കുട്ടികൾ വിശന്നു കരയാൻ തുടങ്ങി. ഭക്ഷണം തേടി അവർ പതിയെ പതിയെ പാടത്തും പറമ്പിലും അലയാൻ തുടങ്ങി. ഒന്നുമില്ല, എല്ലാം തരിശുഭൂമി. എന്ത് ചെയ്യും എന്നു കരുതി നടക്കുമ്പോഴാണ് പ്ലാവിൻചുവട്ടിൽ എന്നെ കാണുന്നത്.

ചീഞ്ഞളിഞ്ഞ ചക്കയിൽനിന്ന് എന്നെ പുറത്തെടുത്ത് അവർ ശേഖരിക്കാൻ തുടങ്ങി. അവർ എന്നെ വീട്ടിൽ കൊണ്ടുപോയി വൃത്തിയാക്കി.

പലതരം കറികളും പലഹാരങ്ങളും ഉണ്ടാക്കി വിശപ്പടക്കി. ഇപ്പോൾ എനിക്ക് നാട്ടിൽ നല്ല പേരാണ്. ആളുകൾ എന്നെ അന്വേഷിച്ചു നടക്കുകയാണ്. ചക്കയുണ്ടോ, ചക്കക്കുരു ഉണ്ടോ എന്നു നോക്കി.

**ഫായിഖ്**
5 എ
പെരിങ്ങത്തൂർ എം.എൽ.പി.എസ്.
ചൊക്ലി ഉപജില്ല, കണ്ണൂർ



# മനോധൈര്യത്തിന്റെ നാളുകൾ

നഗരത്തിന്റെ അനക്കങ്ങളൊന്നുമില്ല. തെളിഞ്ഞ ആകാശം. ഒരു മാസം മുൻപ് വരെ ഉണ്ടായിരുന്ന ചീറിപ്പാഞ്ഞ് പോകുന്ന വാഹനങ്ങളുടെ ഗർജനങ്ങളൊന്നും ഇല്ല, ശുദ്ധമായ വായു. ആനി പതിവുപോലെ ചെടി നനയ്ക്കാനിറങ്ങി. മുറ്റത്ത് ഒരു കൊച്ചു പൂന്തോട്ടമൊക്കെയുണ്ട് ആനിക്ക്. ഭർത്താവും രണ്ടു പെൺമക്കളും അമ്മയും അച്ഛനും അടങ്ങുന്ന ഒരു സന്തുഷ്ടകുടുംബം. അച്ഛൻ റിട്ടയേഡ് എസ്.ഐ. ആണ്. തന്റെ കണ്ണടയും വച്ച് പത്രവായന തുടങ്ങി അച്ഛൻ മാത്യു. കോവിഡ് 19 ന്റെ വിശേഷങ്ങളാണ് പത്രം മുഴുവനും. പത്രത്തിലെ ചില വാർത്തകൾ ചുരുക്കി ആനിയോട് പറയുന്നു.

ഇന്ന് എല്ലാവരും പതിവിലും സന്തോഷത്തിലാണ്. കുട്ടികൾ തങ്ങളുടെതായ കളികളിൽ ഏർപ്പെട്ടിരിക്കുകയാണ്. എന്നാൽ അവരുടെ മുഖത്ത് വളരെയധികം തെളിച്ചമുണ്ട്. ആനി ചെടി നനച്ചശേഷം അടുക്കളയിലേക്ക് ചെന്നു. കാര്യമായി എന്തോക്കെയോ ഉണ്ടാക്കുന്നുണ്ട്. ആനി അമ്മയോട് ചോദിച്ചു: “രണ്ടാഴ്ച കഴിഞ്ഞ് ഈസ്റ്ററല്ലേ, ലോക്ഡൗൺ ആയതോടെ വീട്ടിലിരുന്ന് കുർബാന കൂടണം. സാധാരണ നമ്മൾ പുറത്തുപോയി ഒരു സിനിമ ഒക്കെ കാണാറുള്ളതല്ലേ.”

“നിനക്കറിയാല്ലോ ആനീ പുറത്ത് നടക്കുന്നത്. നമ്മളുടെ കാര്യങ്ങളൊക്കെ കർത്താവിനറിയാം. എവിടെ ഇരുന്ന് വിളിച്ചാലും കർത്താവ് കേൾക്കും. ഇന്ന് വീട്ടിൽ ഇരുന്നാൽ നാളെ നമുക്ക് പുറത്തിറങ്ങാം”– അമ്മ പറഞ്ഞു.

പുറത്ത് പെട്ടെന്ന് ഒരു കാറിന്റെ ശബ്ദം കേട്ടു. തങ്ങൾ പ്രതീക്ഷിച്ച ആൾ എത്തി. വീടിന്റെ മുറ്റത്ത് കാർ പാർക്ക് ചെയ്തശേഷം ഡ്രൈവർസീറ്റിൽനിന്ന് ഇറങ്ങിവന്നത് ജോർജ്, ആനിയുടെ ഭർത്താവ്. ഗൾഫിലായിരുന്നു പുള്ളിക്കാരൻ. ജോർജിനെ കണ്ടപാടെ കുട്ടികളും ആനിയും ഓടി അടുത്തേക്കുചെന്നു. ജോർജ് വലിയ ഒച്ചയിൽ അവരോട് നിൽക്കാൻ പറഞ്ഞു. “നിങ്ങൾക്ക് ഇവിടെ നടക്കുന്നതൊക്കെ അറിയാല്ലോ. പിന്നേയും നിങ്ങൾ ഇങ്ങനെ പെരുമാറുന്നത് എന്താ? നമ്മുടെ ഗവൺമെന്റിന്റെ സഹായത്തോടെയാണ് നാട്ടിലെത്തിയത്. ഞാൻ എയർപോർട്ടിൽ എന്റെ സ്രവങ്ങൾ പരിശോധനയ്ക്ക് നൽകിയശേഷമാണ് ഇവിടെ എത്തിയത്. എന്റെ പരിശോധനാഫലം അറിയാതെ ഞാൻ നിങ്ങളോട് ഇടപഴുകാൻ പാടില്ല. ഒരാഴ്ച കഴിയുമ്പോൾ ഫലം ലഭിക്കും. അപ്പോൾ ആവാം ഇതൊക്കെ”–



ജോർജ് പറഞ്ഞു. കുട്ടികളുടെ മുഖം വാടി. അച്ഛൻ ചോദിച്ചു: "ഇതേത് കാർ? നിനക്ക് ഒരു ടാക്സി വിളിച്ച് ഇങ്ങ് പോന്നാൽ മതിയായിരുന്നില്ലേ." "വാടകയ്ക്ക് എടുത്ത കാറിൽ ഒറ്റയ്ക്കാണ് പപ്പാ ഞാൻ വന്നത്. കാരണം, ഈ രോഗം ആർക്കും വരരുത്."

"ഡാഡി ഞങ്ങൾക്ക് ചോക്ലേറ്റ്സ് ഒന്നും കൊണ്ട് വന്നില്ലേ?" മകൾ റിയ ചോദിച്ചു. "മോളേ, അവിടെനിന്നും ഒന്നും കൊണ്ടുവരാൻ പാടില്ല. നമുക്ക് ഇതൊക്കെ കഴിയുമ്പോൾ പോയി വാങ്ങാല്ലോ." ജോർജ് പറഞ്ഞു.

''എന്റെ പരിശോധനാഫലം അറിയാതെ ഞാൻ മുറിയിൽനിന്നു പുറത്തിറങ്ങില്ല. എനിക്ക് മാത്രം ഉപയോഗിക്കാൻ ഗ്ലാസും പാത്രവും ഞാൻ എടുക്കും, ഒരാഴ്ചത്തേക്ക് നിങ്ങൾ എന്റെ അടുത്ത് വരുകയേ അരുത്. ഞാൻ ഉപയോഗിച്ച സാധനങ്ങൾ തൊടരുത്."

ദിവസങ്ങൾ കടന്നുപോയി. വീട്ടുകാർ അത്ര സന്തുഷ്ടരല്ലെങ്കിലും അവർ ജോർജിനെ ഓർത്ത് അഭിമാനിച്ചു. ഒരു വെള്ളിയാഴ്ച വൈകുന്നേരം ജോർജിന് ഒരു ഫോൺകോൾ വന്നു. ജോർജിന്റെ പരിശോധനാഫലം നെഗറ്റീവ്! മനസ്സിന്റെ വ്യാകുലതകളെല്ലാം ഒരു മഞ്ഞുകട്ട പോലെ ഉരുകിപ്പോയി. അവർക്ക് നന്ദി പറഞ്ഞശേഷം അയാൾ ഫോൺ കട്ട് ചെയ്തു. ഈ കാര്യം എല്ലാവരോടും പറഞ്ഞു. നിറഞ്ഞ സന്തോഷത്തോടെ അവർ പരസ്പരം വാരിപ്പുണർന്നു.

ജോർജ് പറഞ്ഞു: "എങ്കിലും ആശങ്ക ഒഴിഞ്ഞിട്ടില്ല. നമ്മൾ ജാഗ്രത പാലിക്കുക, കൈയും മുഖവും നന്നായി കഴുകണം, വ്യക്തിശുചിത്വവും പാലിക്കുക. ഇനി ലോക്ഡൗണിൽ നമുക്ക് പുതിയ ചെടികളും മരങ്ങളുമൊക്കെ നട്ട് ഭൂമിയെ സംരക്ഷിക്കാം." ഈ ഈസ്റ്ററിന് വേണ്ട സാധനങ്ങൾ ഞാൻ പോയി വാങ്ങാമെന്ന് അച്ഛൻ മാത്യു പറഞ്ഞു. ''അപ്പൂപ്പാ, പ്രായമായവർ പുറത്തിറങ്ങരുതെന്നാണ് സർക്കാർ നമ്മളോട് പറഞ്ഞിട്ടുള്ളത്. ഈസ്റ്ററിന് നമുക്ക് ഇവിടെയുള്ള സാധനങ്ങൾ വച്ച് ആഘോഷിക്കാം." കൊച്ചുമകൾ റിയ പറഞ്ഞു. ദിവസങ്ങൾക്ക് ശേഷം ഈസ്റ്റർ ഇങ്ങെത്തി. പ്രാർഥനകൾ നടത്തിയശേഷം ഭക്ഷണം കഴിക്കുന്നതിന് മുൻപ് കൈകഴുകി വൃത്തിയാക്കി, കഴിക്കുന്നതിന് മുൻപ് പ്രാർഥനയിൽ നമുക്ക് വേണ്ടി ദിനരാത്രം കഷ്ടപ്പെടുന്ന ആരോഗ്യപ്രവർത്തകരെയും പോലീസുകാരെയും മറ്റെല്ലാരേയും ഓർത്തു.

**മേരി ആഗ്നസ് കെ.എ.**
9 എ
ഫാത്തിമ ഗേൾസ് എച്ച്.എസ്, ഫോർട്ടുകൊച്ചി
മട്ടാഞ്ചേരി ഉപജില്ല, എറണാകുളം

# അതിജീവനം

“സാവിത്രീ...., ഒന്നിങ്ങോട്ട് വന്നേ, താൻ ന്യൂസ് കണ്ടോ? നാളെ മുതൽ ലോക് ഡൗൺ ആണ്. അടുക്കളയിൽ സാധനം വല്ലതും ഇരിപ്പുണ്ടോ? ഇല്ലെങ്കിൽ പെട്ടെന്ന് തന്നെ ഒരു ലിസ്റ്റ് ആക്കി ഇങ്ങ് താ. മാർക്കറ്റിൽ ഇപ്പോൾ തന്നെ തിരക്ക് കൂടിക്കാണും.”

“അയ്യോ സേതുവേട്ടാ, എന്തിനാ ഇപ്പോൾ ഇങ്ങനെ ഒരു ലോക്ഡൗൺ ഒക്കെ?”
“ഓ എന്റെ പൊന്നേ.... നീ ഇത് ഏത് ലോകത്താ? ഈ കൊറോണ വൈറസ് വ്യാപനമൊന്നും നീ അറിയുന്നില്ലേ? അതെങ്ങനാ...... ഒന്നുകിൽ അടുക്കളയിലെ പണി, ഇല്ലേൽ സീരിയൽ. അതല്ലേ നിന്റെ ശീലം. ഇടയ്ക്കൊക്കെ പത്രം വായിക്കണം.”

“എന്റെ സേതുവേട്ടാ, നിങ്ങൾക്ക് ഈ ഇരുപത്തിനാല് മണിക്കൂറും എന്നെ കുറ്റം പറഞ്ഞിരിക്കലാണോ വിനോദം. അതിനായിട്ട് ഒരവസരം കാത്തിരിക്കുന്നതു പോലെയുണ്ട്.”

“എടീ, ഞാൻ നിന്നെ കുറ്റം പറഞ്ഞതോ കളിയാക്കിയതോ അല്ല. മുമ്പ് നാട്ടിൽ ഉണ്ടായ പ്രശ്നങ്ങളെ പോലെ അല്ല. ഈ കൊറോണ ആളൊരു ഭീകരനാ. വില്ലൻമാരുടെ തന്നെ രാജാവാ. അതുകൊണ്ട് തന്നെ ഓരോ മനുഷ്യരും വളരെയധികം ജാഗരൂകരാകണം. ഈ വൈറസിനെ പറ്റി നീ കേട്ടിട്ടില്ലേ? ‘ബ്രേക് ദ ചെയിൻ...’ അത് എന്ത് കൊണ്ടും നല്ലതാണ്. നല്ലൊരു നാളെക്കായ് നമ്മൾ മനുഷ്യർ പരസ്പരം അകലം പാലിക്കുന്നു. മനസ്സിൽ അവരെ ചേർത്തുപിടിച്ചുകൊണ്ട്.”

“അയ്യോ... സേതുവേട്ടാ, അപ്പൊ മക്കളുടെ ബാക്കിയുള്ള പരീക്ഷകളോ? മറ്റാരെയും പോലെ അല്ല ലച്ചു, പത്താം ക്ലാസ് ആണ്.”

“അതൊക്കെ മാറ്റിയെടോ. നീ കൂടുതൽ കൂടുതൽ പൊട്ടത്തരം ചോദിക്കാതെ ഒന്നാ ന്യൂസിരുന്ന് കാണ്. മക്കളെയും വിളിച്ചിരുത്തി കാണിക്ക്. സർക്കാർ മാത്രം ജാഗ്രതകാണിച്ചിട്ട് കാര്യമില്ല. എല്ലാർക്കും തുല്യ ഉത്തരവാദിത്തമാണ്.”

“ശരി, ഞാൻ കണ്ടോളാം. ഇതാ കവറും ലിസ്റ്റും.”

സേതുമാധവൻ കർക്കശക്കാരനായ ഒരു ഗൃഹനാഥനായതുകൊണ്ടുതന്നെ സാവിത്രി വൈറസ്പ്രശ്നത്തെ കൂടുതൽ അറിയാനായി വാർത്ത കാണാൻ തീരുമാനിച്ചു. ഓരോ ന്യൂസ് ചാനലിലെയും മാറിമാറി വരുന്ന ചർച്ചകളും



ഫ്ളാഷ് ന്യൂസുകളും കാണുമ്പോഴാണ് സാവിത്രി കൂടുതൽ കൂടുതൽ കൊറോണവൈറസ് എന്ന വില്ലന്റെ തനിനിറം മനസ്സിലാക്കുന്നത്.

സാധനം ഒക്കെ വാങ്ങി തിരിച്ചു വീട്ടിലെത്തിയ സേതു നോക്കിയപ്പോൾ സാവിത്രി തന്റെ തയ്യൽമെഷീന് മുന്നിലായിരുന്നു. അവളെ ബുദ്ധിമുട്ടിക്കേണ്ടെന്ന് കരുതി വാങ്ങിയ സാധനം ലച്ചുവിന്റെയും ഇളയ മകൾ മീനുവിന്റെയും കൈയിൽ ഏൽപ്പിച്ചിട്ട് സേതു കൈ കഴുകാൻ പോയി. “അച്ഛൻ വന്നോ മക്കളേ?” സാവിത്രി ഉത്കണ്ഠയോടെ ചോദിച്ചു.

“അച്ഛൻ കുറേ നേരമായി വന്നിട്ട് അമ്മേ. ഉമ്മറത്ത് ഇരുപ്പുണ്ട്.” ലച്ചുവിന്റെ മറുപടി കിട്ടിയപ്പോൾ സാവിത്രി താൻ ഇതുവരെ തയ്ച്ചതുമെടുത്ത്



ഉമ്മറത്തേക്ക് പോയി. “സേതുവേട്ടാ, ഇങ്ങോട്ട് നോക്കിയേ, ഇനി മാർക്കറ്റിലൊക്കെ പോകുമ്പോൾ ഈ മുഖാവരണം അണിഞ്ഞിട്ട് പോയാൽ മതി കേട്ടോ? ഒരു ചെറിയ അശ്രദ്ധപോലും നമ്മുടെ ഭാഗത്തുനിന്ന് വേണ്ട.” സേതുവിന് സാവിത്രിയുടെ പ്രവൃത്തി ഏറെ സന്തോഷം നൽകി. ഇതുപോലെ എല്ലാ കുടുംബവും ഒറ്റക്കെട്ടായി ജാഗ്രത പുലർത്തിയാൽ രക്ഷപ്പെടാവുന്നതേയുള്ളൂ നമ്മുടെ നാട്.

“സേതുവേട്ടാ, എനിക്കെന്തോ പേടിയാകുന്നു.”

“എന്തിനെടോ, ഒന്നും പേടിക്കണ്ട. പ്രതിരോധം അല്ലേ ഏറ്റവും വലിയ പ്രതിവിധി. അതുകൊണ്ടുതന്നെ ഈ ദുരിതാവസ്ഥയും കടന്നു പോകും. നമുക്കായി വിശ്രമമില്ലാതെ കഷ്ടപ്പെടുന്ന സർക്കാറിനെയും ആരോഗ്യപ്രവർത്തകരെയും പോലീസ് സേനയെയും ഒന്ന് ഓർത്താൽ മതി, പേടി എന്ന വികാരം മാറി അഭിമാനം നിറയും. നമ്മൾ അതിജീവിക്കും. ഒരു കൊറോണകൊണ്ടോ നിപ കൊണ്ടോ കേരളത്തെ തകർക്കാൻ ആകില്ല. കാരണം, ഇത് കേരളമാണ്... കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഒരു മനസ്സോടെ ജീവിക്കുന്നവരാണ്. നമുക്ക് തകർച്ചയില്ല. അതിജീവനം മാത്രം. അതാണല്ലോ നമ്മുടെ ശീലം!”

**സായിപ്രിയ എം.എസ്.**
9 എ
ബി.ഇ.എം.എച്ച്.എസ്. വടകര
വടകര ഉപജില്ല, കോഴിക്കോട്

# സ്നേഹസമ്മാനം

എല്ലാ ദിവസവും ശുഭപ്രതീക്ഷകളുമായാണ് ഹേസൽ എഴുന്നേൽക്കുന്നത്. അന്നും അവൾ എഴുന്നേറ്റ ഉടൻതന്നെ തന്റെ പ്രിയപ്പെട്ട പ്രാവിൻകൂട്ടത്തിന് ഭക്ഷണവും വെള്ളവും വച്ച് കൊടുത്തു. അൽപ്പം മാറിനിന്ന് അവ അരിമണികൾ കൊത്തിത്തിന്നുന്നത് കണ്ട് സന്തോഷിച്ചു.



ദിനപത്രത്തിന്റെ താളുകൾ മറിച്ചപ്പോൾ അവളുടെ മുഖത്തെ ചിരി മാഞ്ഞു. കോവിഡ് എല്ലായിടത്തും പടരുകയാണ്. അവൾ ഒരുനിമിഷം കണ്ണടച്ച് ദൈവത്തെ ഓർത്തു. ദുരിതം അനുഭവിക്കുന്നവർക്ക് വേണ്ടി തനിക്കും എന്തെങ്കിലും ചെയ്യണം. പക്ഷേ, വീട്ടിലെ സ്ഥിതി വളരെ മോശമാണ്. രണ്ട് പശുക്കളാണ് അവളുടെ വീടിന്റെ വരുമാനം.

ഒന്നും ആലോചിക്കാതെ ആ രണ്ട് പശുക്കളെയും വിറ്റിട്ട് ആ തുക അവൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകി. ചെറിയ ജോലികൾ ചെയ്ത് അവൾ കുറച്ച് നാളുകൾ ജീവിച്ചു.

ഒരുദിവസം ആരോ വാതിലിൽ മുട്ടുന്നതു കേട്ട് അവൾ കതക് തുറന്നു. പക്ഷേ, ആരെയും അവളവിടെ കണ്ടില്ല. പെട്ടെന്ന് തൊഴുത്തിൽനിന്ന് പശുക്കളുടെ കരച്ചിൽ കേട്ട് നോക്കിയ അവൾ ഞെട്ടിപ്പോയി. അവിടെ നാലു പശുക്കളെ കെട്ടിയിരിക്കുന്നു. ഏറെ അത്ഭുതത്തോടെ ഹേസൽ തൊഴുത്തിലേക്ക് ചെന്നു.

അവിടെനിന്ന് ഒരു കുറിപ്പ് അവൾക്ക് കിട്ടി. അവളത് വായിച്ചു: "പ്രിയ ഹേസലിന്, ഇത് തന്റെ നല്ല മനസ്സിന് ദൈവം തന്ന സമ്മാനമായി കരുതുക."

ആ കുറിപ്പ് ആരെഴുതിയതാണെന്ന് അതിലുണ്ടായിരുന്നില്ല. എങ്കിലും അത് ദൈവത്തിന്റെ സമ്മാനമായി കരുതി അവൾ പിന്നീടുള്ള കാലം ഉള്ളതിൽനിന്ന് മറ്റുള്ളവരെ സഹായിച്ച് സന്തോഷത്തോടെ ജീവിച്ചു.

**ആയിഷ**
9 എ, ബി.എച്ച്.എച്ച്.എസ്.എസ്.
മാവേലിക്കര ഉപജില്ല, ആലപ്പുഴ



# വല്ലിമ്മ പറഞ്ഞ കഥ

“പണ്ട് നാട്ടിൽ ഒരു പകർച്ചവ്യാധി പിടിച്ചു, വസൂരി. ഇന്നത്തെപ്പോലെ ആശുപത്രികളോ ഡോക്ടർമാരോ മറ്റുസൗകര്യങ്ങളോ ഇല്ലാത്ത കാലം. വീട്ടിൽ ഒരാൾക്ക് രോഗം വന്നാൽ അവരെ താൽക്കാലിക ഷെഡ് പോലെ കെട്ടിയുണ്ടാക്കി അതിലേക്ക് മാറ്റിപ്പാർപ്പിക്കുകയായിരുന്നു പതിവ്. അവരെ കാണാനോ പരിചരിക്കാനോ ആരും മുതിരില്ല. മുതിർന്നാൽ അടുത്ത രോഗി അവനായിരിക്കും. മരിച്ചാൽപ്പോലും അവരെ വേണ്ടവിധം സംസ്കരിക്കാൻ ആരുമുണ്ടാവില്ല. കിടന്നിരുന്ന പായയിൽത്തന്നെ ചുരുട്ടിക്കെട്ടി ദൂരേ കൊണ്ടുപോയി കളയാൻ പ്രത്യേകം ആളുകളെ ഏർപ്പാടാക്കും.

‘പണ്ടാരക്കെട്ട്’ എന്ന് പറഞ്ഞ് ഉറ്റവരും ഉടയവരുമില്ലാത്ത അനാഥ ശവങ്ങളായി അവർ മാറുമായിരുന്നു”- വല്ലിമ്മ ഇത്രയും പറഞ്ഞപ്പോൾ കണ്ണുനിറച്ച് എന്തൊക്കെയോ ഓർത്തിരുന്നു. അറിയാതെ ഞാനും കണ്ണു തുടച്ചുപോയി. ആ വല്ലിമ്മ മരിച്ചിട്ട് രണ്ടുവർഷം കഴിഞ്ഞു. ഇപ്പോൾ ഞാനെന്തിനാ ഇതെല്ലാം ഓർക്കുന്നതെന്നല്ലേ. ഓർത്തുപോയി, നാടു മുഴുവൻ ലോക്ഡൗണിലല്ലേ, പള്ളികളും അമ്പലങ്ങളും പള്ളിക്കൂടങ്ങളും ഓഫീസുകളും മാളുകളും എല്ലാം അടഞ്ഞുകിടക്കുന്നു. വീട്ടിനുള്ളിൽ ഇരുന്ന് മടുത്ത് വിരസത മാറ്റാൻ ഇറങ്ങുന്നവരെയൊക്കെ പോലീസ് മാമൻ മാർ വിരട്ടിയോടിക്കുന്നു. വല്ലിമ്മാന്റെ കാലത്തെ വസൂരിയെക്കാൾ വലിയ രോഗമാണോ ഈ കോവിഡ് 19? എന്തിനാ ഇത്ര അടച്ചുപൂട്ടലുകൾ? സംശയം ഉപ്പയോട് ചോദിച്ചു. ഉപ്പ ഒരു വലിയ ക്ലാസ് തന്നെ തന്നു. “പകർച്ചവ്യാധികൾ എന്നും നാടിന് ശാപമാണ്. ഇന്നത്തെ ഐസൊലേഷൻ, അതായിരുന്നു അന്നത്തെ ആ താൽക്കാലിക ഷെഡ്. പക്ഷേ, ഇന്ന് ഐസൊലേഷനിലായാലും അവരെ പരിചരിക്കാൻ ഭൂമിയിലെ മാലാഖമാരുണ്ട്. മരിച്ചാൽ അവർക്കുവേണ്ടി കർമ്മങ്ങൾ ചെയ്യാൻ സന്നദ്ധസേവകരുണ്ട്. പിന്നെ അടച്ചുപൂട്ടാൻ ഇന്നത്തത്ര പള്ളികളും അമ്പലങ്ങളും മാളുകളും റോഡുകളും വാഹനങ്ങളും അന്നില്ലല്ലോ...” ഉപ്പ പറഞ്ഞതും പത്രങ്ങളിൽ വായിച്ചതും എല്ലാം കൂട്ടിച്ചേർത്തപ്പോൾ വല്ലിമ്മ പറഞ്ഞ വസൂരിക്കാലവും ഇന്ന് ഞാൻ കണ്ടറിഞ്ഞ കൊറോണക്കാലവും ഒരുകഥയായി ഞാൻ കടലാസിലേക്ക് പകർത്തുന്നു.

**നഫ്‌ല**
6 എ
എ.എം.യു.പി. സ്കൂൾ, വാണിയന്നൂർ
താനൂർ ഉപജില്ല, മലപ്പുറം



# പണത്തിന്റെ അഹങ്കാരം

ആ വീട്ടിൽ സൽക്കാരങ്ങൾക്ക് ഒരു കുറവും ഉണ്ടായിരുന്നില്ല. അവിടെ ആളും ആരവവും ഇല്ലാത്ത നേരമില്ല. രണ്ടാൾ പൊക്കത്തിലുള്ള ചുറ്റുമതിലും കൂറ്റൻ കവാടവും കാവലിനു വളർത്തുനായ്ക്കളും നാലതിരിലും നിരീക്ഷണ കാമറകളും വലിയ പൂന്തോട്ടവും നീന്തൽക്കുളവും മറ്റു സൗകര്യങ്ങളുമേറെയുള്ള ആ വീട്ടിനെ വീടെന്നല്ല, മണിമന്ദിരമെന്നോ മോഹനക്കൊട്ടാരമെന്നോ ആണ് വിളിക്കേണ്ടത്. ഗൃഹനാഥൻ വലിയ പ്രമാണിയാണ്. ഇതര പ്രമാണിമാരും മതരാഷ്ട്രീയപ്പാർട്ടികളുടെ മുൻനിര നേതാക്കളും അവരുടെ ശിങ്കിടികളും എപ്പോഴും അവിടെ വന്നും പോയുമിരുന്നു. നാട്ടിലെ പ്രബലസംഘടനകളുടെയും ഒരു സാംസ്കാരിക കൂട്ടായ്മയുടെയും യോഗങ്ങൾ സ്ഥിരമായി നടക്കാറുള്ളത് ആ വീട്ടിലാണ്. യോഗം അവിടെയാകുമ്പോൾ മാത്രമേ കൂടുതൽ അംഗങ്ങൾ പങ്കെടുക്കാറുള്ളൂ. യോഗത്തിലെ നിർണായക ചർച്ചകളിലായിരുന്നില്ല, യോഗാനന്തരം വിളമ്പുന്ന വിഭവസമൃദ്ധമായ വിരുന്നിലായിരുന്നു പലർക്കും താൽപ്പര്യം. ചുരുക്കത്തിൽ, വിരുന്നൊഴിഞ്ഞ ദിനരാത്രങ്ങൾ ആ വീട്ടിൽ വളരെക്കുറച്ചേ ഉണ്ടായിക്കാണൂ. പക്ഷേ, ഈ സൽക്കാരധൂർത്തിൽ ക്ഷണം കിട്ടാത്ത ദരിദ്രരായ അയൽവാസികളും കുടുംബക്കാരും ആ നാട്ടിൽ ഒരുപാടുണ്ടായിരുന്നു. അന്നും ആ വീട്ടിൽ പ്രമാണിമാർ പങ്കെടുക്കുന്ന പതിവുയോഗം നടന്നുകൊണ്ടിരിക്കുന്നു. ശേഷം ഗംഭീര സൽക്കാരവുമുണ്ട്. അതിനു കോപ്പുകൂട്ടുന്നതിനിടയിലാണ് ഒരു കോഴി അവിടത്തെ ആഴമേറിയ കിണറ്റിൽ വീണത്.

“എന്തു ചെയ്യും? ശ്വാസം കിട്ടാത്ത കിണറാണ്!” “കോഴി ചാവുന്നതിന് മുമ്പ് കിണറ്റിൽ ആരിറങ്ങി രക്ഷിക്കും?’’ ‘‘അവിടെ യോഗം തീരാറായി. ഭക്ഷണത്തിനൊപ്പം വെള്ളം വച്ചുകൊടുക്കാനുള്ളതാണ്.” “അല്ല, അതിന് ഒരാളിറങ്ങണ്ടേ?” “ങ്ഹാ, കിണറ്റിലിറങ്ങണ യൂസുഫ് ഇവടെ അടുത്തല്ലേ താമസം.” ആരോ ഓർമ്മിപ്പിച്ചു. “ശരിയാ, ഞാൻ അവനെ വിളിച്ച് വരാം.” ഒരാൾ വേഗം പുറത്തേക്കോടി. പണിക്കാരുടെ ഒച്ചപ്പാട് കേട്ട് ഗൃഹനാഥൻ കിണറ്റിനരികിലെത്തി. അയാൾക്ക് കാര്യം മനസ്സിലായി. പക്ഷേ, പരിഹാരം? “ആരാള്ളത് ഒന്ന് കിണറ്റിലിറങ്ങാൻ?” “സാധാരണ ങനെത്തെ പ്രശ്നം മ്മളെ നാട്ടിലുണ്ടാവുമ്പോ മ്മളെ യൂസുഫ് വരാറുണ്ട്, മൊതലാളീ”– ആരോ പറഞ്ഞു. “ന്നട്ട് ആരെങ്കിലും അവനെ സഹായത്തിന് വിളിച്ചോ?” “വിളിച്ചു മൊതലാളീ, പക്ഷേ, മൊതലാളി നേരിട്ട് ചെന്ന് അവനെ വിളിക്കണംന്ന് പറഞ്ഞ് ന്നെ മടക്കി വിട്ടു.’’ യോഗം തീർന്ന് അതിഥികളായ പ്രമാണിമാർ ഭക്ഷണത്തിനിരിക്കാനായി. കുടിക്കാൻ വെള്ളം ചോദിച്ചാൽ... അത്യാവശ്യം തന്റേതായില്ലേ.

ഈഗോ കാണിക്കാൻ പറ്റിയ സമയമല്ല. പോയി വിളിച്ചേക്കാം. തിരക്ക് കഴിഞ്ഞ് അവന്റെ അഹങ്കാരത്തിനുള്ളത് പിന്നെ കൊടുക്കാം എന്ന് കണക്കാക്കി അയാൾ യൂസുഫിന്റെ വീട്ടിലേക്ക് നടന്നു. അധിക ദൂരമില്ല. തൊട്ടയൽപക്കമാണ്. ദരിദ്രനാണ്. ഒരിക്കൽപ്പോലും തന്നെപ്പോലുള്ളവർ ഇത്തരം വീട്ടിൽ കയറില്ല. ഇതിനു മുമ്പിവിടെ കയറിയിട്ടുമില്ല. വീട്ടുമുറ്റത്ത് കുറേ ആളുകളുണ്ടല്ലോ. ഇതിൽ ആരായിരിക്കും യൂസുഫ്? ഓ, വണ്ണമുള്ള കയർകൊണ്ട് പിടിച്ച് നിൽക്കുന്ന ആ കറുത്തുമെലിഞ്ഞവനായിരിക്കും. ബാക്കിയുള്ളത് അവന്റെ ചങ്ങാതിമാരോ മറ്റോ ആയിരിക്കണം. ആ, ആരെങ്കിലുമാകട്ടെ. കയർകൊണ്ട് അവൻ വടമുണ്ടാക്കുകയാണ്. അപ്പോൾ വന്ന് കിണറ്റിലിറങ്ങാൻ തന്നെയാണ് ഭാവം. പിന്നെന്തിന് തന്നെ ഇങ്ങോട്ട് വിളിച്ച് പ്രയാസപ്പെടുത്തുന്നു. അഹങ്കാരി, കാണിച്ചു തരാം. "യൂസുഫേ..." കയറുമായി നിൽക്കുന്നവന്റെ അരികിലെത്തി അയാൾ വിളിച്ചു; ഉള്ളിലെ നുരഞ്ഞുപതയുന്ന അമർഷമടക്കി പരമാവധി സ്നേഹഭാവത്തിൽതന്നെ. ''മൊതലാളീ, ഞാനാണ് യൂസുഫ്''- കൂടിനിൽക്കുന്നവർക്കിടയിൽ നിന്ന് കൈലിമുണ്ടും ബനിയനും ധരിച്ച ഒരാൾ തലയിൽ ഒരു ഉറുമാലും കെട്ടി ചിരിച്ചുകൊണ്ട് മുന്നോട്ടുവന്നു. "തൊട്ടയൽപക്കമായിട്ടും മൊതലാളിക്ക് ന്നെയോ ഇവരെയോ അറിയില്ല. നാട്ടിലെ ബല്യ ബല്യ ഹോജാമാരെയൊക്കെ ങ്ങള് അറിയും. വീട്ടില് ചോറുള്ള ഓല്ക്കൊക്കെ ങ്ങള് സൽക്കാരം കൊടുക്കും. ന്തെങ്കിലും അത്യാപത്ത് ണ്ടായാ ഓടി ബരേണ്ട അയൽക്കാരായ മ്മളെയൊന്നും ങ്ങക്ക് അറ്യേണ്ട, ല്ലേ. അതെങ്ങനെ, ദൂരെള്ള ചൊവ്വാഗ്രഹത്തിലും മറ്റും ബെള്ളണ്ടോന്ന് നോക്കണ കാലല്ലേ, അതുങ്കൂടി വെട്ടിപ്പുടിച്ച് കൂട്ടിപ്പുടിച്ച് ജീവിക്കാൻ. അപ്പോ തൊട്ടപ്പറത്തെ ബീട്ടില്ള്ളോരെ കഞ്ഞിപ്പാത്രത്തില് ബെള്ളണ്ടോന്ന് ആര് നോക്കാനാണ്. പ്പൊ ഒരു കോയി ങ്ങളെ കെണറ്റില് ബീണപ്പോ ങ്ങള് ഞമ്മളെ അന്വേഷ്ച്ച് ബന്ന്. ആയിരം കോയികള് ങ്ങളെ ബീട്ടിലെ ചെമ്പില് ബീണപ്പളൊന്നും ങ്ങക്ക് ഞമ്മള് അയൽവാസിപ്പാവങ്ങളെ ഓർമ്മണ്ടായില്ല. ബരിൻ, ആ കോയിനെ ഞമ്മള് ട്ത്തരാം." കയറുമായി യൂസഫ് നടന്നു, അവന്റെ പിറകെ അയാളും. പക്ഷേ, വന്ന പോലല്ല, തിരിച്ചു നടക്കുമ്പോൾ അയാളുടെ തല താഴ്ന്നിരുന്നു; മുഖം വിവർണമാവുകയും ചെയ്തിരുന്നു

**അഫ്‌ലഹ്**
6 എച്ച്
എ.എം.യു.പി. സ്കൂൾ, അയ്യായ
താനൂർ ഉപജില്ല, മലപ്പുറം



# ഒരു കർഫ്യൂദിനം

പതിവുപോലെയല്ലായിരുന്നു ചെറിയമുണ്ടം ഗ്രാമം. രാവിലെ അച്ഛൻ വാർത്ത വച്ചപ്പോൾ ആണ് സംഭവത്തിന്റെ ഗൗരവം എന്തെന്ന് ഹരിക്ക് മനസ്സിലായത്. ലോകം മുഴുവൻ വ്യാപിച്ച കോവിഡ് 19 എന്ന കോറോണ വൈറസ് നമ്മുടെ രാജ്യത്തും സ്ഥിരീകരിച്ചിട്ടുണ്ട്. വിദേശത്തുനിന്ന് വരുന്നവരിലാണ് ഈ രോഗം കൂടുതലായി കാണുന്നത്. അതിനാൽ ഇന്ത്യയിൽ സമ്പൂർണ അടച്ചിടൽ പ്രഖ്യാപിച്ചിരിക്കുകയാണ്. കടകൾ തുറക്കാൻ പാടില്ല എന്നിങ്ങനെയുള്ള നിയന്ത്രണങ്ങളുണ്ട്. എന്നാലും പ്രശ്നം വളരെ ഗൗരവകരമാണ്. അപ്പോഴാണ് ഹരി ടി.വിയിൽ വാർത്താ അവതരണവേളയിൽ അവതാരകന്റെ ലാപ്ടോപിനടുത്ത് സാനിറ്റൈസർ ബോട്ടിൽ വച്ചതായി ശ്രദ്ധിക്കുന്നത്. അച്ഛൻ ഇന്നലെ പറഞ്ഞ സാനിറ്റൈസർ ഉപയോഗത്തെപ്പറ്റി ഹരി മനസ്സിലാക്കിയിരുന്നു. നമ്മുടെ കൈകൾ അണുവിമുക്തമാക്കുന്നതിനാണ് സാനിറ്റൈസർ ഉപയോഗിക്കുന്നത്. ഇങ്ങനെ ചിന്തിച്ചുനിൽക്കുമ്പോഴാണ് മൊബൈൽ ഫോൺ റിങ് ചെയ്തത്. അത് ഹരിയുടെ കൂട്ടുകാരൻ അർജുൻ ആയിരുന്നു. ഫോണെടുത്ത ഹരി ആദ്യം ചോദിച്ചത്, അവിടെ കോറോണവൈറസിന്റെ പ്രശ്നങ്ങളില്ലല്ലോ എന്നും വൈറസിനെ എങ്ങനെയെല്ലാം പ്രതിരോധിക്കുന്നു എന്നുമാണ്. ഇത് കേട്ട അർജുൻ പാഠപുസ്തകത്തിലെ അടിസ്ഥാനശാസ്ത്രത്തിൽ ശുചിത്വത്തെപ്പറ്റി ടീച്ചർ പറഞ്ഞുതന്ന വിവരങ്ങൾ ഹരിയോട് പറഞ്ഞു. ഇരുവരും ഫോൺ വച്ച്, തങ്ങളുടെ മാതാപിതാക്കളോടൊപ്പം വീടും പരിസരവും വൃത്തിയാക്കി വ്യക്തിശുചിത്വം പാലിക്കുകയും ചെയ്തു. കൊറോണവൈറസിനെ താൽക്കാലികമായി പ്രതിരോധിക്കുന്നതിന് കൈകൾ 20 സെക്കന്റ് ഹാൻഡ്‌വാഷ് ഉപയോഗിച്ചു കഴുകുക, തുമ്മുമ്പോളും ചുമയ്ക്കുമ്പോളും തൂവാല ഉപയോഗിക്കുക എന്നിങ്ങനെയുള്ള പാഠങ്ങൾ ഹരി കൂടുതൽ സുഹൃത്തുക്കൾക്കും വാട്സ്ആപ്പ് വഴി കൈമാറി. പിന്നീട് ഹരി താങ്കളുടെ നാട്ടിലെ കൊറോണവ്യാപനം കുറഞ്ഞതിന്റെ ആശ്വാസത്തിൽ ആനന്ദിച്ചു, ഒപ്പം ജാഗ്രത പുലർത്തുകയും ചെയ്തു.

**ഷിഫിൻ**
5 എ
എസ്.വി.എ.യു.പി. സ്കൂൾ, ഇരിങ്ങാവൂർ
താനൂർ ഉപജില്ല, മലപ്പുറം

# ദേവുവിന്റെ പ്രകൃതിസ്നേഹം

ഒരിടത്തൊരിടത്ത് മരങ്ങളാൽ തിങ്ങിനിറഞ്ഞ ഒരു കാടുണ്ടായിരുന്നു, ആ കാടിന്റെ പിറകിലാണു ദേവുവിൻെറ വീട്. ദേവുവും പ്രകൃതിയും നല്ല കൂട്ടുകാരാണ്. ഒരു ദിവസം പ്രഭാതത്തിൽ ദേവു പ്രകൃതിയുടെ ഏറ്റവും പ്രിയപ്പെട്ട മരത്തിൻെറ അരികിലെത്തി. ആ മരത്തിലൊരു കിളിയിരിക്കുന്നത് അവൾ കണ്ടു. ദേവു ചോദിച്ചു: "എന്താ കിളീ, ഒരു സങ്കടം? ഞാൻ ഇതിനുമുൻപ് നിന്നെ ഇവിടെ കണ്ടിട്ടില്ലല്ലോ." കിളി പറഞ്ഞു: ''ഞാൻ താമസിച്ചിരുന്ന എൻെറ മരവും എൻെറ കൂട്ടുകാരെയും നഗരത്തിലെ മനുഷ്യർ വന്ന് വെട്ടി ഒരു ലോറിയിൽ കയറ്റി കൊണ്ടുപോയി.'' ''അയ്യോ! ഇതൊരു മോശമായ വാർത്തയാണല്ലോ ദേവൂ, മനുഷ്യർ എത്ര ക്രൂരരാണെന്ന് നിനക്കറിയാമോ..." ഇതും പറഞ്ഞ് കിളി കരയാൻ തുടങ്ങി. "നീ കരയണ്ട കിളീ, എനിക്കറിയാം മനുഷ്യർ കാരണം നിൻെറ വീടാണ് നശിപ്പിച്ചത്.'' "എൻെറ മാത്രമല്ല, ദേവൂ, എൻെറ കൂട്ടുകാരായ അല്ലിത്തത്തയുടെയും അണ്ണാൻചേട്ടൻെയും ഒക്കെ വീടുപോയി. അയ്യോ!" "കരയാതിരിക്കൂ ദേവൂ..." കിളിയെ സമാധാനിപ്പിച്ചു. അന്ന് രാത്രി അത്താഴം കഴിച്ചുകൊണ്ടിരുന്നപ്പോൾ ദേവു അമ്മയോടു ചോദിച്ചു: ''എന്തിനാണമ്മേ ഈ മനുഷ്യർ പക്ഷികളുടെയും മൃഗങ്ങളുടെയും വീടുകൾ നശിപ്പിക്കുന്നത്? ഈ മരങ്ങളെ അല്ലേ പല ജീവികളും ആശ്രയിക്കുന്നത്. മരങ്ങൾ നമുക്കെല്ലാം തരുന്നില്ലേ! നമുക്ക് ശ്വസിക്കാനുള്ള ഓക്സിജൻ വരെ മരങ്ങൾ തരുന്നു എന്ന് എനിക്ക് അമ്മ പറഞ്ഞുതന്നിട്ടില്ലേ! പാവം മരം." അമ്മ പറഞ്ഞു: "മോളേ, ഇതൊക്കെ മനുഷ്യരുടെ ക്രൂരതകളാണ്. എല്ലാവരും നമ്മെപ്പോലെയല്ല മോളേ.

പ്രകൃതി നമുക്ക് വായുവും പഴങ്ങളും കായ്കളും തണലുമൊക്കെ തരുന്നു. അതുകൊണ്ട് മരങ്ങളെ വെട്ടിനശിപ്പിക്കരുത്, ദേവുവിനെപ്പോലെയുള്ള ഒരു കുട്ടിയായി പ്രകൃതിയെ സ്നേഹിക്കൂ.

**ഭാഗ്യ ജി.**
5 ഡി
എസ്.സി.വി.യു.പി. സ്കൂൾ, മൈനാഗപ്പള്ളി
ചവറ ഉപജില്ല, കൊല്ലം



# പുഴ ഒരു വരം

“വിനൂ, നീയെന്താ വിഷമിച്ചിരിക്കുന്നത്?” അരുൺ ചോദിച്ചു.

അരുൺ: ‘‘അതോ, നമ്മുടെ കബനിപ്പുഴയിലെ മീനുകൾ ചത്തുപൊങ്ങിയത് എന്റെ മനസ്സിൽനിന്നും മായുന്നില്ല.”

വിനു: “നീ അത് ഇത്ര മാസമായിട്ടും മറന്നില്ലേ?”

“ഇല്ല, അത് മറക്കാൻ പറ്റുന്നില്ല.” വിനു തന്റെ ചിന്തയിൽ മുഴുകി.

എന്തു സുന്ദരമായ കൊച്ചുഗ്രാമം ആയിരുന്നു ഇത്. ശാന്തസുന്ദരമായ ഒഴുകുന്ന കബനീനദി. നദിയുടെ ഇരുവശവും വയലുകൾ ആയിരുന്നു. ആ ഗ്രാമത്തിലെ ഒട്ടുമുക്കാൽ പേരും കൃഷിചെയ്താണ് ജീവിച്ചിരുന്നത്. എന്തൊരു ശാന്തിയും സമാധാനവും ആയിരുന്നു. ഇവിടെ രണ്ടുവർഷം മുമ്പേ ഒരു ഓണാവധിക്കാലത്ത് ആയിരുന്നു ഈ മാറ്റങ്ങളുടെ തുടക്കം. ഒരുദിവസം രാവിലെ കൊയ്ത്തുകഴിഞ്ഞ പാടത്ത് ഞങ്ങൾ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു കാർ വന്നു നിന്നു. ഞങ്ങൾ കുട്ടികൾ കാറിനു ചുറ്റുംകൂടി. കോട്ടും സ്യൂട്ടും ഇട്ടവർ ഇറങ്ങി. വടക്കേലെ രാമുണ്ണിയേട്ടന്റെ സ്ഥലം വാങ്ങാൻ എത്തിയവരായിരുന്നു അത്. മോഹനവാഗ്ദാനങ്ങൾ നൽകി ഘട്ടംഘട്ടമായി അവർ കൃഷിയിടങ്ങൾ മുഴുവൻ കൈക്കലാക്കി. അന്നേ മൂപ്പൻചേട്ടൻ പറഞ്ഞതാ, മക്കളേ, നമുക്ക് അന്നം തരുന്ന നിലം വിൽക്കരുത്, നമ്മുടെ നാടിനെ നശിപ്പിക്കരുത് എന്ന്. ആരു കേൾക്കാൻ. ഫാക്ടറികളിൽനിന്ന് ലഭിക്കുന്ന പണം ആളുകളെ മയക്കിയിരുന്നു. ചേറിലും ചെളിയിലും പണിയാതെ കൈനിറയെ പണം കിട്ടുമല്ലോ. ഇതിന് തടസ്സം നിന്ന മൂപ്പനെ എല്ലാവരും വികസനവിരോധി എന്ന് മുദ്രകുത്തി.

വർഷങ്ങൾ പോകെ കാലം മാറിമാറി വന്നു. അവിടെ മുഴുവൻ ഫാക്ടറി വന്നു. ഗ്രാമത്തിന്റെ മനോഹാരിത കുറഞ്ഞുവന്നു. ആ ഫാക്ടറികളിലെ മാലിന്യം മുഴുവൻ പുറംതള്ളിയിരുന്നത് നദിയിലേക്കായിരുന്നു. നദിയുടെ മനോഹാരിത കുറഞ്ഞു. മീൻപിടിച്ച് ഉപജീവനം നടത്തുന്നവരുടെ ജീവിതം ദുസ്സഹമായി. അങ്ങനെ ഒരു ദിവസം മീൻപിടിക്കാൻ വന്നവർ മീൻ ചത്തുപൊങ്ങിയത് കണ്ട് വിഷമിച്ചു. നല്ല ആരോഗ്യത്തോടെ ജീവിച്ചിരുന്ന ആളുകൾ ക്രമേണ രോഗികളായി

മാറി. കുഞ്ഞുങ്ങൾ തളർന്നുവീഴാൻ തുടങ്ങി. ഒരു വീട്ടിൽ ഒരു രോഗി എങ്കിലും ഉണ്ട്. കിട്ടുന്ന പണം ഒന്നിനും തികയുന്നില്ല. നാടിന്റെ ദുസ്ഥിതികണ്ട മൂപ്പൻ വളരെ വിഷമിച്ചു. അദ്ദേഹം ഒരു യോഗം വിളിച്ചു. മൂപ്പന്റെ വാക്കുകൾ ധിക്കരിച്ചിരുന്നവർപോലും യോഗത്തിനെത്തി.

എല്ലാവരും ഒത്തുചേർന്ന് ആലോചിച്ചു. കബനിപ്പുഴയുടെ രക്ഷ മാത്രമേ ഇനി വഴിയുള്ളൂ. നാട്ടുകാർ എല്ലാവരുംകൂടി പുഴയെ രക്ഷിക്കാൻ കൈകോർത്തു. പുഴയൊരു വരം എന്ന സന്ദേശം അവർ എല്ലാവരിലും എത്തിച്ചു. അങ്ങനെ എല്ലാവരും ചേർന്ന് ഫാക്ടറി അധികൃതരുമായി സംസാരിച്ച് മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കാനും ഇനി പുഴയിലേക്ക് നിക്ഷേപിക്കില്ല എന്നും തീരുമാനിച്ചു.അങ്ങനെ നദിക്ക് തന്റെ സൗന്ദര്യം തിരികെ കിട്ടി. എല്ലാവരിലും ശുചിത്വബോധം എത്തിക്കാൻ അവർ തീരുമാനിച്ചു. അങ്ങനെ മന്ത്രാപുരം ഗ്രാമത്തിന് അതിന്റെ സൗന്ദര്യം തിരിച്ചുകിട്ടി. വീണ്ടും അവിടെ കൃഷി ആരംഭിച്ചു. അവരുടെ സന്തോഷകരമായ ജീവിതം തിരിച്ചുകിട്ടി.

**അരുന്ധതി ലക്ഷ്മി ജി.**
5 എ
എസ്.വി.എൻ.എസ്.എസ്.എച്ച്.എസ്. ഇടനാട്
രാമപുരം ഉപജില്ല, കോട്ടയം





# മുത്തശ്ശിപ്ലാവ്

തറവാടിനോട് ചേർന്നാണ് ഞങ്ങളുടെയും വലിയച്ഛന്റെയും വീട്. തറവാട്ടിൽ ഇളയ വലിയച്ഛൻ താമസിക്കുന്നു. തറവാട്ടിന്റെ തെക്കുവശത്തായിട്ടാണ് മുത്തശ്ശിപ്ലാവ് നിൽക്കുന്നത്. ഞങ്ങളുടെ തൊടിയിലെ ഏറ്റവും പ്രായംകൂടിയ മരമാണ് മുത്തശ്ശിപ്ലാവ്. എന്നും രാവിലെ ഒരു കാവതിക്കാക്ക മുറ്റത്ത് വന്ന് കരഞ്ഞശേഷം മുത്തശ്ശിപ്ലാവിന്റെ ചില്ലയിൽ വന്നിരിക്കും. അത് കണ്ട് വലിയച്ഛൻ ഞങ്ങൾ കുട്ടികളോട് പറയും, നിങ്ങളെ കാണാൻ മുത്തശ്ശി വന്നിരിക്കുകയാണെന്ന്. എന്റെ അപ്പൂപ്പന്റെ അമ്മയായ ലക്ഷ്മി എന്ന് പേരുള്ള മുത്തശ്ശിയാണ് മുത്തശ്ശിപ്ലാവ് നട്ടത്. ഏകദേശം 90 വയസ്സ് പ്രായമുണ്ട് ഞങ്ങളുടെ മുത്തശ്ശിപ്ലാവിന്. തേൻവരിക്ക ഇനത്തിലുള്ളതാണ് മുത്തശ്ശിപ്ലാവ്. ഞങ്ങളുടെ വീട്ടിൽ പശുവിനെ വളർത്തിയിരുന്നു. പശുവിന്റെ ചാണകവും ഗോമൂത്രവും ചുവട്ടിൽ ഒഴിച്ച് മുത്തശ്ശി പ്ലാവിനെ പരിപാലിക്കുമായിരുന്നു. പശു പ്രസവിച്ച് കുഞ്ഞുപിറന്നാൽ ആദ്യനാളുകളിലെ പാൽ കറന്ന് മുത്തശ്ശിപ്ലാവിന്റെ ചുവട്ടിലും മാവിന്റെചുവട്ടിലും ഒഴിക്കുമായിരുന്നുവെന്ന് വലിയച്ഛൻ പറഞ്ഞു. വലിയച്ഛന്റെ കുട്ടിക്കാലത്ത് രാവിലെ കഞ്ഞികുടിക്കാൻ മുത്തശ്ശിപ്ലാവിന്റെ പ്ലാവില ഉപയോഗിക്കുമായിരുന്നു. എല്ലാവർഷവും കായ്ക്കുന്ന മുത്തശ്ശിപ്ലാവ് ഞങ്ങളുടെ വീടിന്റെ തേൻകുടമാണ്. ചക്ക ഔഷധഗുണമുള്ള ഒരു ഫലമാണ്. പ്രധാനമായും വരിക്കച്ചക്ക, കൂഴച്ചക്ക എന്നീ രണ്ടിനമാണ് ഉള്ളത്. കൂഴച്ചക്ക വറുക്കാനും വരിക്കച്ചക്ക പഴുപ്പിക്കാനും നല്ലതാണ്. ചക്കകൊണ്ട് ചക്കത്തോരൻ, ചക്കപ്പുഴുക്ക്, ചക്ക അവിയൽ, ചക്കക്കൂട്ടാൻ, ചക്കകുരുത്തോരൻ, ചക്കപ്പായസം, ചക്കവരട്ടി, ചക്ക അട തുടങ്ങിയ സ്വാദേറിയ ധാരാളം വിഭവങ്ങൾ ഉണ്ടാക്കാം. എന്റെ അനിയനും അനിയത്തിക്കും ചക്കവരട്ടിയും ചക്കപ്പായസവും ഇഷ്ടമാണ്. എനിക്ക് ചക്ക വറുത്തതാണ് കൂടുതൽ ഇഷ്ടം. ഞങ്ങളുടെ പറമ്പിലെ മുത്തശ്ശിപ്ലാവിനെ ഞങ്ങൾ കുട്ടികൾക്കും വലിയവർക്കും ഒത്തിരി ഇഷ്ടമാണ്. ഞങ്ങൾ മൂന്നുപേരും സ്കൂളിൽ പോകുമ്പോൾ മുത്തശ്ശിപ്ലാവിന്റെ ചില്ലയിൽ ഇരുന്ന് കാവതിക്കാക്ക ഞങ്ങളെ നോക്കി തലയാട്ടാറുണ്ട്. ഒരുപക്ഷേ ഞങ്ങളുടെ മുത്തശ്ശി സന്തോഷത്തോടെ യാത്ര അയക്കുകയായിരിക്കാം.

**ശ്രേയ പി.എസ്.**
8 സി
എൻ.എസ്.എസ്.എച്ച്.എസ്.എസ്, പാണാവള്ളി
തുറവൂർ ഉപജില്ല, ആലപ്പുഴ



# അവസാനത്തെ ചുംബനം

പുറത്ത് കാറിന്റെ ശബ്ദം കേട്ട ആ വൃദ്ധ അതിയായി സന്തോഷിച്ചു. കുറേ വർഷങ്ങൾക്കു ശേഷം തന്റെ മകൻ തന്നെ കാണാൻ വന്നിരിക്കുന്നു. മകന്റെ കത്ത് കണ്ടതു മുതൽ മകനെ കാണാനുള്ള ആകാംക്ഷയിലാണ് ആ വൃദ്ധ. അവർ ആ കിടക്കയിൽനിന്ന് എഴുന്നേൽക്കാൻ ആഗ്രഹിച്ചു. പക്ഷേ, ഒരു വശം തളർന്നുപോയ ആ പാവത്തിന് അതിനെങ്ങനെ കഴിയും. അവർ നിസ്സഹായതയോടെ കണ്ണുകൾ അടച്ചു.

“അമ്മേ.”

വർഷങ്ങൾക്കു ശേഷം മകന്റെ ആ വിളി കേട്ടതിന്റെ സന്തോഷത്തിൽ ആ അമ്മ കണ്ണുതുറന്ന് നോക്കി. വാതിൽക്കൽ അമ്മയെ നോക്കി നിൽക്കുന്ന മകനെ അവർ കണ്ടു.

“വാ മോനെ... അമ്മയുടെ അടുത്തേക്ക് വാ...”

വാത്സല്യം തുളുമ്പുന്ന അമ്മയുടെ ശബ്ദം കേട്ടപ്പോൾ ആ മകൻ അറിയാതെ തന്റെ കുട്ടിക്കാലം ഓർത്തുപോയി.

“വാ മോനെ... അമ്മയുടെ അടുത്തേക്ക് വാ...”

അഞ്ച് വയസ്സ് മാത്രമുള്ള ആ മകൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. അമ്മ അവനെ വാരിയെടുത്ത് നെറുകയിൽ ചുംബിച്ചു.

“നീ എന്താ അവിടെ തന്നെ നിൽക്കുന്നത്? എന്റെ അടുത്തേക്കു വാ...”

അമ്മയുടെ ശബ്ദം കേട്ട മകൻ ഒരു സ്വപ്നത്തിൽനിന്ന് എഴുന്നേറ്റപോലെ ചുറ്റും നോക്കി. എന്നിട്ടയാൾ അമ്മയുടെ അടുത്ത് ചെന്ന് ഇരുന്നു. ചുളിവു ബാധിച്ച അമ്മയുടെ കൈ തന്റെ കൈയിൽ എടുത്തു ചുംബിച്ചു.

“എന്നോട് ക്ഷമിക്കൂ അമ്മേ... ഞാൻ ഒരു നല്ല മകൻ അല്ല... അച്ഛൻ പോയശേഷം എത്ര കഷ്ടപ്പെട്ടാണ് അമ്മ എന്നെ വളർത്തിയത്. എന്നാൽ ഞാൻ എന്താ അമ്മയോട് ചെയ്തത്... അമ്മ തന്ന വിദ്യാഭ്യാസം കൊണ്ട് ഒരു ജോലി കിട്ടിയപ്പോ അമ്മയെ ഇവിടെ ഒറ്റയ്ക്കാക്കിയിട്ട് ഞാൻ പോയി. ഇത്രയും വർഷം അമ്മയെ തിരിഞ്ഞു പോലും നോക്കിയില്ല. അമ്മയ്ക്ക് ഇങ്ങനെയൊരു ആപത്തുണ്ടായി എന്നുപോലും ഇവിടെ വന്നപ്പോൾ നാട്ടുകാർ പറഞ്ഞാണ് അറിഞ്ഞത്.”

“അതിനൊന്നും കുഴപ്പമില്ല മോനേ, നീ എന്നെ കാണാൻ വന്നല്ലോ; അമ്മയ്ക്ക് അത് മതി.”

മകന്റെ കണ്ണുകൾ നിറഞ്ഞു. കുറ്റബോധത്തോടെ അയാൾ തലകുനിച്ചു.

“എന്നോട് ക്ഷമിക്കൂ അമ്മേ. അമ്മ കരുതുന്നതുപോലെ ഞാൻ അമ്മയെ കാണാൻ വന്നതല്ല... കുറച്ചു കാശിന്റെ ആവശ്യം വന്നപ്പോൾ നമ്മുടെ ഈ വീടും പറമ്പും വിൽക്കാൻ വന്നതാണ്. എന്നിട്ട് അമ്മയെ ഏതെങ്കിലും വൃദ്ധസദനത്തിൽ ചേർക്കാം എന്നു കരുതി.”

അയാൾക്ക് സ്വയം ലജ്ജ തോന്നി. അയാൾ മനസ്സിൽ സ്വയം ശപിച്ചു. അമ്മയുടെ കണ്ണുകൾ നിറഞ്ഞ് ഒഴുകാൻ തുടങ്ങി.

“മോനേ, ഞാൻ കഷ്ടപ്പെട്ട് ഇതെല്ലാം ഉണ്ടാക്കിയത് നിനക്കുവേണ്ടിയാണ്. നിനക്ക് ഒരിക്കലും കാശിനു ബുദ്ധിമുട്ടുണ്ടാകാതിരിക്കാനാണ് ഞാൻ എന്റെ ആയുസ്സ് മുഴുവൻ കഷ്ടപ്പെട്ടത്. നിനക്ക് ഇതെല്ലാം വിൽക്കണമെങ്കിൽ നീ വിറ്റോളൂ... നിനക്ക് തരാൻ ഇനി എന്റെ കൈയിൽ ഇതു മാത്രമേ ഉള്ളൂ. ഈ വീടും പറമ്പുമാണ് അമ്മ നിനക്കു തരുന്ന അവസാനത്തെ സമ്മാനം.”

അമ്മ മകനെ നോക്കി പുഞ്ചിരിച്ചു. കുറ്റബോധത്തിന്റെ ഉമിതീയിൽ അയാൾ വെന്തുരുകി.

‘‘അമ്മേ, എനിക്ക് ഒരു അവസരം കൂടിത്തരണം അമ്മയെ സ്നേഹിക്കാനും സംരക്ഷിക്കാനും.”

ആ അമ്മയും മകനും മുഖാമുഖം നോക്കി കരഞ്ഞു. മകൻ അമ്മയെ കെട്ടിപ്പിടിച്ചു നെറുകയിൽ ചുംബിച്ചു. അതായിരുന്നു അയാൾ തന്റെ അമ്മയ്ക്കു നൽകുന്ന ആദ്യത്തെ ചുംബനം. പക്ഷേ, താൻ അമ്മയ്ക്ക് നൽകുന്ന അവസാനത്തെ ചുംബനവും അതായിരിക്കുമെന്ന് അയാൾ കരുതിയില്ല.

**ഗോപിക പി.**
+1 (സയൻസ്)
എൻ.എസ്.എസ്.എച്ച്.എസ്.എസ്. മടവൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം



# കുടുംബം

വുഹാനിൽ നിന്ന് ഒരു പുതിയ അതിഥി കേരളത്തിലുമെത്തി. അവൻ കേരളത്തിന്റെ പല ഭാഗങ്ങളിലായി വ്യാപിച്ചു. എന്നാൽ അവനെ പേടിച്ച് അഹങ്കാരവും മദിച്ചും നടന്ന മനുഷ്യരെല്ലാം ഓടി വീടുകളിലൊളിച്ചു. അതുകാരണം വീടിനു പുറത്തിറങ്ങാതെയായി, വീട്ടിലുള്ള പച്ചക്കറികൾ കഴിച്ചും എല്ലാവരോടും സന്തോഷിക്കാൻ കഴിയുന്നു. ഇപ്പോൾ ജലദോഷപ്പനി വന്നാൽ ഉടനെ ആശുപത്രിയിലേയ്ക്കു ഓടില്ല പകരം തുളസിയിലയും കരിപ്പെട്ടിയും ഒക്കെ ഉപയോഗിച്ചു തുടങ്ങി. അപ്പോൾ മുത്തശ്ശി പറഞ്ഞു: “മക്കളേ, ഇതാണ് നല്ലത്. നമ്മുടെ ശരീരത്തിന് ഒരു ദോഷവും തട്ടില്ല.” അതിനെക്കാൾ ഏറെ സന്തോഷമാണ് അപ്പുവിനിപ്പോൾ. എന്നും കുടിച്ചു ലക്കുകെട്ടു വരുന്ന അച്ഛനെ അവൻ കണ്ടിട്ടുള്ളൂ. എന്നാൽ ഇന്ന് സ്ഥിതി അതല്ല. അച്ഛൻ എപ്പോഴും വീട്ടിലുണ്ടാകും. എനിക്ക് കളിവണ്ടി ഉണ്ടാക്കിത്തന്നു. എനിക്കാദ്യമായിട്ടാ അച്ഛൻ ഇങ്ങനെ ഒരെണ്ണം ഉണ്ടാക്കിത്തരുന്നത്. ജീവിതത്തിൽ ഒരു കളിപ്പാട്ടവും കിട്ടാത്ത അപ്പു വളരെ സന്തോഷത്തിലായിരുന്നു. അമ്മയോട് സ്നേഹത്തിൽ സംസാരിക്കുന്നത് ഇതുവരെ കണ്ടില്ല, എന്നാൽ ഇന്ന് ഇല്ലായ്മകൾ ഒരുപാടുണ്ടെങ്കിലും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നു, വർത്തമാനം പറയുന്നു. എനിക്ക് വുഹാനിൽനിന്ന് വന്ന അതിഥിയെ അൽപ്പം ഇഷ്ടപ്പെട്ടു. എങ്കിലും അവൻ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പേടി തോന്നുന്നു. നമ്മൾ ഒരുമിച്ച് എന്നും ദൈവത്തോട് എല്ലാവർക്കു വേണ്ടിയും പ്രാർഥിക്കും. ഇപ്പോൾ മുത്തശ്ശി പറയാറുണ്ട്, കൂടുമ്പോൾ ഇമ്പം ഉള്ളതാണ് കുടുംബം. അതെ കൂട്ടുകാരേ, നമുക്ക് ഒരുമിച്ച് പ്രാർഥിക്കാം.

**ആദിത്യൻ**
4 സി
എൽ.എം.എസ്. മോഡൽ എൽ.പി.എസ്, ചെമ്പൂര്
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം

# ഒഴുകിവന്ന തൂവലുകൾ

നദി കണ്ണാടിപോലെ തെളിനീരൊഴുക്കുകയാണ്. ആ ഓളങ്ങളിൽ അവളുടെ പ്രതിബിംബം താളം തുള്ളുകയാണ്. ആ മുഖത്ത് വല്ലാത്ത വിഷമം അലതല്ലുന്നു. എന്തിനെയോ പ്രതീക്ഷിച്ചു നിൽക്കയാണ് അവൾ. എന്നാൽ അവർക്ക് തന്റെ ആഗ്രഹം സാധിക്കുമെന്നതിൽ ഒരുറപ്പും ഇല്ലായിരുന്നു. അങ്ങകലെനിന്ന് ഒഴുകി വരുന്ന കറുകറുത്ത മാലിന്യത്തിൽ അവളുടെ പ്രതിബിംബം മാഞ്ഞുതുടങ്ങി. മഴ തന്റെ സംഹാരതാണ്ഡവം ആടുന്നു. അവൾ നദിയിലേക്ക് തന്നെ നോക്കി നിന്നു. അവളുടെ കണ്ണുകളിൽ കണ്ട ആ സന്തോഷം പുഴകളുടെ ഓളങ്ങളിൽ നിന്ന് കട്ടെടുത്തതാണ്. മഴയുടെ, തന്റെ വാർമുടി അഴിച്ചിട്ട് ഭ്രാന്തിയെപ്പോലുള്ള ചിരി അവളിൽ ഭയം ജനിപ്പിച്ചിരുന്നു. എന്നാലും താൻ അമ്മയെപ്പോലെ കരുതുന്ന പുഴ തന്നെ ചതിക്കില്ല എന്ന വിശ്വാസം അവൾക്കുണ്ടായിരുന്നു. ആ പുഴയുടെ മാറിൽ നീന്തിക്കളിച്ച ആ പെൺകുട്ടിയെ പുഴക്ക് ചതിക്കാനാകുമോ? രാത്രിയിൽ പുഴയുടെ ചങ്ങാതിയായ പൂർണചന്ദ്രന്റെ പ്രതിബിംബം പുഴയിൽ വെള്ളത്തട്ടമിട്ടതു പോലെ ഓളമിടുമ്പോൾ അവൾ ആ തട്ടത്തെ തന്റെ കൈക്കുള്ളിൽ ആക്കാൻ ശ്രമിക്കുമായിരുന്നു. പെട്ടെന്നാണ് കാർമേഘം ആ പാൽ കിണ്ണത്തെ മറച്ചത്. കാർമേഘങ്ങൾക്കിടയിലൂടെ നിലാവിന്റെ അംശങ്ങൾ ചിന്നിച്ചിതറി വീണു. രാത്രിയുടെ മാറിൽ അവൾ ചാഞ്ഞുറങ്ങി. രാവിലെ കുളിക്കാനായി തോർത്തും ഒരു കഷണം തേഞ്ഞ സോപ്പുമായി നദീതീരത്തേക്ക് നടന്നു. തണുത്ത ജലത്തിലേക്ക് കാൽ വയ്ക്കാൻ തുടങ്ങിയപ്പോഴാണ് അകലെ നിന്ന് എന്തോ ശബ്ദം കേട്ടത്. ഓടുന്നതിനിടയിൽ കാൽ എന്തിലോ തട്ടി വേദനിച്ചു. വേദന അവഗണിച്ച് അവൾ ഓടി. ശബ്ദം കേട്ട പുൽതുരുത്തിനടുത്തെത്തി. അവൾ നദിയിലേക്ക് നോക്കി, പിന്നെ ആകാശത്തേക്കും. "ഇതെന്താ പകൽ സമയത്തും ചന്ദ്രനോ; വെളുത്ത പഞ്ഞിക്കെട്ടു പോലൊരു രൂപം. ചുവന്ന നീണ്ട ചുണ്ടുകൾ, ഇത് അരയന്നമാണ്", അവൾ മന്ത്രിച്ചു. കൂട്ടംതെറ്റി വന്നതാണെന്നു തോന്നുന്നു. എന്തോ അപകടം പറ്റിയിട്ടുണ്ട്. അവളതിനെ വെള്ളത്തിൽ നിന്നെടുത്തു. "നല്ല ഭാരം, കാലുകൾ ഒടിഞ്ഞിട്ടുണ്ട്". അവൾ എന്തോ പച്ചിലപറിച്ച് തിരുമ്മി അതിന്റെ കാലിൽ വച്ചുകെട്ടി. അതിനെയും എടുത്ത് വീട്ടിലേക്ക് നടന്നു. അതിനെ പരിപാലിച്ചും ശുശ്രൂഷിച്ചും ദിവസങ്ങൾ കടന്നുപോയി. അരയന്നത്തിന്റെ

കാലുകൾ ഭേദമായി. അവർ നന്നായി അടുത്തു. പുഴയുടെ ലോലമാം നീരിൽ അവർ നീന്തിത്തുടിച്ചു. ആ ദിവസം അവൾ വേദനയോടെ ഓർത്തു... അമ്മ അരയന്നത്തോടൊപ്പം തന്റെ ചങ്ങാതി പോയത്. എന്നാൽ തന്റെ രക്ഷകയെ മറക്കാൻ ആ കുഞ്ഞ് അരയന്നത്തിനു കഴിഞ്ഞിരുന്നില്ല. അത് എല്ലാവർഷവും തന്റെ കുടുംബത്തോടൊപ്പം ചങ്ങാതിയെ കാണാൻ എത്തിയിരുന്നു. ഒരു വർഷത്തിനിടക്ക് എന്താണ് സംഭവിച്ചത്. പുഴയോരത്ത് വന്ന ആ ഫാക്ടറിമാലിന്യം മുഴുവൻ നദിയിൽ തള്ളാൻ തുടങ്ങി. ഫാക്ടറിയിലെ കറുകറുത്ത മാലിന്യം പുഴയുടെ സൗന്ദര്യം നശിപ്പിച്ചു. പുഴയിലേക്ക് ഇറങ്ങാൻ തന്നെ എല്ലാരും അറച്ചു. ജീവജാലങ്ങൾ ചത്തൊടുങ്ങി. ആ ദിവസങ്ങൾ അടുത്തുവരുന്തോറും അവളുടെ മനസ്സിൽ വേവലാതിയായി. തന്റെ ചങ്ങാതിക്ക് ഈ മാലിന്യം നീന്തികടക്കാൻ ആകുമോ? അവൾ ആകാംക്ഷയോടെ വഴിക്കണ്ണുമായി കാത്തിരുന്നു. എന്തോ ബഹളം കേട്ട് അവൾ പിടഞ്ഞെഴുന്നേറ്റു. കരി കലർന്ന പുഴയിലൂടെ എന്തോ ഒഴുകിവരുന്നുണ്ട്. വെള്ളത്തൂവലുകൾ കാറ്റിൽ പറക്കുന്നു. അവൾ പുഴയോരത്തു കുടി മുന്നോട്ട് ഓടി. അവിടെ അമ്മ അരയന്നം നിസ്സഹായയായി നിൽക്കുന്നതാണ് കണ്ടത്. തന്റെ സുഹൃത്ത് ആ മലിനജലത്തിൽ മുങ്ങി ശ്വാസം മുട്ടി മരിച്ചിരിക്കുന്നു. കാറ്റിന്റെ ഓളങ്ങളിൽ തെന്നി വന്ന ആ തൂവലുകൾ കറുത്തിരുന്നു. എന്നിട്ടും അവൾ പ്രതീക്ഷയോടെ കാത്തിരുന്നു. പുഴയുടെ കറുത്ത ഓളങ്ങൾ അവളുടെ അവളുടെ പ്രതിബിംബത്തെ മായ്ച്ചുകളഞ്ഞു, ഒപ്പം അവളുടെ മനസിന്റെ സന്തോഷത്തേയും.

**ചന്ദന എൽ.**
7 ബി
ഗവ.യു.പി.എസ്, വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# സ്വപ്നലോകത്തെ കോവിഡ് – 19

2020 ഏപ്രിൽ 22, ജനീവ: ലോകരാജ്യങ്ങളെല്ലാം ചേരുന്ന ലോകാരോഗ്യസംഘടനയുടെ കോൺഫറൻസിൽ ഇന്ത്യയുടെ പ്രതിനിധിയായി മെയിൻ സീറ്റിൽ ഞാനെത്തി. തൊട്ടടുത്ത സീറ്റിൽ പ്രശസ്ത പരിസ്ഥിതിപ്രവർത്തക ഗ്രെറ്റ തുൻബർഗാണ്. മഹാമാരിയായ കൊറോണയെ എങ്ങനെ പ്രതിരോധിക്കാമെന്ന ചർച്ചയായിരുന്നു അവിടെ. പലരും പല അഭിപ്രായങ്ങളും പറഞ്ഞു.

ഇറ്റലിയിൽനിന്നുള്ള എലീന മാളങ്കുഴി അവിടത്തെ കൊറോണരോഗവുമായി ബന്ധപ്പെട്ട് സംസാരിച്ചു. സാമൂഹിക അകലം പാലിക്കാതിരുന്നതുകൊണ്ടാണ് പതിനായിരങ്ങൾ മരണപ്പെട്ടത് എന്നും അവർ പറഞ്ഞു. ചർച്ചകൾ നീണ്ടുപോയി.

അമേരിക്കൻ പ്രസിഡണ്ടിന്റെ ഊഴമെത്തി. അദ്ദേഹം താറാവിനെപ്പോലെ ചുണ്ട് പിളുത്തിക്കൊണ്ട് പറഞ്ഞു: "കൊവിഡ്–19നെ നശിപ്പിക്കാൻ അണുനാശിനി കുടിച്ചാൽ മതി." അപ്പോൾ ഗ്രെറ്റ ചാടിയെഴുന്നേറ്റ് ചോദിച്ചു: "മിസ്റ്റർ ട്രംപ്, താങ്കൾക്ക് ഇത്തരം വിഡ്ഢിത്തമല്ലാതെ ഒന്നും പറയാനില്ലേ? ലോകത്തിനു മാതൃകയായ കേരളത്തെ നോക്കൂ... അവർ എത്ര നന്നായാണ് കൊറോണയ്ക്കെതിരെ പോരാടുന്നത്!" ഗ്രെറ്റച്ചേച്ചിയുടെ ആ വാക്കുകൾ കേട്ടപ്പോൾ എനിക്ക് വല്യ സന്തോഷവും അഭിമാനവും തോന്നി.

പ്രസിഡണ്ട് പുച്ഛത്തോടെ പറഞ്ഞു: ''ലോകത്തിലെ ഏറ്റവും സമ്പന്നരാജ്യമാണ് അമേരിക്ക! ആരുടെ മാതൃകയും ഞങ്ങൾക്ക് വേണ്ട. ഞങ്ങൾ കൊറോണയെ ആറ്റംബോംബിട്ട് നശിപ്പിക്കും."


ഉടൻ ഞാൻ എഴുന്നേറ്റു പറഞ്ഞു: "ഐ ഒബ്ജക്ഷൻ യുവർ ഹോണർ, ആറ്റംബോംബ് ഉപയോഗിച്ച് കൊറോണയെ ഇല്ലാതാക്കുകയോ? എന്തൊരു വിഡ്ഢിത്തമാണിത്! ഭൂമിയിൽ മനുഷ്യരും മറ്റു ജീവജാലങ്ങളും ഉണ്ടെന്ന് അങ്ങ് ഓർക്കണം. അതിനാൽ ഈ ക്രൂരകൃത്യം ഞങ്ങൾ അനുവദിക്കില്ല."

''ഓഹോ! അങ്ങനെയെങ്കിൽ ഇന്ത്യയിലുള്ള മൊത്തം കൊറോണമെഡിസിനും അമേരിക്കയ്ക്ക് തരേണ്ടി വരും."

"മിസ്റ്റർ പ്രസിഡണ്ട്, താങ്കളുടെ അഹങ്കാരം നിഷ്ഫലമാക്കാനുള്ള താഴും താക്കോലുമായാണ് ഞാൻ വന്നത്."

അങ്ങനെ ഞാനും പ്രസിഡണ്ടും തമ്മിൽ കടുത്ത വാദപ്രതിവാദമുണ്ടായി. പദപ്രയോഗത്തിൽ അഗ്രഗണ്യനായ ഞാൻ അയാളെ നിലംപരിശാക്കി. കലിയിളകിയ അയാൾ തന്റെ കൈയിൽ ആകെയുള്ള മെഡിസിനായ ആറ്റംബോംബ് എനിക്കെതിരെ പ്രയോഗിച്ചു. ഭയന്നുവിറച്ച ഞാൻ ബോംബ് തടയാനുള്ള ശ്രമത്തിനിടയിൽ ഞെട്ടിയുണർന്നുപോയി.

ചുറ്റിലും നോക്കിയപ്പോൾ മനസ്സിലാക്കി, ഈ മീറ്റിങ്ങും അടിപിടിയുമെല്ലാം എന്റെ ലോക്ഡൗൺ കാലത്തെ ദുഃസ്വപ്നമായിരുന്നു.



ആ കഥ ഞാനെഴുതിത്തുടങ്ങി... "സ്വപ്നലോകത്തെ കോവിഡ് -19."

**ആനന്ദ്കൃഷ്ണ പി.**
6 ബി
വിളയത്തൂർ ഇളമ്പിലാട് എം.യു.പി. സ്കൂൾ
മേലടി ഉപജില്ല, കോഴിക്കോട്

# മാനസാന്തരം

സന്ധ്യാദീപം തെളിയിച്ച് ഈശ്വരനോട് അനുക്കുട്ടി ആത്മാർഥമായി പ്രാർഥിച്ചു: “ഈശ്വരാ, ഈ കൊറോണക്കാലം ഉടനെയൊന്നും തീരരുതേ...” പ്രാർഥന അല്പം ഉറക്കെയായിപ്പോയത് അവൾ ശ്രദ്ധിച്ചില്ല. “അനൂ, നീയെന്താണ് പ്രാർഥിച്ചത്? ഈ ദുരന്തം മാറിപ്പോകാനല്ലേ പ്രാർഥിക്കേണ്ടത്? ലോകം മുഴുവനും അതല്ലേ പ്രാർഥിക്കുന്നത്? നീ മാത്രം എന്താണിങ്ങനെ?” കേട്ടുനിന്ന അമ്മയ്ക്ക് ദേഷ്യം സഹിക്കാൻ കഴിഞ്ഞില്ല. “അത് പിന്നെ അമ്മേ, ഈ കോവിഡ് മൂലം വീട്ടിൽ ഇരിക്കേണ്ടി വന്നതുകൊണ്ടല്ലേ അച്ഛൻ ഇപ്പോൾ ഇങ്ങനെയായത്? അല്ലെങ്കിൽ എന്നും പണി കഴിഞ്ഞ് കുടിച്ച് ബോധമില്ലാതെയല്ലേ രാത്രിയിൽ അച്ഛൻ വന്നുകയറുന്നത്? എന്നിട്ട് അമ്മേം എന്നേം വാവേം ഒക്കെ തല്ലുകയും ചീത്തപറയുകയും ചെയ്യാറില്ലേ? ഇപ്പോ അച്ഛൻ ഞങ്ങളെ തല്ലാറില്ലല്ലോ. ചീത്തപറയാറും ഇല്ല. ഞങ്ങളോടൊപ്പം ഇരുന്ന് കളിക്കാറുണ്ട്. പാട്ടുപാടിത്തരുന്നുണ്ട്. അച്ഛന് ഞങ്ങളെ ഇപ്പോ വല്യ ഇഷ്ടമാ. അമ്മയേം അച്ഛൻ അടുക്കളയിൽ സഹായിക്കുന്നില്ലേ? കറിക്ക് ഉപ്പോ എരിവോ കൂടിയെന്നും പറഞ്ഞ് പാത്രം വലിച്ചെറിയുന്നില്ല. കുടിച്ചിട്ട് വരുന്ന അച്ഛനെ എനിക്കും വാവയ്ക്കും വല്യ പേടിയാ. പക്ഷേ, ഇപ്പോ ഞങ്ങൾക്ക് പേടിയില്ല. അച്ഛൻ എന്നും ഇങ്ങനെ ആയിരുന്നാൽ മതി. കൊറോണ ഇല്ലാതായാൽ അച്ഛൻ വീണ്ടും പഴയതുപോലെ ആവില്ലേ? അതുകൊണ്ടാ ഞാനങ്ങനെ പ്രാർഥിച്ചത്.” അവളുടെ അടുത്തേക്ക് വന്ന അച്ഛൻ അവളെ ചേർത്തുനിർത്തി നെറ്റിയിൽ ഉമ്മവച്ചു. “ഞാനെല്ലാം കേട്ടു. ഇല്ല മോളേ... അച്ഛൻ ഇനി പഴയതുപോലെ ആവില്ല. ഞാനിനി പുതിയൊരാളാണ്. എന്റെ മോശം ശീലങ്ങൾ ഞാനുപേക്ഷിച്ചു. ഈ കൊറോണക്കാലം എന്നെ ബന്ധങ്ങളുടെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഐക്യത്തിന്റെയും ഒക്കെ പാഠങ്ങൾ പഠിപ്പിച്ചു തന്നു. എന്റെ മക്കൾ ഇനി എന്ന ഭയത്തോടെ കാണരുത്.” ഇത് പറയുമ്പോൾ അച്ഛന്റെ തൊണ്ടയിടറുന്നത് അവൾ ശ്രദ്ധിച്ചു. അടുത്തുനിന്ന അമ്മ കണ്ണുകൾ തുടയ്ക്കുന്നതും.

**ഗൗരീ കൃഷ്ണ**
3 എ
എൽ.എം.എസ്. മോഡൽ എൽ.പി.എസ്, ചെമ്പൂര്
കാട്ടാക്കട ഉപജില്ല, തിരുവനന്തപുരം



# മാമ്പഴക്കാലം

മുത്തശ്ശിമാവിന്റെ ചുവട്ടിൽ കൂട്ടുകാർ ഒത്തുകൂടി. ഒന്ന്... രണ്ട്... മൂന്ന്... സാറ്റ് കളി തുടങ്ങി. മാവിലെ പതിവുസന്ദർശകരായ കിങ്ങിണിയണ്ണാനെയും കാക്കച്ചി പ്പെണ്ണിനെയും കണ്ടില്ല. ഇവർക്കിതെന്തു പറ്റി? മിന്നു ഓർത്തു. അവൾ മാവിലേക്ക് നോക്കി. ഒറ്റ മാമ്പഴം പോലുമില്ല. വെറുതെയല്ല അവരാരും വരാത്തത്. മിന്നു അച്ഛനോട് ചോദിച്ചു: "എന്തുകൊണ്ടാണച്ഛാ ഈ പ്രാവശ്യം മുത്തശ്ശിമാവിൽ മാങ്ങ ഇല്ലാതിരിക്കുന്നത്?" "നമ്മുടെ കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പലപ്പോഴും ചെടികളെയും മരങ്ങളെയും ബാധിക്കും. അതുകൊണ്ടായിരിക്കും മമ്പഴങ്ങൾ ഇല്ലാതെപോയത്.'' ഇനിയങ്ങോട്ട് കിങ്ങിണിയണ്ണാനും കാക്കച്ചിപ്പെണ്ണുമൊന്നും വരില്ലായിരിക്കും. മിന്നുവിന് വിഷമമായി. അവൾക്ക് ഒരു ബുദ്ധി തോന്നി. പിറ്റേദിവസം കുറച്ച് ചിരട്ടയും രണ്ട് കുപ്പി വെള്ളവുമായിട്ടാണ് അവൾ മുത്തശ്ശിമാവിൻതണലിൽ എത്തിയത്. അവളും കൂട്ടുകാരും ചേർന്ന് അവിടെയെല്ലാം ചിരട്ടയിൽ വെള്ളം നിറച്ചു. അപ്പോൾ കാക്കച്ചിയും കിങ്ങിണിയണ്ണാനും എല്ലാവരും അവിടെ വരാൻ തുടങ്ങി. മിന്നുവിനും കൂട്ടുകാർക്കും ഒത്തിരി സന്തോഷമായി.

**അദിരഥ് ദയാൽ**
2 എ, മുടിയൂർക്കര ഗവ. എൽ.പി.എസ്.
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം

# കുഞ്ഞന്റെ ഇലയാത്ര

കുഞ്ഞനുറുമ്പ് പുഴക്കരയിൽ കാറ്റുകൊള്ളാനിറങ്ങിയതാണ്. അപ്പോഴതാ ഒരു ചേമ്പില വെള്ളത്തിൽ ഒഴുകിവരുന്നു. കുഞ്ഞൻ ഇലയിലേക്ക് ഒറ്റച്ചാട്ടം. അവൻ ഇലയിൽ മലർന്നു കിടന്ന് ആകാശത്തേക്ക് നോക്കി. തണുത്ത കാറ്റടിച്ച് അവന് ഉറക്കം വന്നു. കണ്ണുതുറന്നപ്പോൾ ഇലവള്ളം ആടിയുലയുകയാണ്. പുഴയിൽ ഒഴുക്ക് കൂടിയിട്ടുമുണ്ട്. ഹയ്യോ... ഞാനിപ്പം മുങ്ങിപ്പോകുമേ... രക്ഷിക്കണേ... കുഞ്ഞൻ നിലവിളിയായി. ആമക്കുട്ടൻ ഈ കരച്ചിൽ കേട്ട് പൊങ്ങിവന്നു. "കുഞ്ഞാ, എന്റെ പുറത്ത് കയറിക്കോ." അത് കേട്ടതും കുഞ്ഞൻ ഇലവള്ളത്തിൽ നിന്ന് ആമയുടെ തോടിലേക്ക് ഒരു ചാട്ടം. ആമക്കുട്ടൻ കുഞ്ഞനെ കരയിലെത്തിച്ചു. ആലോചിക്കാതെ ചെയ്യുന്ന കാര്യങ്ങൾ അപകടം ഉണ്ടാക്കും. കുഞ്ഞനു മനസ്സിലായി.

**അനശ്വര കെ.കെ.**
ക്ലാസ് 3, മുതിയങ്ങ ഈസ്റ്റ് എൽ.പി. സ്കൂൾ
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ



# ക്വാട്ടേഷൻ

അതായിരുന്നു ഞങ്ങളുടെ സംഗമസ്ഥാനം. ആർത്തലയ്ക്കുന്ന തിരമാലകളെയും തിരമാലകൾ വന്ന് മുത്തമിടുമ്പോൾ കൂടെ പോവുന്ന മണൽത്തരികളെയും നോക്കി, കടലമ്മയുടെ ആഴങ്ങളിലേക്ക് തലതാഴ്ത്തുന്ന ചുവന്ന പട്ടുടുത്ത കതിരോനെ സാക്ഷിയാക്കി, കളിപ്പട്ടങ്ങളെ ആകാശത്തിന്റെ അനന്തതയിലേക്ക് യാത്രയാക്കുന്ന മന്ദമാരുതന്റെ തലോടലേറ്റ് ഞങ്ങൾ അവിടെ ഒത്തുകൂടി. ഞങ്ങൾക്ക് അന്ന് ഒരു വലിയ ലക്ഷ്യമുണ്ടായിരുന്നു. ഞങ്ങളുടെ മാസ്റ്റർപ്ലാൻ നടപ്പിലാക്കൽ.

അതെ, പ്രകൃതിയമ്മ ഞങ്ങളെ ഏൽപ്പിച്ച ക്വട്ടേഷൻ എങ്ങനെ നടപ്പിലാക്കണം എന്ന ഗൂഢാലോചന. “ഒന്ന് പെട്ടെന്ന് തീരുമാനിച്ചേ. ഞങ്ങൾക്ക് പണി തുടങ്ങാൻ തിടുക്കമായി.” എല്ലാവരും വലിയ ആവേശത്തിലായിരുന്നു. “താമസിക്കാൻ ഇടവും വയറുനിറയ്ക്കാൻ ഭക്ഷണവും സുഖലോലുപരായി ജീവിക്കാൻ സകലതും ഒരുക്കിയ അമ്മയായ പ്രകൃതിയെ നിരന്തരമായി കൊന്നുകൊണ്ടിരിക്കുന്ന ഈ മനുഷ്യരെ ഒരു പാഠം പഠിപ്പിക്കണം.'' ഒരു സുഹൃത്ത് അലറിപ്പറഞ്ഞു. പ്രകൃതിക്ക് മുകളിലല്ല മനുഷ്യനെന്ന് അവന് മനസ്സിലാക്കിക്കൊടുക്കണം. ഇതായിരുന്നു പ്രകൃതി ഏൽപ്പിച്ച ക്വട്ടേഷൻ. ലോകം മുഴുവൻ ഒരേസമയം നടപ്പിലാക്കണം. തീരുമാനങ്ങളെടുത്തതിനുശേഷം ഞങ്ങൾ പലവഴിക്കായി പിരിഞ്ഞു. ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക് വണ്ടികയറിയ ഞങ്ങൾ വണ്ടിയിൽ കണ്ടവരിൽ ചിലരുടെ ശരീരത്തിൽ ഒളിച്ചിരുന്നു. പനിയും ചുമയും വന്ന് ആൾക്കാർ ശ്വാസംമുട്ടി മരിക്കാൻ തുടങ്ങിയപ്പോൾ, ഒളിച്ചിരുന്ന് പണിയുകയായിരുന്ന ഞങ്ങളെ അവർ പൊക്കി. പേരും അഡ്രസ്സും ഒന്നുമില്ലാതെ ഇവിടെ എത്തിയ ഞങ്ങളെ അവർ ‘കോറോണ’ എന്ന് പേരിട്ടു വിളിച്ച്, ‘വുഹാൻ, ചൈന’ എന്ന അഡ്രസും തന്നു. ലോകമാകെ ഞങ്ങൾ താരമായി. റേഡിയോ, ടി.വി, മൊബൈൽ... എന്ത് തുറന്നാലും എവിടെയും ഞങ്ങൾ മാത്രം. വാട്സ്ആപ്പിലും ട്വിറ്ററിലും ഫേസ്ബുക്കിലും ഒക്കെ ഉള്ളതും ഇല്ലാത്തതുമായ എന്തൊക്കെയോ പ്രചരിച്ചു. കുറച്ചുദിവസങ്ങളായി ഞങ്ങളാണ് സൂപ്പർഹീറോസ്. ഞങ്ങളെ തടവിലാക്കാൻ

ആരൊക്കെയോ ശ്രമിക്കുന്നുണ്ടെന്നും പറഞ്ഞുകേൾക്കുന്നുണ്ട് കേട്ടോ. പക്ഷേ, ഒരു കാര്യമുണ്ട്, ഒരു ദുരന്തം വന്നപ്പോൾ എല്ലാ മനുഷ്യരും ഒന്നായി. ജാതിയും മതവും രാഷ്ട്രീയവും ഒന്നും നോക്കാതെ എല്ലാവരും പരസ്പരം സഹായിക്കാൻ തുടങ്ങി. ഞങ്ങളുടെ ജോലി അതോടെ കഷ്ടപ്പാടുള്ളതായിമാറി. എല്ലാവരും മാസ്ക് ധരിച്ചും സാനിറ്റൈസറിട്ടും ഞങ്ങൾക്ക് അകത്ത് കടക്കാനുള്ള ഗേറ്റ് അടച്ചുപൂട്ടി.

ലോക്ഡൗൺ എന്നൊക്കെ പറഞ്ഞ് നാടാകെ വീട്ടിനുള്ളിലായി. ഞങ്ങൾ മനുഷ്യരുടെ സ്നേഹത്തിനും സഹകരണത്തിനും മുന്നിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. അപ്പോഴാണ് ഫോൺ ശബ്ദിച്ചത്. ഓ! അമ്മയുടെ മെസേജ് വന്നല്ലോ. വായിച്ച് നോക്കട്ടെ: “മക്കളേ, നിങ്ങൾ ഇനി മടങ്ങിക്കോളൂ. സാരമില്ല. മനുഷ്യരും എന്റെ മക്കൾ തന്നെയല്ലേ. അവരെ പൂർണമായി നശിപ്പിക്കാൻ എനിക്ക് കഴിയില്ലല്ലോ. അവരുടെ മനസ്സ് മാറുമോ എന്ന് നമുക്ക് നോക്കാം. അതിനായി നമുക്ക് കാത്തിരിക്കാം.” തിരിച്ചു പോവാനായി വണ്ടിയിൽ ഇരിക്കുമ്പോൾ മനസ്സിൽ അപ്‌ലോഡ് ചെയ്യപ്പെട്ട വെള്ളവസ്ത്രം ധരിച്ച മാലാഖമാരുടെയും ആ നാടിന്റെ ഒരുമയുടെയും ചിത്രങ്ങളിലൂടെ ഞങ്ങളുടെ മനസ്സ് സഞ്ചരിക്കുകയായിരുന്നു; ഇനി ഒരിക്കലും ഈ നാട്ടിലേക്ക് വരേണ്ടി വരരുതേ എന്ന് പ്രാർഥിക്കുകയായിരുന്നു.

**നക്ഷത്ര പി.വി.**
8 എം
മമ്പറം ഹയർ സെക്കന്ററി സ്കൂൾ
തലശ്ശേരി നോർത്ത് ഉപജില്ല, കണ്ണൂർ



# ഒരു കർഷകന്റെ അതിജീവനം

പണ്ടത്തെ രാജഭരണകാലം. ആ രാജ്യത്ത് ഒരു കർഷകൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് കൃഷിചെയ്തു കിട്ടുന്നത് ചെറിയ ചെറിയ വരുമാനമാണെങ്കിലും വളരെ സന്തോഷത്തോടെയും സമാധാനത്തോടെയുമാണ് കർഷകനും ഭാര്യയും അഞ്ചു മക്കളുമടങ്ങുന്ന കുടുംബം ജീവിച്ചുപോന്നത്.

അങ്ങനെയിരിക്കെയാണ് ആ ഗ്രാമത്തിൽ വരൾച്ച ഉണ്ടായത്. ഗ്രാമത്തിലെ കൃഷി മുഴുവനും നശിച്ചു. ഗ്രാമം മുഴുവൻ ക്ഷാമം അനുഭവിക്കേണ്ടിവന്നു. കുടിവെള്ളംപോലും ലഭിക്കാതെയായി. കർഷകന്റെ കൃഷി മുഴുവനും നശിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിൽ ദാരിദ്ര്യം നടമാടി. ഒരു നേരത്തെ അന്നം പോലും കിട്ടാതെയായി. ആ ഗ്രാമത്തിലെ ചില ധനികരിൽനിന്നു കടം വാങ്ങിയാണ് അദ്ദേഹം കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. താൻ ഈ കടങ്ങളൊക്കെ എങ്ങനെ വീട്ടു മെന്ന് വിഷമത്തോടെ ചിന്തിച്ചു. കർഷകൻ തന്റെ ജീവിതം അവസാനിപ്പിക്കാമെന്ന് തീരുമാനിച്ചു.

കൃഷിയിടത്തിന്റെ അരികിലുള്ള മാവിൻചുവട്ടിൽ പലതും ചിന്തിച്ചുകൊണ്ടിരുന്ന കർഷകന്റെ അരികിലേക്ക് ഒരാൾ എത്തി. അയാൾ വിഷമിച്ചിരിക്കുന്നതിന്റെ കാരണം തിരക്കി. പക്ഷേ, അയാളെ കർഷകൻ ആ ഗ്രാമത്തിലൊന്നും ഇതുവരെ കണ്ടിട്ടില്ലായിരുന്നു. എങ്കിലും കർഷകൻ തന്റെ വിഷമങ്ങളെല്ലാം അദ്ദേഹത്തോട് പറഞ്ഞു. അതുകേട്ട് അപരിചിതൻ ഉടൻതന്നെ കർഷകന്റെ മുന്നിലേക്ക് ഒരു പണസഞ്ചി നീട്ടിക്കൊണ്ട് പറഞ്ഞു: “ഇതിൽ നിങ്ങൾക്ക് ആവശ്യത്തിനുള്ള പണമുണ്ട്. ഇതുകൊണ്ട് നിങ്ങൾ നിങ്ങളുടെ കടങ്ങൾ വീട്ടി വീണ്ടും കൃഷി തുടങ്ങുക. അടുത്തവർഷം ഈ സമയത്ത് ഞാൻ ഈ കൃഷിയിടത്തിൽ വരും. അപ്പോൾ ഈ പണം മുഴുവൻ എനിക്ക് തിരിച്ചു നൽകണം.” ഇതും പറഞ്ഞ് അപരിചിതൻ അവിടെനിന്നു പോയി.

കർഷകൻ കുറച്ചുസമയത്തേക്ക് അങ്ങനെത്തന്നെ ഇരുന്നുപോയി. അദ്ദേഹത്തിന് വളരെയധികം സന്തോഷം തോന്നി. കർഷകന്റെ കൈയിലെ പണസഞ്ചി തുറന്നുനോക്കി. അദ്ദേഹം അത്ഭുതപ്പെട്ടു. അതിൽ പണം ആയിരുന്നില്ല, രാജമുദ്ര പതിപ്പിച്ച സ്വർണനാണയങ്ങൾ! ആ നിമിഷം തന്നെ അദ്ദേഹത്തിന്റെ സന്തോഷം ഇല്ലാതായി. ഈ സ്വർണനാണയം ഉപയോഗിച്ച് താൻ എങ്ങനെ കടം വീട്ടും? ഇതു കണ്ടാൽ താൻ രാജാവിന്റെ



സ്വർണനാണയങ്ങൾ മോഷ്ടിച്ചു എന്ന് കരുതും. അങ്ങനെ താൻ ഒരു കള്ളനാണെന്ന് മുദ്രകുത്തപ്പെടും. കർഷകൻ വീണ്ടും വിഷമത്തിലായി. കുറച്ചു സമയം അദ്ദേഹം ചിന്തിച്ചിരുന്നു. കർഷകൻ എപ്പോഴും മണ്ണിനോട് മല്ലടിച്ചുകൊണ്ടിരിക്കണം. അല്ലാതെ ജീവിതത്തിൽനിന്ന് ഓടിരക്ഷപ്പെടൽ തോൽവിക്ക് തുല്യമാണ്. താൻ ആത്മഹത്യചെയ്താൽ ഭാര്യയും മക്കളും എന്ത് ചെയ്യും?

അങ്ങനെ ആത്മവിശ്വാസം വീണ്ടെടുത്തുകൊണ്ട് അദ്ദേഹം വീണ്ടും കൃഷിചെയ്യാൻ തീരുമാനിച്ചു. ആദ്യം അയാൾ താൻ കടംവാങ്ങിയ ധനികരെ കണ്ട് ആറുമാസത്തെ സാവകാശം ആവശ്യപ്പെട്ടു. അദ്ദേഹം ഉത്സാഹത്തോടെ വീണ്ടും കൃഷിയിൽ ഏർപ്പെട്ടു. കുറച്ചു നാളുകൾക്കു ശേഷം അദ്ദേഹം പൂർവസ്ഥിതിയിലായി, കടങ്ങളെല്ലാം വീട്ടി.

ഒരു വർഷം കഴിഞ്ഞ് ആ സമയം വന്നെത്തി. കർഷകൻ സൂക്ഷിച്ചുവച്ച സ്വർണനാണയങ്ങളുമായി അപരിചിതനെയും കാത്തു മാവിൻചുവട്ടിൽ ഇരുന്നു. പക്ഷേ, അപരിചിതനെ കണ്ടില്ല. കുറച്ചു സമയം കഴിഞ്ഞപ്പോൾ തന്റെ അടുത്തേക്ക് വന്ന രണ്ട് രാജഭടന്മാർ കർഷകനെയുംകൊണ്ട് കൊട്ടാരത്തിലേക്ക് പോയി.

കൊട്ടാരത്തിലെത്തി രാജാവിനെ കണ്ടപ്പോൾ കർഷകൻ അമ്പരന്നു. ആ അപരിചിതൻ രാജാവായിരുന്നു. അമ്പരന്നു നിൽക്കുന്ന കർഷകനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് രാജാവ് പറഞ്ഞു: "നിങ്ങളെപ്പോലുള്ള കർഷകരാണ് നമ്മുടെ രാജ്യത്തിന് ആവശ്യം. അതുകൊണ്ടുതന്നെ ആത്മഹത്യ ഒന്നിനും ഒരു പരിഹാരം അല്ല. പ്രതിസന്ധി വരുമ്പോൾ ആത്മവിശ്വാസത്തോടെ തരണംചെയ്തു മുന്നേറണം."

**പ്രന്യ വി.പി.**
7 എ
മമ്പറം യു.പി. സ്കൂൾ
തലശ്ശേരി നോർത്ത് ഉപജില്ല, കണ്ണൂർ

# അതിരുകൾ

അവൾ നിർത്താതെ കരയാൻ തുടങ്ങിയിട്ട് ഇന്നേക്ക് അഞ്ചുദിവസം തികയുകയാണ്. എന്തു ചോദിച്ചാലും അവൾക്ക് ഒന്നുമാത്രമേ പറയാനുള്ളൂ- "എനിക്ക് അമ്മയെ കാണണം." ഭക്ഷണമോ വെള്ളമോ ഒന്നും കഴിക്കാതെ എത്ര ദിവസമായി, വളരെ നിർബന്ധിച്ചാൽമാത്രം രണ്ടോ മൂന്നോ ബിസ്കറ്റ് കഴിക്കും. അവളുടെ അമ്മ ഹോസ്പിറ്റലിൽ നഴ്സാണ്. കഴിഞ്ഞ ദിവസമാണ് ആരോഗ്യ പ്രവർത്തകർ ഹോസ്പിറ്റലിൽത്തന്നെ നിൽക്കണമെന്ന് നിർദേശിച്ചത്. അതോടെ അവളുടെ അമ്മയ്ക്ക് അവിടെനിന്ന് വരാൻ പറ്റാതായി. രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. കൊറോണ പടരുന്നത് വർധിച്ചുകൊണ്ടിക്കുന്നു. കുളിപ്പിക്കുമ്പോഴും "എനിക്ക് കുളിക്കേണ്ട, അമ്മയെ കണ്ടാൽ മതി" എന്നാണ് അവൾ പറയുന്നത്. അവസാനം അവളുടെ കരച്ചിൽ നിർത്താതെയായപ്പോൾ ഞാൻ പറഞ്ഞു: "മോളേ, അമ്മയെ കാണിക്കാൻ ഞാൻ കൊണ്ടുപോകാം. ആദ്യം കുളിച്ച് ഭക്ഷണമൊക്കെ കഴിക്ക്." രണ്ടരവയസ്സുള്ള ആ കുഞ്ഞിന്റെ കരച്ചിൽ അത്രത്തോളമായിരുന്നു. അവൾ ദൃതിയിൽ ബിസ്കറ്റ് തിന്ന് വീണ്ടും അമ്മയെ കാണണമെന്ന് പറഞ്ഞ് കരയാൻ തുടങ്ങി. ബൈക്ക് സ്റ്റാർട്ട് ചെയ്തപ്പോഴേ അവൾക്ക് സന്തോഷം വന്നു. അവൾ ചിരിക്കുന്നതു കണ്ടാൽ ആർക്കും സന്തോഷമാകും. എന്നാലും മനസ്സിൽ വല്ലാത്ത സങ്കടം. ബൈക്കിൽ മോളെയും കൂട്ടി പോകുമ്പോൾ അവൾ നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. പോകുന്ന വഴിയിലുള്ളവരെല്ലാം ഞങ്ങളെ ശ്രദ്ധിക്കുന്നതുപോലെ. ഞങ്ങൾ ഹോസ്പിറ്റലിന്റെ അടുത്ത് എത്താറായിരുന്നു. ദൂരത്ത് നിന്ന് തന്നെ അവൾക്ക് അമ്മയെ മനസ്സിലായി. അമ്മയെ കണ്ട ഉടൻ കരയാൻ തുടങ്ങി. അവിടെ എത്തിയിട്ട് അമ്മേ... അമ്മേ... എന്ന് നിലവിളിച്ചുകൊണ്ട് അവൾ അമ്മയുടെ അടുത്തേക്ക് ഓടാൻ ശ്രമിച്ചു. ഞാൻ സമ്മതിച്ചില്ല. ഞാൻ മോളെ മുറുകെ പിടിച്ചിരുത്തി. ഇത് കാണാൻ പറ്റാതെ അവളുടെ അമ്മയ്ക്കും കരച്ചിൽവന്നു. കണ്ടുനിന്നവർക്കൊന്നും സഹിക്കാൻ കഴിഞ്ഞില്ല. അമ്മയെ കണ്ടിട്ട് ബൈക്കു തിരിക്കാൻ നോക്കി. പക്ഷേ, മോൾ അതിനു സമ്മതിക്കുന്നില്ല. അലറിക്കരയാൻ തുടങ്ങി. കൈകാലിട്ടടിച്ച് അവൾ പിടഞ്ഞു. എന്ത് പറഞ്ഞിട്ടും അവളുടെ കരച്ചിൽ നിൽക്കുന്നില്ല. ഞാൻ സമാധാനിപ്പിച്ചു: "മോളേ, കരയണ്ട, അമ്മ വേഗം വരും." അവൾക്ക് അറിയാം അമ്മ പെട്ടെന്നൊന്നും വരില്ലെന്ന്. എത്രനാളായിങ്ങനെ പറയുന്നു. പ്രയാസപ്പെട്ടാണെങ്കിലും ബൈക്ക് തിരിക്കുമ്പോൾ ഞാൻ കണ്ടു. അവൾ കണ്ണുതുടച്ച് ഹോസ്പിറ്റലിനുള്ളിലേക്ക് കടക്കുന്നത്. എന്തായിരിക്കാം അപ്പോൾ അവൾ ചിന്തിച്ചിട്ടുണ്ടാവുക?

**ശ്രീരത്ന ജെ.**
7 ബി, മൊകേരി ഈസ്റ്റ് യു.പി. സ്കൂൾ
പാനൂർ ഉപജില്ല, കണ്ണൂർ

# കാത്തിരിപ്പ്

അത് ബംഗാളിലെ ഒരു കുഗ്രാമമായിരുന്നു. ജനങ്ങൾ തിങ്ങിപ്പാർത്ത ഒരു ചേരി. തൊഴിലില്ലായ്മ രൂക്ഷമായതോടെ അവിടത്തെ ആളുകൾ മറ്റ് സംസ്ഥാനങ്ങളിൽ അഭയം തേടി, അതിലൊരാളായിരുന്നു സുന്ദർലാൽ. അയാളെ മാത്രം ആശ്രയിച്ച് രണ്ട് ജീവനുകൾ ഉണ്ട്. സുന്ദർലാലിന് കിട്ടുന്ന തുച്ഛമായ വരുമാനമാണ് ആ കുടുംബത്തിന്റെ ഏക ആശ്രയം. സുന്ദർലാലിന്റെ ഭാര്യ ഗർഭിണിയാണ്. സുന്ദർലാൽ ഇപ്പോൾ കേരളത്തിലാണ് ജോലിചെയ്യുന്നത്. പണിചെയ്തു കിട്ടുന്ന തുകയുടെ വലിയ ഭാഗവും അയാൾ ബംഗാളിലേക്കാണ് അയയ്ക്കുന്നത്.

ഫെബ്രുവരിയിൽ കേരളത്തിൽ എത്തിയ അയാൾ ഭാര്യക്ക് നൽകിയത് 'ഏപ്രിൽ ആദ്യമാകുമ്പോൾ നിന്റെ മുമ്പിലുണ്ടാകും' എന്ന വാക്കായിരുന്നു. പിന്നീടങ്ങോട്ട് ഏപ്രിൽ ആകാനുള്ള തിടുക്കത്തിലായിരുന്നു അയാൾ. വീട്ടിൽ ചെന്നിട്ട് അവളെയും കൊണ്ട് ബംഗാൾ മുഴുവൻ കറങ്ങണമെന്നും ഒരായുസ്സു മുഴുവനും സുഖമായി ജീവിക്കാനുള്ള പണമുണ്ടാക്കി നാട്ടിൽത്തന്നെ കഴിയണം എന്നും അയാൾ ആഗ്രഹിച്ചു.

അങ്ങനെയിരിക്കെയാണ് കൊറോണയെന്ന മാരകവൈറസിനെ തുടർന്ന് രാജ്യം മുഴുവൻ ലോക്ഡൗണിലേക്ക് മാറിയത്. ദിവസങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിൽ കേരളം ഇതരസംസ്ഥാന തൊഴിലാളികളെ അവരുടെ നാട്ടിലേയ്ക്കയക്കാൻ തീരുമാനിച്ചു. നാട്ടിൽ ചെല്ലാനുള്ള ആയിരം രൂപ അയാൾ കടം മേടിച്ചു.

നിർഭാഗ്യം എന്ന് പറയാം, അയാളുടെ സുഹൃത്തിന്റെ ആശുപത്രി ആവശ്യങ്ങൾക്ക് ആ തുക ചെലവാക്കപ്പെട്ടു. ചെലവായിപ്പോയപ്പോഴാണ് ആ നോട്ടുകൾക്ക് അയാളുടെ ജീവന്റെ വിലയുണ്ടെന്ന് തിരിച്ചറിഞ്ഞത്. താൻ ആഗ്രഹിച്ച യാത്ര നടക്കില്ലെന്ന ബോധം അയാൾക്കിപ്പോൾ ഉണ്ട്. നിറഞ്ഞകണ്ണുകളോടെ അയാൾ ഇനിയും ആ മുറിക്കകത്ത് തീവണ്ടിയുടെ ചൂളമടിക്കായി കാത്തിരിക്കുന്നു.

**കാഞ്ചന എസ്.**
5 ബി
മുരുക്കുമൺ യു.പി.എസ്.
ചടയമംഗലം ഉപജില്ല, കൊല്ലം

# വിശപ്പ്

ഒരിടത്തും ഭക്ഷണം കിട്ടാതെ കുട്ടൻകാക്ക വലഞ്ഞു. മനുഷ്യരെ ഒന്നും പുറത്തു കാണാനില്ല. എന്തോ പറ്റിയിട്ടുണ്ട്. കടകളും തുറന്നിട്ടില്ല. പതിവുള്ള മീൻകാരനെയും കാണാനില്ല. ഇല്ലെങ്കിൽ രണ്ടു മീനെങ്കിലും കിട്ടിയേനെ. ഒന്നുകൂടി നോക്കാം. കാക്ക മരക്കൊമ്പിൽനിന്നു പറന്നിറങ്ങി. ആദ്യം കണ്ട വീടിന്റെ അടുക്കളഭാഗത്തെത്തി.

അതാ ചെടികൾക്കിടയിൽ ഒരു പാത്രത്തിൽ വെള്ളം വച്ചിരിക്കുന്നു. താഴെ ഒരു മാമ്പഴവും ഉണ്ടല്ലോ. കാക്കയ്ക്ക് സന്തോഷമായി. മാമ്പഴവും തിന്ന് വെള്ളവും കുടിച്ചപ്പോൾ വയർ നിറഞ്ഞു. അപ്പോൾ അകത്തു നിന്നു കുട്ടികൾ പറയുന്നത് കാക്ക കേട്ടു: “അമ്മേ, ഇന്ന് വന്നത് ഒരു കാക്കയായിരുന്നു. നല്ല വിശപ്പുണ്ടായിരുന്നു അതിന്. ദാ നോക്കൂ, മുഴുവനും അത് തിന്നു, വെള്ളവും കുടിച്ചു. പാവം കാക്ക, അല്ലേ അമ്മേ.”

“അതെ മക്കളേ, ആരും ഈ കൊറോണക്കാലത്തു ഭക്ഷണം കളയുന്നുണ്ടാവില്ല. എല്ലാവർക്കും പുറത്തിറങ്ങാൻ പറ്റില്ലല്ലോ. അതാവും അതിന് ഒന്നും കിട്ടാഞ്ഞത്. മക്കൾ ടീച്ചർ പറഞ്ഞത് പോലെ ചെയ്തത് എത്ര നന്നായി.”

അമ്മയുടെ മറുപടിയും കാക്ക കേട്ടു. അപ്പോൾ അടുക്കളപ്പടിയിൽനിന്ന് ആ കുട്ടികൾ വിളിച്ചുപറഞ്ഞു: “കാക്കച്ചീ, നാളെയും വരണേ...”

**ഇതൾ എസ്.**
5 എ
യു.പി. സ്കൂൾ, പെരിങ്ങലിപ്പുറം
ചെങ്ങന്നൂർ ഉപജില്ല, ആലപ്പുഴ



# മാസ്ക്

ഫോൺ കിട്ടാനായി മീനൂട്ടി അമ്മയെ കാത്തിരുന്നു. ആശുപത്രിയിൽ ആയതിനാൽ ലോക്ഡൗൺ ആയാലും അമ്മയ്ക്ക് ജോലിക്ക് പോണം. അഞ്ചരയ്ക്ക് ജോലികഴിഞ്ഞു വന്നപടി അമ്മ കുളിക്കാൻ കയറി. ആ തക്കത്തിന് മീനൂട്ടി ഫോൺ എടുത്തു. കുളി കഴിഞ്ഞുവന്ന അമ്മ ചായകുടിക്കാൻ വിളിച്ചപ്പോഴും മീനൂട്ടി വന്നില്ല. അമ്മയ്ക്ക് ദേഷ്യം വന്നു, ചെവിക്കിട്ടു നല്ല ഒരു തിരുമ്മു കിട്ടി.

ഇന്നാ അമ്മേടെ ഫോൺ, എനിക്ക് വേണ്ടാ എന്ന് പറഞ്ഞു മീനൂട്ടി മുറിയിൽ കയറി വാതിലടച്ചു. കുറേ കഴിഞ്ഞ് അമ്മയും അച്ഛനും അമ്മാമയും മാറിമാറി വിളിച്ചിട്ടും മീനുട്ടി പുറത്തുവന്നില്ല. അവൾ ഉറക്കം നടിച്ചു കിടന്നു. "കുട്ടികളായാൽ ഇത്ര വാശി പാടില്ല", അമ്മ പറയുന്നത് അവൾ കേട്ടു.

അച്ഛൻ മുറിയിലേക്ക് കയറിവന്നു. അവളുടെ നെറുകയിൽ തലോടിക്കൊണ്ടു ചോദിച്ചു: "മോളെന്തിനാ അമ്മേടെ ഫോൺ എടുത്തത്, അതല്ലേ അമ്മയ്ക്ക് ദേഷ്യം വന്നത്?"

"ഞാൻ ഒരു സാധനം ഉണ്ടാക്കാൻ പഠിക്കായിരുന്നൂ അച്ഛാ..."

"എന്ത് സാധനം?"

"അത് ഞാൻ പറയില്ല. നിങ്ങൾക്ക് എന്നെ കളിയാക്കാനല്ലേ?" അങ്ങനെ കിടന്ന് എപ്പോഴോ അവൾ ഉറങ്ങി.

കാലത്ത് അമ്മയുടെ ഉറക്കെയുള്ള സംസാരം കേട്ടാണ് അവൾ കണ്ണ് തുറന്നത്. "ഹെൽമെറ്റില്ലെങ്കിലും ഇപ്പോൾ പോലീസ് പിടിക്കില്ല, മാസ്ക് ഇല്ലെങ്കിൽ പോലീസ് പിടിക്കും." മീനു പതുക്കെ എഴുന്നേറ്റു പുറത്തുവന്നു. അമ്മ ഒരുങ്ങിനിൽക്കുന്നു, അച്ഛൻ മാസ്ക് അന്വേഷിക്കുകയാണ്. മീനൂട്ടി വേഗം തന്റെ മുറിയിലേക്ക് ഓടിപ്പോയി, കൈ ചുരുട്ടിപ്പിടിച്ചു പുറത്ത് വന്ന് അമ്മയ്ക്ക് നേരെ നീട്ടി. ടവ്വലും റബ്ബർബാൻഡും വച്ച് തലേന്ന് ഫോണിൽ നോക്കി അവൾ ഉണ്ടാക്കിയ മാസ്ക് ആയിരുന്നു അത്. അമ്മേടെ മോളേ എന്ന് വിളിച്ച് അമ്മ മീനൂട്ടിയെ ചേർത്തുപിടിച്ചു.

**ശിവനന്ദ എ.എസ്.**
1 ബി
വി.എൽ.പി.എസ്, കല്ലൂർ
ചേർപ്പ് ഉപജില്ല, തൃശ്ശൂർ

# ഓർമ്മകൾ...

ഉത്സാഹഭരിതമായിരുന്ന ഞങ്ങളുടെ സ്കൂൾ ദിവസങ്ങൾക്ക് വിരാമമിട്ടുകൊണ്ട് അന്ന് ആ അറിയിപ്പു വന്നു. നാളെ മുതൽ എല്ലാവരും വീട്ടിനുള്ളിൽ... എല്ലാ സ്ഥാപനങ്ങളും കുറച്ചുനാളത്തേക്ക് അടച്ചിടുകയാണ്! കോവിഡ് 19 എന്ന മഹാമാരി ചൈനയിലെ വുഹാൻ നഗരത്തിൽനിന്നു ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും പടർന്നുപിടിച്ചതായി പത്രവാർത്തകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും ഞങ്ങൾ അറിഞ്ഞിരുന്നു. ആ മഹാമാരി നമ്മുടെ കൊച്ചുകേരളത്തിലും വന്നെത്തി എന്നത് എല്ലാവരിലും ആശങ്ക ഉളവാക്കി. സർക്കാർ തീരുമാനം അനുസരിച്ച് സഹകരിക്കാൻ എല്ലാവരും തയാറായി.

വീട്ടിനുള്ളിൽ മാത്രമായി ഒതുങ്ങിയ വിരസമായ ദിവസങ്ങളിൽ ഒരുദിവസം രാവിലെ ഉറക്കം എഴുന്നേറ്റു പല്ല് തേച്ചുകൊണ്ടിരിക്കുമ്പോൾ ആണ് രാമേട്ടനെയും അയാളുടെ പിറകെ വാലാട്ടിക്കൊണ്ടുപോകുന്ന പട്ടിയെയും കണ്ടത്. രാവിലത്തെ ചായകുടിയും കഴിഞ്ഞ് അനിയത്തിയുമായി കളിച്ചുകൊണ്ടിരുന്ന സമയത്താണ് രാമേട്ടന്റെ വിളി കേട്ടത്. പറങ്കിമാന്തോട്ടത്തിൽനിന്ന് തിരിച്ചുവരും വഴി വെള്ളം കുടിക്കാനോ കുശലം ചോദിക്കാനോ വല്ലപ്പോഴും അയാൾ വീട്ടിൽ വരും. ചായയുടെ കൂടെ കൊടുത്ത ബിസ്കറ്റ് കഴിക്കാതെ, ഇത് ഇവന് കൊടുക്കാം എന്ന് പറഞ്ഞു. വാ... ടാ എന്ന് വിളിച്ചു... മുറ്റത്ത് ചുറ്റിത്തിരിയുന്ന ആ കറുത്ത കുഞ്ഞൻപട്ടി വാലാട്ടിക്കൊണ്ട് ഓടിവന്നു. ഇത് തിന്നോ എന്ന് പറഞ്ഞ് അയാൾ ആ ബിസ്കറ്റ് ഇട്ട് കൊടുത്തു. അത് തിന്നു പിന്നേയും വാലാട്ടിക്കൊണ്ട് അവിടെ നിന്നു. ഇത് കണ്ടു കൗതുകം തോന്നി അച്ഛനും ഒരു ബിസ്കറ്റ് കൊടുത്തു. അതു കണ്ട് ഭയത്തോടെ ആണെങ്കിലും ഞങ്ങൾ കുട്ടികളും അവന് കഴിക്കാൻ കൊടുത്തു. അതും അവൻ സന്തോഷത്തോടെ തിന്നു. അപ്പോൾ രാമേട്ടൻ പറഞ്ഞു: "ഇതിനെ... ഇവിടെ നിർത്തിക്കോ... പിള്ളേർക്ക് ഒരു രസം അല്ലേ? ഒന്നുരണ്ടു ദിവസമായി ഇവൻ എന്നെ ചുറ്റിപ്പറ്റി നടക്കുന്നു. ഹോട്ടലുകളും ഒന്നും തുറക്കാത്തതിനാൽ, തിന്നാൻ കിട്ടാതെ അലഞ്ഞുതിരിഞ്ഞു വന്നതാണ്. ഞാൻ കുറച്ച് ചോറു കൊടുത്തു. ഇപ്പോ എന്റെ പിറകെ നടക്കുന്നു."

ഇതിനിടെ അച്ഛൻ ഒരു പാത്രത്തിൽ വെള്ളവും രാത്രിയിൽ ബാക്കിവന്ന കുറച്ച് ചോറും അവന് കൊടുത്തു. അതും തിന്ന് അവിടെ കിടന്നു. വെയിലേറ്റ ക്ഷീണംകൊണ്ടാവാം, ദീർഘമായി ശ്വസിക്കുന്നുണ്ടായിരുന്നു. കുറച്ച് കഴിഞ്ഞ് അയാൾ പോകാൻ ഒരുങ്ങിയപ്പോൾ അതും അയാളുടെ പിന്നാലെ പോയി. നീ വരണ്ട... ഇവിടെ നിന്നോ.. എന്ന് പറഞ്ഞ് കൈകൊണ്ട് കാണിച്ചു. അത്ഭുതം! അവൻ വീണ്ടും പഴയസ്ഥലത്ത് വന്നു കിടന്നു.



ചൂട് സഹിക്കാൻ പറ്റാത്തതുകൊണ്ടാവാം, അവൻ ഞങ്ങളുടെ കാറിന്റെ അടിയിൽ കിടന്ന് ഉറങ്ങാൻ തുടങ്ങി. എനിക്ക് വളരെ സന്തോഷം തോന്നി. ഇതിന് എന്ത് പേരിടും? അവസാനം ഞാൻ പറഞ്ഞു- ബ്ലാക്ക്... ബ്ലാക്കി... ബ്ലാക്കി മതി! ഇതിനിടെ അടുത്തവീട്ടിലെ കുട്ടികളും എത്തി. ബ്ലാക്കി എന്ന് വിളിച്ച് അതിനെ ഇണക്കാനുള്ള ശ്രമത്തിലായി എല്ലാവരും.

വൈകുന്നേരം ഞങ്ങൾ കുട്ടികൾ എല്ലാം കളിക്കാൻ തുടങ്ങി, അപ്പോൾ അവൻ ഞങ്ങളുടെ പറമ്പ് മുഴുവനും ചുറ്റിനടന്നു. ചിലപ്പോ ചെറിയ പക്ഷികളുടെ പിറകെ ഓടി. വാടാ എന്ന് വിളിച്ചപ്പോ അച്ഛന്റെ പിറകെ പോയി. ഇത് കണ്ട് ഞാനും അവരെ അനുഗമിച്ചു. സന്ധ്യയാകാൻ തുടങ്ങിയപ്പോൾ കുളിച്ചു വിളക്കുവയ്ക്കാൻ അമ്മ വിളിച്ചുപറഞ്ഞു. ഇത് കേട്ട് ഞാൻ വീട്ടിലേക്ക് ഓടാൻ തുടങ്ങി. പെട്ടെന്ന് പിറകെ ബ്ലാക്കി ഓടിവരുന്നതായി എനിക്ക് തോന്നി. അത് എന്നെ കടിക്കാനാണ് ഓടുന്നതെന്ന് തോന്നി. ഭയത്തോടെ... ഞാൻ തിരിഞ്ഞ് നോക്കിക്കൊണ്ട് ഓടി... പെട്ടെന്ന്... ഒരു കല്ലിൽ തട്ടി ഞാൻ തെറിച്ചു വീണു. അച്ഛാ... എന്ന് ഉറക്കെ വിളിച്ചുകൊണ്ട് കരഞ്ഞു. ഇത് കേട്ട് അച്ഛൻ ഓടിവന്നു, പിന്നാലെ അമ്മയും. എന്നാൽ ഞാൻ ഭയപ്പെട്ടതുപോലെ ഒന്നും സംഭവിച്ചില്ല. ബ്ലാക്കി എന്നെ ഒന്നും ചെയ്തില്ല! ഞാൻ ഓടിയത് കണ്ട് അവനും ഓടിയതാകാം. എന്റെ കൈയിലും തലയിലും എല്ലാം ചെറുതായി മുറിഞ്ഞു. അമ്മ മരുന്ന് വച്ചു തന്നു. വേദന ഉണ്ടെങ്കിലും എനിക്ക് ബ്ലാക്കിയോട് ഒട്ടും ദേഷ്യം തോന്നിയില്ല.

രാത്രി മുഴുവൻ കുരച്ചും ഓടിയും അവൻ തന്റെ 'ഡ്യൂട്ടി'ചെയ്തു. നേരം പുലരാറായപ്പോഴും ഇടയ്ക്കിടെ അവന്റെ കുര കേട്ടു. നേരം വെളുത്തപ്പോ ഞാൻ ആദ്യം നോക്കിയത് ബ്ലാക്കിയെയായിരുന്നു, എന്നാൽ എവിടേയും അവനെ കണ്ടില്ല. ഞാൻ വിഷമത്തോടെ അച്ഛനോടും അമ്മയോടും പറഞ്ഞു. അത് പറമ്പിൽ എവിടെയെങ്കിലും കാണും എന്ന് അച്ഛൻ പറഞ്ഞു. എന്നാൽ കുറേ കഴിഞ്ഞും അവനെ കണ്ടില്ല. ഉച്ചയായി... അവൻ വന്നില്ല... എനിക്ക് നല്ല വിഷമം തോന്നി! സന്ധ്യയായി.

അവൻ വന്നില്ല... ഒരു ദിവസത്തെ അടുപ്പം മാത്രം... എന്നിട്ടും... പിന്നീട് ഒരിക്കലും അവൻ വന്നില്ല!

ഒരു ഓർമ്മ മാത്രമായി ബ്ലാക്കി...

**സയന പ്രദീപ്**
6 എ
വെള്ളോറ എ.യു.പി. സ്കൂൾ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# തെരുവ് ചിരിക്കുന്നു

അന്ന് മമ്മദ്ക്കയുടെ ചായപ്പീടികയിൽ രാവിലത്തെ പതിവ് പറ്റ് പറഞ്ഞുള്ള ചായകുടിക്കിടയിൽ പീടികയുടെ അകത്തെ പുരയിലെ ടി.വിയിൽ കേട്ടു, “കേരളത്തിൽ ആദ്യ കൊറോണാ കേസ് സ്ഥിരീകരിച്ചു, കർശനനിയന്ത്രണങ്ങളോടെ പരീക്ഷകൾ തുടരുന്നു.”

“എന്തരപ്പാ, ടാ ലൂസിഫറേ, നെന്റ കോട്ടയംകാരി പെങ്ങളല്യോ വെറോണ. ഓളെന്തര് കേസില് പെട്ടെന്നാ?” തലയിൽ മാന്തി ഒന്ന് കുലുങ്ങിച്ചിരിച്ചുകൊണ്ട് ലൂസിഫറിന്റെ ഉറ്റസുഹൃത്തും തെരുവുമേറ്റുമായ കിഷ്ണൻ ചോദിച്ചു.

തന്റെ ശോഷിച്ച കണ്ണുകൾകൊണ്ട് ആകാവുന്നത്ര ദേഷ്യം നടിച്ച് ലൂസിഫർ കിഷ്ണനെ ഒന്ന് നോക്കി. ആ നോട്ടത്തിൽ തന്റെ സഹോദരിയോടുള്ള സ്നേഹവും കിഷ്ണനോടുള്ള ദേഷ്യവും പ്രത്യക്ഷമായിരുന്നു. ആ കണ്ണുപൊട്ടന്മാരുടെ കണ്ണുകൊണ്ടുള്ള കളിക്കിടയിലേക്ക് വലിഞ്ഞുകയറി വന്ന് മമ്മദ് പറഞ്ഞു: “ങ്ങ്ള്, എന്തര് പറയിന് കിഷ്ണോ, കൊറോണേക്കുറിച്ചാ ആ ടീവീലെ പെണ്ണ് പറഞ്ഞിന്...”

തന്റെ അറിവ് മുഴുവൻ പ്രദർശിപ്പിച്ചു എന്ന സംതൃപ്തിയോടെ അവിടത്തെ സ്ഥിരം കസ്റ്റമറായ മാന്യൻ മിസ്റ്റർ കോവാലന് (അങ്ങനെ തന്നെ മറ്റുള്ളവർ വിളിക്കുന്നത്, നരച്ച കോട്ട് കീറിയ പാൻറിനുള്ളിൽ ഇൻഷർട്ട് ചെയ്യുന്ന ആ മാന്യന് ഇഷ്ടമല്ല) ആവിപറക്കുന്നെങ്കിലും പാട കെട്ടിയ ചായ കൊടുത്തു. അപ്പോഴേക്കും കുറ്റിത്താടി തടവിക്കൊണ്ട് കിഷ്ണൻ ചോദിച്ചു: “അല്ല ഓളാരാണ്? ഓൾ എന്തിനാണ് ഈ ഏടാകൂടത്തിലൊക്കെ ചെന്ന് ചാടി കേസൊപ്പിക്കണത്?”

അൽപ്പം ഗൗരവത്തോടെയുള്ള ആ ചോദ്യത്തിന് ഒരു പുച്ഛത്തോടെ മിസ്റ്റർ കോവാലൻ ഉത്തരം പറഞ്ഞു: “മിസ്റ്റർ കിഷ്ണൻ, അത് ഒരു രോഗബാധയാണ്. ചൈനയിലാണ് ആദ്യം കണ്ടെത്തിയത്. ചൈനയിലും മറ്റ് രാജ്യങ്ങളിലും ലക്ഷക്കണക്കിന് മനുഷ്യനെ കൊന്നൊടുക്കി. ഇപ്പൊ കേരളത്തിലും വന്നിന്. അതുകൊണ്ട് നെരത്തിലൊക്കേ കർശന നെയന്ത്രണാ.” അതുംപറഞ്ഞ് വിജയീഭാവത്തിൽ പാട ചൂണ്ടുവിരൽ കൊണ്ട് ഒരു തട്ടിത്തെറിപ്പിക്കലായിരുന്നു മിസ്റ്റർ കോവാലൻ.

ഇതെല്ലാം മിണ്ടാതെ കേട്ടിരുന്ന് ചായയും കുടിച്ചിട്ട് ലൂസിഫർ ബെഞ്ചിൽ ചാരിവച്ച 'ബയലിനും' എടുത്തുകൊണ്ട് ഒരു പോക്കായിരുന്നു. പിന്നാലെ തന്റെ മന്തുപിടിച്ച വലത്തേ കാല് പൊക്കിപ്പിടിച്ചു കിഷ്ണനനും. നിരത്തിലെ ഫുട്പാത്തിൽ വാകയ്ക്ക് കീഴിലിരുന്ന് ദേവരാജൻമാസ്റ്ററുടെ ഒരു പാട്ട് അങ്ങ് തന്റെ വയലിനിൽ പാസാക്കി. ശേഷം തലയിലിരുന്ന തൊപ്പി താഴെ കമഴ്ത്തിവച്ചു. ആ പ്രഭാതത്തെ വെട്ടിമുറിക്കാൻ ധൃതിപ്പെടുന്ന വാഹനയാത്രക്കാർ ആ നാദമധുരത്തിൽ ഒരുനിമിഷം മാത്രം കണ്ണയച്ചുകൊണ്ട് പങ്കുചേർന്ന് മാറിപ്പോയി. അടുത്തതായി ബാബുരാജിന്റെ പാട്ടായിരുന്നു വയലിനിൽ എടുത്തിട്ടത്. അതുകഴിഞ്ഞപ്പോൾ തൊപ്പിയിലെ ഓട്ടകളെ മറയ്ക്കാനെങ്കിലും ചില്ലറകൾ വീണു.

അവിടെ കൂടിനിന്ന ആളുകളുടെ ഇടയിൽനിന്നും ഒരു സായിപ്പ് വന്ന് ലൂസിഫറിന് നേരെ കൈനീട്ടി. അപ്പോൾ കിഷ്ണൻ പിറകിൽ നിന്ന് ഓടിവന്ന് പറഞ്ഞു: "അയ്യോ ലൂസിഫറേ, കൈ കൊടുക്കല്ലേ, ടീവില് പറഞ്ഞിന്, ങ്ങ്ളും കേട്ടതല്ലീ, കൈ കൊടുക്കല്ല്, ഇബരില് ഒണ്ടേല് ങ്ക്ക്കും പകരുംന്ന്."

മരണത്തോടുള്ള ഭയമോ കൊറോണ എന്ന ഭീകരനെക്കുറിച്ച് കേട്ട കഥകളോ കിഷ്ണന്റെ മുഖത്തെ സ്ഥായീഭാവമായ കുസൃതിക്ക് പകരം ഇപ്പോൾ വേവലാതി നിറഞ്ഞ അങ്കലാപ്പ് പടർത്തി.

"ഒന്ന് പോടാ അപ്പാ" എന്ന് പറഞ്ഞ് ഇടത്തെ കൈകൊണ്ട് കിഷ്ണനെ പിറകിലേക്ക് തള്ളി വലത്തേ കൈ സായിപ്പിന് നീട്ടി, ലൂസിഫർ.

കുറച്ചുദിവസങ്ങൾ പ്രത്യേകിച്ച് യാതൊരു വിശേഷവുമില്ലാതെ കടന്നുപോയി. പക്ഷേ, തെരുവിലൂടെയുള്ള എല്ലാ നിരത്തുകളും ഓരോദിവസം കഴിയുംതോറും നിശ്ശബ്ദവും നിശ്ചലവുമായിവന്നു. നിരത്തിലെ ഒരറ്റത്ത് പോലീസ് തമ്പടിച്ചു. മമ്മദിന്റെ പീടിക തുറക്കാതെയായി.

എന്നാലും ലൂസിഫർ തന്റെ വയലിനുമായി എല്ലാ ദിവസങ്ങളിലും വാകയുടെ കീഴിൽ കേൾക്കാൻ ആരുമില്ലെങ്കിലും പാട്ടുപാടി... തൊപ്പിയിൽ കാലണ വീഴുന്നത് കഷ്ടിയായി. കിഷ്ണൻ കൊറോണയെ ശപിച്ച് പിറുപിറുത്ത് ആവലാതിയോടെ നടന്നു. ഒരു ദിവസം ഉച്ചയ്ക്ക് വിശപ്പ് അടിമയാക്കിയ ലൂസിഫർ ഒരു തുള്ളി വെള്ളത്തിനായി തെരുവിലെ പബ്ലിക്പൈപ്പിന് അടുക്കലേക്ക് നടക്കുകയായിരുന്നു.

പിറകേ വയറ്റത്ത് തന്റെ ബലിഷ്ഠമായ കൈവച്ച് എന്തോ പിറുപിറുത്തുകൊണ്ട് കിഷ്ണനനും. അപ്പോൾ ഏതോ അദൃശ്യശക്തി ആഞ്ഞടിച്ചത് പോലെ ലൂസിഫർ കറങ്ങിക്കറങ്ങി താഴെ വീണു. കിഷ്ണൻ ഭയങ്കരമായ നിലവിളിയോടെ ലൂസിഫറിനെ താങ്ങിപ്പിടിച്ചു. അടുത്തുണ്ടായിരുന്ന പോലീസുകാർ അയാളെ എടുത്ത് ജീപ്പിൽ കയറ്റി. ആ അറുപത്തഞ്ചുകാരനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ആദ്യപരിശോധനയിൽ കിഷ്ണനനും ലൂസിഫറിനും കൊറോണ സ്ഥിരീകരിച്ചു. തുടർച്ചയായ നാലാമത്തെ പരിശോധനയിലും അഞ്ചാമത്തേതിലും കിഷ്ണന് നെഗറ്റീവ് ആയി ഫലം. എന്നാൽ ലൂസിഫറിന് തുടർച്ചയായ പതിനൊന്നാമത്തെ പരിശോധനയിൽ ആയിരുന്നു നെഗറ്റീവ് ആയത്.

തെരുവിന്റെ രാത്രികളും പകലുകളും ലൂസിഫറിന്റെ വയലിൻ മീട്ടിയ ഈണങ്ങളും മമ്മദിന്റെ ഏലക്കച്ചായയുടെ മണവും കിഷ്ണന്റെ മന്തുപിടിച്ച കാലിന്റെ സ്പർശനവും കൊതിച്ചിരുന്നു. അപ്പോൾ നേരിയ ഇളവുകളോടെ നിരത്ത് ശബ്ദം വച്ച് തുടങ്ങി. ചായപ്പീടികയുടെ ഉള്ളിലെ സമോവർ ചൂട് പിടിക്കാൻ തുടങ്ങി. തെരുവിന്റെ മക്കൾക്ക് വീട്ടാൻ കഴിയാത്ത പറ്റിനായി നാസ്ത തയാറാകാൻ തുടങ്ങി.

പീടികപ്പുരയിലെ ടി.വിക്കുള്ളിൽ കൊറോണ രോഗവിമുക്തി നേടിയ ലൂസിഫർ ചാനലിലെ പെണ്ണിനോട് പറഞ്ഞു: "കൊറോണേക്ക മ്മ്ൾ അയിജീവിക്കുംന്ന്. എന്തെല്ലാം കണ്ട ലോകമാ... കോളറ വന്നിട്ട് മ്മ്ൾ ബിട്ടുകൊടുത്തില്ല ലോകത്തിനെ, പിന്നെയാ ഒരു കൊറോണ... പിന്ന സർക്കാര് പറയണത് കേക്കണം. തൊടല്ല് എന്ന് പറഞ്ഞാ തൊടല്ല്. കഴുകാൻ പറഞ്ഞാ കൈയൊക്കെ അങ്ങ് കഴുകേണം, അല്ല പിന്നെ."

ആശുപത്രിയിൽ വച്ച് ആരോ വാങ്ങിക്കൊടുത്ത ഷർട്ടിന്റെ കോളറിൽപിടിച്ച് അങ്ങനെ പറയുമ്പോൾ ലൂസിഫർ പല്ലുകൊഴിഞ്ഞു പോയ മോണകാട്ടി കിഷ്ണനെ നോക്കി ചിരിക്കുകയായിരുന്നു. ടി.വിയിൽ നോക്കി മമ്മദും.

**ആദിത്യ രാജേഷ്**
ക്ലാസ് 8
സി.പി.എച്ച്.എസ്. കുറ്റിക്കാട്
ചടയമംഗലം ഉപജില്ല, കൊല്ലം



# തിരഞ്ഞെടുപ്പ്

ടൗണിൽ പോകാൻ വണ്ടി സ്റ്റാർട്ടാക്കുമ്പോഴാണ് ഒരു ഫോൺകോൾ, നിലവിളിപോലെ കാതിൽ വന്നലയ്ക്കുന്ന ശബ്ദം.

“ഉടനെ വാടാ....രാജേട്ടനു വയ്യാതായിരിക്കുന്നു, ഒരനക്കവുമില്ല.”

വണ്ടി അങ്ങോട്ട് തിരിച്ചു.

കാഷ്വൽറ്റിയിലെ ഡോക്ടർമാർ ഇനി ചെയ്യാൻ ഒരു ടെസ്റ്റും ബാക്കിയില്ല.

തുടർന്ന് ആശുപത്രി മാറ്റുക എന്നറിയിപ്പും വന്നു.

ആംബുലൻസ് ഓക്സിജൻ സിലിണ്ടറോടുകൂടി വന്നു.

വീണ്ടും ചെക്കപ്പുകൾ.

കേട്ടുനിൽക്കുന്നവനു കൂടി സ്തംഭനം വരുന്നതരത്തിൽ ഡോക്ടറുടെ അറിയിപ്പു വന്നു:

“രണ്ട് ബ്ലോക്കുകൾ. ഉടനെ ശസ്ത്രക്രിയ വേണം. മൂന്നരലക്ഷം രൂപയാകും.”

നോട്ടങ്ങൾ പാറിവീണു.

മുഖത്തോടുമുഖം നേർരേഖയിൽ വന്നപ്പോൾ വീണ്ടും ഡോക്ടറുടെ ശബ്ദം:

“അറുപത്തയ്യായിരത്തിന്റെ ഒന്നുണ്ട്. അതു വേണമെങ്കിൽ നോക്കാം.

അതിലെ ത്രെഡ് വില കുറഞ്ഞതാണെന്നു മാത്രം. തീരുമാനം നിങ്ങളുടെയാണ്.”

മൗനം ഘനീഭവിച്ചുകിടക്കുന്നു.

വണ്ടിയുടെ പാർട്സ് വാങ്ങാൻപോയ അനുഭവംതന്നെയെന്ന് ഞാൻ മനസ്സിലോർത്തു.

നല്ലതുതന്നെ ആയിക്കോട്ടെ.

ഇതു വണ്ടിയല്ലല്ലോ, ഒരു ജീവനല്ലേ...

കാലം പോയ പോക്കേ...!

ഉള്ളിൽ ഒരു പൊട്ടിച്ചിരിയോ പൊട്ടിക്കരച്ചിലോ എന്ന് വ്യവച്ഛേദിച്ചറിയാനാകുന്നില്ല!

**ആതിര വി.**
8 സി
സി.ജി.എച്ച്.എസ്.എസ്. വടക്കഞ്ചേരി
ആലത്തൂർ ഉപജില്ല, പാലക്കാട്

# അപരിചിത

എന്തൊരു കഷ്ടമാണ്? ഇവിടെയൊന്നും ഒരു മനുഷ്യനെപ്പോലും കാണാനില്ലല്ലോ. പാർക്കിലൊറ്റയ്ക്കിരുന്നുകൊണ്ട് തന്റെ പുതിയ ഐഫോൺ പുറത്തെടുത്ത് ഉണ്ണി ചിന്തിച്ചു. സെൽഫി എടുക്കാൻ നോക്കുമ്പോഴാണ് അവൻ ആ കാര്യം ശ്രദ്ധിക്കുന്നത്. തന്റെ പിറകിലാരോ നിൽക്കുന്നു. അതൊരു സ്ത്രീയാണ്. കീറിപ്പറിഞ്ഞ വസ്ത്രവും ശരീരമെല്ലാം പുഴുവരിക്കുന്ന മുറിവുകളും അഴുക്കുചാലുകളിൽനിന്നു വരുന്ന ദുർഗന്ധവും. കണ്ടപ്പോൾതന്നെ ഉണ്ണിക്ക് മനംപുരട്ടൽ വന്നു.

“എന്താ വേണ്ടത്? എന്റെ കൈയിൽ പണമൊന്നുമില്ല... വേറെ എങ്ങോട്ടെങ്കിലും പോകൂ. എനിക്ക് മനംപുരട്ടുന്നുണ്ട്.'' ഉണ്ണി ഒറ്റശ്വാസത്തിൽ പറഞ്ഞു. അതിനെല്ലാം ആ സ്ത്രീ ഒരു പുഞ്ചിരിമാത്രമാണ് തന്നത്. അവൻ ശ്രദ്ധിച്ചു, താനിതുവരെ കണ്ടിട്ടില്ലാത്ത ഒരു പ്രത്യേകതരം ചിരിയായിരുന്നു ആ സ്ത്രീയുടേത്. ആ പുഞ്ചിരിയിൽ മതിമറന്ന്നിൽക്കുമ്പോഴാണ് ആ സ്ത്രീ ചോദിച്ചത്: “എന്റെ ഫോട്ടോ ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്യുമോ?”

പെട്ടെന്ന് ആ മാന്ത്രികലോകത്തിൽനിന്നു ഞെട്ടിയുണർന്നുകൊണ്ടവൻ ചോദിച്ചു:

“ഞാൻ... ഞാനെന്തിന് നിങ്ങളുടെ ഫോട്ടോ അപ്‌ലോഡ് ചെയ്യണം? നിങ്ങളാരാണ്?” ആ ചോദ്യത്തിന് ഉത്തരമായി അവർ അവരുടെ കൈയിലിരുന്ന ഒരു ഫോട്ടോ കാണിച്ചു, “ഇതാണ് ഞാൻ.'' അതുകേട്ടതും അവൻ ഞെട്ടിത്തരിച്ചു നിന്നുപോയി.

''എന്ത്? ഇതു നിങ്ങളാണോ? നിങ്ങൾക്ക് പ്രാന്താണ്, ഇതു പ്രകൃതിയുടെ ഫോട്ടോ അല്ലേ?” “അതെ” അവർ പറഞ്ഞു. “ഈ ഫോട്ടോയും നിങ്ങളുടെ മുഖവും ഒന്നു നോക്കൂ. അപ്പോൾ മനസ്സിലാകും നിങ്ങളെത്ര വികൃതയാണെന്ന്.” ഉണ്ണി പോകാനൊരുങ്ങി.

അപ്പോഴതാ ദൂരെ ഒരാൾ. അയാളെന്തോ കഴിക്കുന്നുണ്ട്. അതിന്റെ അവശിഷ്ടങ്ങൾ അവിടെത്തന്നെ ഉപേക്ഷിക്കുന്നതും കണ്ടു. അതൊന്നും കാര്യമാക്കാതെ അവൻ ആ സ്ത്രീയെ ഒന്നുനോക്കിയതും

പേടിച്ചു പിറകിലോട്ടു മാറിയതുമൊപ്പമായിരുന്നു. അതാ, ആ ദൂരെ കണ്ട മനുഷ്യൻ ഉപേക്ഷിച്ച അവശിഷ്ടങ്ങൾ ആ സ്ത്രീയുടെ ശരീരത്തിൽ കിടക്കുന്നു.

ഒരു വിഷമം കലർന്ന പുഞ്ചിരിയോടെ അവൾ പറഞ്ഞു: "പേടിക്കണ്ട, ഞാൻതന്നെയാണ്, പ്രകൃതി. നിങ്ങളെല്ലാവരും കൂടിയാണ് എന്നെ ഇങ്ങനെയാക്കിയത്. ഇനിയെങ്കിലും ഞാൻ പറയുന്നതൊന്നു കേൾക്കൂ. എന്റെ ഈ അവസ്ഥ നിങ്ങൾ ലോകം മുഴുവൻ കാണിച്ചുകൊടുക്കണം."

പറഞ്ഞവസാനിപ്പിച്ചതും അവൻ തന്റെ ഇമ ചിമ്മി നോക്കുമ്പോൾ അവരെ കാണാനില്ല. ആരെയും മയക്കുന്ന, വശ്യമായി പുഞ്ചിരിക്കുന്ന അവരെ കാണാനില്ലായിരുന്നു. ഉണ്ണി പിന്നെ അവരെ അന്വേഷിച്ചുനടന്നു. പക്ഷേ, പിന്നീടൊരിക്കലും ആ സ്ത്രീയെ അവനു കാണാൻ കഴിഞ്ഞില്ല. കണ്ടത് മുഴുവനും ചപ്പും ചവറും നിറഞ്ഞ പുഴകളും മലകളും കാടും കായലും കുളവുമൊക്കെയായിരുന്നു.

**മൻസ പ്രകാശ്**
9 ഇ
സെന്റ് എഫ്രേം എച്ച്.എസ്.എസ്. മാന്നാനം
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം

# കണിക്കൊന്ന

നിരത്തുവക്കിലെ കണിക്കൊന്ന നട്ടത് എന്റെ അപ്പനാണെങ്കിലും നിൽപ്പ് നിരത്തുവക്കിൽ ആയതിനാൽ പൂവിന് അവകാശികൾ പൊതുജനമായിരുന്നു.

അപ്പന്റെ കൂട്ടുകാരൻ ആദ്യമായി അതിന്റെ കൽത്തറ കാറിടിച്ച് പഞ്ചറാക്കി. ഇടിഞ്ഞിറങ്ങിയ കൽത്തറയിലിരുന്ന് അപ്പനവനെ പൂര തെറിവിളിച്ചു.

പിന്നെ, നിരത്തുപണിക്കാരുടെ ഊഴമായി. കരിങ്കല്ലും സിമെന്റും പാറപ്പൊടിയും അകമ്പടിയായി ഒരു ജെ.സി.ബിയും കോൺക്രീറ്റ് ഇളക്കിക്കുന്ന വലിയ വയറുള്ള യന്ത്രവും. അപ്പന്റെ കണിക്കൊന്നയുടെ ചില്ലകൾ വെട്ടി. അവർ യന്ത്രങ്ങൾ സൗകര്യപൂർവം പാർക്കുചെയ്തു. കണിക്കൊന്നയിൽ തുമ്പിക്കൈ ചാരിനിൽക്കുന്ന ജെ.സി.ബി. അപ്പന് ഐറണിയായി!

ഇന്നലെ വിഷുവിന് പൊതുജനം ജെ.സി.ബിയുടെ തുമ്പിക്കൈയിൽ കയറി പൂവിറുത്തു. ചെറുചില്ലകൾ നിഷ്കരുണം വലിച്ചൊടിച്ചു. ജനലഴികളിൽ പിടിച്ച് അപ്പനതു നോക്കിനിന്നു. അപ്പന്റെ വിഷുക്കണി പതിവുപോലെ പ്ലിങ്ങായി. പകലെല്ലാം തൊട്ടതിനൊക്കെ അപ്പൻ ദേഷ്യപ്പെട്ടു. അപ്പനിന്നിത്തിരി ഫാസ്റ്റാണെന്ന് സൂപ്പർഫാസ്റ്റായ അമ്മ. അപ്പന്റെ നൊസ്റ്റാൾജിയ അമ്മയ്ക്കറിയില്ലല്ലോ...

**റോഷൻ മനോജ്**
7 ബി
സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ, മുണ്ടക്കയം
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം



# ഭൂമിയിലെ മാലാഖമാർ

അടുപ്പത്തിരുന്നു തിളച്ചുപൊങ്ങുന്ന പാലിലേക്ക് ജാനി ശ്രദ്ധിച്ചത്, പിന്നിൽനിന്നുള്ള അവരുടെ ഭർത്താവിന്റെ വിളി കേട്ടാണ്.

“എന്താ ജാനി നിനക്ക് പറ്റിയത്? ഒന്നിനും നിനക്കിപ്പോൾ ഒരു ശ്രദ്ധയില്ലല്ലോ?”

“എന്താ ശങ്കരേട്ടാ ഈ പറയുന്നേ? നമ്മുടെ മോൻ അരവിന്ദൻ ജോലിക്ക് പോയിട്ട് ഒരാഴ്ചപോലും ആയില്ലല്ലോ, അതും പുറംനാട്ടിൽ.”

“ഓ, അതാണോ കാര്യം? പഠിച്ചുകഴിഞ്ഞു വെറുതെ നടന്നിരുന്ന നമ്മുടെ മോന് ഒരു ജോലി കിട്ടണമെന്ന് ഏറ്റവും ആഗ്രഹം നിനക്ക് അല്ലായിരുന്നോ? നീ പേടിക്കേണ്ട, മുംബൈ അമേരിക്കയിൽ ഒന്നുമല്ലല്ലോ. അതുമാത്രമല്ല, അവൻ ജോലിചെയ്യുന്ന ഹോസ്പിറ്റൽ അവിടത്തെതന്നെ ഏറ്റവും മികച്ചതാണ്. അതൊക്കെ അവന്റെ ഭാഗ്യം ആയിട്ട് കരുതുക.”

“ശങ്കരേട്ടൻ അങ്ങനെ പറഞ്ഞാൽ മതി, എനിക്കല്ലേ എന്റെ വിഷമം അറിയൂ.”

കുറച്ച് ദിവസങ്ങൾക്ക് ശേഷം ഒരു വിളി വന്നു:

“ആ.. ഹലോ, അമ്മേ.”

“ഹലോ, മോനേ, നീ ഇന്ന് രാവിലെ വിളിച്ചില്ലല്ലോ? എന്താടാ പറ്റിയേ?”

“അമ്മ വാർത്ത ഒന്നും കണ്ടില്ലേ? ഒരു പുതിയ തരം രോഗം പടരുന്നുണ്ട്, കൊറോണ. പുറംനാട്ടിൽ ഒക്കെയാണ് അത് കൂടുതലായിട്ട് കാണപ്പെടുന്നത്. അത് ഇന്ത്യയിലും വരാൻ സാധ്യതയുണ്ട്. അതിനു മുന്നോടിയായിട്ടുള്ള കാര്യങ്ങൾ ഇവിടെ ആശുപത്രിയിൽ ചെയ്യുന്നുണ്ട്, അതിന്റെ തിരക്കിലാണ് ഞാൻ ഇപ്പോൾ.”

“ഓ, ഈവക രോഗം ഒന്നും നമ്മുടെ നാട്ടിൽ വരില്ല മോനേ.”

“ഒന്നും പറയാൻ പറ്റില്ല അമ്മേ. എന്തായാലും കുറച്ചുനാൾ അധികം പുറത്തോട്ട് ഒന്നും ഇറങ്ങേണ്ട, അച്ഛനോടും പറയണം.”

ഇതേസമയം മുംബൈയിൽ മറ്റൊരിടത്ത്:

“ജിഷ്ണൂ, നീ ഈ മാസം നാട്ടിൽ പോണില്ലേ?”

"നാട്ടിൽ വീടുപണി നടക്കുവാ, അതുകൊണ്ട് ഇപ്രാവശ്യം ലീവ് എടുത്താൽ ശമ്പളം പോയിക്കിട്ടും."

"ആ... അതും ശരിയാണ്. പിന്നെ... നാളെ മുതൽ മാസ്ക് ധരിച്ച് ജോലിക്ക് വന്നാൽ മതിയെന്ന് മുതലാളി പറഞ്ഞു."

"ഓ, അതൊന്നും അത്ര കാര്യമാക്കേണ്ട. ഇതൊന്നും അങ്ങനെ ഇങ്ങനെ ഒന്നും പകരില്ല."

പിന്നീടുള്ള ദിവസങ്ങൾ രാജ്യത്തെങ്ങും രോഗബാധിതരുടെ എണ്ണം കുതിച്ചുയരുകയായിരുന്നു. അതിൽ ചിലർ രക്ഷപ്പെടുകയും ചിലർ മരണത്തിന് ദാരുണമായി കീഴടങ്ങുകയും ചെയ്തു.

രണ്ടാഴ്ച കഴിഞ്ഞു.

"ജിഷ്ണൂ, നിങ്ങളുടെ പുതിയ റിസൾട്ട് നെഗറ്റീവ് തന്നെ. നിങ്ങൾക്ക് ആശുപത്രി വിടാം. പിന്നെ... ഒരു കാര്യം കൂടി, നിങ്ങൾ പനിബാധിച്ച് ഇവിടെ അഡ്മിറ്റ് ആയപ്പോൾ ആദ്യം നിങ്ങളെ ശുശ്രൂഷിച്ച അരവിന്ദൻ, ഓർമ്മയുണ്ടോ? നിങ്ങളിൽനിന്നാണ് അയാൾക്ക് രോഗംപിടിപെട്ടത്. അയാൾ ഇന്നലെ മരിച്ചു."

"ഈശ്വരാ! ഡോക്ടർ, ഞാൻ കാരണം ഒരു ജീവൻ നഷ്ടപ്പെട്ടു, അല്ലേ?"

"ഇനി ഒന്നുംപറഞ്ഞിട്ട് കാര്യമില്ല. അയാളുടെ ആത്മാവിനും കുടുംബത്തിനും വേണ്ടി പ്രാർഥിക്കുക."

നാട്ടിൽ വേനൽമഴ തകർത്തു പെയ്തുകൊണ്ടിരിക്കുന്നു. ശങ്കരനും ജാനിക്കും അവരുടെ മകനെ അവസാനമായി ഒരുനോക്കു കാണാൻപോലും കഴിയാതെ ആ കുടുംബം കണ്ണീരിൽ ആഴ്ന്നു.

മനുഷ്യൻ കാണിക്കുന്ന അശ്രദ്ധയാണ് ഇതുപോലുള്ള മനുഷ്യജീവിതത്തിന്റെ കണ്ണുനീരിന് കാരണം. ഓരോ ജീവനും വിലപ്പെട്ടതാണ്. രോഗം വരില്ല എന്ന് നാം കരുതുമ്പോൾ ചിലപ്പോൾ മറ്റൊരു ജീവന്റെ നഷ്ടമാവാം പ്രതിരോധം എത്ര വലുതാണെന്ന് നമ്മെ പഠിപ്പിക്കുന്നത്.

**ദേവനന്ദ കെ.ആർ.**
7 ബി
സെന്റ് ജോസഫ്സ് യു.പി. സ്കൂൾ, ചുണങ്ങംവേലി
ആലുവ ഉപജില്ല, എറണാകുളം

# എന്റെ സ്വപ്ന കഥ

നല്ല മഴപെയ്യുന്ന കാലത്തെ തണുപ്പിൽ എന്റെ ചെവിയിൽ മുറ്റത്തെ പൂന്തോട്ടത്തിൽ ചിത്രശലഭത്തോടൊപ്പം കളിച്ചുകൊണ്ടിരുന്ന കുയിലിന്റെ പാട്ട് ഒഴുകിയെത്തി. കണ്ണു തുറന്ന ഞാൻ പൂന്തോട്ടത്തിനും അപ്പുറമുള്ള പ്രകൃതിയെ താലോലിക്കാനായി നടന്നുനീങ്ങി.

അപ്പോഴതാ എന്നെ പേടിപ്പിക്കാനായി പ്രളയം ചീറിപ്പാഞ്ഞു വരുന്നു. അതുവഴി വന്ന മയിലച്ചൻ എന്നെയും പുറത്തുകയറ്റി അങ്ങ് ദൂരെ കടലിലേക്ക് മുങ്ങിത്താഴുന്ന അമ്പിളിമാമന്റെ അടുത്തേക്ക് പറന്നു. അവിടെ തിരകളിൽ കളിച്ചുരസിക്കുന്ന കൂട്ടുകാരെ കണ്ടു.

മയിലച്ചനിൽനിന്നു കടപ്പുറത്തേക്ക് കളിക്കാനിറങ്ങി. അപ്പോൾ പന്തിന് ചുറ്റുമുള്ളു നിറഞ്ഞ കൊറോണ എന്ന ഭീകരൻ ഞങ്ങളെ ഓടിക്കാൻ തുടങ്ങി. അങ്ങനെ ഓടി വീട്ടിൽ കയറി. അപ്പോഴാണ് അമ്മ വന്ന് ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തിയത്. എന്റെ സ്വപ്നത്തിന് മാസ്ക് വച്ച ലോക്ഡൗൺ വീണു.

**അനറ്റോൾ ആല്ബെൻ**
2 എ
സെന്റ് ജോസഫ്സ് കോൺവെൻറ് എൽ.പി.എസ്.
കൊല്ലം ഉപജില്ല, കൊല്ലം

# അങ്ങനെയൊരു കാലത്ത്...

ഇന്ന് എന്റെ പിറന്നാൾദിനമാണ്. എല്ലാവർഷവും അതിരാവിലെ കുളിച്ച് പുത്തൻ ഉടുപ്പിട്ട് മുത്തശ്ശന്റെ കൈപിടിച്ചു ഞാൻ അമ്പലത്തിലേക്ക് പോകുമായിരുന്നു. ഇന്ന് ഉണർന്നു എഴുന്നേറ്റിട്ട് പ്രത്യേകിച്ച് ഒരു പുതുമയും തോന്നിയില്ല.

ഉറക്കച്ചടവോടെ അടുക്കളയിലേക്ക് അമ്മയെ അന്വേഷിച്ചുചെന്നു. അമ്മ ദോശ ചുടുകയായിരുന്നു. മുത്തശ്ശി സാമ്പാറിനുള്ള കഷണങ്ങൾ ഒരുക്കുന്നു. ‘‘ആഹാ, പിറന്നാളുകാരി എഴുന്നേറ്റോ?’’ അമ്മ ചിരിച്ചുകൊണ്ട് ചോദിച്ചു. “ഇന്ന് അമ്പലത്തിൽ പോവൂല്ലല്ലേ...” ഞാൻ അൽപ്പം നിരാശയോടെ ചോദിച്ചു. “ഇല്ല മോളേ, നമുക്ക് പിന്നീട് ഒരു ദിവസം പോകാം”- മുത്തശ്ശനാണു മറുപടി പറഞ്ഞത്.

‘‘ഇന്നലെ അച്ഛനും അമ്മയും എന്നെയും ചേട്ടനെയും പുറത്തുകൊണ്ടുപോയി സിനിമ കാണിക്കാം എന്നു പറഞ്ഞിരുന്നു. പുത്തൻ കുപ്പായവും ഇട്ട് ഒന്ന് കറങ്ങാം എന്ന് വിചാരിച്ചിട്ട് ഇക്കൊല്ലം പുത്തൻ ഉടുപ്പ് പോലും വാങ്ങിയിട്ടില്ല. അച്ഛൻ ആണേൽ പോലീസ് ആയതുകൊണ്ട് ജോലി തീർന്നു വരുന്നുപോലുമില്ല’’- ഞാൻ എല്ലാവരോടുമായി പരാതി പറഞ്ഞു.

മുത്തശ്ശൻ എന്നെ വിളിച്ചുകൊണ്ട് ഉമ്മറത്ത് പോയി പത്രം കാണിച്ചു തന്നു. എന്തൊക്കെയോ വെണ്ടയ്ക്കവലുപ്പത്തിൽ പത്രത്തിൽ എഴുതിയിട്ടുണ്ട്. മുത്തശ്ശൻ എന്നെ ചേർത്തുനിർത്തി പറഞ്ഞു: “കുഞ്ഞേ, കൊറോണ എന്ന മഹാവൈറസ് ഈ ലോകത്താകെ പടർന്നിരിക്കുകയാണ്. നാം ഓരോരുത്തരും സൂക്ഷിച്ചാൽ മാത്രമേ ഇതിന്റെ പിടിയിൽനിന്ന് രക്ഷപ്പെടാൻ പറ്റുകയുള്ളൂ. വ്യക്തികൾ തമ്മിൽ സാമൂഹിക അകലം പാലിക്കണം.”

“അതുകൊണ്ടാണോ നമ്മൾ വീട്ടിൽത്തന്നെ ഇരിക്കുന്നത്?” ഞാൻ സംശയം ചോദിച്ചു, ‘‘ഹ, അതേല്ലോ, നമ്മൾ ഓരോരുത്തരും മറ്റുള്ളവരുമായി സമ്പർക്കത്തിൽ വരാതിരുന്നാൽ ഈ അസുഖം പടരുന്നത് തടയാം. അമേരിക്കയും യൂറോപ്യൻരാജ്യങ്ങളും ഒക്കെ പരാജയപ്പെട്ട് ലക്ഷങ്ങൾ മരണമടഞ്ഞു. എന്നാൽ പ്രധാനമന്ത്രിയുടെ ആഹ്വാനത്താൽ ഇന്ത്യ ഒന്നിച്ച് ഇതിനെതിരെ ലോക്ഡൗൺ



സ്വീകരിച്ചു. നമ്മുടെ പോലീസുകാരും ജനങ്ങളെ ഇതിനായി വിട്ടുവീഴ്ച ഇല്ലാതെ നിയന്ത്രിച്ചു. അതിനാൽ ഒരു വലിയ വിപത്ത് നമുക്ക് നേരിടേണ്ടി വന്നില്ല.”

“അപ്പോൾ അമ്മ ജോലിക്ക് പോകുന്നുണ്ടായിരുന്നല്ലോ”, എനിക്ക് വീണ്ടും സംശയം.

മുത്തശ്ശൻ ചിരിച്ചുകൊണ്ട് തുടർന്നു: “മോളുടെ അമ്മ നഴ്സ് അല്ലേ, ഡോക്ടർമാരും നഴ്സുമാരും ആരോഗ്യമേഖലയിലെ മറ്റുജോലിക്കാരും രാപകൽ ഇല്ലാതെ നമുക്കുവേണ്ടി കഷ്ടപ്പെടുന്നുണ്ട്. അവർ ധൈര്യപൂർവം ജോലിക്ക് പോയില്ലെങ്കിൽ ആരുനോക്കും ഈ രോഗികളെ, അവർക്ക് വിശ്രമമില്ലാതെ ജോലി ചെയ്യണമായിരുന്നു. പിറന്നാൾ എല്ലാവർഷവും ഉള്ളതല്ലേ, അല്ലെങ്കിൽ തന്നെ ഇത് എല്ലാം കഴിയുമ്പോൾ നമുക്ക് പുതിയ ഉടുപ്പ് വാങ്ങുകയും സിനിമയ്ക്ക് പോവുകയും ചെയ്യാം.”

എനിക്ക് വലിയ ഒരു ആശ്വാസം തോന്നി. അപ്പോൾ ഭാഗ്യംകൊണ്ട് മാത്രമാണ് നമ്മളെല്ലാം രക്ഷപ്പെട്ടത്. ദൈവത്തിന് നന്ദി പറയാം. ഈ പിറന്നാൾദിനത്തിൽ തന്നെ ഇനിയിപ്പോ എനിക്ക് പുത്തനുടുപ്പ് ഒന്നും വേണമെന്നില്ല എന്ന് അമ്മയോട് ചെന്ന് പറയാം.

**നിവേദിത പ്രേംജിത്ത്**
ക്ലാസ് 3
സെന്റ് ജോസഫ്സ് യു.പി.എസ്. വെള്ളിലാപ്പള്ളി
രാമപുരം ഉപജില്ല, കോട്ടയം

# ബിഗ് സല്യൂട്ട്

ഉച്ചയൂണ് കഴിഞ്ഞ സമയം. വല്യച്ഛനും വല്യമ്മയും ചെറുമയക്കത്തിനായി മുറിയിലേക്ക് പോയി. അവർ ഇനി ചായയുടെ സമയമാകുമ്പോഴേ വരുകയുള്ളൂ. പപ്പാ തന്റെ പഴയ പുസ്തകശേഖരത്തിൽനിന്ന് ഒരു പുസ്തകം എടുത്ത് വായനയിലാണ്. അമ്മ അടുക്കളയിൽ നാലുമണിക്കുള്ള പലഹാരം തയ്യാറാക്കുകയാണ്. മനു ആകെ വിഷമത്തിലാണ്. അവനോട് മിണ്ടാനും കളിക്കാനും ആരുമില്ല. എല്ലാവരും വീട്ടിലിരിക്കാൻ നിർദേശം കിട്ടിയതു മുതൽ അവന് ആകെ ബോറടിയാണ്. ടി.വി. കാണാൻ സമയപരിധി തന്നിട്ടുണ്ട്. പപ്പാ ശരിക്കും കൂട്ടിലാക്കി അടച്ചിട്ട കിളിയെപ്പോലെ ആണ്. എന്തു ചെയ്യും? അവൻ ആലോചിച്ചപ്പോൾ ഒരു ആശയം തോന്നി. അരകിലോമീറ്റർ അകലെയുള്ള സൂരജിന്റെ വീട്ടിലേക്ക് പോവുകതന്നെ. സൂരജിനോട് വർത്തമാനം പറയുകയും കളിക്കുകയും ഒക്കെ ചെയ്യാം. അവൻ ശബ്ദമുണ്ടാക്കാതെ റോഡിലൂടെ സൂരജിന്റ വീട് ലക്ഷ്യമാക്കി നടന്നു. വിജനമായ റോഡ്, കാപ്പിക്ക് സമയമാകുമ്പോഴേക്കും തിരിച്ച് എത്താമെന്നായിരുന്നു വിചാരം.

മനു നടത്തത്തിന് വേഗം കൂട്ടി. പെട്ടെന്നതാ ഒരു ജീപ്പ് അവന്റെ അടുക്കൽ വന്നു സാവധാനം നിർത്തി. അതിൽനിന്നു വായും മൂക്കും മൂടിക്കെട്ടിയ പോലീസുകാർ പുറത്തിറങ്ങി. അതിലൊരാൾ മുഖത്തെ ആവരണം നീക്കിക്കൊണ്ട് പതിയെ മനുവിനോട് ചോദിച്ചു: "കുഞ്ഞ് എങ്ങോട്ടാ?" പേടിച്ചുവിറച്ച് മനു കാര്യം എല്ലാം തുറന്നു പറഞ്ഞു. "കൊറോണ പടരുന്ന ഈ ലോകത്ത്, കാലത്ത് ഇറങ്ങി നടക്കരുത് പറഞ്ഞിട്ടുള്ളതല്ലേ. അതും കുട്ടികൾ... അസുഖം വരാൻ കാരണമാവില്ലേ. വാ, വീട്ടിൽ കൊണ്ടുപോയി വിടാം." അവർ മനുവിനെയും വണ്ടിയിൽ കയറ്റി വീട്ടിൽ കൊണ്ടുചെന്നാക്കി. പോലീസ് കോളിങ്ബെല്ലിൽ വിരലമർത്തി. വാതിൽ തുറന്നപ്പോൾ പൊലീസിനെയും കൂടെ മനുവിനെയും കണ്ട പപ്പ അമ്പരന്നു. "വീട്ടിലെ എല്ലാവരെയും വിളിക്കുക." പോലീസുകാർ പപ്പയോട് പറഞ്ഞു. പപ്പാ എല്ലാവരെയും വിളിച്ച് പൂമുഖത്തേക്ക് കൊണ്ടുവന്നു. പ്രധാന പോലീസ് രോഗപ്രതിരോധത്തിന് സ്വീകരിക്കേണ്ട മാർഗങ്ങളെക്കുറിച്ചും കുട്ടികളുടെ കാര്യത്തിൽ ചെലുത്തേണ്ട ശ്രദ്ധയെക്കുറിച്ചും എല്ലാവരോടുമായി സംസാരിച്ചു. യാത്രപറയുന്നതിനുമുമ്പ് ഒരു മാസ്ക് എടുത്തു മനുവിന് കെട്ടിക്കൊടുത്തിട്ട് പറഞ്ഞു: "ഞാൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ശ്രദ്ധിക്കണം കേട്ടോ. നിങ്ങളെ രക്ഷിക്കാൻ ആണ് ഞങ്ങൾ രാപകലില്ലാതെ ഓടിനടക്കുന്നത്." കൈവീശി യാത്രയാകുമ്പോൾ മനസ്സിൽ... ബിഗ്സല്യൂട്ട്... പോലീസ് അങ്കിൾ...

**എമിൽ സിബി**
ക്ലാസ് 4, സെന്റ് ജോസഫ്സ് യു.പി.എസ്, വെള്ളിലാപ്പള്ളി
രാമപുരം ഉപജില്ല, കോട്ടയം

# വീണ്ടും വസന്തം

കാർ നിരത്തിലൂടെ വളരെവേഗം സഞ്ചരിച്ചുകൊണ്ടിരുന്നു, ഒപ്പം മരങ്ങളും. വേനൽച്ചൂടിന്റെ ആധിക്യത്തിലും പ്രകാശകിരണങ്ങളേറ്റ് തിളങ്ങുന്ന ജലകണങ്ങൾ കായലിന്റെ ശോഭയ്ക്കു മാറ്റുകൂട്ടുന്നു. തലയുയർത്തി നിൽക്കുന്ന കേരവൃക്ഷങ്ങൾക്കും ഇളംകാറ്റിൽ നൃത്തംവയ്ക്കുന്ന വൃക്ഷങ്ങൾക്കും ധാരാളം കഥകൾ പറയാനുണ്ടായിരുന്നു. അനേകം കാലമായി തനിക്കുവേണ്ടി കഥകളുമായി കാത്തിരിക്കുന്ന അനേകം ആളുകളെപ്പോലെ റോൺ അവയെല്ലാം ആസ്വദിച്ചു. റോൺ നാട്ടിൽവരുന്നത് ഇതാദ്യം. അവൻ ജനിച്ചതും വളർന്നതും സൗദിയിൽ ആണ്. അച്ഛനും അമ്മയും മലയാളികളെങ്കിലും പണത്തിനായുള്ള പരക്കംപാച്ചിലിൽ നാടും നാട്ടുകാരും അവരുടെ ഓർമ്മകളിലെവിടെയോ മറഞ്ഞിരുന്നു. അച്ഛന്റെയും അമ്മയുടെയും അസുഖവും പെട്ടെന്നുള്ള മരണവും അവനെ തളർത്തിയിരുന്നു. ഏകാന്തതയുടെ തടവിൽ ആയിരുന്നപ്പോഴാണ് ആലപ്പുഴയിലുള്ള അമ്മയുടെ വീട്ടിൽ പോകാനുള്ള ആഗ്രഹം ഉദിച്ചത്.

പെട്ടെന്നു കാർ നിന്നു. “സാർ, സ്ഥലമെത്തി”, ഡ്രൈവർ ഗൗരവത്തിൽ പറഞ്ഞു.

വളരെ പെട്ടെന്ന് സാധനങ്ങൾ ഇറക്കി കാശും മേടിച്ച് ധൃതിപിടിച്ച് അയാൾ പോയി. തന്റെ അമ്മയുടെ വീടാണിത്. ഞാൻ ഇന്നേവരേ കണ്ടിട്ടില്ലാത്ത വീട്. ശാന്തത മുറ്റിനിൽക്കുന്ന ആ മുറ്റത്ത് നിന്നുകൊണ്ട് അവൻ ഉറക്കെ ചോദിച്ചു, “ആരുമില്ലേ ഇവിടെ?”

ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ പ്രായമുള്ള ഒരാൾ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. “ആരാ കുട്ടീ നീ?” അദ്ദേഹത്തിന്റെ ഇടറിയ ശബ്ദത്തിലും വാത്സല്യം പതിഞ്ഞിരുന്നു. റോൺ തന്നെത്തന്നെ പരിചയപ്പെടുത്തിക്കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ കണ്ണുനിറഞ്ഞു. സന്തോഷത്തോടെ അയാൾ അകത്തേക്കു നോക്കി വിളിച്ചു: “അന്നമ്മേ, ഇതാരാ വന്നിരിക്കുന്നത് എന്ന് നോക്ക്, നമ്മുടെ കൊച്ചുമോൻ റോൺ. സൗദിയിൽനിന്നു വന്നിരിക്കുവാ...” ഓടിപ്പാഞ്ഞുവന്നതിന്റെ കിതപ്പിലും കൊച്ചുമോനെ കണ്ടതിന്റെ സന്തോഷം അവരുടെ മുഖത്തും അലയടിച്ചിരുന്നു. അവർ അവനെ സ്വീകരിച്ചിരുത്തി. തനിച്ചായിരുന്ന ചാച്ചനും അമ്മച്ചിക്കും ഒരു നിധി കിട്ടിയതുപോലെ സന്തോഷം. മണലാരണ്യത്തിന്റെ ഏകാന്തതയിൽ എവിടെയോ കളഞ്ഞുപോയ തന്റെ മനസ്സിന്റെ സന്തോഷവും സമാധാനവും തിരികെ കണ്ടെത്തിയതിന്റെ ആഹ്ളാദം ആയിരുന്നു ആ ചെറുപ്പക്കാരന്റെ മുഖത്ത്. കഥകൾ പറയാൻ ധാരാളം ഉണ്ടായിരുന്നു അവർക്കെല്ലാം. കഥകൾ പറഞ്ഞും കേട്ടും കളിച്ചുചിരിച്ചും നാളുകൾ കൊഴിഞ്ഞുവീഴുന്നത് അവർ അറിഞ്ഞിരുന്നതേയില്ല.

"ദേ, നോക്കിയേ, റോണിന് ഒരു പനിക്കോളുണ്ട്. ആശുപത്രിയിൽ പോകാൻ പറഞ്ഞിട്ട് അവൻ കേൾക്കുന്നില്ല, നിങ്ങളൊന്നു പറ." അമ്മച്ചിക്ക് ആകെയൊരു വിഷമം. "ഞാൻ പറഞ്ഞതാ, അവൻ കേൾക്കണ്ടേ. അത് തനിയെ മാറിക്കൊള്ളും എന്നാ അവൻ പറയണേ. നീ ഏതായാലും ലേശം ചുക്കുകാപ്പി ഉണ്ടാക്കിക്കൊടുക്ക്, ഒരാശ്വാസം കിട്ടും, ചെല്ല്."

ചുക്കുകാപ്പി ഉണ്ടാക്കി അമ്മച്ചി മുറിയിൽ ചെല്ലുമ്പോൾ റോൺ വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു. തൊട്ടുനോക്കിയപ്പോൾ പൊള്ളുന്ന ചൂട്. അമ്മച്ചിക്കാകെ ആധിയായി. പെട്ടെന്നുതന്നെ അവർ മുറ്റത്തേക്കിറങ്ങി ഉറക്കെ വിളിച്ചു, "റോബിൻ... റോബിൻ... ഒന്ന് വേഗം വാടാ..." അവരുടെ വീടിനടുത്ത് ഒരു കൊച്ചുകൂരയുണ്ട്. അവിടെയാണ് റോബിനും അമ്മയും കഴിഞ്ഞിരുന്നത്. അവന്റെ അമ്മ ഈ കഴിഞ്ഞ ഇടയാണ് ഒരു അപകടത്തിൽ മരിച്ചത്. ചാച്ചനും അമ്മച്ചിക്കും ഒരാവശ്യം വരുമ്പോൾ സഹായത്തിന് അവനെ വിളിച്ചിരുന്നു. കുറച്ചു പൈസയും കൊടുക്കുമായിരുന്നു. "എന്താ അമ്മച്ചീ, എന്നാ പറ്റി?" "നീ പോയി ഒരു ഓട്ടോ വിളിച്ചുകൊണ്ടുവാ, റോൺമോനെ ആശുപത്രിയിൽ കൊണ്ടുപോകണം."

റോബിൻ കാറ്റുപോലെ പാഞ്ഞു. ഓട്ടോസ്റ്റാൻഡിൽ ആകെ ഉണ്ടായിരുന്ന ഓട്ടോയുടെ അടുത്തുചെന്നു വിവരം ധരിപ്പിച്ചപ്പോൾ അയാളൊരു നോട്ടം. "കണ്ട രോഗം പിടിച്ചതിനെയെല്ലാം വലിച്ചുകൊണ്ടുപോയിട്ടു വേണം ഇനി നമുക്കുകൂടി വരാൻ. പോ ചെക്കാ അവിടുന്ന്"– അയാൾ കൈയൊഴിഞ്ഞു.

റോബിൻ ചായക്കടയിൽ കയറി സാബുച്ചേട്ടനോട് കാര്യം പറഞ്ഞു. അയാളൊരു നല്ല മനുഷ്യനായതുകൊണ്ട് ആരോഗ്യവകുപ്പിന്റെ സെൽനമ്പറിൽ വിളിച്ച് കാര്യം അറിയിച്ചു. റോബിൻ തിരികെയോടി. "അമ്മച്ചീ, ഇപ്പം വണ്ടി വരും." ഓട്ടോ വരുന്നതും നോക്കിയിരുന്നപ്പോൾ പാഞ്ഞുവരുന്ന ആംബുലൻസ് കണ്ട് അമ്മച്ചി ഒന്ന് ഞെട്ടി. ആരോഗ്യപ്രവർത്തകർ വേഗം എല്ലാവരെയും ആശുപത്രിയിലേക്ക് കൊണ്ടുപോയി. റോൺ വൈറസ്ബാധയെ തുടർന്ന് ഏറ്റവും മോശം അവസ്ഥയിൽ എത്തിച്ചേർന്നിരുന്നു. ചാച്ചനും അമ്മച്ചിക്കും രോഗം പടർന്നിരിക്കുമെന്നും സംശയം ഉണ്ടായിരുന്നു. ചികിത്സതേടാൻ ഇത്ര വൈകിയത് പ്രതികൂലമായി ബാധിച്ചു. ശ്വാസകോശത്തിലുണ്ടായ അണുബാധയെ തുടർന്ന് റോണിന്റെ അവസ്ഥ വഷളാവുകയും രണ്ടുമൂന്നു ദിവസത്തിനുളളിൽ മരണം സംഭവിക്കുകയും ചെയ്തു. കൊച്ചുമോനെ അവസാനം ഒന്ന് കാണാൻ പോലും ചാച്ചനും അമ്മച്ചിക്കും കഴിഞ്ഞില്ല. രോഗിയുമായി അടുത്തിടപഴകിയവരായിരുന്നതിനാൽ അവരെയും വീട്ടിൽ നിരീക്ഷണത്തിൽ ആക്കി. ഇതറിഞ്ഞ അവരുടെ അയൽക്കാരും മറ്റും അവരെ അവഗണിക്കാൻ തുടങ്ങി. ഏകന്തതയുടെയും ഒറ്റപ്പെടലിന്റെയും ക്രൂരത അവരെ

വല്ലാതെ ബാധിച്ചു. എല്ലാവരും മാറിനിന്നപ്പോഴും റോബിൻ അവരോടൊത്തുണ്ടായിരുന്നു. റോബിൻ അവരോടൊന്നിച്ചു കഴിഞ്ഞു. വീട്ടിൽ കൃഷിചെയ്തിരുന്നതിനാൽ ഭക്ഷണത്തിനൊന്നും ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ചേനയും ചേമ്പും കപ്പയും അവർ കൃഷിചെയ്തു തുടങ്ങി. റോബിൻ ഇതിനെല്ലാം അവരുടെ കൂടെ കൂടി. ഒരു ചെറുജലദോഷം വന്നെങ്കിലും അത് അവൻ അത്ര കാര്യമാക്കിയില്ല. ആദ്യഘട്ടത്തിൽ രോഗത്തിന്റെ ലക്ഷണങ്ങൾ കാണിച്ചിരുന്നെങ്കിലും പിന്നീട് അത് അപ്രത്യക്ഷമായത് അത്ഭുതം! “നിങ്ങൾക്കു കുഴപ്പമൊന്നുമില്ല, അസുഖം മാറി” എന്ന ആരോഗ്യപ്രവർത്തകന്റെ വാക്കുകൾ ഒരു ചെറുചിരിയോടെയാണ് അവർ വരവേറ്റത്. അവരുടെ കൂടെയിരുന്ന് അവരെ ശുശ്രൂഷിച്ച റോബിന് രോഗമുണ്ടോ എന്നതു പരിശോധിക്കാനായി അവർ ഇതിനുമുമ്പ് വന്നപ്പോൾ സാമ്പിൾ ശേഖരിച്ചിരുന്നു. ഫലം നെഗറ്റീവ് ആണെന്ന് കണ്ടെത്തിയപ്പോൾ സന്തോഷം. “കൈകൾ വൃത്തിയായി കഴുകണം, ആവശ്യമില്ലാതെ പുറത്തൊന്നും പോകരുത്, മാസ്ക് ധരിക്കണം, വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കണം” എന്നിങ്ങനെ ആരോഗ്യപ്രവർത്തകർ നിർദേശങ്ങൾ ആവർത്തിക്കാൻ തുടങ്ങി. ചാച്ചൻ ഒന്ന് പുഞ്ചിരിച്ചു. “മോനേ, ഞങ്ങൾക്കൊന്നും ഈ വൈറസിനെക്കുറിച്ചോ ഇതിന്റെ ചികിത്സാരീതികളെക്കുറിച്ചോ ഒന്നുമറിയില്ല. പക്ഷേ, ഒന്നുണ്ട്. നമ്മുടെ മണ്ണിൽ വിളയിച്ച വിഭവങ്ങളായ കപ്പയും ചക്കയും മാങ്ങയും ചേനയും ചേമ്പും കാച്ചിലും ഒക്കെ കഴിക്കണം. ഇവയൊക്കെത്തന്നെയും മരുന്നുകളല്ലേ. ആവി പിടിക്കണം. ചുമവന്നാൽ തേനും മഞ്ഞളും ചാലിച്ചു കഴിക്കണം. ഇങ്ങനെയെന്തെല്ലാം ഉണ്ട്. പ്രകൃതിയോട് ചേർന്നുനിൽക്കൂ, പ്രതിരോധശേഷി വളർത്തിയെടുക്കൂ. പിന്നെ ഏതു വൈറസാണ് നമ്മെ ആക്രമിക്കുക? പ്രതിരോധമല്ലേ ചികിത്സയേക്കാൾ മികച്ചത്.” ചാച്ചന്റെ വാക്കുകളിലെ കഴമ്പ് എല്ലാവരും മനസ്സിലാക്കി. ഇതിനോടുചേർന്ന് കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനും അങ്ങനെ ഒന്നിച്ചുപോരാടാനുള്ള വലിയ ആവേശത്തോടെയാണ് ആരോഗ്യപ്രവർത്തകരും ഉദ്യോഗസ്ഥരും അവിടെനിന്നു മടങ്ങിയത്. ഇന്ന് റോബിൻ, ഡോക്ടർ റോബിനാണ്. ആപത്തുകാലത്തു തങ്ങളോടൊപ്പം നിന്ന അവനെ ആ വൃദ്ധമാതാപിതാക്കൾ കൊച്ചുമകനായി കണ്ടു പഠിപ്പിച്ചു. അവൻ അവർക്കു തണലായി ഇന്ന് ആയിരങ്ങൾക്ക് സേവനം ചെയ്യുന്നു.

**ജെയിംസ് മാനുവൽ**
9 എ
സെൻറ് ജോൺ എൻ.എച്ച്.എസ്.എസ്, കൊഴുവനാൽ
കൊഴുവനാൽ ഉപജില്ല, കോട്ടയം

# ഒരു കപ്പൽയാത്ര

ആകെ മൂടിക്കെട്ടിയ അന്തരീഷം. അലക്സാണ്ടർ എന്ന എഴുത്തുകാരനും മൈക്കിൾ എന്ന അധ്യാപകനും വിശാലമായ നെൽപ്പാടത്തിലൂടെ നടക്കുകയായിരുന്നു. സമകാലിക വിഷയങ്ങളും ഓസോൺപാളിയിലെ വിള്ളൽ തുടങ്ങിയ വലിയ കാര്യങ്ങളുമായിരുന്നു അവരുടെ ചർച്ചയിൽ.

അധികനേരം അവരുടെ ചർച്ച നീണ്ടുനിന്നില്ല. മൂടിക്കെട്ടിക്കിടന്നിരുന്ന കാർമേഘങ്ങൾ പെയ്തിറങ്ങാൻ തുടങ്ങി. കുട ഒന്നും കൈയിൽ ഇല്ല. പാടത്തിന് കരയിലുള്ള നിക്കോളോയുടെ വീടിനെ ലക്ഷ്യമാക്കി അവർ ഓടി. ആ നാട്ടിലെ ഏറ്റവും ധനികനായ കൃഷിക്കാരനാണ് നിക്കോള. അവർ അവിടെ എത്തുന്ന സമയത്തു നിക്കോള കൃഷിപ്പണി ഒക്കെ കഴിഞ്ഞ് കുളിക്കാൻ പോവുകയായിരുന്നു. അവരെ കണ്ട നിക്കോള കേറി ഇരിക്കാൻ പറഞ്ഞു. പെട്ടെന്ന് വരാം എന്ന് പറഞ്ഞ് കുളിക്കാൻ പോയി.

നിക്കോളയുടെ ഭാര്യ അവർക്ക് നല്ല ചൂടുചായ നൽകി. ചായ ഒക്കെ കുടിച്ച് നിക്കോളയുടെ വീട് ചുറ്റിനടന്ന് കണ്ട് കഴിഞ്ഞപ്പഴേക്കും നിക്കോള കുളി കഴിഞ്ഞിറങ്ങി. കാര്യം നല്ല ചങ്ങാതിമാർ ആണേലും നിക്കോളയെ കുറിച്ച് ആർക്കും അധികം ഒന്നും അറിയില്ലായിരുന്നു. മഴമാറുന്നവരെ സംസാരിച്ചിരിക്കാൻ അവർ തീരുമാനിച്ചു. അലക്സാണ്ടറും മൈക്കിളും അവരുടെ നേരത്തേയുള്ള സംസാരവിഷയമായ ഓസോൺപാളിയെ തന്നെ പിടിച്ചു.

ഇതെല്ലാം കേട്ടിരുന്ന നിക്കോള പറഞ്ഞു: "കൂട്ടുകാരേ, ഞാൻ ഒരു കഥ പറയട്ടെ. പണ്ട് വർഷങ്ങൾക്കുമുൻപ് ഒരു കപ്പൽ ഏതാണ്ട് രണ്ടുമാസം നീളുന്ന അതിന്റെ യാത്ര ആരംഭിച്ചു. യാത്രതുടങ്ങി രണ്ടുദിവസം കഴിഞ്ഞപ്പോൾ ഒരു കപ്പൽജീവനക്കാരനെ അവശനിലയിൽ ഡോക്ടറുടെ അടുത്തെത്തിച്ചു. പരിശോധനയിൽ വളരെ വേഗം പകരുന്ന ഒരു വൈറസ് അയാളുടെ ശരീരത്തിൽ കണ്ടെത്തി. ഇത് അറിഞ്ഞ കപ്പലിന്റെ ക്യാപ്റ്റനും മറ്റ് മുതിർന്ന ജീവനക്കാരും വല്ലാണ്ട് ഭയന്നു. രോഗിയെ കപ്പലിൽ ഒരു സ്ഥലത്തു മാറ്റിപ്പാർപ്പിച്ചു.



പക്ഷേ, മറ്റ് ജീവനക്കാർ ഇത് അറിയാത്ത കാരണം അവനെ കാണണം എന്ന് വാശിപിടിച്ചു. എല്ലാവരും വളരെ അധികം സ്നേഹിച്ചിരുന്ന അവനെ കാണാതിരിക്കാനോ സംസാരിക്കാതിരിക്കാനോ അവർക്ക് സാധിച്ചില്ല. ക്യാപ്റ്റനെതിരെ അവർ ബഹളംവയ്ക്കാൻ തുടങ്ങി.

ഇതെല്ലാം കണ്ട് രോഗം ബാധിച്ച ആൾക്ക് ഭയങ്കര വിഷമം ആയി. ഞാൻ കാരണം ഈ കപ്പലിൽ ഇങ്ങനെ ഒക്കെ സംഭവിച്ചല്ലോ. ഇനിയും ഞാൻ ഈ കപ്പലിൽ തുടർന്നാൽ പലർക്കും ഈ രോഗം ബാധിച്ചേക്കാം. അയാൾ ചിന്തിക്കാൻ തുടങ്ങി. ഞാൻ കാരണം ആർക്കും ഈ രോഗം ഉണ്ടാവരുത്. കൂടുതൽ ഒന്നുംചിന്തിക്കാതെ അദ്ദേഹം സ്വയം കടലിലേക്ക് ചാടി.”

കഥ ഇവിടെ അവസാനിപ്പിച്ച് നിക്കോള കരയാൻ തുടങ്ങി. കഥ കേട്ടുകൊണ്ടിരുന്ന രണ്ടുപേരും ആ ജീവനക്കാരന്റെ സേവനത്തെ വാഴ്ത്തി. അപ്പോഴേക്കും മഴ മാറിയിരുന്നു. അവർ യാത്ര പറഞ്ഞു പുറത്തേക്കിറങ്ങി. അപ്പോൾ നിക്കോളയെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞുകൊണ്ട് ഭാര്യ അയാളോട് ചോദിച്ചു:

“എല്ലാവരെയും രക്ഷിക്കാൻ വേണ്ടി കടലിൽച്ചാടി മരിച്ചത് നമ്മുടെ പൊന്നുമോനായിരുന്നു എന്ന് എന്തേ പറഞ്ഞില്ല?”

**അഡോൺ അഭിലാഷ്**

8 എ
സെന്റ് ജോർജ്ജ് എച്ച്.എസ്. കൂട്ടിക്കൽ
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# കാലം പകർന്ന പുഞ്ചിരി

അയാൾ ജനലിലൂടെ ആകാശത്തേക്കു നോക്കി. എകദേശം 2 മണിയായിക്കാണും. മാനത്ത് സൂര്യൻ കോപംപൂണ്ട് ജ്വലിച്ചുനിൽക്കുന്നു. അതിന്റെ കാഠിന്യംകൊണ്ടാവാം, ഒരു കാക്കപോലും ആ വഴി പറക്കുന്നില്ല. ആ കോപാഗ്നിയിൽ വെന്തുപൊയതാവാം, ജനലരികിലെ മുല്ല ആകെ വാടി തളർന്നു നിൽക്കുന്നു.

“ഊണിന് കാലായി... ഉണ്ണണില്ലേ...”

അടുക്കളയിൽനിന്ന് സാവിത്രിയുടെ സ്വരം. രാവിലെ ഈ ഇരിപ്പ് തുടങ്ങിയതാണ്. രാവിലത്തേതു പോലും കഴിച്ചിട്ടില്ല. ആ... വീട്ടിലിങ്ങനെ ഇരിക്കുമ്പോൾ എന്നാ വിശക്കാനാ. കവലവരെ ഒന്ന് ഇറങ്ങി നടക്കാം എന്ന് വിചാരിച്ചാൽപ്പോലും മേല. രണ്ടടി നടക്കുമ്പോൾ മുട്ടിന് വേദന തുടങ്ങും. പറമ്പിലിറങ്ങി ആ വാഴ ഒന്ന് നനയ്ക്കാനും വയ്യ. ആഴ്ചയിലൊരിക്കൽ ആ ദിവാകരൻ ഒന്ന് വന്ന് നനച്ചാലായി. ഓ... പണ്ട് എന്തൊക്കെയായിരുന്നു... ഈ പറമ്പ് മുഴുവൻ താൻതന്നെ കിളച്ച് ഒരുക്കുമായിരുന്നു. വാഴ, കപ്പ, കാച്ചില്, ചേന, ചേമ്പ്, പച്ചക്കറികൾ... അങ്ങനെ വീട്ടിലോട്ട് വേണ്ടതെല്ലാം പറമ്പിൽനിന്ന് കിട്ടുമായിരുന്നു. താൻ പണിക്കിറങ്ങിയാൽ കൂടെ നന്ദനും ഇറങ്ങിവരും. പോയി പഠിച്ചോ... അച്ഛനിത് ചെയ്തോളാം എന്ന് പറഞ്ഞാൽ അവൻ പറയും, “ഈ മണ്ണീന്ന് പഠിക്കുന്നതിലേറേ വേറേ എവിടെനിന്ന് പഠിക്കാനാ” എന്ന്. ആ... അത് ഒരു കാലം. ഇന്ന് അത് ഓർത്ത് അയവിറക്കാനല്ലേ പറ്റൂ. അല്ല... അതോർത്ത് സമയം കളഞ്ഞിട്ട് എന്ത് കാര്യം?

“ഉണ്ണാൻ വരണില്ലേ... നേരം ഒരുപാടായി...”

സാവിത്രിയുടെ അടുത്ത വിളി. ദാ... വരുന്നു... അയാൾ പതിയെ അവിടെനിന്ന് എഴുന്നേറ്റ് അടുക്കളയിലേക്ക് നടന്നു. പാത്രത്തിൽ ചോറ് വിളമ്പുകയാണ് സാവിത്രി. ആ പാത്രങ്ങളിലേക്ക് അയാൾ ഒന്ന് കണ്ണോടിച്ചു. ചീരത്തോരൻ, ചമ്മന്തി, മാമ്പഴപ്പുളിശ്ശേരി...

“എന്തിനാ സാവിത്രീ ഇത്രയും കറിയൊക്കെ... ഇച്ചിരി കഞ്ഞീം അച്ചാറും പോരേ. നമ്മള് രണ്ടാളും അല്ലാതെ വേറാരാ ഇതൊക്കെ കഴിക്കാനുള്ളത്?”

“ആ വേലിക്കല് നിന്ന ചീരയാ... ഇനി നിന്നാ മൂത്ത് പോകും. അതാ ഇങ്ങ് പറിച്ചേ... പിന്നെ അപ്പുറത്തെ ഗീതുമോള് കൊണ്ടുതന്ന മാമ്പഴം.” പുളിശ്ശേരി പാത്രത്തിലേക്ക് ഒഴിച്ചുകൊണ്ട് സാവിത്രി പറഞ്ഞു.

“നന്ദൻ എന്ന് വരൂന്നാ പറഞ്ഞേ?”

“ചൊവ്വാഴ്ച വരൂന്ന്... 15 ദിവസത്തേക്കേ ഉള്ളൂ.”

“ആ... അവനേ കണ്ടിട്ട് നാളെത്രായി... മാലിനിയും കുട്ട്യോളും സുഖായിരിക്കണോ?”



“ആ... കുഴപ്പമില്ലന്നാ പറഞ്ഞേ...” ആ സംസാരത്തെ മുറിച്ചുകൊണ്ട് പടിവാതിൽക്കൽനിന്ന് ദിവാകരന്റെ വിളി: “സാവിത്രിയമ്മേ...”

“ആരാ... ദിവാകരനാണോ... ദാ വരുന്നു.”

“എന്താ സാവിത്രിയമ്മേ എന്നെ വിളിച്ചേ...” ദിവാകരൻ ചോദിച്ചു.

“ആ... ദിവാകരാ... നീ അങ്ങാടിവരെ ഒന്ന് പോകണം... കുറച്ച് എണ്ണയും സാധനങ്ങളും വാങ്ങാനുണ്ട്”– സാവിത്രി പറഞ്ഞു.

“എന്താ സാവിത്രിയമ്മേ വിശേഷം?”

“ചൊവ്വാഴ്ച കുട്ട്യോള് വരണുണ്ട്.”

“എന്തിനാ സാവിത്രി അതും ഇതും ഒക്കെ ഉണ്ടാക്കണേ... കഴിഞ്ഞതവണ കുറേ വറത്തതും പൊരിച്ചതും ഒക്കെ ഉണ്ടാക്കിവച്ചിട്ട് അവര് വെല്ലോം തിന്നോ... നന്ദൻ വല്ലോം രണ്ട് തിന്നാലായി...”

ഒരു ചെറിയ നിർത്തലിട്ടിട്ട് അയാൾ ദിവാകരനോട് എന്നപോലെ പറഞ്ഞു:

“കുട്ട്യോള് ഒന്ന് വന്നാ അവർക്ക് ഒട്ടും സമയം കാണില്ല... ഒരു ദിവസം വല്ലോം വീട്ടിൽ കിട്ടിയാലായി...”

“അവര് എത്ര ദിവസം ഇവിടെ കാണും സാവിത്രിയമ്മേ?”

“15 ദിവസം... നീ എന്തായാലും പോയി സാധനങ്ങൾ ഒക്കെ വാങ്ങി വാ... ഞാൻ ഇപ്പോൾ കാശു കൊണ്ടുവരാം.” സാവിത്രി വീട്ടിനുള്ളിലേക്ക് പോയി. അയാൾ പതിയെ നടന്ന് കട്ടിലിനടുത്ത് എത്തി പഴയസ്ഥാനത്ത് ഇരിപ്പുറപ്പിച്ചു. നന്ദനെയും കുട്ട്യോളെയും കാണാൻ കൊതിയാവുണു.... കഴിഞ്ഞവട്ടം വന്നത് 10 ദിവസത്തേക്കാ. അതിനിടയിൽ കുറേ പരിപാടികളും. നന്ദന്റെ കുട്ട്യോള്... കുഞ്ഞിമാളു... മോനു... ഒന്ന് കൊഞ്ചിക്കാനുള്ള സമയം പോലും കിട്ടിയില്ല. ഇപ്രാവശ്യം വന്നാലും അങ്ങനെതന്നെ ആയിരിക്കും. ആ കുഞ്ഞുങ്ങളെ ഒന്ന് ലാളിക്കാനുള്ള അവസരംപോലും എനിക്ക് കിട്ടണില്ലല്ലോ എന്റെ ദേവീ. ഇങ്ങനെ മനസ്സിൽ പിറുപിറുത്തുകൊണ്ട് അയാൾ ആ കട്ടിലിൽ കിടന്നു. പതിയേ... ആ ചിന്തകൾ മയക്കത്തിലേക്ക് വഴുതിവീണു.

“എന്താ... എണീക്കണില്ലേ...” സാവിത്രിയുടെ ആ വിളികേട്ടാണ് അയാൾ ഉറക്കത്തിൽനിന്ന് എഴുന്നേറ്റത്.

“കുട്ട്യോള് 10 മണിയോടെ ഇങ്ങ് എത്തും. ഇവിടെ വന്നിട്ടേ കഴിക്കുന്നുള്ളു എന്ന്. മോനൂന് എന്തോ ചെറിയ അസ്വസ്ഥത. അവര് ആശുപത്രിയിൽ കൂടി കയറീട്ടേ വരൂ.”

അയാൾ പതിയെ കട്ടിലിൽനിന്ന് എഴുന്നേറ്റു. ശരിയാ, ഇന്ന് ചൊവ്വാഴ്ചയാ. എന്ത് പെട്ടെന്നാ ദിവസങ്ങൾ കടന്നുപോയത്!

“അവര് എവിടെവരെ ആയി?”

“8 മണിക്ക് വിമാനത്താവളത്തിൽനിന്ന് പുറപ്പെട്ടു എന്നാ പറഞ്ഞേ... ആശുപത്രിയിൽക്കൂടി കയറുന്നത് കാരണമാ താമസിക്കുന്നത്.” അയാൾ പതിയെ നടന്നുപോയി പല്ലുതേച്ച് കാപ്പിയുമായി ഉമ്മറത്തെ ചാരുകസേരയിൽ വന്നിരുന്ന് പത്രവായന ആരംഭിച്ചു. സമയം പെട്ടെന്ന് കടന്നുപോയി. ആ വീട്ടുമുറ്റത്ത് ഒരു കാർ വന്നുനിന്നു. അയാൾ പത്രത്തിൽനിന്ന് ഒന്നു തലയുയർത്തി നോക്കി. നന്ദനും കുടുംബവും എത്തിയിരിക്കുന്നു. അയാൾ ചാരുകസേരയിൽനിന്ന് എഴുന്നേറ്റ് മുറ്റത്തേക്ക് നടന്നു. കാറിന്റെ ശബ്ദം കേട്ടാവണം, സാവിത്രിയും ഓടി എത്തി. “അച്ഛാ... അമ്മേ...” നന്ദൻ കാറിന്റെ വാതിൽതുറന്ന് പുറത്തിറങ്ങി. പിറകേ മാലിനിയും മോനും.

“മോനൂന് എന്ത് പറ്റി മാലിനീ?”

“ഫ്ളൈറ്റിൽനിന്ന് ഇറങ്ങിയപ്പോൾ അവൻ ഒന്ന് വൊമിറ്റ് ചെയ്തു. ഹോസ്പിറ്റലിൽ കാണിച്ചപ്പോൾ അവർ ഫുഡിന്റെ പ്രശ്നം എന്നാ പറഞ്ഞത്.”

“വയറ്റിൽ പിടിക്കാത്തത് വല്ലോം വിമാനത്തീന്ന് കഴിച്ചുകാണും. കൊച്ച് കുഞ്ഞല്ലേ. അതിന് പെട്ടെന്ന് വല്ലായ്മ വരും.” മാലിനിയുടെ കൈയിൽനിന്ന് മോനൂനെ വാങ്ങിക്കൊണ്ട് സാവിത്രി പറഞ്ഞു. പാവം മോനു, അവൻ ക്ഷീണിച്ച് ഉറങ്ങുകയായിരുന്നു.

“കുഞ്ഞിമാളു എവിടെ...” അയാൾ ചോദിച്ചു. നന്ദൻ കാറിന്റെ വാതിൽതുറന്ന് അവളെ വിളിച്ചു: “മാളവിക... കം... വീ ഹാവ് റീച്ചിഡ് അവർ ഹൗസ്... കം.” മാളവിക അവളുടെ കുഞ്ഞുബാഗുമായി വെളിയിലിറങ്ങി.

“കുഞ്ഞിമാളൂ... മോളേ... നീയങ്ങ് വലുതായിപ്പോയല്ലോ...”

അയാൾ അവളുടെ അടുത്തേക്ക് നടന്ന് അവളുടെ ബാഗ് വാങ്ങിക്കൊണ്ട് പറഞ്ഞു.

“ഗ്രാൻഡ്പാ... ഡോൺട് കോൾ മീ കുഞ്ഞിമാളു. മൈ നേം ഈസ് മാളവിക. കോൾ മീ ലൈക്ക് ദാറ്റ്.”

അവളുടെ ആ സംസാരം എല്ലാവരുടെയും മുഖത്ത് പുഞ്ചിരി വിരിയിച്ചു.

ദിവസങ്ങൾ കടന്നുപോയി. നന്ദന് നാട്ടിലെത്തിയാലും അമേരിക്കയിൽനിന്ന് ഫോൺ വരും. ഇതിനിടയിൽ മാലിനി കടയിൽ പോകണം, തുണി വാങ്ങണം എന്നൊക്കെ പറഞ്ഞ് അവനെ വിളിച്ചുകൊണ്ടുപോകും. ഇന്ന് ശനിയാഴ്ചയാണ്, നാളെ അവർ പോകും. എല്ലാവരും ബാഗുകളും മറ്റും തയ്യാറാക്കുന്ന തിരക്കിലാണ്. കുഞ്ഞിമാളുവും മോനുവും ടി.വി. കാണുന്നു.

“എത്ര മണിക്കാ നന്ദാ വിമാനം?”

“നാളെ വൈകിട്ട് 5 മണിക്ക്. 3 മണിയോടെ ഇവിടെനിന്നും ഇറങ്ങണം. എയർപോർട്ടിൽ കുറേ ചെക്കിങ് മെഷേഴ്സ് ഉണ്ട്.”



അയാൾ നനവാർന്ന കണ്ണുകളുമായി ഇതെല്ലാം കേട്ടു. പെട്ടെന്ന് നന്ദന്റെ ഫോണിൽ ആരോ വിളിച്ചു. ഞെട്ടൽ വിട്ടുമാറാത്ത മുഖവുമായി അവൻ ഓടിവന്ന് കുഞ്ഞിമാളുവിന്റെ കൈയിൽനിന്ന് ടി.വിയുടെ റിമോട്ട് വാങ്ങി.

“പപ്പാ... വാട്ട് ആർ യൂ ഡുയിങ്... ദാറ്റ്സ് മൈ ഫേവറ്റ് കാർട്ടൂൺ...”

കുഞ്ഞിമാളുവിന്റെ കരച്ചിൽ കേട്ട് സാവിത്രി അവിടേക്ക് വന്ന് പറഞ്ഞു:

“എന്താ നന്ദാ ഈ കാട്ടണത്... കുഞ്ഞിമാളു അതിരുന്ന് കാണട്ടേ.”

നന്ദൻ ഈ സംഭവങ്ങൾ ഒന്നും ശ്രദ്ധിക്കാത്ത മട്ടിൽ വാർത്താചാനൽ വച്ചു.

“നമസ്കാരം, പ്രധാന വാർത്തകൾ... ഇന്ത്യയിലേക്കുള്ള എല്ലാ അന്തർദേശീയ വിമാനസർവീസുകളും നിർത്തിവച്ചു. കൊറോണവൈറസിനെ തുടർന്നാണ് ഈ തീരുമാനം. വിമാനസർവീസുകൾ അടുത്ത മാസം 14 വരെയാണ് നിർത്തിവച്ചത്.”

“ഓ... എനിക്ക് നെക്സ്റ്റ് വീക്ക് ഒരു അർജന്റ് മീറ്റിങ് അറ്റന്റ് ചെയ്യേണ്ടതാണ്: ഇനി എന്ത് ചെയ്യും?”

ഈ ശബ്ദാരവങ്ങൾ കേട്ട് മാലിനി രംഗത്ത് വന്നു.

“എന്താ... എന്താ പറ്റിയേ?”

ടി.വിയിലെ ഫ്ളാഷ്ന്യൂസ് കണ്ട് അവളും ആകെ പരിഭ്രമിച്ചു.

“ഞാൻ ഈ വീക്ക് വരെ ലീവ് എടുത്തിട്ടുള്ളൂ. ഇനി എന്തു ചെയ്യും?”

പിറുപിറുത്തുകൊണ്ട് അവർ മുറിയിലേക്ക് നടന്നു. നന്ദൻ തന്റെ കൂട്ടുകാരിൽ ഒരാളെ വിളിച്ചു. അവൻ പറഞ്ഞ വാർത്തകൾ അവനെ അമ്പരപ്പിച്ചു. അമേരിക്കയിൽ സമ്പൂർണ ലോക്ഡൗൺ ആണ്. ഓഫീസുകളും സ്കൂളുകളും ഒന്നും പ്രവർത്തിക്കുന്നില്ല. ഏറെ താമസിക്കാതെ വാർത്താചാനലിൽ മറ്റൊരു വാർത്തകൂടി പ്രത്യക്ഷപ്പെട്ടു: “ഇന്ത്യയിൽ 2 ആഴ്ചത്തേക്ക് സമ്പൂർണ ലോക് ഡൗണിന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.”

മറ്റെല്ലാവരും ഏറെ ദുഃഖിച്ചപ്പോഴും അയാളുടെ മനസ്സിൽ സന്തോഷം വിടർന്നു. തന്റെ ഏറെനാളത്തെ ആഗ്രഹം നടക്കാൻ പോകുകയാണ്. തന്റെ കൊച്ചുമക്കളെ തനിക്ക് ലാളിക്കാൻ ലഭിക്കുന്നു. ഈ ചിന്തകൾകൊണ്ടു തന്നെയാവാം, സാവിത്രിയുടെ മുഖത്തും ഒരു ചെറുപുഞ്ചിരി വിടർന്നു.

**ഏയ്ഞ്ചൽ റോസ് സുനിൽ**
9 സി
സെന്റ് തെരേസാസ് ജി.എച്ച്.എസ്. നെടുംകുന്നം
കറുകച്ചാൽ ഉപജില്ല, കോട്ടയം

# അനുമോളുടെ സ്വപ്നം

ഇന്നലെയും അച്ഛൻ വന്നിട്ടില്ല. അനുമോൾ കണ്ണ് തിരുമ്മി എണീറ്റു. ഒരാഴ്ചയായി അച്ഛൻ വന്നിട്ട്. അച്ഛൻ വരുമ്പോ നല്ല രസമാണ്. നിറയെ പലഹാരങ്ങൾ വാങ്ങിത്തരും. അമ്മ അടുക്കളയിലാണ്. അമ്മയുടെ കൈയിൽ കാശൊന്നും ഇല്ല. അച്ഛൻ വന്നിട്ട് ചിക്കനും പച്ചക്കറിയും ഒക്കെ വാങ്ങണം. സ്കൂൾ നേരത്തേ അടച്ചതുകൊണ്ടു രസമില്ലാണ്ടായി. അവധിക്ക് അച്ഛന്റെ വീട്ടിൽ പോകാമെന്ന് പറഞ്ഞതാണ്. ഇനി എന്നാണാവോ? ഈ കൊറോണ ഒക്കെ വന്നത് എന്തിനാണാവോ? ഒരുപാട് ആളുകൾ മരിച്ചുപോകുന്നു എന്നാ കേൾക്കുന്നേ. അച്ഛൻ പെട്ടെന്ന് വന്നാൽ മതിയാരുന്നു. അമ്മയോട് ഒന്ന് ചോദിക്കട്ടെ, അച്ഛൻ എപ്പോൾ വരുമെന്ന്...

**അമൃത കുഞ്ഞുമോൻ**
4 ബി, സെന്റ് തോമസ് എൽ.പി.എസ്. കറിക്കാട്ടൂർ
കറുകച്ചാൽ ഉപജില്ല, കോട്ടയം

# മീനുക്കുട്ടിയുടെ സ്വർഗം

മീനുക്കുട്ടിയെന്ന മൂന്നുവയസ്സുകാരിക്ക് എന്നും ദുഃഖമായിരുന്നു. കാരണം, അവളുടെ അച്ഛനും അമ്മയും എല്ലാ ദിവസവും അതിരാവിലെ ജോലിക്കുപോയാൽ ഏറെ വൈകിയതിനുശേഷമേ തിരിച്ചുവരൂ. വീട്ടിൽ അവളും ജോലിക്കാരിയും മാത്രമേ കാണൂ. അച്ഛനും അമ്മയും ജോലികളഞ്ഞ് വീട്ടിലിരിക്കുന്നതായി അവൾ സ്വപ്നം കാണും. എന്നാൽ അത് ഒരിക്കലും സംഭവിച്ചില്ല. ഒരുദിവസം പതിവുപോലെ അവൾ ഉറക്കമുണർന്നു വന്നപ്പോൾ അച്ഛനും അമ്മയും വീട്ടിൽ ഇരിക്കുന്നു. അവൾക്ക് അത്ഭുതമായി. അവൾ സന്തോഷത്തോടെ അമ്മയോടു ചോദിച്ചു: “അമ്മേ, ഇന്ന് ജോലിക്ക് പോകണ്ടേ?” അമ്മ പറഞ്ഞു: “മോളേ, കൊറോണയെന്നൊരു രോഗം കാരണം എല്ലായിടത്തും ലോക്ഡൗൺ ആണ്. അതുകൊണ്ട് ആർക്കും പുറത്തിറങ്ങാൻ പറ്റാതായി. കുറച്ചുദിവസം ഞങ്ങൾക്കും പോകേണ്ട.” കൊറോണ എന്താണെന്ന് അവൾക്ക് മനസ്സിലായില്ല. എങ്കിലും അവൾ ദൈവത്തോട് പ്രാർഥിച്ചു: “ദൈവമേ, ഈ ലോക്ഡൗൺ ഒരിക്കലും മാറല്ലേ, ഇപ്പോൾ ഞാൻ സ്വർഗത്തിലാണ്.”

**ആൻറോസ് ജോസ്**
4 എ, സെന്റ് ലൂയിസ് യു.പി. സ്കൂൾ, വൈക്കം
വൈക്കം ഉപജില്ല, കോട്ടയം



# ഇലഞ്ഞിത്തറമേളം

ഭൂമിയിൽ മനുഷ്യർ മാത്രമല്ലല്ലോ, മറ്റു ജീവജാലങ്ങളുമുണ്ട്. കൂട്ടത്തിൽ ചിന്താശേഷി ദൈവം എന്തുകൊണ്ടോ, മനുഷ്യന് മാത്രമാണ് നൽകിയത്. പക്ഷേ, കാലത്തിന്റെ ഭാവം മാറുന്നത് അവയ്ക്കറിയാൻ കഴിയും.

അങ്ങനെയാകാം ആ തള്ളക്കിളി തന്റെ കുഞ്ഞുങ്ങളെയും കൂട്ടി ആ ഇലഞ്ഞിമരം വിട്ടിറങ്ങിയത്. ആ വലിയ മൈതാനത്തിന്റെ നടുവിലായിരുന്നു തല ഉയർത്തി വലിയ ഇലഞ്ഞിമരം നിന്നിരുന്നത്. എത്ര വലിയ കാറ്റടിച്ചാലും ആ വലിയ മരത്തിന്റെ ഇലകൾ തഴുകാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ മുത്തശ്ശിയുടെ ചില്ലയിലാണ് തള്ളക്കിളി കുഞ്ഞുങ്ങൾക്കൊപ്പം താമസിച്ചിരുന്നത്.

അത്രയും സുരക്ഷിതമായ ഒരിടം വിട്ട് അമ്മ എവിടേക്കാണ് പോകുന്നതെന്ന് കുഞ്ഞിക്കിളികൾക്ക് മനസ്സിലായില്ല. മറ്റൊരു ചില്ലയിലേക്ക് ചേക്കേറിയപ്പോൾ കുഞ്ഞിക്കിളി തള്ളക്കിളിയോടായി ചോദിച്ചു: ''നമ്മൾ എന്തിനാണ് അവിടംവിട്ടു വന്നതമ്മേ?'' തള്ളക്കിളി പറഞ്ഞു: "നമ്മൾ തിരികെ പോകും. പക്ഷേ, ഇപ്പോളല്ല."

ഇലഞ്ഞിമുത്തശ്ശി പറഞ്ഞ അറിവുകൾ ഉണ്ടായിരുന്നു തള്ളക്കിളിക്ക്... "ഇന്ന് ഇലഞ്ഞിത്തറയിൽ മേളം നടക്കും. ഒരുപാട് മനുഷ്യരും അവിടെക്കാണും. ഇന്ന് മേളങ്ങളുടെ മേളമാണ്." തള്ളക്കിളി പറഞ്ഞുനിർത്തി. "അപ്പോൾ നമുക്ക് അതൊന്നും കാണണ്ടേ?" കുഞ്ഞിക്കിളി നിഷ്കളങ്കമായി ചോദിച്ചു. "വേണ്ട മക്കളേ, കാണാനുള്ള ചന്തം കണ്ട് എടുത്തുചാടിയാൽ നമുക്ക് ആപത്താണ്.'' അമ്മ പറഞ്ഞതുൾക്കൊള്ളാൻ കഴിയാതെ കുഞ്ഞുങ്ങൾ വാശിപിടിച്ചു.

അതൊന്നും വകവയ്ക്കാതെ തള്ളക്കിളി ഇരതേടാൻ പോയി. പറന്നുപറന്ന് കിളി ഇലഞ്ഞിയുടെ ചുവട്ടിലെത്തി. അവിടെ എത്തിയ കിളിക്ക് അതിശയമായി. കിളി സംശയത്തോടെ ഇലഞ്ഞി മുത്തശ്ശിയോട് ചോദിച്ചു: "എന്നെ പറഞ്ഞ് പറ്റിച്ചോ? മുത്തശ്ശി പറഞ്ഞ മേളവും ആനകളുമൊക്കെ എവിടെ?" നൂറ്റാണ്ടുകളുടെ ചരിത്രം പറയുന്ന മുത്തശ്ശിക്ക് ഒന്നും പറയാൻ ഉണ്ടായിരുന്നില്ല. കിളി തുടർന്നു: "കുഞ്ഞിക്കിളികൾ ആകെ കരച്ചിലാണ്. പൂരം

അവർക്കും കാണണമത്രേ. എവിടെ മുത്തശ്ശീ പൂരം?" മുത്തശ്ശിക്കും ഒന്നും മനസ്സിലായിരുന്നില്ല. മുത്തശ്ശി നെടുവീർപ്പിട്ടു: "ഞാനും കുറേ ആയി ആളുകളെ കണ്ടിട്ട്! പൂരംനാളിൽ വരൂന്ന് കരുതി. ഇതിപ്പൊ എന്റെ മടിയിൽ നീ മാത്രല്ലല്ലോ! നിങ്ങളെയൊക്കെ ശല്യം ചെയ്യണ്ടാന്ന് കരുതീട്ടാവും." മുത്തശ്ശിയെ അത്രമേൽ വിശ്വസിച്ച കിളി അതുകേട്ട ആശ്വാസത്തിൽ പറന്നുപോയി. കിളി പറന്നകലുന്നതും നോക്കി ആ ഇലഞ്ഞി അങ്ങനെ നിന്നു. മനുഷ്യർ തന്റെ ചുറ്റും ആഹ്ളാദിക്കുന്ന ഒരു പൂരക്കാലവും കാത്ത്... മനുഷ്യർ ഇതുവരെ തന്റെ കൂടപ്പിറപ്പുകളോട് കാട്ടിയ സർവതും മറന്ന്... കഴിഞ്ഞ മേളങ്ങൾ ഒക്കെ ഓർത്ത് അങ്ങനെ നിന്നു... ഓരോ കാറ്റിലും ആടിയാടി...

**അന്നാ സി. ബിജു**
10 സി
സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരുവെള്ളിപ്ര
തിരുവല്ല ഉപജില്ല, പത്തനംതിട്ട



# അച്ചുക്കാക്ക കണ്ട പ്രകൃതി

അന്നും പതിവുപോലെ അപ്പുക്കാക്കയും അച്ചുക്കാക്കയും തീറ്റ തേടിയിറങ്ങി. കുറേദൂരം പറന്നു. ആഹാരം ഒന്നും കിട്ടിയില്ല. എന്നും തീറ്റ ലഭിക്കുന്ന സ്ഥലത്തെല്ലാം നോക്കി, ഒന്നും കിട്ടിയില്ല. അപ്പോഴാണ് അവർ അതു ശ്രദ്ധിച്ചത്. പതിവില്ലാത്ത നിശ്ശബ്ദത, വാഹനങ്ങൾ ഒന്നും ഓടുന്നില്ല, ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല, മനുഷ്യരെപ്പോലും ഒരിടത്തും കാണുന്നില്ല. കടകൾ അടഞ്ഞുകിടക്കുന്നു. എന്താണ് സംഭവിച്ചതെന്ന് അവർക്കു മനസ്സിലായില്ല. അവർ നോക്കുമ്പോൾ അങ്ങ് ദൂരെ മലനിരകളും പച്ചവിരിച്ചുനിൽക്കുന്ന മരങ്ങളും തെളിഞ്ഞുകാണാം. അവർ പറന്ന് തളർന്ന് ഒരു മരക്കൊമ്പിലിരുന്നു.

അപ്പോൾ അവരുടെ അടുത്തേക്ക് ടീക്കോ അണ്ണാൻ ചാടിവന്നു. തളർന്നിരിക്കുന്ന കാക്കകളോട് കാര്യം തിരക്കി. അവർ പറഞ്ഞു: "ഞങ്ങൾ ദിവസങ്ങളായി ആഹാരം കഴിച്ചിട്ട്, സാധാരണ മനുഷ്യർ വലിച്ചെറിയുന്ന ഭക്ഷണപദാർഥങ്ങളാണ് ഞങ്ങൾ കൊത്തിത്തിന്നാറ്. ഇപ്പോൾ ഒന്നും ലഭിക്കുന്നില്ല." അണ്ണാൻ പറഞ്ഞു: "നിങ്ങൾ അറിഞ്ഞില്ലേ, ലോകം മുഴുവൻ കോവിഡ്വൈറസ് ഭീതിയിലാണ്, ജനങ്ങൾ പുറത്തിറങ്ങുന്നില്ല, ഹോട്ടലുകൾ തുറക്കുന്നില്ല, ഫാക്ടറി ഒന്നും പ്രവർത്തിക്കുന്നില്ല." അപ്പോഴാണ് അവർക്ക് ആഹാരം കിട്ടാത്തതിന്റെ കാര്യം മനസ്സിലായത്. അവർ ചിന്തിച്ചു, നമ്മളുടെ പ്രകൃതിയും അന്തരീക്ഷവും എത്ര മനോഹരമായിരിക്കുന്നു, ഇപ്പോൾ കാണാൻ. അന്തരീക്ഷമലിനീകരണം ഇല്ലാത്തതുകൊണ്ട് ദൂരെയുള്ള കാഴ്ചകൾപോലും ഇപ്പോൾ വ്യക്തമായി കാണാം. പുഴകളിൽ തെളിഞ്ഞ ജലം ഒഴുകുന്നു. പൊതുവഴികളും ഓടകളും വൃത്തിയായിക്കിടക്കുന്നു. നമ്മുടെ നാട് എന്നും ഇതുപോലെ ആയിരുന്നെങ്കിൽ എന്ന് അവർ പറഞ്ഞു. ആഹാരം കിട്ടിയില്ലെങ്കിലും പ്രകൃതിയിൽവന്ന മാറ്റം കണ്ട് സന്തോഷിച്ച് അവർ അകലെ കണ്ട പച്ചപ്പാർന്ന കാട്ടിലേക്ക് പറന്നുപറന്നു പോയി.

**ആൻഡ്രിയ ബെന്നി**
1 സി
സെന്റ് മേരീസ് എൽ.പി. സ്കൂൾ, തീക്കോയി
ഈരാറ്റുപേട്ട ഉപജില്ല, കോട്ടയം

# മിടുക്കിയായ അമ്മു

ഒരുദിവസം അമ്മു വീട്ടിലിരുന്ന് ഭക്ഷണം കഴിക്കുകയായിരുന്നു. അപ്പോളാണ് അച്ഛൻ വന്നത്. ''മോളേ അമ്മൂ, നീ ഇതുവരെ കഴിച്ചുകഴിഞ്ഞില്ലേ? സ്കൂൾബസ് ഇപ്പോൾ വരും.'' ''ദാ കഴിച്ചു കഴിഞ്ഞച്ഛാ...'' അമ്മു പറഞ്ഞു. അപ്പോഴേക്കും ബസ് വന്നിരുന്നു. “മോളേ, നീ ബാഗ് എടുത്തില്ലേ?” അമ്മയുടെ ചോദ്യം കേട്ടു. “എടുത്തു അമ്മേ... റ്റാറ്റാ...” എന്നു പറഞ്ഞവൾ വീട്ടുമുറ്റത്തേക്ക് ഓടിയിറങ്ങി.

ഒന്നാംക്ലാസിൽ പഠിക്കുന്ന അമ്മുവിന് തന്റെ സ്കൂളിലെ ടീച്ചർമാരെയും കൂട്ടുകാരെയും ഒരുപാട് ഇഷ്ടമാണ്. സ്കൂളിലെ കൂട്ടുകാരും രസകരമായ പഠനവുമൊക്കെ അമ്മുവിനെ ഏറെ സന്തോഷിപ്പിച്ചിരുന്നു.

വൈകുന്നേരം സ്കൂൾവിട്ട് വീട്ടിലെത്തിയ അമ്മു കാലും മുഖവും കഴുകി വൃത്തിയാക്കിയതിനുശേഷം അമ്മയുടെ അരികിലേക്ക് ഓടിയെത്തി. “അമ്മേ, വിശക്കുന്നു. കഴിക്കാൻ എന്താണുള്ളത്?” അമ്മുവിന് ഏറ്റവും ഇഷ്ടപ്പെട്ട സുഖിയൻ അമ്മ തയ്യാറാക്കിവച്ചിട്ടുണ്ടായിരുന്നു. “അമ്മേ, ഞാൻ സ്കൂളിലെ വിശേഷങ്ങൾ പറയട്ടേ?” അമ്മു ചോദിച്ചു. “പറയൂ, കേൾക്കട്ടെ,” അമ്മ സമ്മതം മൂളി.

“അമ്മേ, ഇന്ന് ശുചിത്വത്തെക്കുറിച്ച് കുറേ കാര്യങ്ങൾ ടീച്ചർ ഞങ്ങൾക്ക് പറഞ്ഞുതന്നു.” അമ്മു ഉത്സാഹത്തോടെ പറഞ്ഞു.

> “ഭക്ഷണം കഴിക്കുന്നതിന് മുൻപും പിൻപും കൈകൾ കഴുകണം, തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാവൂ, ആഹാരം പാഴാക്കരുത്, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം.”

ടീച്ചർ പറഞ്ഞ കാര്യങ്ങൾ അമ്മു അമ്മയ്ക്ക് പറഞ്ഞുകൊടുത്തു.

അമ്മു മിടുക്കിയാണല്ലോ എന്നു പറഞ്ഞുകൊണ്ട് അമ്മ അവളെ കെട്ടിപ്പിടിച്ചു.

**ദൈവിക് എം.**
1 സി
എസ്.എൽ.ടി.എൽ.പി. സ്കൂൾ ഭരണങ്ങാനം
പാലാ ഉപജില്ല, കോട്ടയം



# കിളികൾ കൂടണഞ്ഞപ്പോൾ

സൂര്യൻ താണു. വെയിൽ മങ്ങി. കൂട് ലക്ഷ്യമാക്കി പറക്കുന്ന പക്ഷികൾ. ആകാശത്തിന്റെ അനന്തതയിൽ ചിത്രപ്പണികൾ കാഴ്ചവയ്ക്കുന്നത് ജനൽക്കമ്പികൾക്കിടയിലൂടെ പുറത്തേക്ക് നീളുന്ന ആ കുഞ്ഞിക്കണ്ണുകൾ അന്നും വിസ്മയത്തോടെ നോക്കിനിന്നു. പെട്ടെന്ന് നെഞ്ചിൽ ആർപ്പുവിളിപോലൊന്ന് ഉയർന്നുവന്നു. ഒരു തെളിനീരിലെന്ന പോലെ അവന്റെ മനസ്സിൽ മുത്തശ്ശിമാവിന്റെയും അതിനു ചുറ്റുമുള്ള കളിനിലത്തിന്റെയും മായാത്ത ചിത്രങ്ങൾ തെളിഞ്ഞുവന്നു. ഏതാനും ദിവസങ്ങൾക്കു മുൻപ് വരെ അവൻ കൂട്ടുകാരോടൊത്ത് വൈകുന്നേരങ്ങൾ ആഹ്ലാദത്തിന്റെ നിമിഷങ്ങളാക്കിമാറ്റിയത് അവിടെ വച്ചായിരുന്നു. ആ മരച്ചുവട്ടിൽ ബാല്യങ്ങൾ നിഷ്കളങ്കത പങ്കുവച്ചു. വാർധക്യത്തിന്റെ ഏകാന്തതയ്ക്ക് ആശ്വാസത്തിന്റെ തണലേകിയതും ആ മാവു തന്നെയായിരുന്നു. മുത്തശ്ശിമാവിന്റെ ചുവട്ടിൽ ഇന്ന് സന്തോഷം പങ്കിടാൻ ആരുമില്ല. കളിനിലങ്ങളിൽ കരിയിലകൾ വിഷാദം പടർത്തുന്നു. പഴുത്ത മാങ്ങകൾ ഞെട്ടറ്റു വീണുകിടക്കുന്നു. ആ പറമ്പിൽ തികച്ചും അപൂർവമായിരുന്നു ആ കാഴ്ച. ആ കുഞ്ഞുമനസ്സിൽ ദുഃഖത്തിന്റെ നിഴൽ വീണുകഴിഞ്ഞിരുന്നു. അമ്മുമ്മയോടായി അമ്മ സംസാരിക്കുന്നത് അവൻ കേട്ടു. തന്റെ ചിന്തകളിൽനിന്ന് ഉണർന്നിട്ടെന്നപോലെ അവൻ അടുക്കളയിലേക്ക് നീങ്ങി. ‘‘നാളെ വരുന്നായിരുന്നു ആദ്യം പറഞ്ഞത്. വിമാനസർവീസൊക്കെ താൽക്കാലികമായി നിർത്തിവച്ച സ്ഥിതിക്ക് ഇനിയിപ്പോ മൂപ്പർക്ക് എന്നാ വരാൻ പറ്റ്വാന്ന് അറിയില്ല.’’ അമ്മയുടെ വാക്കുകൾക്ക് മറുപടിയെന്നോണം മുത്തശ്ശിയുടെ മുഖത്ത് കാർമേഘങ്ങൾ ഇരുണ്ടുകൂടി. പക്ഷേ, മഴ കനത്തുപെയ്യുമെന്ന് തോന്നിയത് അവന്റെ ആ കുഞ്ഞിക്കണ്ണുകളിലായിരുന്നു. ഗൾഫിലുള്ള അച്ഛന്റെ വരവുകൂടിയാകുമ്പോൾ ഈ അവധിക്കാലം ആഹ്ലാദത്തിന്റെ ദിനങ്ങളായിരിക്കുമെന്ന് ആ കുഞ്ഞുമനസ്സ് നേരത്തേ തീരുമാനിച്ചുറപ്പിച്ചിരുന്നു. ഇപ്പോൾ എല്ലാം മാറിമറിഞ്ഞിരിക്കുന്നു.

‘ലോക്ഡൗൺ’- മുമ്പൊരിക്കൽ പോലും ആ വാക്ക് അവൻ കേൾക്കാനിടയുണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ കുറച്ചു

ദിവസങ്ങൾകൊണ്ടുതന്നെ ആ വാക്ക് അവന് സുപരിചിതമായി ക്കഴിഞ്ഞിരുന്നു. അമ്മയുടെയും മുത്തശ്ശിയുടെയും സംസാരങ്ങൾക്കിട യിൽ അത് പലതവണ ആവർത്തിച്ച് കടന്നുവന്നു. മുത്തശ്ശി മാവിന്റെയും കളിനിലത്തിന്റെയും നിശ്ശബ്ദത ലോക്ഡൗൺ എന്തെന്ന് അവനു പറഞ്ഞുകൊടുത്തു. ഒരു നേർത്ത തേങ്ങലോടെ മാത്രമേ അവന് അത് ഉൾക്കൊള്ളാൻ സാധിച്ചുള്ളൂ. പതിയെ അവൻ ഉമ്മറക്കോലായിൽ ചെന്നിരുന്നു. ദൂരെയെവിടെനിന്നോ വന്ന ഒരിളം കാറ്റ് ആ കുഞ്ഞുമനസ്സിനെ തലോടിക്കടന്നുപോയി. ഈ കാലവും കടന്നുപോകും... നമുക്കും നമുക്ക് ചുറ്റുമുള്ളവരുടെയും നന്മയ്ക്കായ് എല്ലാവരും വീടുകളിൽ തന്നെയിരുന്നേ മതിയാവൂ... അവൻ സ്വയം ആശ്വസിച്ചു.

മുത്തശ്ശിമാവിന്റെ ചുവട്ടിൽ കളിചിരികളുമായി വീണ്ടും എല്ലാവരുമെത്തുന്ന ആ കാലം ദൂരെയല്ല എന്ന പ്രതീക്ഷ ആ മുഖത്ത് നേർത്ത പുഞ്ചിരി തൂകി.

**അക്ഷയ കാർത്തിക്**
10 ബി
സെന്റ് വിൻസെന്റ് കോളനി ഗേൾസ് എച്ച്.എസ്.
കോഴിക്കോട് സിറ്റി ഉപജില്ല, കോഴിക്കോട്



# പച്ചപ്പിൽ...

സ്കൂളിൽ പഠിക്കുന്ന വിഷ്ണുവിന് ഇനിയുള്ള പരീക്ഷ എഴുതേണ്ട എന്നറിഞ്ഞപ്പോൾ കൊറോണയെ വലിയ ഇഷ്ടമായി. എന്നാൽ വീടിനു വെളിയിലിറങ്ങാൻ കഴിയില്ലെന്ന സത്യം പിന്നീടാണവൻ മനസ്സിലാക്കിയത്. കൂട്ടുകാരൊത്ത് കളിക്കാനോ പാർക്കിൽ പോകാനോ തിയേറ്ററിൽ പോയി സിനിമകാണാനോ ഹോട്ടലിൽപോയി തന്റെ ഇഷ്ടഭക്ഷണമായ ചിക്കൻബിരിയാണി വയറുനിറയെ തിന്നാനോ ഒന്നിനും കഴിയില്ലെന്ന് അവൻ തിരിച്ചറിഞ്ഞു. 'ലോക്ഡൗൺ' എന്ന വാക്കിനർഥം അവൻ ശരിക്കും മനസ്സിലാക്കി. ഇന്ന് 'കൊറോണ,' 'ലോക്ഡൗൺ' എന്നീ വാക്കുകളാണ് അവൻ ടി.വിയിൽ എപ്പോഴും കേൾക്കുന്നത്. തന്നെപ്പോലുള്ള നിരവധി കൂട്ടുകാരുടെ അവധിക്കാലം മുഴുവൻ കവർന്നെടുത്ത കൊറോണയോട് ക്രമേണ അവനു ദേഷ്യം തോന്നി. ആ ദേഷ്യം തീർക്കാനായി അവൻ പുതിയപുതിയ കാര്യങ്ങളിലേക്ക് കടന്നു. മൊബൈലിൽ കളിച്ചുരസിച്ചു, പട്ടംപറത്തി, പടംവരച്ചു, പിന്നെ അവന് ഏറ്റവും ഇഷ്ടമുള്ള ഒരു കാര്യംകൂടി ചെയ്തു- കൃഷി. ഇന്നവന്റെ വീട്ടുമുറ്റം നിറയെ ചീരയും പച്ചമുളകും വെണ്ടയും നിറഞ്ഞുനിൽക്കുന്നു. താൻ സ്നേഹത്തോടെ പരിപാലിച്ച പച്ചക്കറികളൊക്കെ പൂവിട്ടപ്പോൾ അവന്റെ മനസ്സും നിറഞ്ഞു. അങ്ങനെ അവനാ കാലത്തെ ആഘോഷമാക്കി.

**അശ്വിൻ ടി. ഗണേഷ്**
8 ബി
സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്. എറണാകുളം
എറണാകുളം ഉപജില്ല, എറണാകുളം

# പുഴയുടെ രോദനം

ഹായ്, കുറച്ചു ദിവസങ്ങളായിട്ട് നല്ല ഉന്മേഷം. ഈ തെളിഞ്ഞ വെള്ളത്തിൽക്കൂടി ഇങ്ങനെ ഊളിയിട്ട് നീന്താൻ എന്തു സുഖമാണ്! പുഴയിലെ ജലനിരപ്പിനു മുകളിൽ വന്നു പൊങ്ങിനോക്കിയിട്ട് കരിമീൻകുഞ്ഞ് വെള്ളത്തിനടിയിലേക്ക് ഊളിയിട്ടു. അവിടെ നീന്തിക്കളിക്കുന്ന മറ്റു മീനുകളും വളരെ സന്തോഷത്തിലാണ്. "എത്ര നാളായി നമ്മളിങ്ങനെ സ്വച്ഛമായി ജീവിച്ചിട്ട്? ഈ പുഴയിൽ മുഴുവൻ മലിനജലം ആയിരുന്നില്ലേ? മലിനജലത്തിൽ ഒന്ന് ശ്വസിക്കാൻപോലും നമ്മൾ എത്ര പാടുപെട്ടിരുന്നു, അല്ലേ?" നീന്തിക്കളിക്കുന്നതിനിടയിൽ മീനുകൾ തമ്മിൽ പറഞ്ഞു. "പ്ലാസ്റ്റിക്മാലിന്യങ്ങൾ വകഞ്ഞുമാറ്റി അല്ലേ നമ്മളിവിടെ നീന്തിയിരുന്നത്? എത്രയോ പ്രാവശ്യം നമ്മൾ അബദ്ധത്തിൽ പ്ലാസ്റ്റിക് വിഴുങ്ങിയിട്ടുണ്ട്."

"ഇപ്പോൾ എന്താ ഇവിടെ മാലിന്യങ്ങൾ ഇല്ലാത്തത്?" കരിമീൻ കുഞ്ഞിന് സംശയമായി.

"അതോ, അതിന് കാരണമുണ്ട്. ഇപ്പോൾ ആളുകൾ പുഴയിലേക്ക് മാലിന്യങ്ങൾ എറിയുന്നില്ല." വാള അമ്മാവൻ പറഞ്ഞു.

"അതെന്താ അങ്ങനെ?" കരിമീൻകുഞ്ഞിന് വീണ്ടും സംശയം.

"അത് അമ്മാവൻ പറഞ്ഞുതരാം. നമ്മുടെ കണ്ണുകൾകൊണ്ട് കാണാൻപോലും പറ്റാത്ത ഒരു കുഞ്ഞൻവൈറസ്. കൊറോണ എന്നാണ് ആ ഭീകരന്റെ പേര്. ലോകം മുഴുവൻ പടർന്നുപിടിച്ചിരിക്കുകയാണ്. അനേകം പേർ ഈ വൈറസ് ബാധിച്ചു മരിച്ചു. രോഗവ്യാപനം തടയാൻവേണ്ടി ലോകം മുഴുവൻ ലോക്ഡൗൺ ചെയ്തിരിക്കുകയാണ്."

"ഈ ലോക്ഡൗൺ എന്നുവച്ചാൽ എന്താ അമ്മാവാ?"

"അതോ, അത് കടകമ്പോളങ്ങളും വ്യവസായശാലകളും ഗതാഗത സംവിധാനങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും എല്ലാം കുറച്ചുനാളത്തേക്ക് അടച്ചിട്ടിരിക്കുകയാണ്. ആളുകൾ പുറത്തിറങ്ങാതെ വീടുകളിൽത്തന്നെ കഴിഞ്ഞുകൂടുന്നു.

"ഓ അത് ശരി, അപ്പോൾ... അതാണല്ലേ ഇവിടെ ഇപ്പോൾ മാലിന്യങ്ങൾ ഒന്നും കാണാത്തത്." കരിമീൻകുഞ്ഞിന് കാര്യം മനസ്സിലായി.

"ഈ ലോക്ഡൗൺ തീരുമ്പോൾ വ്യവസായശാലകൾ വീണ്ടും പുഴയിലേക്ക് മാലിന്യം ഒഴുക്കും. ആളുകൾ മാലിന്യം വലിച്ചെറിയും. ഇല്ലേ അമ്മാവാ?'' സംസാരം ശ്രദ്ധിച്ചുകൊണ്ടിരുന്ന വരാൽകുഞ്ഞിന് സംശയം.

"അങ്ങനെ ഉണ്ടാകില്ല എന്നുതന്നെ നമുക്ക് വിശ്വസിക്കാം മക്കളേ. ഈ മഹാമാരി മനുഷ്യരുടെ കണ്ണുതുറപ്പിച്ചിട്ടുണ്ട്. അവർക്ക് തിരിച്ചറിവ് ഉണ്ടായിട്ടുണ്ട്. അവർ പ്രകൃതിയിലേക്ക് മടങ്ങുകതന്നെ ചെയ്യും. പ്രകൃതിയെ സ്നേഹിക്കും." അതുകേട്ട് പുഴ ചിരിച്ചു. പുഴ ചിരിക്കുന്നത് കണ്ട് മീനുകളും ചിരിച്ചു. ഇതുകണ്ട് പുഴവക്കിൽ ഇരുന്ന തവളകളും ചിരിച്ചു. പുഴയുടെയും പുഴയോരത്തിന്റെയും ഈ ചിരി ഇനി മായാതിരിക്കട്ടെ.

**വൈഷ്ണവ് എം.എ.**
4 എ
സെന്റ് ജോർജസ് എൽ.പി.എസ്. ആരക്കുന്നം
തൃപ്പൂണിത്തുറ ഉപജില്ല, എറണാകുളം

# പുരോഗതി

അന്നും മനു എല്ലാ ദിവസത്തെയും പോലെ രാവിലെ ദിനചര്യകൾക്ക് ശേഷം വെറുതെ കിടന്നു. കൈയിലിരുന്ന പത്രത്താളുകൾ മറിച്ചുനോക്കിയപ്പോൾ പെട്ടെന്നാണ് അതവന്റെ ശ്രദ്ധയിൽപ്പെട്ടത്. ചൈനയിലെവിടെയോ ഒരു വൈറസ് പടർന്നുപിടിക്കുന്നു.

മനുഷ്യജീവനെടുക്കുന്ന ഈ വൈറസിനെ പ്രതിരോധിക്കാൻ മരുന്നുകൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. മനുവിന്റെ മനസ്സിൽ എന്തോ അസ്വസ്ഥത തോന്നി. എങ്കിലും അവൻ സമാധാനിച്ചു. ഏതോ നാട്ടിൽ എവിടെയോ ഒരു വൈറസ്. ഇതൊന്നും നമ്മെ ബാധിക്കില്ല.

അമ്മ പ്രഭാതഭക്ഷണം കഴിക്കാൻ വിളിച്ചപ്പോൾ അവൻ എഴുന്നേറ്റു ചെന്നു. എങ്കിലും മനുവിന്റെ ഉള്ളിൽ അസ്വസ്ഥത തോന്നി. നിശ്ശബ്ദനായിരുന്ന് ഭക്ഷണം കഴിക്കുന്ന മനുവിനോട് അമ്മ കാര്യം തിരക്കി. താൻ കണ്ട വാർത്തയെപ്പറ്റി അവൻ അമ്മയോട് പറഞ്ഞു.

അമ്മ പറഞ്ഞു: "മോനേ, ഈ വൈറസ് പടർന്നുപിടിച്ചാൽ ഒരുപക്ഷേ ലോകം തന്നെ ഇല്ലാതാകാം. നമ്മളോരോരുത്തരും മുൻകരുതലുകൾ എടുക്കണം. വൃത്തിയും ശുചിത്വവും പാലിക്കണം. പ്രകൃതിയെ കൂടുതലായി സ്നേഹിക്കണം.'' അമ്മ പറഞ്ഞതൊക്കെ മൂളിക്കേട്ടുകൊണ്ട് മനു പുറത്തേക്കിറങ്ങി.

പെട്ടെന്നവന് തന്റെ ചെറുപ്പകാലം ഓർമ്മവന്നു. മുത്തച്ഛനോടും മുത്തശ്ശിയോടുമൊപ്പം കഴിഞ്ഞ കാലം. അന്ന് പുഴയിൽ കുളിച്ചതും മണ്ണപ്പമുണ്ടാക്കി കളിച്ചതും മാമ്പഴം പറിക്കാൻ കൂട്ടുകാരോടൊപ്പം കറങ്ങിനടന്നതും എല്ലാം അവൻ ഓർത്തു. വെറുതെ അവൻ ചുറ്റും നോക്കി.

ശുദ്ധജലം, ശുദ്ധവായു ഒന്നും കാണാനില്ല. മലിനമായ വായുവും ക്ലോറിൻ വെള്ളവും. എത്ര മാറ്റങ്ങളാണ് ലോകത്തിനു വന്നത്. വൈറസുകൾ അതിവേഗം വ്യാപിക്കുന്ന രീതിയിലാണ് ഇന്ന് ലോകത്തിന്റെ സ്ഥിതി. അല്ല, നമ്മൾ അങ്ങനെ ആക്കി എന്ന് വേണം പറയാൻ.

പെട്ടെന്നെന്തോ മനുവിന്റെ കണ്ണുകൾ നിറഞ്ഞു. പുരോഗതി എന്ന് നാം പറഞ്ഞതെല്ലാം അധോഗതി ആയല്ലോ എന്നവൻ ഓർത്തു. എതിരെവന്ന അയൽവാസി ഒരു 'ഹായ്' മാത്രം പറഞ്ഞു കടന്നുപോയപ്പോൾ ഇതും ഒരു പുരോഗതിയാണല്ലോ എന്നോർത്തവൻ ചിരിച്ചുപോയി.

**അലൻ എം.എസ്.**
5 എ, സെന്റ് ജോവാക്കിംസ് യു.പി.എസ്, കലൂർ
എറണാകുളം ഉപജില്ല, എറണാകുളം



# ശുചിത്വം ആരോഗ്യം നൽകും

ഒരു ഗ്രാമത്തിൽ രാജുവും രാമുവും എന്ന് പേരായ രണ്ട് സുഹൃത്തുക്കൾ താമസിച്ചിരുന്നു. രാമൻ തന്റെ വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചിരുന്നു. പറമ്പിൽ മാലിന്യമൊന്നും വലിച്ചെറിയില്ലായിരുന്നു. പുല്ലുകൾ മുളയ്ക്കാൻ അനുവദിക്കില്ലായിരുന്നു. പകരം ചെടികളും മരങ്ങളും നട്ടുവളർത്തി പരിപാലിച്ചു. അവൻ ഭംഗിയുള്ള ഒരു പച്ചക്കറിത്തോട്ടം നട്ടു വളർത്തി.

എന്നാൽ നേരെ തിരിച്ചായിരുന്നു രാജു. വീടും പരിസരവും വൃത്തിയാക്കാൻ ശ്രമിച്ചിരുന്നില്ല. പ്ളാസ്റ്റിക്കും മറ്റ് ചപ്പുചവറുകളും മുറ്റത്തും പറമ്പിലും വലിച്ചെറിയുമായിരുന്നു. വീടിനുചുറ്റും പുല്ലും മറ്റും വളർന്നു കാടുപിടിച്ചിരുന്നു. അവിടെ നിറയെ കൊതുകും ഇഴജന്തുക്കളും. അതുകൊണ്ട് രാജുവിന് എന്നും അസുഖമാണ്. ഒരിക്കൽ രാജു സുഖമില്ലാതെ കിടന്നപ്പോൾ രാമു അവനെ കാണാൻ പോയി. അവനോട് പറഞ്ഞു: "നീ ശുചിത്വം ഉള്ള അന്തരീക്ഷത്തിൽ ജീവിക്കാത്തതുകൊണ്ടാണ് നിനക്ക് എന്നും അസുഖം വരുന്നത്. ആരോഗ്യമുള്ള ഒരു ശരീരത്തിന് ശുചിത്വം വളരെ പ്രധാനപ്പെട്ടതാണ്." അവനെ പറഞ്ഞു മനസ്സിലാക്കി. രാജുവിന് അവന്റെ തെറ്റ് ബോധ്യമായി. രോഗം മാറിയ ഉടനെ രാജു തന്റെ വീടും പരിസരവും വൃത്തിയാക്കി. രാമുവിനെ പോലെ രാജുവും ശുചിത്വമുള്ള ജീവിതം തുടങ്ങി. രോഗങ്ങൾ ഉണ്ടാകുന്നതും കുറഞ്ഞു തുടങ്ങി. രണ്ട് പേരും സന്തോഷത്തോടെ ജീവിച്ചു.

**ആന്റണി തോമസ്**
1 ബി
സെന്റ് ജോവാക്കിംസ് യു.പി.എസ്, കലൂർ
എറണാകുളം ഉപജില്ല, എറണാകുളം



# വെളിച്ചം

സൂര്യൻ കിഴക്കേ ചക്രവാളത്തിൽ ഉദിച്ചു. ചിന്നുവിന്റെ വീട്ടിൽ പതിയെ സൂര്യൻ എത്തിനോക്കാൻ തുടങ്ങി. പാടവരമ്പത്തെ ആ കൊച്ചുവീട്ടിൽ എന്നും കിളികൾ വരുമായിരുന്നു. തത്തിക്കളിച്ചും മണ്ണിൽ ചികഞ്ഞും മുറ്റത്തെ മാവിൻകൊമ്പിൽ ഇരുന്നും അവ പുലരിയെ വരവേൽക്കും. "ചിന്നൂ, മോളേ ചിന്നൂ, എഴുന്നേറ്റ് ഇങ്ങു വന്നേ..." മുറ്റത്ത് നിന്നും അമ്മയുടെ ശബ്ദം ചിന്നുവിന്റെ കാതുകളിൽ എത്തി. അവൾ പതിയെ എഴുന്നേറ്റു. ഇരുകണ്ണുകളും തിരുമ്മിക്കൊണ്ട് അവ പതുക്കെ തുറന്നു.

നല്ല വായുസഞ്ചാരവും പ്രകാശവുമുള്ളതാണ് അവളുടെ ആ കൊച്ചുമുറി. എങ്കിലും ആ പ്രകാശം അവൾക്ക് അനുഭവിക്കാൻ സാധിക്കുന്നില്ല. അവൾക്ക് ചുറ്റും ഒരു ഇരുട്ട്, ആ ഇരുട്ടിൽ ഒരു നേരിയ കുറവുമാത്രമാണ് അവൾക്ക് പ്രകാശം എന്നത്. ആറുവയസ്സുവരെ അവൾക്ക് കാഴ്ചയുണ്ടായിരുന്നു. പതിയെപ്പതിയെ അത് ഇല്ലാതാവാൻ തുടങ്ങി. പല ആശുപത്രികളിലും കയറിയിറങ്ങി. എങ്കിലും അവർക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. ഉള്ള കാലം മുഴുവൻ കാഴ്ചയില്ലാതെ കഴിയാനാണ് തന്റെ വിധിയെന്നോർത്ത് ചിന്നു കാലം കഴിച്ചുകൂട്ടി. അവൾ ഈ കുറവുമായി ക്രമേണ പൊരുത്തപ്പെട്ടു. ശബ്ദലോകവും സ്പർശലോകവുംകൊണ്ട് കാഴ്ചയുടെ കുറവിനെ നികത്താൻ സാധിച്ചു.

ചിന്നു പതിയെ കട്ടിലിന് കീഴിൽ എന്തോ പരതി. അത് അവളുടെ ഊന്നുവടിയായിരുന്നു. ആ വടിയുപയോഗിച്ച് അവൾ തപ്പിത്തടഞ്ഞ് വീടിന്റെ ഉമ്മറത്തേക്ക് ചെന്നു. പെട്ടെന്നാണ് അവൾ ഒന്ന് ശ്രദ്ധിച്ചത്. എന്നും ഇല്ലാത്തൊരു നിശ്ശബ്ദത, ഒരു ഏകാന്തത അവിടെ അവൾ അനുഭവിച്ചു. റോഡിൽ വണ്ടികൾ ചീറിപ്പായുന്ന ശബ്ദമോ കുട്ടികളുടെ ചിരിയോ ഒന്നും കേൾക്കുന്നില്ല. അപ്പോഴാണ് അവൾ ഓർത്തത്, ഇന്നു മുതലാണല്ലോ ലോക്ഡൗൺ എന്ന്. കോവിഡ് എന്ന വൈറസ് ലോകമെമ്പാടും കിടിലം കൊള്ളിച്ചപ്പോൾ നമ്മുടെ കൊച്ചുകേരളം അതിനെ പ്രതിരോധിക്കാൻ മുൻനിരയിൽ തന്നെയുണ്ട്. ഡോക്ടർമാരും നഴ്സുമാരും ആരോഗ്യപ്രവർത്തകരും ഗവൺമന്റെും എല്ലാം ഇതിനുവേണ്ടി അക്ഷീണം പരിശ്രമിക്കുകയാണ്.

പെട്ടെന്നാണ് കുയിലിന്റെ കൂവൽ കേട്ട് സ്വപ്നത്തിൽനിന്നും അവൾ എഴുന്നേറ്റത്. ഇത്രേം നേരം ഉറക്കത്തിൽ ഒരു നീണ്ട സ്വപ്നം കാണുകയായിരുന്നു അവൾ. എന്നും അവളെ രാവിലെ വിളിക്കുന്നത് അമ്മയാണ്. ഇനി കുറച്ചുദിവസം അവളെ വിളിക്കാൻ അമ്മ കാണില്ല. അവളുടെ അമ്മ ഒരു ഗവൺമെന്റ് ഹോസ്പിറ്റലിൽ നഴ്സാണ്. കോവിഡ്



പ്രതിരോധത്തിന് അവളുടെ അമ്മയും ഹോസ്പിറ്റലിൽ പോയിരിക്കുകയാണ്. വീട്ടിൽ വരാതെ രാവും പകലും സേവനം അനുഷ്ഠിക്കുന്ന അവളുടെ അമ്മയെപ്പോലെ അനേകർ ഉണ്ട്. അവളുടെ കൂടെ വീട്ടിൽ അച്ഛനും മുത്തശ്ശിയുമാണ് ഉള്ളത്.

അവൾ വീടിന്റെ പിറകിലേക്ക് തപ്പിത്തടഞ്ഞ് നടന്നു. അവളുടെ മുത്തശ്ശി വീട്ടിൽ ഉണ്ടായ കപ്പ വേവിക്കുകയായിരുന്നു. അച്ഛൻ കൃഷിയിടത്തിൽ കിളയ്ക്കുന്ന ശബ്ദം അവളുടെ കാതുകളിൽ പതിഞ്ഞു. കൃഷിസ്ഥലത്ത് ചിന്നുവും അച്ഛനെ സഹായിക്കുമായിരുന്നു. അതിനുശേഷം അവരെ കപ്പയും ചമ്മന്തിയും കഴിക്കാൻ മുത്തശ്ശി വിളിച്ചു. ഭക്ഷണത്തിനുശേഷം അവൾ ഒരു കഥയെഴുതാൻ തീരുമാനിച്ചു. ചിന്നുവിന് എഴുതാൻ വലിയ ഇഷ്ടമാണ്. അതിന് അവളുടെ കുടുംബം വലിയ പിന്തുണയും നൽകി. അവൾ പറയുന്നത് അവളുടെ അച്ഛനാണ് എഴുതുന്നത്. അവളുടെ കഥകളും കവിതയും കൂട്ടുകാർക്കും അധ്യാപകർക്കും വലിയ ഇഷ്ടമാണ്. "അച്ഛാ, ഈ കോവിഡ് കാലത്ത് നമ്മുടെ ആരോഗ്യപ്രവർത്തകരും പോലീസുകാരും ഗവൺമെന്റുമെല്ലാം രാവും പകലും പരിശ്രമിക്കുകയാണ്. അപ്പോൾ അവർക്കും സാധാരണജനങ്ങൾക്കും സാന്ത്വനം നൽകാൻ ഈ കഥയിലൂടെ കഴിയണം, ഈ കഥയുടെ പേര് 'ഭൂമിയിലെ സ്നേഹദീപങ്ങൾ' എന്നാണ്." കഥ എഴുതിയതിന് ശേഷം ചിന്നുവിന്റെ അച്ഛൻ അത് വായിച്ചു. ചെറിയ ചെറിയ തെറ്റുകൾ ശരിയാക്കിയിട്ടു പറഞ്ഞു: "മോളേ, നല്ല കഥ. നീ പറഞ്ഞതിൽ വച്ച് ഏറ്റവും മികച്ചതാണീ കഥ." അവൾ ചെറുതായി പുഞ്ചിരിച്ചു. എന്നിട്ട് മനസ്സിൽ പറഞ്ഞു: "എന്റെ അമ്മയെ പോലുള്ളവരുടെ കഥയാണിത്."

വെളിച്ചം കാണാൻ സാധിക്കാത്ത ചിന്നുവിന് അമ്മയാണ് വെളിച്ചം. അമ്മയാകുന്ന വെളിച്ചത്തിലൂടെ അനേകരുടെ ജീവിതത്തിൽ പ്രകാശവും പ്രത്യാശയും പകർന്നുകൊടുക്കാൻ സാധിക്കുന്നു. കേരളത്തിനുവേണ്ടിയും ലോകത്തിനുവേണ്ടിയും പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകർ തീർച്ചയായും ഭൂമിയിലെ മാലാഖമാരാണ്, അതിലെ ഒരു മാലാഖയാണ് തന്റെ അമ്മയെന്നോർത്ത് ചിന്നുവിന്റെ മനസ്സിൽ സന്തോഷവും അഭിമാനവും തിങ്ങിനിറഞ്ഞു. "അതിജീവിക്കും തീർച്ചയായും നമ്മൾ ഈ കോവിഡ് കാലത്തെ അതിജീവിക്കും." ചെറുപുഞ്ചിരിയോടും ആത്മവിശ്വാസത്തോടും അവൾ മനസ്സിൽ ഇങ്ങനെ മന്ത്രിച്ചു.

**ഫേബാ സൈറ സ്റ്റീഫൻ**
ക്ലാസ് 11 (ബയോളജി)
സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂൾ, മറ്റം
മാവേലിക്കര ഉപജില്ല, ആലപ്പുഴ

# വർഷമെത്ര കഴിഞ്ഞിട്ടും...

“അമ്മേ, മുത്തശ്ശി ഇന്നെന്തിനാ മാമന്റെ വീട്ടിൽ പോയത്?” നന്ദുമോൻ വളരെ സങ്കടത്തോടെയാണ് നയനയോട് അത് ചോദിച്ചത്. “മുത്തശ്ശി അവിടെയല്ലേ താമസിക്കുന്നത്. മോന് അവധിയായോണ്ട് കുറച്ചൂസം ഇവിടെ നിന്നിട്ട് പോയതല്ലേ”– നയന പറഞ്ഞു. “എന്നാലും മുത്തശ്ശി പോകണ്ടായിരുന്നു. മുത്തശ്ശി എനിക്കൊത്തിരി കഥ പറഞ്ഞു തരുമായിരുന്നു.” അവൻ പരിഭവം പറഞ്ഞു. “മോൻ വിഷമിക്കണ്ട, ഓണാവധിക്ക് മുത്തശ്ശി മോനെക്കാണാൻ വരൂലോ. അപ്പൊ മുത്തശ്ശി കൊറേ കഥകള് പറഞ്ഞുതരും”– നയന മകനെ ആശ്വസിപ്പിച്ചു. “ഇന്ന് അമ്മ എനിക്ക് കഥ പറഞ്ഞുതരോ?” “അമ്മയ്ക്ക് മുത്തശ്ശിയെപ്പോലെ കുറേ കഥയൊന്നും അറിയില്ല”– നയന കളിയായി പറഞ്ഞു. “പ്ലീസ് അമ്മാ, ഒരു കഥ പറഞ്ഞുതാ.” അവൻ ചിണുങ്ങി. “ശരി ശരി, അമ്മ പറഞ്ഞുതരാം. മോൻ വന്ന് കിടക്ക്.” നയന മകനെ തന്റെ അരികിൽ കിടത്തി.

“അമ്മ പറയാൻ പോകുന്നത് ഒരു കഥയല്ല മോനേ. ഇത് ശരിക്കും ഈ ലോകത്ത് നടന്നൊരു സംഭവമാണ്. ഒരു പത്തിരുപത്തഞ്ചു വർഷം മുമ്പ്...” നയന പറഞ്ഞുതുടങ്ങി. നന്ദു കൗതുകത്തോടെ അമ്മ പറയുന്നത് കേട്ടു.

“അന്ന് അമ്മയ്ക്ക് ഏകദേശം മോന്റെ പ്രായമുണ്ടായിരുന്നു. മാർച്ച് മാസമായിരുന്നു. സ്കൂളുകളിലൊക്കെ പരീക്ഷകൾ നടക്കണ സമയം. ആ സമയത്താണ് ലോകത്ത് എല്ലായിടത്തും ഒരു മാരകരോഗം പടർന്നുപിടിക്കാൻ തുടങ്ങിയത്.” “അതെന്ത് രോഗമാ അമ്മേ?” നന്ദു ആകാംക്ഷയോടെ തിരക്കി. “ആ രോഗത്തിന്റെ പേരാണ് കോവിഡ് 19.” “അതെന്തു പേരാ?” നന്ദു അമ്മയെ മിഴിച്ചുനോക്കി. “കൊറോണ എന്നൊരു വൈറസാണ് ഈ രോഗത്തിന് കാരണം. 2019 ഡിസംബറിൽ ചൈനയിലാണ് ഈ രോഗം ആദ്യമായി വന്നത്.” “ആ എന്നിട്ട്?” “ചൈനയിൽ ആ രോഗം വന്നപ്പോൾ ആരും അത് വല്യ കാര്യമായെടുത്തില്ല. പക്ഷേ, മാർച്ച് ആയപ്പോഴേക്കും ആ വൈറസ് ലോകമെമ്പാടും പടർന്നു. ഇറ്റലിയിലും അമേരിക്കയിലും നമ്മുടെ ഇന്ത്യയിലും അടക്കം എല്ലാ രാജ്യങ്ങളിലും കൊറോണ പിടിപെട്ടു.” “കേരളത്തിലും വന്നോ?” “ഉം. കേരളത്തിലും ഒരുപാടുപേർക്ക് ഈ അസുഖം വന്നു. കൊറോണയ്ക്കെതിരെ മരുന്നുകളോ വാക്സിനുകളോ ഒന്നും കണ്ടുപിടിക്കാനായില്ല. ലക്ഷക്കണക്കിന് ആളുകളാണ് ലോകത്തെമ്പാടും ഈ വൈറസിന് ഇരയായി മരണപ്പെട്ടത്.” നന്ദുവിന്റെ കണ്ണുകളിൽ ഭീതി നിറഞ്ഞു. “കൊറോണ എങ്ങനെയാ എല്ലാവർക്കും പടർന്നത്?” “കൊറോണ ബാധിച്ച ഒരാൾ തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴുമൊക്കെ പുറത്തുവരുന്ന സ്രവങ്ങളിലൂടെയാണ് മറ്റൊരാൾക്ക് അത് പകരുന്നത്. അതുകൊണ്ട് അധികം ആളുകളിലേക്ക് അത് പകരാതിരിക്കാൻ ആളുകൾ തമ്മിൽ അകലം പാലിക്കേണ്ടത് ആവശ്യമായിരുന്നു. അതുകൊണ്ട് നമ്മുടെ സർക്കാർ ഇന്ത്യയിൽ 21 ദിവസത്തെ ലോക്ഡൗൺ പ്രഖ്യാപിച്ചു.”

“ലോക്ഡൗൺ എന്നു പറഞ്ഞാൽ?” നന്ദു ചോദിച്ചു. “എന്നുവെച്ചാൽ 21 ദിവസത്തേക്ക് ആരും സ്വന്തം വീട്ടിൽനിന്ന് പുറത്തിറങ്ങാൻ പാടില്ല.” “എങ്ങും പോകാൻ പാടില്ലേ?” “ഇല്ല, എല്ലാരും വീട്ടിൽത്തന്നെ കഴിയണം. ജോലിക്കോ പൊതുപരിപാടികൾക്കോ ഒന്നും പോകാൻ പാടില്ല. സ്കൂളുകളും ഓഫീസുകളും ആരാധനാലയങ്ങളും കോടതികളും എല്ലാം അടച്ചുപൂട്ടി. പരീക്ഷകളൊക്കെ മാറ്റിവെച്ചു. എല്ലാരും വീട്ടിൽ തന്നെയിരുന്ന് ജോലികളൊക്കെ ചെയ്യാൻ തുടങ്ങി. അത്യാവശ്യസാധനങ്ങൾ വാങ്ങാൻവേണ്ടി മാത്രമേ ആളുകൾ പുറത്തിറങ്ങിയുള്ളൂ. അതും മാസ്കൊക്കെ വെച്ച്, കൈകളൊക്കെ ഇടയ്ക്കിടെ കഴുകി...” “കൈ കഴുകിയാൽ കൊറോണ വരില്ലേ?” “കൈകൾ വൃത്തിയായി സൂക്ഷിച്ചാൽ കൊറോണ മാത്രമല്ല, ഒട്ടുമിക്ക അസുഖങ്ങളും വരാനുള്ള സാധ്യത കുറയും.” “ഉം എന്നിട്ട്?” “നമ്മുടെ സർക്കാരും ഡോക്ടർമാരും നേഴ്സുമാരും ആരോഗ്യപ്രവർത്തകരും പോലീസുകാരുമെല്ലാം നമുക്കെല്ലാവർക്കും വേണ്ടി രാപകലില്ലാതെ കഷ്ടപ്പെട്ടു. ആരോഗ്യപ്രവർത്തകർ സ്വന്തം കാര്യം മാത്രം നോക്കാതെ മറ്റെല്ലാവരുടെയും ആരോഗ്യത്തിനുവേണ്ടി പ്രയത്നിച്ചു. ശരീരം മുഴുവൻ മൂടിക്കെട്ടിയാണ് അവർ രോഗികളെ ശുശ്രൂഷിച്ചിരുന്നത്. പൊലീസുകാർ എല്ലാവരുടെയും സുരക്ഷയ്ക്കുവേണ്ടി വളരെ കഷ്ടപ്പെട്ടു. വീട്ടിലിരിപ്പുകാരണം വരുമാനം നഷ്ടപ്പെട്ട് പട്ടിണിയിലായവർ ഏറെയായിരുന്നു. പക്ഷിമൃഗാദികളും ഭക്ഷണം കിട്ടാതെ വലഞ്ഞു. അവർക്കെല്ലാം വേണ്ടി സന്മനസ്സുള്ള ഒത്തിരിപ്പേർ രംഗത്തുവന്നു.

“അമ്മയ്ക്കൊക്കെ അങ്ങനെ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ?” “പട്ടിണിയൊന്നും അനുഭവിക്കേണ്ടിവന്നിട്ടില്ല മോനേ. പക്ഷേ, അമ്മയുടെ കുടുംബം ഏറെ സങ്കടങ്ങൾ അനുഭവിച്ച കാലമായിരുന്നു അത്.” “എന്തു സങ്കടം?” “കൊറോണക്കാലത്ത് ജനങ്ങളുടെ സുരക്ഷയ്ക്കായി പരിശ്രമിച്ച പൊലീസുകാരിൽ ഒരാളാണ് മോന്റെ മുത്തശ്ശൻ...” “ശരിക്കും?” നന്ദുവിന്റെ കണ്ണുകളിൽ അതിശയം നിറയുന്നത് നയന കണ്ടു.

“ഉം, ആളുകൾ അനാവശ്യമായി പുറത്തിറങ്ങാതെ നോക്കേണ്ടതും അവരെ ബോധവൽക്കരിക്കേണ്ടതും പോലീസുകാരുടെ ഡ്യൂട്ടി ആയിരുന്നു. പലപ്പോഴും മുത്തശ്ശന് വീട്ടിൽ വരാൻപോലും കഴിഞ്ഞിരുന്നില്ല. ആ സമയത്തു സമൂഹത്തിന്റെ അവസ്ഥ എത്ര ഭയാനകമാണെന്നു ഞാൻ മനസ്സിലാക്കിയത് എന്റെ അച്ഛന്റെ കഷ്ടപ്പാടിലൂടെയാണ്. രാപകലില്ലാതെ വെയിലും മഴയും കൊണ്ട് കൊറോണ വൈറസ് വ്യാപനം തടയാൻ അച്ഛനടക്കം കേരളത്തിലെ എല്ലാ പോലീസുകാരും പരിശ്രമിച്ചു. കൃത്യമായി ഭക്ഷണം കഴിക്കാൻപോലും പോലീസുകാർക്ക് സാധിച്ചിരുന്നില്ല.”

“പാവം മുത്തശ്ശൻ... അമ്മ മുത്തശ്ശനെ കാണാതെ വിഷമിച്ചിരുന്നോ?”

“ഉം, എന്നും അച്ഛന്റെ കൂടെയാ ഞാൻ കിടന്നിരുന്നത്. അച്ഛനായിരുന്നു എനിക്ക് ചോറ് തന്നിരുന്നത്. ആ ദിവസങ്ങളിൽ അച്ഛനെ കാണാതെ ഞാൻ കരഞ്ഞിരുന്നു. അമ്മ എന്നെ ആശ്വസിപ്പിക്കുമായിരുന്നു. അമ്മയും അച്ഛന്റെ കാര്യമോർത്ത്

വേവലാതിപ്പെട്ടിരുന്നു. വീട്ടിലെല്ലാവരും അച്ഛനെയോർത്ത് വിഷമിച്ചിരുന്നു." നയനയുടെ കണ്ണുകൾ നിറഞ്ഞു.

"പിന്നെങ്ങനെയാ അമ്മേ നമ്മൾ കൊറോണയിൽനിന്ന് രക്ഷപ്പെട്ടത്?"

"ലോകം മുഴുവനും കൊറോണ നാശം വിതച്ചു. ഇന്ത്യയിലും അനേകം ആളുകൾക്ക് ഈ രോഗം പിടിപെട്ടെങ്കിലും സർക്കാറിന്റെ സമയോചിതമായ ഇടപെടൽ നമുക്ക് തുണയായി. പ്രഖ്യാപിച്ച ലോക്ഡൗൺ വീണ്ടും നീട്ടിവെച്ചു. കേരളത്തിൽ ശുചിത്വം പാലിക്കണമെന്നും വഴിയരികിൽ തുപ്പരുതെന്നുമൊക്കെ നിയമം വന്നു. അതെല്ലാം പിന്നീട് നമ്മുടെ ശീലങ്ങളായി മാറി. പച്ചക്കറികൾക്കുവേണ്ടി മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്ന നമ്മൾ അക്കാലത്ത് ക്ഷാമം വരാതിരിക്കാൻ സ്വയം കൃഷിചെയ്യാൻ തുടങ്ങി. അങ്ങനെ ചിലരെങ്കിലും സ്വയംപര്യാപ്തരാവാൻ തുടങ്ങി. സർക്കാരിന്റെയും ജനങ്ങളുടെയും കൂട്ടായ പരിശ്രമത്തിലൂടെ കോറോണവ്യാപനം ഒരു പരിധിവരെ ഇല്ലാതായി."

"കേരളത്തിൽ ആരെങ്കിലും മരിച്ചോ അമ്മേ?"

"കുറച്ചുപേർ മരണപ്പെട്ടു. പക്ഷേ, അനേകരുടെ ജീവൻ രക്ഷിക്കാൻ നമുക്ക് കഴിഞ്ഞു. കേരളത്തിലെ ചികിത്സ മറ്റേത് രാജ്യത്തേതിലും മികച്ചതായിരുന്നു. വിദേശികളെയും വൃദ്ധരെയും അടക്കം അനേകം പേരെ നമ്മുടെ നാട് രോഗവിമുക്തരാക്കി. ലോകത്തിന് മുന്നിൽ നമ്മുടെ കേരളം ഒരു മാതൃകയായി മാറി." നയന നന്ദുവിനെ നോക്കി പുഞ്ചിരിച്ചു. അവന്റെ മുഖത്തും സന്തോഷം തെളിഞ്ഞു.

"അങ്ങനെ ഒരുപാടുപേരുടെ പരിശ്രമത്തിന്റെ ഫലമായി നമ്മൾ കൊറോണ എന്ന മഹാവിപത്തിനെ അതിജീവിച്ചു. നമുക്കുവേണ്ടി കഷ്ടപ്പെട്ട സർക്കാരിനോടും ആരോഗ്യപ്രവർത്തകരോടും പൊലീസുകാരോടുമൊക്കെ നമ്മൾ എന്നും കടപ്പെട്ടവരാണ്. അവരില്ലെങ്കിൽ നമുക്ക് ഇന്നും ആ ദുരന്തത്തിന്റെ ആഘാതത്തിൽ നിന്ന് രക്ഷപ്പെടാനാവില്ലായിരുന്നു."

"ശരിയാ, അവരൊക്കെ ശരിക്കും സൂപ്പർഹീറോസാണ്." നന്ദു ആവേശത്തോടെ പറഞ്ഞു. നയന പുഞ്ചിരിച്ചു.

"ഇനി മോൻ ഉറങ്ങിക്കോ."

"അമ്മേ, ഞാൻ ഒരു കാര്യം പറയട്ടെ..."

"ഉം, പറ."

"വലുതാകുമ്പോൾ ഞാനും എന്റെ അച്ഛനെയും മുത്തശ്ശനെയും പോലെ ഒരു പൊലീസുകാരനാകും. എല്ലാവർക്കും വേണ്ടി കഷ്ടപ്പെടുന്ന ഒരു പോലീസുകാരൻ." നയനയുടെ കണ്ണുകൾ സന്തോഷത്താൽ തിളങ്ങി. അവൾ വാത്സല്യപൂർവം നന്ദുവിന്റെ നെറുകയിൽ ചുംബിച്ചു.

**ദിയമോൾ എം.ആർ.**
10 ഡി, സെന്റ് തെരേസാസ് സി.ജി.എച്ച്.എസ്.എസ്, എറണാകുളം
എറണാകുളം ഉപജില്ല, എറണാകുളം



# VIRUS THAT CHANGED MY DAY!

The clock struck 5:30 in the morning, my mother and granny got up from their beds and went to the kitchen and started their daily chores.

Granny gave a cup tea to my grandpa who was reading news paper in the veranda. Granny with a cup of tea went to the drawing room and switched on the television. She is watching the breaking news of corona virus that shook the whole world today. I'm lying on sofa running my fingers through the tik tok videos on mobile. Seeing me on mobile, Granny started shouting at me saying; don't waste the best time of the day on this stupid mobile.

Granny never liked to see me spending hours together playing games on mobile. She used to always complaint about this to my mother. But being a mother's pet, she used to just laugh it off.

Today, morning when my granny went to the back yard of our home, she saw my mother digging the ground. Granny was surprised and taken back after seeing my mother making ground for growing vegetables.

My mom decided to cultivate vegetables in the backyard of our house. She has never done such a thing earlier; but it was a pleasant surprise for all of us. When I looked at my granny, she was standing like a statue after seeing my mother working in the garden.

When my granny opened her usual complaint box, my mom got very angry on me and shouted at me. She asked me to keep the mobile and asked me to help her in the garden. I was also surprised by her words because; it is very rare she gets angry. Granny asked my mom; 'What are you doing? , that I have never seen before'. She said 'Mother.... the news that we are hearing from the world are shocking. Almost every country in the world is under Corona attack! Every alternate person in the world is affected by this deadly virus. This might also lead to food shortage in the world in coming months.

So as a precaution I have started to cultivate vegetables in the space available‛. By hearing this granny and I looked at each other in astonishment because, we felt my mother is very concern about the situation prevailing in the whole world. Granny said ‛My child, what you are doing is excellent, I have told you even before to grow vegetables required for our home requirements but you never gave ears to my words.

But this pandemic made you to realize the importance of self reliance and decided to grow vegetables. In olden days, our ancestors used to spend their whole life in the agriculture fields, so they were physically and mentally stronger than us. That is why they were healthier than us and also they had high immunity power compare to us. In that earlier years not only the elderly people, but also the small children used to engage in farming. Now the lifestyle of the people has changed drastically in every corner of the world. Everyone is on the mobile phone spending hours on unworthy things. They have no time for physical activities. Even, the parents are not spending enough time with their children and encouraging them to lead a healthy life. This will put the world in a very dangerous situation like the one which we are in now.

‛Yes granny, you are right, from now on-wards I will help you and my mom in the kitchen rather than wasting valuable time on mobile.

Oh my boy! At last you realized. Let us pray to God to save our mother earth and its children from this ongoing pandemic.

**അഥീന എസ്. തരകൻ**
10 എ
സെന്റ് പോൾസ് ഹൈസ്കൂൾ, മുത്തോലപുരം
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം

# അലീനയുടെ പിറന്നാൾ

ഒരായിരം പൂക്കളുടെ നടുവിൽ നിന്ന് ചിരിക്കുന്ന തന്നെ സ്വപ്നം കണ്ടുകൊണ്ടാണ് അലീന എഴുന്നേറ്റത്. അവൾ ഓർത്തു, ഇന്ന് എന്റെ ഏഴാം പിറന്നാളാണ്. കേക്ക് മുറിക്കണം. അധ്യാപകർക്കും കൂട്ടുകാർക്കും മധുരപലഹാരങ്ങൾ വിതരണം ചെയ്യണം.

പെട്ടെന്ന് അവൾ ഓർത്തു, ഇന്ന് സ്കൂൾ ഇല്ല. കോവിഡ് 19 എന്ന മഹാമാരികാരണം സ്കൂൾ അടച്ചിരിക്കുകയാണ്. കൂട്ടുകാരെ കാണാൻ പറ്റുകയില്ല. ഇന്ന് തന്റെ അമ്മയും കേക്ക് മുറിക്കാൻ ഇല്ലല്ലോ എന്നോർത്തപ്പോൾ അതിലേറെ വിഷമം തോന്നി. കാരണം, അവളുടെ അമ്മ സിറ്റി ഹോസ്പിറ്റലിലെ നേഴ്സായി ജോലിനോക്കുകയാണ്. കോവിഡ്രോഗികളെ പരിചരിക്കുന്നതിനാൽ അമ്മ വീട്ടിൽ വരുന്നത് വളരെ താമസിച്ചാണ്. താൻ ഉണരും മുമ്പേ അമ്മ പോവുകയും ചെയ്യും. പിന്നെ എന്നെ കാണുന്നില്ല, മിണ്ടുകയുമില്ല. ഫോണിലൂടെ മാത്രമേ സംസാരിക്കുകയുള്ളൂ.

അവൾ കുളിച്ച് അച്ഛൻ വാങ്ങിത്തന്ന പുത്തൻ ഉടുപ്പിട്ട് നിൽക്കുമ്പോൾ പെട്ടെന്ന് അച്ഛൻ വിളിച്ചു: "മോളേ, കേക്ക് മുറിക്കാം." മനസ്സില്ലാമനസ്സോടെ അവൾ ചെന്നു. പെട്ടെന്ന് അവൾ കണ്ടു. വരാന്തയിൽ ഗ്ലാസിട്ട മുറിയിൽ അമ്മ തന്നെ നോക്കിച്ചിരിക്കുന്നു. അവൾക്ക് ഒത്തിരിയേറെ സന്തോഷം തോന്നി. സന്തോഷത്തോടെ അവൾ കേക്ക് മുറിച്ച് അച്ഛന് കൊടുത്തു. അമ്മയ്ക്ക് കൊടുക്കാനായി കേക്കുമായി ഓടിച്ചെന്നു. എന്നാൽ അമ്മ പറഞ്ഞു: "വേണ്ടാ, അടുത്തു വരരുത്. നമ്മൾ നമ്മുടെ നാടിനും വീടിനും വേണ്ടി സാമൂഹിക അകലം പാലിക്കേണ്ട സമയമാണിത്. നമ്മൾ കാരണം നാടിന് ഒരാപത്തും ഉണ്ടാകരുത്."

പെട്ടെന്ന് വണ്ടിയുടെ ശബ്ദം കേട്ടു. അമ്മയെ കൊണ്ടുപോകാൻ വന്ന വണ്ടിയാണ്. അമ്മ റ്റാറ്റ തന്നു പോയി. അകന്നകന്നു പോകുന്ന അമ്മയെ നോക്കി അവൾ തിരിച്ചു നടന്നു.

**നേഹ സാന്റോ**
5 എ
സെന്റ് പോൾസ് ഹൈസ്കൂൾ, മുത്തോലപുരം
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം



# ഇനിയുമെന്തിനീ ദുരന്തം

കൊറോണയെന്ന വൈറസ് മനുഷ്യന്റെ ജീവനെ കാർന്നുതിന്നുകൊണ്ടിരിക്കുന്നു. മനുഷ്യനെ മുൾമുനയിൽ നിർത്തിയ കൊറോണവൈറസിന്റെ കഥ...

ചൈനയിലെ വുഹാനിലാണ് എന്നെ കാണാനിടയായത്. എനിക്ക് തനിയെ ജീവിക്കാൻ സാധ്യമല്ല. അതിനാൽ ഞാൻ മൃഗങ്ങളുടെ ഉള്ളിൽ കയറിക്കൂടാൻ തീരുമാനിച്ചു. അങ്ങനെ ഞാൻ ഒരു വവ്വാലിനെ തെരഞ്ഞെടുത്തു. എല്ലാ മൃഗങ്ങളെയും തിന്നുമായിരുന്നു ചൈനക്കാർ. വവ്വാലുകളെയെല്ലാം വെടിവച്ചു വീഴ്ത്തി, ഇറച്ചിക്കുവേണ്ടി. അങ്ങനെ എല്ലാ വവ്വാലുകളും ചത്തുവീണു. തിന്നാൻ നല്ല രസമുള്ള ഇറച്ചി, ഹാ! ഹാ! എന്തുരസം എന്നുപറഞ്ഞുകൊണ്ട് വവ്വാലുകളെ പെറുക്കി കൂടകളിലാക്കി.

ചത്ത ഒരു വവ്വാലിൽ ഞാൻ ഉണ്ടായിരുന്നു. വവ്വാലിറച്ചി വിൽക്കാനായി വുഹാനിലെ വലിയ മാർക്കറ്റിലേക്ക് കൊണ്ടുവന്നു. ഞാൻ പേടിച്ചുവിറച്ചു. എന്റെ കഥ കഴിഞ്ഞതുതന്നെ. അത്ഭുതം, വവ്വാലുകളെയെല്ലാം വൃത്തിയാക്കി വിൽക്കാൻ തുടങ്ങി. അവസാനം ഞാൻ ഇരിക്കുന്ന വവ്വാലിനെയും കശാപ്പുകാരൻ വൃത്തിയാക്കാൻ തുടങ്ങി. വൃത്തിയാക്കുന്നതിനിടയിൽ ഞാൻ അയാളുടെ ശരീരത്തിൽ കയറിയിരുന്നു. കാണാൻപോലും കഴിയാത്ത ഞാൻ പതിനാലുദിവസം കഴിഞ്ഞപ്പോൾ ആ ശരീരത്തിൽ കളിതുടങ്ങി.

ശക്തമായ പനി, തലവേദന, ക്ഷീണം എന്നീ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങി. അപ്പോഴേക്കും ഞാൻ പെരുകിയിരുന്നു. അയാളുടെ ഭാര്യയുടെ ദേഹത്ത്, കുട്ടികളുടെ ദേഹത്ത്, അയൽക്കാരിൽ... അതിനിടെ കശാപ്പുകാരന്റെ രോഗം കൂടി അയാൾ മരിച്ചു. അങ്ങനെ ഞാൻ സന്തോഷത്തിൽ കഴിയുകയായിരുന്നു. ഒരാളിൽനിന്നു മറ്റൊരാളിലേക്ക്, രാജ്യങ്ങളിൽനിന്ന് രാജ്യങ്ങളിലേക്ക്. അങ്ങനെ ഇന്ത്യയിലേക്കും ഞാൻ വന്നു. എല്ലാ സംസ്ഥാനങ്ങളെയും ഞാൻ കാർന്നുതിന്നു. ശാന്തസുന്ദരമായ കേരളത്തിലേക്കും ഞാൻ പറന്നുവന്നു. പക്ഷേ, കേരളത്തിൽ എനിക്ക് പിടിച്ചുനിൽക്കാനാകുന്നില്ല. ഞാൻ ആരാണെന്ന് മനസ്സിലാക്കി എന്നോടു പൊരുതാൻ തുടങ്ങി. ഇനിയൊരു മടങ്ങിപ്പോക്കിനായി ഞാൻ കാത്തിരിക്കുന്നു!

അതിനാൽ, ഏതു പ്രതിസന്ധികളിലും തളരാതെ മുന്നേറാം.

**അനക്സ് വി. തോമസ്**
5 എ
സെന്റ് പോൾസ് ഹൈസ്കൂൾ, മുത്തോലപുരം
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം

## USE AND REUSE

Salma started at the paper. The computer had printed the picture in black and white, when she wanted it to be in colour. Without a second thought, she was about to throw the paper in the dustbin when she suddenly heard a strange voice. That isn't very responsible,you know a tree died to give you that piece of paper and you want to simply throw it away.

Why don't you reuse it as scrap paper or make a paper aeroplane and play with it? enquired Gulmohar tree which was leaning against the window,Salma was so shocked that she thought she was going to faint. As she turned around she had another voice talking to her.Think about what the tree said, Did it make sense? asked empty plastic bottle on the table.

Near that you have finished the cold drink will you throw me in the dustbin too? Or have you ever thought of recycling me by using me in art and craft projects? Or atleast letting me be used by someone else by throwing me in a special recycling bin.

"What is strange day it is" Salma thought to herself blinking twice. But I got the message use and reuse she said she started picking up papers, plastic bottles and Pepsi cans and placed them on her desk. From that day on Salma and her friends were determined to recycle everything that should be reused.

അബിയ സാബു
5 ഇ
സെന്റ് മേരീസ് എച്ച്.എസ്.എസ്, കിഴക്കേക്കര
കൊട്ടാരക്കര ഉപജില്ല, കൊല്ലം

# അപ്പുക്കുട്ടന്റെ ചെടിക്കുപ്പി

അപ്പൂപ്പൻ കുപ്പിയിൽ വളർത്തുന്ന ഒരു ചെടി കൊടുത്തു. അപ്പു അത് വീട്ടിലെ ജനാലയ്ക്കരികിൽ കൊണ്ടുവച്ചു. ചെടി വെയിലേറ്റു വാടണ്ട... എന്നു പറഞ്ഞ് അവൻ ജനാല അടച്ചുവച്ചു. പക്ഷേ... ദിവസവും വെള്ളം ഒഴിച്ചിട്ടും ചെടിക്ക് വല്ലാത്തൊരു ക്ഷീണം. അപ്പുവിന് സങ്കടമായി. അതുകണ്ട് അമ്മ വന്ന് ജനാല തുറന്നിട്ടു. അപ്പുവിന് അതൊട്ടും ഇഷ്ടമായില്ല. എങ്കിലും അവൻ വഴക്ക് ഒന്നും ഉണ്ടാക്കിയില്ല. പിറ്റേന്ന് അതാ ചെടിയുടെ ഒരു ചില്ല ജനാലയിലൂടെ പുറത്തേക്ക് ചരിഞ്ഞു നിൽക്കുന്നു. ഇതെന്താ? ദേഷ്യവും സങ്കടവും വന്നു. അപ്പോഴാണ് അമ്മ അത് പറഞ്ഞത്: “അപ്പുക്കുട്ടാ... ചെടിക്ക് വളരണമെങ്കിൽ വെള്ളം മാത്രം പോരാ... സൂര്യപ്രകാശവും വേണം, അത് നന്നായി കിട്ടാനാ അമ്മ ജനാല തുറന്നിട്ടത്. അതിനുവേണ്ടിതന്നെയാ ചെടി പുറത്തേക്ക് എത്തിനോക്കുന്നതും.” അതുകേട്ട് കാര്യം മനസ്സിലായ അപ്പുക്കുട്ടൻ ആവശ്യത്തിന് സൂര്യപ്രകാശം കിട്ടുന്ന സ്ഥലത്തേക്ക് ചെടിക്കുപ്പി മാറ്റിവച്ചു

**റോണാ ബിനോ**
4 ബി, സെന്റ് മേരീസ് എൽ.പി.എസ്. ളാലം പാലാ
പാലാ ഉപജില്ല, കോട്ടയം

# ആമിക്കുട്ടിയുടെ ദുശ്ശീലം മാറി

ആമിക്കുട്ടി എപ്പോഴും ടി.വി. കണ്ടിരുന്നു മാത്രമേ ഭക്ഷണം കഴിക്കൂ. ഈ ശീലം അച്ഛനും അമ്മയും എത്ര ശ്രമിച്ചിട്ടും മാറുന്നില്ല.

ഒരുദിവസം അമ്മ ആമിക്കുട്ടിക്കു പായസം കൊടുത്തു. പതിവുപോലെ അവൾ ടി.വിയിൽ നോക്കിയിരുന്നു പായസം കുടിക്കാൻ തുടങ്ങി. അതിനിടെ കറന്റ് പോയി, ടി.വി. ഓഫ് ആയതോടെ ആമി പായസപ്പാത്രത്തിലേക്ക് നോക്കി. സ്പൂണിലെ പായസത്തിൽ കിടന്ന ഈച്ചക്കുട്ടനെ അവൾ കണ്ടു. ആ വഴി പറന്നു പോയപ്പോൾ വീണുപോയതാവും. ടി.വി. നോക്കിയിരുന്നു പായസം കുടിച്ചിരുന്നെങ്കിൽ ഈച്ചയെ വിഴുങ്ങുമായിരുന്നു. അന്നുമുതൽ ആമിക്കുട്ടി ആഹാരം കഴിക്കുമ്പോഴും പഠിക്കുമ്പോഴും ടി.വി. കാണുകയില്ല എന്ന് തീരുമാനിച്ചു. പിന്നെ ഒരിക്കലും അവൾ അങ്ങനെ ചെയ്തില്ല.

കൂട്ടുകാരേ. നിങ്ങൾക്കും അങ്ങനെ പറ്റിയിട്ടുണ്ടോ?

ആഹാരം ടി.വി. കണ്ടുകൊണ്ട് കഴിക്കരുത്...

ആഹാരം ശ്രദ്ധയോടെ ചവച്ചരച്ചുവേണം കഴിക്കാൻ. പിന്നെ, കൈ വൃത്തിയുള്ളതാവണം. ഇതാണ് ആമിക്കുട്ടിക്ക് നമ്മോടു പറയാനുള്ളത്.

**അമൃത കെ.ആർ.**
3 സി, സെന്റ് മേരീസ് എൽ.പി.എസ്, ളാലം പാലാ
പാലാ ഉപജില്ല, കോട്ടയം



# ദേശാടനക്കിളി

ഞാൻ ഒരു ദേശാടനക്കിളിയാണ്. എല്ലാവരും എന്നെ അമ്മുക്കിളി എന്നു വിളിക്കും. അതാ അവിടെ ഒരു പച്ചപ്പ് കാണുന്നു. ദൂരെയായിക്കണ്ട പച്ചപ്പ് ലക്ഷ്യമാക്കി ഞാൻ പറന്നു, പറക്കുംതോറും പച്ചപ്പ് അകന്നകന്നു പോകുന്നതുപോലെ തോന്നി. എന്നിട്ടും നിരാശയാകാതെ പറന്നു. താഴെ വരണ്ട പാടങ്ങളും തരിശുഭൂമികളുമാണ് കാണുന്നത്. അൽപ്പനേരം വിശ്രമിക്കണമെന്നു തോന്നി. ഒരു മരച്ചില്ലപോലും കാണാനില്ല. അൽപ്പംകൂടി പറന്നപ്പോൾ ഒരു തണുത്ത കാറ്റു വീശി. പച്ചപ്പ് അധികം അകലെയല്ല എന്ന് ഇളംകാറ്റ് എന്നോടു കിന്നാരം പറഞ്ഞു. എനിക്ക് ഉത്സാഹമായി, അതാ കൺകുളിർപ്പിക്കുന്ന കാഴ്ചകൾ. നദികളിൽ ആനക്കൂട്ടങ്ങൾ നീരാടുന്നു, പുള്ളിമാനുകൾ വെള്ളം കുടിക്കുന്നു, കിളികൾ മതിമറന്നാനന്ദിക്കുന്നു. മനുഷ്യവാസമില്ലാത്ത സ്ഥലംപോലെ തോന്നി. പക്ഷിമൃഗാദികൾ ഭയമില്ലാതെ കളിച്ചുരസിക്കുന്നു. താഴെ ധാരാളം വീടുകൾ കാണുന്നുണ്ടെങ്കിലും ഒരു മനുഷ്യക്കുഞ്ഞിനെപ്പോലും കാണുന്നില്ലല്ലോ...

ഇവിടെ എന്താണ് സംഭവിച്ചത്? ആ കാണുന്ന മഞ്ഞക്കിളിയോട് ചോദിച്ചു നോക്കാം. "ഹായ് മഞ്ഞക്കിളിയേ... എന്താണ് ഇവിടെ മനുഷ്യവാസമില്ലാത്ത സ്ഥലമാണോ?" കിളി ചിരിച്ചുകൊണ്ടു പറഞ്ഞു: "ഹേയ് അല്ല... എല്ലാവരും വീടിനുള്ളിൽ ഇരിക്കുകയാണ്." ഞാൻ ചോദിച്ചു: "എല്ലാവരും എന്തിനാണ് വീടിനുള്ളിൽ ഇരിക്കുന്നത്?" മഞ്ഞക്കിളി പറഞ്ഞു: "കൊറോണ എന്ന രോഗം ലോകമാകെ പടർന്നുപിടിച്ചിരിക്കുകയാണ്." "കൊറോണയോ? അത് എന്താണ്?" ഞാൻ ചോദിച്ചു. "അത് ഒരു വൈറസ്രോഗമാണ്. ഈ കൊറോണയ്ക്ക് വൃത്തിയില്ലാതെ നടക്കുന്നവരെ ഒത്തിരി ഇഷ്ടമാണ്. വൃത്തിഹീനമായി നടക്കുന്നവരെയേ ഈ രോഗം ബാധിക്കുകയുള്ളൂ. ശുചിത്വത്തോടെ ഇരിക്കുന്നവരെ ഭയമാണ്."

ഇതു കേട്ടതും പൊട്ടിച്ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു: "എന്താണ് അല്ലേ ഇന്നത്തെ അവസ്ഥ! പക്ഷികളും മൃഗങ്ങളും പുറത്ത് കറങ്ങിനടക്കുമ്പോൾ, മനുഷ്യർ വീടിനുള്ളിൽ കഴിയുന്നു. ഹ... ഹ... ഹ..." മഞ്ഞക്കിളി പറഞ്ഞു: "നീ ചിരിക്കണ്ട. ഇന്ന് മനുഷ്യരെല്ലാം ഒറ്റക്കെട്ടായി ഈ രോഗത്തിനെതിരെ പോരാടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ അവർ കൊറോണയെന്ന മഹാമാരിയെ ജയിക്കുകതന്നെ ചെയ്യും. സന്തോഷത്തിന്റെ ഒരു നല്ല നാളെ ഉണ്ടാകുകതന്നെ ചെയ്യും." ഇത്രയും പറഞ്ഞ് ആ കിളി തന്റെ കൂട്ടിലേക്ക് പറന്ന് പോയി.

**അഭിജിത്ത് പി.എസ്.**
4 ബി, സെന്റ് മേരീസ് എൽ.പി.എസ്, ളാലം പാലാ
പാലാ ഉപജില്ല, കോട്ടയം



# അനാഥന്റെ ആത്മഗതം

ഞാൻ അനാഥൻ. ഇടുങ്ങിയ കൺപോളകളും വിളറിയ നിറത്തോടുംകൂടിയ വുഹാനിലെ ആൾക്കാർ, അവരുടെ ചടുലതകൾക്കിടയിൽ എന്നെ ശ്രദ്ധിച്ചതേയില്ല. ആരും ശ്രദ്ധിക്കപ്പെടാതെ പോകുന്നവന്റെ വേദനയെന്തെന്ന് ഇവരെ അറിയിക്കണം; ഈ ലോകത്തെയും. ഞാൻ ദൃഢനിശ്ചയമെടുത്തു. ഭീഷ്മപ്രതിജ്ഞപോലെ.....

മനസ്സിന്റെ വീർപ്പുമുട്ടലിൽ ഉരുത്തിരിഞ്ഞ വൈരാഗ്യം പകയായി. കുടത്തിലടയ്ക്കപ്പെട്ട ഭൂതത്തെപ്പോലെ വിങ്ങിയ മനസ്സിനുടമയായിരുന്ന ഞാൻ എന്റെ ഭാഗ്യവശാൽ സ്വതന്ത്രനായി. അത്രയും നാളായുള്ള ഒറ്റപ്പെടലിന്റെയും ബന്ധനത്തിന്റെയും വേദന മുഴുവൻ ഈ ലോകജനതയെ ഞാൻ അറിയിക്കും.

എന്റെ ദൃഢത ഫലം കാണാൻ തുടങ്ങി. ഒരാളുടെ ജീവൻ ഞാൻ പറിച്ചെടുത്തു. എന്റെ സിരകളിൽ കൊലപാതകം ഹരമായി. നിമിഷങ്ങൾ മണിക്കൂറുകളായി, മണിക്കൂറുകൾ ദിവസങ്ങളായി, ദിവസങ്ങൾ ആഴ്ചകൾക്കും മാസങ്ങൾക്കുമായി വഴിമാറി. ആത്മധൈര്യം വർധിച്ച ഞാൻ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് മനുഷ്യരുടെ പ്രാണഹാരിയായി. അതിലും ഉപരി ദശലക്ഷക്കണക്കിനുപേരെ എന്റെ കരവലയത്തിലൊതുക്കി വ്യാധിക്ക് അടിമയാക്കി. ഭൂരിപക്ഷംപേരും എന്റെ മനോവാഞ്ഛയ്ക്കനുസരിച്ച് മൃത്യു വരിച്ചു. എന്നാൽ കുറച്ചുപേർ എന്റെ ബലിഷ്ഠകരവലയങ്ങളിൽനിന്നു കുതറിമാറി രക്ഷപ്പെട്ടു. എന്റെ ഉള്ളം മരണരഥത്തിൽ കാലപാശവുമായി പായുന്ന യമധർമ്മദേവന്റെ മനസ്സിനെയും വെല്ലുന്നതായിമാറി. മരണം കണ്ട് മത്തുപിടിച്ച അവസ്ഥ. ചിത്രഗുപ്തന്റെ കണക്കുപുസ്തകത്തിലുള്ളവരെ ആയുസ്സുതീർന്നാൽ മാത്രം അഞ്ചിലും പിഞ്ചിലും വാർധക്യത്തിലും യമൻ പാശമെറിഞ്ഞ് ധർമ്മപുരിക്ക് കൊണ്ടുപോകുമെന്ന് ആർഷവാക്യം. ഞാൻ... ഞാൻ പ്രായത്തെ കണക്കിലെടുക്കുന്നില്ല.

ഒരു മുറിക്കകത്ത് ഒരു ചെറുപേടകത്തിലെന്നപ്പോലെ ബന്ധനത്തിലായിരുന്ന ഞാൻ ഇപ്പോൾ ലോകവ്യാപിയായി, എല്ലാപേരും കരുതലോടെ മാത്രം നോക്കിക്കാണുന്ന ഒരുവനായി മാറി. എന്നെ ഇപ്പോൾ ഏവരും ഭയത്തോടെ ഓർക്കുന്നു. ഞാനെന്റെ അനാഥത്വം മറക്കാൻ ശ്രമിക്കുന്നു. മാനവസമൂഹം വെറും തൃണതുല്യം എന്നു ഞാൻ അവരെ ഓർമിപ്പിച്ചു.

സർവംസഹയായ ഭൂമീമാതാവ് തന്റെ മക്കളായ മാനവരാശിയുടെ തെറ്റുകുറ്റങ്ങൾ പൊറുത്ത് വശംകെട്ടിരിക്കുന്നു. എന്നെപ്പോലെ ആ അമ്മയും പ്രതികരിക്കാൻ തുടങ്ങിയിരിക്കുന്നു; പേമാരിയായി, കൊടുങ്കാറ്റായി, ഇടിമിന്നലായി, ഭൂചലനമായി... അങ്ങനെയങ്ങനെ. 'ലോകം കൈക്കുള്ളിൽ' എന്ന് മതിക്കുന്ന മനുഷ്യൻ, എന്നിൽനിന്നും എവിടേക്ക് ഓടിയകലും എന്ന് ആലോചിക്കുമ്പോൾ എനിക്ക് ഒന്ന് ചിരിക്കാതിരിക്കാൻ കഴിയുന്നില്ല. എന്നോട് ചേർന്ന് അല്ലെങ്കിലും ഭൂമിയും സ്വന്തം മക്കളെ ശിക്ഷിക്കുന്നുണ്ടല്ലോ!

അനാഥനെന്ന് അവഹേളിച്ച് നികൃഷ്ടമാക്കി കുപ്പിയിലടച്ച് ചലനമില്ലാതിരുന്ന ഞാൻ ഇപ്പോൾ ലോകം ഭരിക്കുന്നു, സാത്താന്റെ ഭരണം. സസൂക്ഷ്മം വീക്ഷിക്കാൻ തീരുമാനിച്ച ചിലർ എന്നെ കൊറോണ, കോവിഡ്19 എന്നൊക്കെ ഓമനപ്പേരിട്ട് വിളിക്കാൻ തുടങ്ങി. ഉന്മത്തനായി തിമർക്കുന്ന എന്നെ ഇനി ആര് പിടിച്ചുകെട്ടും? എന്നേക്കാൾ ശക്തനായ എന്റെ അന്തകനെയും കാത്ത് രാവണൻ രാമനെയെന്നപോലെ, കംസൻ ശ്രീകൃഷ്ണനെയെന്നപോലെ ഞാൻ കാത്തുകാത്തിരിക്കുന്നു. ബാല്യവും ശൈശവവും കടന്ന് യൗവനയുക്തനായ എന്നോട് ആരുണ്ട് ഏറ്റുമുട്ടാൻ? അതോ, മുപ്പാരും എന്റെ മുന്നിൽ അടിയറവു പറയുമോ? എന്റെ പ്രതിയോഗിക്കായുള്ള കാത്തിരിപ്പ് ഒറ്റയടിപ്പാതയിലൂടെ പോകുന്ന നാലുചക്രവാഹനം പോലെ വിരോധാഭാസമാകുമോ? അമരനാകുമെന്ന ഒരു അനാഥന്റെ ആത്മഗതം!

**രേവതി എ.എസ്.**
12 സി
സെൻറ് ജോൺസ് മോഡൽ എച്ച്.എസ്.എസ്. നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# മനുഷ്യക്കുഞ്ഞ്

അഞ്ചാംനിലയിലിരുന്ന് നഗരം മുഴുവൻ കാണാൻ സാധിക്കുമെന്ന് അന്നാണ് ജഗ്ഗു കണ്ടെത്തിയത്. ഏതോ വികൃതിപ്പയ്യൻ പേപ്പറിൽ കുത്തിവരച്ച നട്ടെല്ലില്ലാത്ത വരകൾ പോലെ ഇടയ്ക്കിടെ കണ്ടുമുട്ടുന്നു. എവിടെയോ ചെന്നു വേർപിരിയുന്നു. ബാൽക്കണിയിലിരുന്ന് കാറ്റേൽക്കുന്ന സുഖം തന്റെ ഏഴുവർഷത്തെ ജീവിതത്തിൽ ഇത് രണ്ടാം തവണയാണ് ജഗ്ഗു അനുഭവിക്കുന്നത്. മൂന്നുനാല് മാസം മുമ്പ്, അച്ഛൻ വാങ്ങിത്തന്ന പ്ലേസ്റ്റേഷൻ പണിപറ്റിച്ചപ്പോഴാണ് ആദ്യമായി ഇങ്ങനെ ഇരിക്കുന്നത്. ആ ഇരിപ്പിന് വെറും പതിനഞ്ച് മിനിറ്റിന്റെ ആയുസ്സേ ഉണ്ടായിരുന്നുള്ളൂ. ഫ്ളാറ്റിലെ സമപ്രായക്കാരോടൊത്ത് പാർക്കിലേക്കോടി അന്ന്. അന്ന്... അതെ, ആ വാക്കിനുള്ളിൽ ഭൂതകാലം മുഴുവനും ഒളിച്ചിരിക്കുന്നു. അന്ന് മുംബൈ ഇങ്ങനെയല്ല. ശ്വാസം മുട്ടിക്കുന്ന തിരക്കിന്റെ പര്യായം. അന്തരീക്ഷമെങ്ങും എപ്പോഴും സ്വരമുഖരിതം. ഇന്നോ? വേദനയുടെ വർത്തമാനത്തിൽ, ഭീതിയുടെ പകലിരവുകളിൽ ആ കുസൃതിപ്പയ്യന്റെ കുത്തിവരകൾ വിജനമാണ്. ഏതോ മരംവെട്ടുകാരന്റെ അറക്കവാളിന് ഇരയാകാനായി കാത്തുനിൽക്കുന്ന അവസാനമരത്തിലിരുന്ന് ചിലയ്ക്കുന്ന ചീവീടിന്റെ ആർത്തനാദം പോലും സുവ്യക്തം. ലോക്ഡൗണാണ്. പബ്ജി കളിച്ച് ആവേശം മൂത്തിരുന്നപ്പോഴൊന്നും ഫോണിന്റെ ജീവവായു കളിക്കാരന്റെ തോക്കിന്മുനയിൽ പുകയായ് മാറിയതറിഞ്ഞില്ല. പിടഞ്ഞുകൊണ്ടിരിക്കുന്ന ആ ധീരജവാന് പ്രഥമശുശ്രൂഷ നൽകുകയാണ് ചാർജർ.

ഉരുണ്ടുകൂടിയ കാർമേഘങ്ങളുടെ മറവിൽ സൂര്യൻ പടിഞ്ഞാറേക്ക് പിച്ചവയ്ക്കുകയായിരുന്നു. ദൂരെയെങ്ങോ പെയ്യുന്ന മഴയുടെ ചൂളം വിളിയായി അസാധാരണമായി ഒരു തണുത്ത കാറ്റ് വീശി. പെട്ടെന്നാണ് ജഗ്ഗു ഒരു ശബ്ദം കേട്ടത്. ഏതോ ജീവിയുടെ ദയനീയമായ കരച്ചിൽ. അവൻ ചുറ്റും കണ്ണോടിച്ചു. വലതുഭാഗത്തായി സൺഷെയ്ഡിൽ കാർമേഘങ്ങളുടെ നിറമുള്ള ഒരു കുഞ്ഞുജീവി. ആദ്യമായി അങ്ങനെ ഒന്നിനെ കാണുന്ന അത്ഭുതത്തിൽ അവൻ കസേരയിൽ നിന്നെഴുന്നേറ്റ് അവിടേക്ക് നീങ്ങി. വീശിയടിച്ച കാറ്റിന്റെ തണുപ്പിൽ അത് കുടുകുടാ വിറയ്ക്കുന്നുണ്ടായിരുന്നു.



അണ്ണാൻകുഞ്ഞിന്റെ വിറയ്ക്കുന്ന ശരീരത്തിൽനിന്നും അവന്റെ കണ്ണുകളെ പറിച്ചുനട്ടത് താഴെ റോഡിൽ നിന്നുയർന്ന ചെറിയ കോലാഹലമായിരുന്നു. പെട്ടെന്ന് ഏതോ കൂട്ടിൽനിന്ന് പറത്തിവിട്ടപോലെ കുറേ മനുഷ്യർ. അവർ ധൃതിയിലായിരുന്നു. വീഡിയോ ഗെയിമുകൾ നിർജീവമാക്കിയ തന്റെ കുഞ്ഞിക്കണ്ണുകളെ വലിച്ചുതുറന്ന് ജഗ്ഗു തെരുവീഥിയിലേക്ക് ഏന്തിവലിഞ്ഞു നോക്കി. അവർ ഒരു കടത്തിണ്ണയിലേക്ക് ഒരുമിച്ചുചേർന്നു. കൂട്ടത്തിലെ സ്ത്രീകൾ തിണ്ണയുടെ ഒരു വശത്തായി വസ്ത്രങ്ങൾ കൂട്ടിക്കെട്ടി ഒരു മറ തീർക്കുന്നു. പുരുഷന്മാർ ദൂരെ മാറിനിന്ന് സംസാരിക്കുന്നു. രാവിലെ പത്രം മറിച്ചു നോക്കിയപ്പോൾ കണ്ട ഒരു ഫോട്ടോയാണ് അപ്പോൾ അവന് ഓർമ വന്നത്, “ഇവർ മൈഗ്രന്റ്സ് ആയിരിക്കും.” അവൻ ഓർത്തു... എന്താണ് നടക്കുന്നതെന്ന് മനസ്സിലാകാതെ കൗതുകത്തോടെ നോക്കിനിന്ന ജഗ്ഗുവിന്റെ കാതുകളെ ഒരു നിലവിളി വന്നു പുണർന്നു. വേദന തളം കെട്ടിനിന്ന നിലവിളി. അത് പതിയെ കാറ്റിന്റെ ശ്രുതിയിൽ ലയിച്ചു.

“ഡാഡീ. ഡാഡീ...” അവൻ നീട്ടിവിളിച്ചു. ഹാളിൽ ലാപ്ടോപ്പ് സ്ക്രീനിൽ കണ്ണും നട്ടിരുന്ന ഐ.ടി. പ്രഫഷണൽ മകന്റെ വിളി ശ്രദ്ധിച്ചില്ല. “ഡാഡീ...” ഇത്തവണ വിളിക്ക് ശക്തി കൂടുതലായിരുന്നു. ശല്യം സഹിക്കവയ്യാതെ സ്ക്രീനിൽനിന്ന് കണ്ണെടുക്കാതെ അയാൾ വിളികേട്ടു. “ഒന്നിങ്ങു വന്നേ...” “എന്തിനാടാ?” “ഇങ്ങു വാ...” എന്തൊക്കെയോ പിറുപിറുത്തുകൊണ്ടയാൾ ബാൽക്കണിയിലേക്ക് നടന്നു. “എന്താടാ നിനക്ക്?'' ''ദാ ... ഇതെന്ത് ജീവിയാ?'' തണുത്തുമരവിച്ച ആ കുഞ്ഞുജീവിയെ ചൂണ്ടിക്കാട്ടി അവൻ ചോദിച്ചു. “അത് അണ്ണാന്റെ കുഞ്ഞാണെന്ന് തോന്നുന്നു.” “എന്തിന്റെ കുഞ്ഞ്?” “അണ്ണാന്റെ... പിന്നെ അതിനെ ഒന്നും പോയി തൊട്ടേക്കരുത്. വല്ല കൊറോണയും വരും. കേട്ടല്ലോ!” സമയനഷ്ടത്തിന്റെ അതൃപ്തിയോടെ അയാൾ തിരികെപ്പോയി വീണ്ടും ലാപ്ടോപ്പ് സ്ക്രീനിൽ കണ്ണുകൾക്ക് നങ്കൂരമിട്ടു.

മറ നീക്കപ്പെട്ടു. തറയിൽ ചോരയിൽ കുളിച്ച് ക്ഷീണിതയായി കിടക്കുന്ന ഒരു സ്ത്രീ. അടുത്ത് വേറെ എന്തോ ഒന്ന്. അവൻ അതിനെ സൂക്ഷിച്ചു നോക്കി. എന്താണത്? കൂട്ടംകൂടിനിന്ന സ്ത്രീകളിൽ ഒരുവൾ പരിഭ്രാന്തിയോടെ ഒരു പുരുഷനടുത്തേക്ക് ഓടി. “കുഞ്ഞ് മരിച്ചു...” അവൾ ഹിന്ദിയിൽ പറഞ്ഞു. “ഇനി ആ സ്ത്രീക്ക് മറ്റെന്തെങ്കിലും അസുഖം ഉണ്ടാകുമോ? അവളെ ഇവിടെ ഉപേക്ഷിച്ചു പോകുന്നതാണ് നല്ലത്...” പുരുഷന്മാരിൽ ആരൊക്കെയോ ഹിന്ദിയിൽ മറുപടി നൽകി.

മഴപെയ്യാൻ തുടങ്ങുകയായിരുന്നു. വഴിയോരത്ത് അടുക്കിവച്ച ഭാണ്ഡക്കെട്ടുകൾ പെറുക്കി അവർ വന്ന അതേ ധൃതിയിൽ കൂട്ടത്തോടെ നടന്നുനീങ്ങി.

വേനൽമഴ തകർക്കാൻ തുടങ്ങിയിരുന്നു. ഉള്ളിൽ തളംകെട്ടിനിന്ന കണ്ണീർ പൊഴിക്കുന്ന മേഘങ്ങളെ വകവയ്ക്കാതെ ജഗ്ഗു അതേ സ്ഥാനത്ത് തുടർന്നു. മകനെ വീട്ടിനുള്ളിലേക്ക് വിളിക്കാനായി ഡാഡി ബാൽക്കണിയിലേക്കിറങ്ങി. "കേറി വാ ജഗ്ഗൂ... മഴ പെയ്യുന്നത് കണ്ടില്ലേ?" "ഡാഡീ, ഈ ജീവീടെ പേരെന്താന്നാ പറഞ്ഞേ?" അവന്റെ വിരലുകൾ ആ അണ്ണാൻകുഞ്ഞിനു നേരെ നീണ്ടു. മഴത്തുള്ളികൾ വീണ് അവ്യക്തമായ കണ്ണട ഒന്ന് തുടച്ചിട്ട് ഡാഡി നോക്കി. "ഞാൻ നേരത്തേ പറഞ്ഞതല്ലേ... അത് അണ്ണാന്റെ കുഞ്ഞാണ്. നീ കേറി വന്നേ... പനിയൊന്നും പിടിപ്പിക്കാതെ." "അപ്പൊ അതോ?" പ്രകൃതിയുടെ കണ്ണുനീർത്തുള്ളികൾ മത്സരിച്ച് മുത്തമിടുന്ന അവന്റെ ചൂണ്ടുവിരൽ നീണ്ടിടത്തേക്ക് കണ്ണടച്ചില്ലിനിടയിലൂടെ അയാളുടെ കണ്ണുകൾ യാത്രചെയ്തു.

നോട്ടം ചെന്നു പതിഞ്ഞത് താഴെ ഷട്ടറടഞ്ഞുകിടക്കുന്ന ഒരു കടയുടെ തിണ്ണയിൽ ബോധരഹിതയായി കിടക്കുന്ന ഒരു നാടോടിസ്ത്രീയുടെ ചൂട് പറ്റി കിടക്കുന്ന ചോരയിൽ കുളിച്ചുകിടക്കുന്ന ചലനമറ്റ ഒരു ജന്തുവിലാണ്. "അത്..." മേഘങ്ങളുടെ ഗർജനം അയാളുടെ വാക്കുകളെ വിഴുങ്ങി. സൺഷെയ്ഡിൽ മഴനനഞ്ഞുകിടന്ന അണ്ണാൻകുഞ്ഞ് അപ്പോൾ വിറയ്ക്കുന്നുണ്ടായിരുന്നില്ല. ഒരു ചോദ്യചിഹ്നമായി ഉയർന്ന അവന്റെ ചൂണ്ടുവിരലിൽ മഴത്തുള്ളികൾ അപ്പോഴും മുത്തമിടുന്നുണ്ടായിരുന്നു...

**സവ്യ വേണുഗോപാൽ**
11 ബി
സെൻറ് ജോൺസ് മോഡൽ എച്ച്.എസ്.എസ്. നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം



# ഒരു ഡയറിക്കുറിപ്പ്

ആറു പരീക്ഷകളിൽ നാലെണ്ണമേ പൂർത്തിയായിരുന്നുള്ളൂ; രണ്ടെണ്ണം അവശേഷിച്ചിരുന്നു: ബിസിനസ് സ്റ്റഡീസും കമ്പ്യൂട്ടറും. രണ്ടും ഒരേപോലെ പഠിക്കാൻ സമയം ആവശ്യമുള്ള സബ്ജക്റ്റുകളും. അതെന്തായാലും നന്നായി. എല്ലാ ദിവസവും നിശ്ചിതസമയം രണ്ടിനും മാറ്റിവച്ചു. എന്നിട്ടും ഇഷ്ടംപോലെ സമയം ബാക്കി. ഈയിടെയായി പുതിയൊരു ദുശ്ശീലം. ആ നശിച്ച ഉച്ച ഉറക്കം. അതൊന്ന് അവസാനിപ്പിച്ചുകിട്ടിയപ്പോൾ, സമയം പിന്നെയും ബാക്കി. ഉറക്കം കഴിഞ്ഞുള്ള ആ ചതഞ്ഞുചതഞ്ഞുള്ള ഇരിപ്പുണ്ടല്ലോ; അതാണ് അസഹ്യം. എല്ലാറ്റിനും ഇഷ്ടംപോലെ സമയം. രാവിലെ ഉണർന്നുടനെ ചെടികളോടും പക്ഷികളോടും ഒരു സല്ലാപം. സോളമൻരാജാവിന് പക്ഷികളുടെയും മൃഗങ്ങളുടെയും ഭാഷ വശമായിരുന്നത്രേ. മൊട്ടിൽനിന്നു പൂവിലേക്കുള്ള പരിണാമം ലോകത്തിലെ ഏറ്റവും ഹൃദ്യമായ കാഴ്ചതന്നെ. കാറ്റിനും കിളികൾക്കും ചെടികൾക്കുമെല്ലാം ഒരേ രാഗവും താളവും തന്നെ. അനിയത്തിയും ഞാനും, അമ്മ കഴുകുന്ന തുണികൾ അയയിൽ വിരിച്ചിടാനും അച്ഛനെ വാഹനം കഴുകുമ്പോൾ സഹായിക്കാനുമൊക്കെ കൂടാറുണ്ട്. അതിന്റെ പ്രതിഫലമായി ഡ്രൈവിങ്സീറ്റിൽ കയറിയിരുന്നുള്ള ചില പരാക്രമങ്ങൾക്ക് അച്ഛൻ എന്നെ അനുവദിക്കാറുണ്ട്. അമ്മയുടെ വക സ്പെഷ്യൽ മധുരപലഹാരങ്ങളും. ഈ അനിയത്തിയുടെ ഒരു കാര്യം. അവൾക്കെല്ലാറ്റിനെക്കുറിച്ചും സംശയം തന്നെ. സർവസമയവും കലപില, കലപില തന്നെ. ആദ്യമൊക്കെ പത്രവായന തലക്കെട്ടുകളും സപോർട്സ് പേജുകളുമായിരുന്നെങ്കിലും, ഇപ്പോൾ എഡിറ്റോറിയൽ പേജുകളും എനിക്ക് ദഹിക്കുന്നുണ്ട്. അച്ഛന്റെ പഴയ ബുക്കുകളുടെ കൂമ്പാരത്തിൽനിന്നു രണ്ടെണ്ണം ഞാൻ പൊടിതട്ടിയെടുത്തു. ഒന്ന് ആൻ ഫ്രാങ്ക് എന്ന ജൂതപ്പെൺകുട്ടിയുടെ ഡയറിക്കുറിപ്പുകൾ. ഒരാളുടെ ഡയറിക്കുറിപ്പുകൾ അത്രയ്ക്ക് മെച്ചമായിരിക്കുമോ എന്ന മുൻവിധിയോടെയാണ് തുടങ്ങിയത്. പക്ഷേ, വിചാരിച്ച പോലൊന്നുമല്ലായിരുന്നു, കേട്ടോ! ഒരൊറ്റയിരുപ്പിനല്ലേ വായിച്ചുതീർത്തത്. നാസികളുടെ അതിക്രമങ്ങളെ പേടിച്ച് ഒളിവിൽ താമസിക്കേണ്ടിവന്ന ഒരു കൂട്ടം ജൂതരുടെ കരളലയിക്കുന്ന കഥകളുടെ ഓർമ്മക്കുറിപ്പുകൾ. രണ്ടാമത്തെ ബുക്കും ഒന്നാന്തരം തന്നെയായിരുന്നു. വിശ്വപ്രസിദ്ധ അമേരിക്കൻ സാഹിത്യകാരൻ മാർക്ക് ട്വയ്നിന്റെ 'ഹക്കിൾബറിഫിന്നിന്റെ വിക്രമങ്ങൾ' എന്ന ബുക്ക്. മൺമറഞ്ഞ പ്രശസ്ത മലയാളസാഹിത്യകാരൻ

പ്രൊഫ. സുകുമാർ അഴീക്കോട് ആയിരുന്നു വിവർത്തകൻ. മിസ്സിസിപ്പി നദിയും ഹക്കും ജിമ്മെന്ന കാപ്പിരിയും തരികിടകളായ രാജാവും പ്രഭുവും ടോമും മേരി ജെയിനും പോളി അമ്മായിയുമെല്ലാം കുറച്ചൊന്നുമല്ല, എന്റെ ചങ്കിനെ പിടിച്ചുകുലുക്കിയത്. അനിയത്തിയെക്കൂടി വായിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവളൊന്നു പേജുമറിച്ചു നോക്കിയിട്ടു സ്ഥലം വിട്ടു കളഞ്ഞു. എന്തായാലും അച്ഛന്റെ കൈയിൽനിന്ന് ഒരു പഴയ ഡയറി സംഘടിപ്പിച്ച് ഞാനും എഴുതിത്തുടങ്ങി. അനിയത്തിയോടൊപ്പം ഇഷ്ടംപോലെ കളിക്കാൻ സമയംകിട്ടി. ഇടയ്ക്ക് ഇടവേളകളിൽ സമയം കിട്ടുമ്പോഴൊക്കെ ഗൗരവം ഒക്കെ മാറ്റിവച്ച് അച്ഛനും കൂടി, ഞങ്ങളോടൊപ്പം കളിക്കാൻ. പിന്നെന്തെല്ലാം കളികൾ! ചിത്രരചന, കാർട്ടൂൺ വരപ്പ്, പഴയ പേപ്പറുകളും കുപ്പികളും കൊണ്ടുള്ള ക്രാഫ്റ്റുകൾ. ശരിക്കും രസകരം തന്നെയായിരുന്നു. ഒരു നിശ്ചിതസമയം ടി.വി. കാണാനും അനുവദിച്ചിരുന്നു. മുറ്റത്ത് അനിയത്തിയോടൊപ്പം സൈക്കിൾ ചവിട്ടിയതും അവളെ കുറുമ്പുകാണിച്ച് വീഴ്ത്തിയതുമെല്ലാം എത്ര ചിരിച്ചാലും മതിയാകില്ല കേട്ടോ! പിന്നെ ചെസ്സും കാരംസ്കളിയും. അന്താക്ഷരി കളിക്കുന്നതിനായി കുറേയധികം പദ്യശകലങ്ങൾ മനപ്പാഠമാക്കി. പകൽ മുഴുവൻ തിരക്കിൽ മുങ്ങിയിരുന്നതിനാൽ, രാത്രിയിൽ കിടക്ക കണ്ടതേ ഉറക്കം തന്നെ ശരണം! ചുരുക്കിപ്പറഞ്ഞാൽ, കുടുംബത്തോടൊപ്പമുള്ള ഈ ലോക്ഡൗൺ കാലഘട്ടം, ജീവിതത്തിലേറ്റവും മനോഹരവും സൗരഭ്യവും കലർന്നതുമായിരുന്നു.

**അമൽ**
12 ജി
സെൻറ് ജോൺസ് മോഡൽ എച്ച്.എസ്.എസ്. നാലാഞ്ചിറ
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# AN EMPTY RECESS...

(Based on a true story)

My exams were almost over, I was packing my dresses and play items to a bag and kept ready on the table. Yes, Friday we are planning to leave to “GOA” for a five days trip. Me, my mom and Dad had planned two months back itself and I was sleeping between them and was dreaming how I will enjoy, what things should be bought etc. I was fully exited with my toys and my puppy and don’t know when I slept. What is the sound?

I woke up to the noise of utensils from the kitchen. The clock shows 8’o clock. Oh... I’m late. Mom and Dad might have left to the office. “Who is in the kitchen now? I ran to the kitchen. Oh.... Dad is cooking! Surprisingly I asked “Dad, don’t you have office?” Where is Mom, I was searching mom." Dad replied, “Lockdown” started Kitchu, I was thinking, what is lockdown and I did my daily routine and went near to dad and was listening what he says. He pampered me and gave a morning kiss and gave a cup of tea along with my favorite biscuits.

I’m proud of my dad, he has taken all duties of my mom, like cooking, cleaning and looking after me well, and telling stories and teaching me too. When I looked through the window, oh.. Streets are empty. No people on the road rarely one or two bikes on the road. I called my friend loudly through the window, but he said he couldn't come for playing “Kitchu” it’s lockdown. I was gloomy and went to kitchen with my Dad and asked “what is it’s for lockdown?” Dad replied “Do you know about virus?” “Yes” I answered. “Do you heard about Covid 19 virus?” “No” I replied. "What is that Dad?" "It is an epidemic disease which spreads though touching an affected person of corona or by his saliva. It severely affects our respiratory system and the person’s condition goes worse and the person dies." "There is no vaccination?" I asked. Then Dad replied “there is no vaccine developed till today”. "What are the precaution should be taken?" Dad said “Wash your

hands properly with soap frequently, Social distancing at least one meter apart, Wear mask when you go out, Stay Home Stay Safe" that is the only solution. Then I asked, why did Mom go to the hospital so early? Dad replied "all essential services are behind this." I took my bath and prayed God, that the epidemic disease may go from the earth and save all of us, Let my Mom should come back soon to us."

I switched on the television, every channels are showing the critical situation facing various country with Covid 19. I was sad meanwhile Dad finished his work and we both took lunch. I was so gloomy, since I lost my trip. I forced Dad to take me out, to see my Mom. He denied first and unwillingly he took the scooter. I jumped back to him and hugged and said a big thanks and gave him a kiss. I asked why we can't take our car. He said due to restrictions "Kitchu" and he made a written letter and kept in his pocket. When we reached the junction a police officer came across our vehicle and roughly asked "Is it urgent, don't you know it is lockdown?". Dad requested and showed the letter, then the officer gave him a pass, and gave a warning "Don't roam, come back home soon."

It was a gloomy atmosphere when we reached the hospital. We told the security officer to meet my Mom. He took us through the long corridors to the glass door and he asked us to wait there. He phoned up, my Mom came on other side of the glass door with an astronaut's type dress. I wondered! I could see only her eyes. So sad. I called "Mom..... Mom....". But she couldn't come or talk. She just waved her hands to me and dad sadly. I started crying. We saw the tears through her eyes falling down... Dad consoled me "it's your Mom's duty as a doctor." Desperately we also waved back to her and came back home. I couldn't see anything on the way as my eyes were filled with tears...

**നവനീത് കൃഷ്ണൻ എസ്.**
5 ഐ
സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# PRAYERS OF A LITTLE MIND

April 20 2013. Noha. She came to this world as the only daughter of two famous software engineers. She was lucky to have all those things that she wanted right from her childhood and at the same time her luck didn't turned well on one thing, the love from her mamma and papa. Right from birth she barely got the chance to spend with her papa as he was always busy with his office works. And her mamma, she was not different from her papa. She started going to office when Noha was three months old. After that maids took care of her. At that time all she wanted was lots and lots of toys which were already there in her room though she was happy. But everything started to disappear when she came to understand the reality.

One fine day, she was going to her school in her car. She was four then. In the street she noticed a mother giving her child a kiss on his cheeks. 'Why had I never got a kiss from my mamma?....',she thought again and again. Slowly she started to notice that there was something wrong in the way how her parents treated her. She decided to ask this to her parents. One night she came near her papa to ask this. He was busy shouting at someone through phone. When the call ended Noha slowly called, "Papa...." "Get out of my sight you little brat."

Unable to hold her tears, she ran back to her room .She was shivering. No one ever shouted to her like that. She fell asleep while crying. After a few days she started to notice some arguments between her mamma and papa. She also noticed her papa acting abnormal at times. He started shouting at everyone and it smelled stinky around him. Poor Noha! She was not able to understand that her papa was an alcoholic. Fights became usual in that house. Her parents tried their best not to see each other. They tried to reach back home as late as possible, mostly around 12 or 1 'o'clock at night. Noha barely got the chance to see her parents. Her world shrunk into her school and her room.

Years passed. One fine day of March 2020, she came home after her exams. One of the maids informed her that she don't have to go to school from now on. She felt sad at first as school was the only place where she enjoyed. But when she realized that she doesn’t have to write exams she felt a little bit of happiness. Day by day she started discovering her new talents. And she started to find happiness in her own ways.

A month passed. One morning Noha noticed her parents sitting in the hall with their laptops. From their calmness she understood that they were not going to office that day. She went to kitchen and noticed that the maids were not there too. She felt something wrong. She came back to her mamma and asked, "Mamma, why is there no one in the kitchen?" "Maids won’t come from now on"- She answered without taking her eyes from her laptop. Noha wanted to know more. But she stopped asking. She was afraid whether her mamma will shout back. Her parents didn't go anywhere on that day. They were sitting here and there with phones and laptops, scrolling, starring and attending phone calls from time to time. It was Noha's first time seeing her parents staying at home. Her mamma cooked food since there were no maids. Noha ate it all happily even though it tasted bad. It was her first time eating food prepared by her mamma. Days passed. Fights between her parents started to disappear. They started to talk to each other and even started to do housekeeping together. Noha was amazed to see all these. And slowly they started to love their daughter. They started to talk, play and laugh with her. Noha's little mind filled with happiness. For the first time she started to feel the love and care from her parents.

Days passed faster than she thought. Within a blink it was her birthday. She was turning seven. Usually her birthdays were celebrated in a luxurious manner. Her parents used to hold parties for her. Lots of gifts and wishes would come from strangers. But this birthday, it was entirely different. At morning when she woke up and came downstairs from her room she got a surprise birthday wish from her parents and kisses and

hugs too. Mamma prepared special dishes for her and she feed her for the first time. Papa tried to spend most of the time to play with Noha even though he got phone calls and lots of works from his office. At evening they all sat happily to watch TV. Papa put the news channel. Noha noticed the word Corona being told many times on the TV. "Papa, what is Corona?" "Corona is a deadly virus, dear." "Wires?!!" "No dear... Virus...V..I..R..U..S", mamma answered laughing. "What is a virus?" "Virus is smaller than a dust which spread diseases. It can be anywhere but we can't see with our eyes. And it may kill lots and lots of people. That's why we are staying at home."

Noha understood why her parents are staying with her. In a way she was thankful to Corona. It was due to this epidemic disease that she was able to spend such precious moments with her parents. That night her parents told her to sleep with them. She didn't even have a memory of her sleeping with her parents. She thought that there may they have a separate bed in their room. But she was astonished to know that she was going to sleep together with her parents in the same bed. That little angel felt like she was the happiest in the world at that moment. Lying in between her mamma and papa she prayed silently, 'Corona...Please stay with us forever...'

അലീന എൽ.എസ്.
12 എ
സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# അദ്ഭുതശക്തിയില്ലാത്ത മാലാഖമാർ

ഒരിക്കൽ സ്വർഗത്തിൽ മാലാഖമാർ തമ്മിൽ ഒരു തർക്കമുണ്ടായി. തങ്ങളിൽ ആരാണ് കൂടുതൽ നൻമകൾ ചെയ്യുന്നത് എന്നതായിരുന്നു തർക്കം. ഒരു മാലാഖ പറഞ്ഞു: “ഞാനാണ് കൂടുതൽ നൻമകൾ ചെയ്യുന്നത്.” അപ്പോൾ മറ്റൊരു മാലാഖ പറഞ്ഞു: “അല്ല ഞാനാണ് കൂടുതൽ നൻമകൾ ചെയ്യുന്നത്.” ഒടുവിൽ തർക്കം ദൈവസന്നിധിയിൽ എത്തി. മാലാഖമാരുടെ തർക്കം കേട്ട് ദൈവം കുറച്ചുനേരം മിണ്ടാതിരുന്നു. ദൈവം പറഞ്ഞു: “വിണ്ണിൽ മാത്രമല്ല, മണ്ണിലുമുണ്ട് നന്മകൾ ചെയ്യുന്ന മാലാഖമാർ. അവരിൽ ആരാണ് കൂടുതൽ നൻമകൾ ചെയ്യുന്നതെന്ന് നിങ്ങൾ കണ്ടുപിടിച്ച് കൊണ്ടുവരുക. അപ്പോൾ ഞാൻ പറയാം നിങ്ങളിൽ ആരാണ് മികച്ചതെന്ന്.” മാലാഖമാർ പറഞ്ഞു: “ഞങ്ങളല്ലേ അത്ഭുതശക്തികൾ കൊണ്ട് ഭൂമിയിലെ മനുഷ്യർക്ക് നന്മകൾ ചെയ്യുന്നത്? പിന്നെ എങ്ങനെയാണ് ഭൂമിയിൽ വേറെ മാലാഖമാർ. എന്നാൽ അതൊന്ന് അറിഞ്ഞിട്ടുതന്നെ കാര്യം.”

മാലാഖമാർ ഭൂമിയിലെത്തി. അവർ എല്ലായിടത്തും അവരെപ്പോലുള്ള മാലാഖമാരെ തിരഞ്ഞു. പക്ഷേ, ഒരിടത്തും അവരെപ്പോലുള്ള മാലാഖമാരെ കാണാൻ സാധിച്ചില്ല. തിരിച്ചുപോകാം എന്നു കരുതി നിൽക്കുമ്പോഴാണ് മാലാഖമാരിൽ ഒരാൾ പറഞ്ഞത്, “എന്തായാലും നമ്മൾ ഭൂമിയിൽ വന്നു, ഈ ഭൂമിയിലെ മനുഷ്യർക്കു വേണ്ടി ഒരു നന്മചെയ്തിട്ടു പോകാം.” അപ്പോഴാണ് ഒരു അമ്മ കരഞ്ഞുകൊണ്ട് തന്റെ കുഞ്ഞിനെയും എടുത്ത് കൊണ്ട് ഓടുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടത്.

ആ അമ്മ എങ്ങോട്ടാണ് ഓടുന്നത് എന്നറിയാൻ അവർ പിൻതുടർന്നു. അസുഖം കൂടുതലായതിനാൽ കുഞ്ഞിനെയും എടുത്ത് അടുത്തുള്ള ആശുപത്രിയിലേക്ക് ഓടിയതായിരുന്നു ആ അമ്മ. മാലാഖമാർ ആശുപത്രിയിലും എത്തി. അപ്പോഴാണ് മാലാഖമാർ ആശുപത്രിയിൽ കിടക്കുന്ന രോഗികളെ കണ്ടത്. കൊച്ചുകുട്ടികൾ മുതൽ വയസ്സായവർ വരെ ഉണ്ടായിരുന്നു. അവരിൽ കൈയില്ലാത്തവരുണ്ട്, കാലില്ലാത്തവരുണ്ട്, പനി ബാധിച്ചവരുണ്ട്, മാറാരോഗം പിടിപെട്ടവരുണ്ട്... അങ്ങനെ കുറേ പേർ. മാലാഖമാർക്ക് ഇവരിൽ ആരെ സഹായിക്കണമെന്ന് സംശയമുണ്ടായി.

അപ്പോഴാണ് മാലാഖമാർ ഒരു കാര്യം ശ്രദ്ധിച്ചത്. രോഗികളെ തമ്മിൽ യാതൊരു വേർതിരിവും കാട്ടാതെ അവരെ പരിചരിക്കുന്ന കുറച്ചു മനുഷ്യർ. മാലാഖമാർ അന്വേഷിച്ചപ്പോൾ രോഗികളാരും അവരുടെ അച്ഛനോ അമ്മയോ ബന്ധുക്കളോ ആരും അല്ലായിരുന്നു. അവിടെ കുറച്ചു സമയം

ചെലവഴിച്ച ശേഷം മാലാഖമാർ തിരികെ സ്വർഗത്തിലേക്കു പോയി. അവിടെ ദൈവസന്നിധിയിൽ എത്തിയ മാലാഖമാരോട് ദൈവം ചോദിച്ചു: “ഭൂമിയിലെ മാലാഖമാരിൽ ആരാണ് മികച്ചതെന്ന് കണ്ടുപിടിച്ചോ?”

മാലാഖമാർ പറഞ്ഞു: “ഇല്ല ദൈവമേ, ഞങ്ങൾക്ക് അതിന് കഴിഞ്ഞില്ല. ഞങ്ങളെപോലെ അത്ഭുതശക്തികൾ ഉള്ള മാലാഖമാരെ ഭൂമിയിൽ എല്ലായിടത്തും തിരഞ്ഞു. ഒരിടത്തും കാണാൻ കഴിഞ്ഞില്ല. പക്ഷേ ഞങ്ങളുടെ മനസ്സിന് കുളിർമ നൽകുന്ന മറ്റൊരു കാഴ്ച ഞങ്ങൾ ഭൂമിയിൽ കണ്ടു. കുറച്ചു നല്ലമനുഷ്യർ ഊണും ഉറക്കവും ഇല്ലാതെ അവരുടെ ജീവനു പോലും വില കൽപ്പിക്കാതെ മറ്റുള്ളവരെ പരിചരിക്കുന്നു. അവർക്ക് ഞങ്ങളെ പോലുള്ള അത്ഭുതശക്തികളൊന്നുമില്ല. പലവിധത്തിലുള്ള അസുഖം ബാധിച്ചവർ, മാറാരോഗം വന്നുകിടക്കുന്നവർ, വ്രണങ്ങളിൽ പുഴുവരിച്ച് ദുർഗന്ധം വരുന്നവർ... അങ്ങനെ പലരും അവിടെ ഉണ്ട്. അവരോടൊന്നും ഒരു അറപ്പും വെറുപ്പും കാണിക്കാതെ അവരെ പരിചരിക്കുകയും സ്വന്തം കൈവിരലുകളാലും ചുണ്ടിലെ പുഞ്ചിരികളാലും അവർക്ക് സാന്ത്വനം നൽകുകയും ചെയ്യുന്നു.”

ദൈവം പറഞ്ഞു: “അവരാണ് നിങ്ങൾ അന്വേഷിച്ചുനടന്ന ഭൂമിയിലെ മാലാഖമാർ.” ദൈവം വീണ്ടും ചോദിച്ചു: “എന്തായാലും നിങ്ങൾ അവരെ നിരീക്ഷിച്ചല്ലോ, അവരിൽ ആരാണ് കൂടുതൽ മികച്ചതെന്ന് പറയാമോ?” മാലാഖമാർ പറഞ്ഞു: “അയ്യോ! ദൈവമേ, എത്ര ശ്രമിച്ചാലും ഞങ്ങൾക്കതിന് കഴിയില്ല. ഞങ്ങൾക്കുള്ള അത്ഭുതശക്തികൾ ഒന്നുംതന്നെ അവർക്ക് ഇല്ലാതിരുന്നിട്ടുപോലും സ്വന്തം ജീവനുപോലും വിലകൽപ്പിക്കാതെ മറ്റുള്ളവരുടെ ജീവൻ നിലനിർത്താൻ കാവലിരിക്കുന്ന അവരാണ് യഥാർഥ മാലാഖമാർ. അവരിൽ ആരാണ് മികച്ചത് എന്നു കണ്ടുപിടിക്കാൻ ആർക്കും ആകില്ല. ദൈവമേ, ഞങ്ങളോട് ക്ഷമിക്കണേ. ഞങ്ങളിലാർക്കും താനാണ് മികച്ചതെന്നുള്ള ചിന്ത ഇനിമേലിൽ ഉണ്ടാവില്ല.”

അങ്ങനെ മാലാഖമാർ തമ്മിലുള്ള തർക്കവും തീർന്നു. അതിനുശേഷം ഭൂമിയിലെ മാലാഖമാർക്ക് ഒരു ഉണർവായി വിണ്ണിലെ മാലാഖമാർ കൂടെയുണ്ട്.

**ദുർഗ എ.വി.**
6 എച്ച്
സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, പട്ടം
തിരുവനന്തപുരം നോർത്ത് ഉപജില്ല, തിരുവനന്തപുരം

# എന്നു സ്വന്തം...

എങ്ങനെ തുടങ്ങണം, എവിടെത്തുടങ്ങണം എന്നൊന്നും എനിക്കറിയില്ല. എന്നാലും വളരെ അഭിമാനിയായി ജീവിച്ച എന്നെ എന്റെ അരികിൽവന്ന് സ്വീകരിച്ചാനയിച്ച് ഈ ഭൂമണ്ഡലം മുഴുവൻ കൊണ്ടുനടന്ന നിങ്ങൾക്ക് എന്തെങ്കിലുമൊരു സമ്മാനം തരാതെ ഞാനെങ്ങനെയാണ് മടങ്ങുക. നിങ്ങൾ പോലുമറിയാതെ നിങ്ങൾക്ക് പല സമ്മാനങ്ങളും തന്നിട്ടാണ് ഞാൻ മടങ്ങുന്നത്. എന്നാലും ഞാനെത്തുന്നതിനു മുമ്പുള്ള നിങ്ങളുടെ മട്ടും മാതിരിയുമൊക്കെ അത്ര പെട്ടെന്ന് മറക്കാനാവുമോ?

നിങ്ങൾ എന്നെ ഭയപ്പെടുന്നുവോ? നിങ്ങൾ എന്നെ അതിയായി വെറുക്കുന്നുവോ? അതേ എന്നാണ് ഉത്തരം എന്നെനിക്കറിയാം. എന്നാലും എനിക്കു വിരോധമില്ല. നിങ്ങളുടെ അഹങ്കാരത്തിന് നേരിയ തോതിലെങ്കിലും ഇപ്പോൾ ഒരറുതി വന്നിട്ടുണ്ടോ? അതോ, കാലം മാറിയാലും നിങ്ങൾ മാറില്ലെന്നുണ്ടോ? മാറിയാൽ നിങ്ങൾക്ക് നല്ലത്. ഈ ഭൂമിക്ക് നല്ലത്.

നിങ്ങൾ ഈ ഭൂമിക്ക് അത്ര അനിവാര്യരല്ല എന്നെങ്കിലും ഇപ്പോൾ തിരിച്ചറിയുന്നുണ്ടോ? നിങ്ങൾ കൂട്ടിലടയ്ക്കപ്പെട്ട കാലം പ്രകൃതിയുടെ ഏറ്റവും സുഖകരമായ കാലമായിരുന്നു എന്ന് നിങ്ങൾക്കറിയാമോ? ഇന്ന് പ്രകൃതി നിങ്ങളെ ഭയപ്പെടാതെ സന്തോഷത്തോടെ തന്റെ അകത്തും പുറത്തുമുള്ള പരിക്കുകൾ ഭേദപ്പെടുത്താനുള്ള സുഖചികിത്സയിലാണെന്ന് അറിയുമ്പോൾ നിങ്ങൾക്ക് നിങ്ങളെയോർത്ത് ലജ്ജ തോന്നണം. നിങ്ങളിൽ കുറച്ചു പേർക്കെങ്കിലും അതു തോന്നുന്നുണ്ടെന്ന് ഞാനറിയുന്നു. ഈ ഭൂമി നിങ്ങളുടേതു മാത്രമാണ് എന്ന് ചിന്തിച്ചതാണ് നിങ്ങൾ ചെയ്ത ഏറ്റവും വലിയ തെറ്റ്. അത് എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് നിങ്ങൾ മറന്നു.

കാടുകൾ വെട്ടിവെളുപ്പിച്ചിട്ടും പുഴകളും പാടങ്ങളും കൈയേറി നശിപ്പിച്ചിട്ടും യന്ത്രവൽക്കരണത്തിന്റെ പേരിൽ ശുദ്ധവായുപോലും കിട്ടാതെയാക്കിയില്ലേ നിങ്ങൾ? ഈ സുന്ദരമായ ഭൂമിയെ വികൃതമാക്കിയില്ലേ നിങ്ങൾ? പെറ്റമ്മയാണെങ്കിലും മക്കളുടെ അഹങ്കാരം എത്രയെന്നുവച്ചാണ് ഈ ഭൂമി സഹിക്കുന്നത്? അമ്മയ്ക്ക് തന്റെ എല്ലാ മക്കളും ഒരുപോലെയാണെന്ന് നിങ്ങൾക്കിതുവരെ മനസ്സിലായില്ലല്ലേ? എങ്ങനെ മനസ്സിലാവും? ഇക്കാലമത്രയും നിങ്ങൾക്ക് സ്വന്തവും ബന്ധവുമൊക്കെ കവിഭാവന മാത്രമായിരുന്നല്ലോ. വീട്ടിലിരിക്കണമെന്ന്



നിങ്ങളുടെ രക്ഷകർ നിങ്ങളുടെ രക്ഷയെമാത്രം കരുതി നിങ്ങളോടാവശ്യപ്പെട്ടപ്പോൾ കൂട്ടിലടയ്ക്കപ്പെട്ടു എന്നാണല്ലോ നിങ്ങൾ നിലവിളിച്ചത്. കുറച്ചുനാൾ അങ്ങനെ കഴിഞ്ഞപ്പോൾ നിങ്ങൾ നിങ്ങളോടൊപ്പം ഒരുകൂരയ്ക്കു കീഴേ കഴിഞ്ഞ നിങ്ങളുടെ ഉറ്റവരെ കാണാൻ തുടങ്ങി, കേൾക്കാൻ തുടങ്ങി, അറിയാൻ തുടങ്ങി. പതിയെപ്പതിയെ നിങ്ങൾ ഈ പ്രകൃതി ആഗ്രഹിച്ച മട്ടിൽ മാറിത്തുടങ്ങി എന്ന് ഞാൻ തിരിച്ചറിയുന്നു.

നിങ്ങൾക്കറിയാനും അനുഭവിക്കാനും കഴിയാതെപോയ മനസ്സമാധാനം ചെറിയ അളവിലെങ്കിലും അനുഭവിക്കാനാവുന്നത് തിരിച്ചറിയുക. നിങ്ങളെ നിങ്ങൾ തന്നെ കെട്ടിപ്പൊക്കിയ നാലുചുവരുകൾക്കിടയിൽ തളച്ചിട്ടപ്പോൾ അതിന്റെ ഗുണം പ്രകൃതിയിലുമുണ്ടായി. അത് തന്റെ നഷ്ടപ്പെട്ട ഓജസ്സും തേജസ്സും വീണ്ടെടുക്കുകയാണ്. തുളവീണുപോയ ഓസോൺപാളിയുടെ വലിയൊരു ഭാഗം അടഞ്ഞുവത്രേ (നിങ്ങളുടെ ഭാഗ്യം, കുറച്ചുകാലം കൂടി ശുദ്ധവായു ശ്വസിക്കാമല്ലോ). പച്ചപ്പ് തിരിച്ചുവരുന്നു, പുഴകൾ അവയുടെ സൗന്ദര്യം വീണ്ടെടുത്തു തുടങ്ങിയിരിക്കുന്നു. മൃഗങ്ങൾ നിങ്ങളെ ഭയക്കാതെ സ്വൈരവിഹാരം ചെയ്യുന്നു.

ഞാൻ പോയാൽ, നിങ്ങൾ വീണ്ടും പുറത്തിറങ്ങാൻ തുടങ്ങിയാൽ ഇതൊക്കെ വീണ്ടും പഴയപടിയാക്കുമോ? അങ്ങനെയാവരുത് എന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങളുടെ അഭാവം പ്രകൃതിക്ക് അനുഗ്രഹമാണെന്നുവന്നാൽ നിങ്ങളെ വേണ്ടെന്നുവയ്ക്കാൻ അവൾ മടിക്കില്ല. നിങ്ങളെക്കൊണ്ട് പൊറുതിമുട്ടിയപ്പോഴൊക്കെ അവൾ സുനാമിയായും പലപേരുകളിലുള്ള കൊടുങ്കാറ്റായും പ്രളയമായും ഒക്കെ നിങ്ങളെ പ്രഹരിച്ചിട്ടും നിങ്ങൾ നന്നായില്ല. പക്ഷേ, ഇന്ന് ഇത്തിരിക്കുഞ്ഞനായ ഞാൻ നിങ്ങൾക്ക് അദൃശ്യനായി വന്ന് നിങ്ങളെ ഒരുപാഠം പഠിപ്പിക്കാൻ തീരുമാനിച്ചതാണ്. പഠിപ്പിച്ചേ ഞാൻ തിരിച്ചുപോകൂ. അതിനായി നിരപരാധികളായ ഒരുപാടുപേരേ അവരുടെ സ്വപ്നങ്ങൾ ബാക്കിയാക്കി എനിക്ക് എടുക്കേണ്ടിവന്നു. അവരോടും നിത്യവേദനയിലേക്ക് തള്ളിവിടപ്പെട്ട അവരുടെ പ്രിയപ്പെട്ടവരോടും മാപ്പ്. ഗോ എന്നൊക്കെ വിളിച്ചുപറഞ്ഞാൽ അങ്ങനെയങ്ങുപോകാനല്ല ഞാൻ വന്നത്. ഞാൻ നിൽക്കണോ പോണോ എന്ന് നിങ്ങൾക്കുതന്നെയാണ് തീരുമാനിക്കാനാവുക. അതുവരെ ഞാനിവിടെത്തന്നെ കാണും.

സാഹചര്യവശാൽ എനിക്കൊരു വില്ലന്റെ വേഷമാണ്. സാരമില്ല, കഴിഞ്ഞ കുറച്ചു മാസങ്ങളായി ഞാൻ നിങ്ങളോടൊപ്പമുണ്ട്. നിങ്ങൾ

പോലുമറിയാതെ നിങ്ങളുടെ ഉള്ളിലെ നന്മയുടെ ആഴം കണ്ടെത്താൻ സഹായിച്ചില്ലേ? പണത്തിനും പ്രതാപത്തിനും പിറകേ ഓടിക്കിതച്ച് സ്വന്തവും ബന്ധവും സുഖവും സമാധാനവും ഒക്കെ നഷ്ടപ്പെടുത്തിയ നിങ്ങൾക്ക് അത് ഞാൻ തിരികെത്തന്നു, പ്രകൃതിയെ സ്നേഹിക്കാൻ പഠിപ്പിച്ചു, വ്യക്തിശുചിത്വവും സമൂഹശുചിത്വവും എന്താണെന്നറിയാത്ത നിങ്ങൾ അത് പഠിച്ചു. അന്യനെ സ്നേഹിക്കാൻ പഠിച്ചു, അശരണന് താങ്ങും തണലുമാകാൻ പഠിച്ചു. അങ്ങനെയെത്രയെത്ര പാഠങ്ങൾ.

ഇതൊക്കെക്കാണുമ്പോൾ എനിക്ക് അതിയായ സന്തോഷമാണുള്ളത്. ഒപ്പം, നിങ്ങൾ എന്നേയും ചിലത് പഠിപ്പിച്ചു. ശത്രുവിനെപ്പോലും സ്നേഹിക്കണമെന്ന്. അത് ഞാൻ പാലിക്കുന്നു. എന്റെ ഏറ്റവും വലിയ ശത്രുക്കളെ  ഭരണകൂടം, സ്വന്തം സുരക്ഷ മറന്ന്, കുടുംബം മറന്ന് നിങ്ങളുടെ സുരക്ഷയെക്കരുതി രാപകലില്ലാതെ പാടുപെടുന്ന ആരോഗ്യപ്രവർത്തകർ, നിങ്ങളെ നിയന്ത്രിക്കാൻ പെടാപ്പാടുപെടുന്ന പോലീസുകാർ...

ഇവരുടെ നിശ്ചയദാർഢ്യത്തിനു മുന്നിൽ കീഴടങ്ങാതിരിക്കാൻ എനിക്കാവില്ല. എനിക്ക് വന്ന ഇടത്തിലേക്ക് തന്നെ തിരികേ പോകാതെവയ്യ. ഞാൻ യാത്രചോദിക്കുന്നു, ഒരിക്കലും നിങ്ങൾ എന്നെ കാണാൻ ശ്രമിക്കരുത്. നിങ്ങളോടൊത്ത് കഴിഞ്ഞ നല്ല നാളുകളോർത്തുകൊണ്ട് പോകുന്നു. ഇനി യാത്രയില്ല.

സ്നേഹപൂർവം...

**അന്നദാ രാജേഷ് പടിക്കൽ**
ക്ലാസ് 11 (കൊമേഴ്സ്)
സേവാമന്ദിർ പോസ്റ്റ് ബേസിക്ക് സ്കൂൾ, രാമനാട്ടുകര
ഫറോക്ക് ഉപജില്ല, കോഴിക്കോട്



# ചിക്കൻപോക്സും കൊറോണയും പിന്നെ ഞാനും

ഈ അവധിക്കാലം അടിച്ചുപൊളിക്കണം, പരീക്ഷക്കാലം അടുത്തു, എല്ലാ വിഷയങ്ങളും നന്നായി എഴുതണം. ആദ്യത്തേത് എന്റെ പ്രിയപ്പെട്ട വിഷയമാണ്, സംസ്കൃതം. തലേദിവസം ചെറിയ പനി ഉണ്ടോ എന്നൊരു സംശയം. ചൂടുകൊണ്ട് തോന്നുന്നതാവാം എന്ന് വിചാരിച്ചു. നല്ല ക്ഷീണം. കുളിക്കാൻ കുളിമുറിയിൽ കയറി. അപ്പോഴാണ് കാണുന്നത്, ദേഹത്ത് അവിടവിടെയായി പൊങ്ങിനിൽക്കുന്ന കുരുക്കൾ. “അമ്മേ!” ഞാൻ അലറിവിളിച്ചു. എന്റെ വിളി കേട്ട് വീട് ഒന്ന് നടുങ്ങിയോ? ചുവരിൽ ഇരുന്ന പല്ലി കാൽതെറ്റി താഴെവീണു. പ്രാണിയെ പിടിക്കാൻ വന്ന എട്ടുകാലി ജീവനുംകൊണ്ട് ഓടിരക്ഷപ്പെട്ടു. സ്വൽപ്പം കലിപ്പിൽ അമ്മ ദാ നിൽക്കുന്നു മുന്നിൽ. “എന്താ അന്നക്കുട്ടീ?” “ഇതുകണ്ടോ അമ്മേ...” ഞാൻ എന്റെ ദേഹത്തെ കുരുക്കൾ കാണിച്ചുകൊടുത്തു. “അയ്യോ...” അമ്മ ഒന്ന് ഞെട്ടി. എന്നിട്ട് പറഞ്ഞു: “എനിക്ക് ചെറിയൊരു സംശയം, ഇത് ചിക്കൻപോക്സ് തന്നെ. ഇനി സ്കൂളിലും പോകണ്ട, പരീക്ഷയും എഴുതേണ്ട. വൈകുന്നേരം ആശുപത്രിയിൽ പോകാം, അച്ചാച്ചൻ വരട്ടെ.” എനിക്ക് വിലക്കേർപ്പെടുത്തിയ ആഹാരങ്ങളുടെ ലിസ്റ്റ് കേട്ടപ്പോൾ ഞാൻ വീണ്ടും ഞെട്ടി. അതിൽ എന്റെ പ്രിയപ്പെട്ട മീൻകറിയും ഉണ്ടായിരുന്നു. കുട്ടികളുടെ ആശുപത്രിയുടെ വരാന്തയിൽ ഊഴവും കാത്തുനിന്നു. അന്നക്കുട്ടി എന്ന വിളി വന്നപ്പോൾ ഞങ്ങൾ അകത്തേക്ക് കയറി വിവരം പറഞ്ഞപ്പോൾ ഡോക്ടർ പകപ്പോടെ ഞങ്ങളെ നോക്കി. ഡോക്ടറുടെ വിവരണങ്ങൾ കേട്ടപ്പോൾ എനിക്ക് മനസ്സിലായി, വീടിനുള്ളിൽനിന്ന് പുറത്തിറങ്ങാൻ പറ്റില്ല എന്ന്. പിന്നെ വലിയ സന്തോഷം തോന്നിയത് അച്ചാച്ചൻ വാങ്ങിത്തന്ന തണ്ണിമത്തനും ഓറഞ്ചും മുന്തിരിയും ഒക്കെ കണ്ടപ്പോഴാണ്.

പിറ്റേദിവസം ചേച്ചി സ്കൂളിൽ പോകുന്നതു കണ്ടപ്പോൾ തെല്ല് അസൂയ തോന്നി. പുറംകാഴ്ചകളിലേക്ക് സൈക്കിൾ ചവിട്ടി പോകുന്നതിന്റെ അഹങ്കാരമോ അവളുടെ മുഖത്ത്? തെല്ല് സങ്കടത്തോടെ ഞാൻ ഉറക്കം നടിച്ചു കിടന്നു.

പിന്നെ ഓർത്തു, ഇങ്ങനെ കിടന്നിട്ട് കാര്യമില്ല. കുറച്ചുനേരം ഡോറയെ സഹായിക്കാം. തനിയെ കുന്ന് കയറിയും മീൻപിടിച്ചും ആറുകടന്നും ഒക്കെ അവൾ മടുത്തുകാണും. കുറച്ചുനേരം ടി.വി. വച്ചു ഡോറയെ സഹായിച്ചു. പിന്നെ എനിക്കും മടുത്തു. ഇത്തിരി ലോകവിവരം അറിയുന്നതിന് വാർത്ത കാണാം എന്ന് വിചാരിച്ചു. അപ്പോഴാണ് ചൈനയിൽ പടർന്നുപിടിക്കുന്ന കൊറോണവൈറസിനെക്കുറിച്ച് കേട്ടത്. തെല്ലുനേരം അതും ശ്രദ്ധിച്ചു കേട്ടിരുന്നു. പിന്നെ ചിന്തിച്ചു, അത് അങ്ങ് ചൈനയിൽ അല്ലേ, പിന്നെ ഞാൻ എന്തിനു പേടിക്കണം? പാമ്പും പഴുതാരയും ഇങ്ങേയറ്റം ഞാഞ്ഞൂലിനെപ്പോലും തിന്നാൻ മടിയില്ലാത്തവർ. അവർക്ക് അതുതന്നെ വരണം. കേരളത്തിന്റെ ഒരു കോണിൽ കഴിയുന്ന എനിക്ക് എന്താ...

ചിക്കൻപോക്സിന്റെ കുരുക്കളൊക്കെ മാറിത്തുടങ്ങി. മരുന്നും തീർന്നു. ഇനി പതിയെ പുറത്തിറങ്ങാം. എന്റെ സന്തോഷം മെല്ലെ കെട്ടടങ്ങി. ആ മഹാമാരി എന്റെ രാജ്യത്തും വന്നു. എന്റെ ഗ്രാമത്തിന്റെ തൊട്ടടുത്തുവരെ എത്തി. പുതിയപുതിയ വാർത്തകൾ. വീട്ടിലെ ചർച്ചാവിഷയം കൊറോണ എന്ന മഹാമാരി മാത്രമായി. വീണ്ടും വീടിനുള്ളിൽത്തന്നെയായി. ഇപ്പോഴാണ് എനിക്ക് മനസ്സിലായത്, കൂടിനുള്ളിൽ കിടക്കുന്ന പക്ഷികളും മൃഗങ്ങളും എന്തിനാണ് മാനം നോക്കി കരയുന്നതെന്ന്. അടച്ചിട്ട കൂടിനുള്ളിലെ സുഖസൗകര്യങ്ങളെക്കാൾ പാറിപ്പറക്കാൻ കഴിയുന്ന സ്വാതന്ത്ര്യം ആണ് സ്വർഗം. മനുഷ്യൻ വീടിനുള്ളിൽ ഒതുങ്ങിയപ്പോൾ പക്ഷികളും മൃഗങ്ങളും ഇങ്ങേയറ്റം ചെറുപ്രാണികൾ വരെ സന്തോഷിക്കുന്നത് ഞാൻ കണ്ടു.

അഹങ്കാരിയായ  അണ്ണാൻ ചിൽ... ചിൽ... എന്ന് പറഞ്ഞ് എന്നെ കളിയാക്കി, കാക്കച്ചി ചാഞ്ഞും ചരിഞ്ഞും ചിരിച്ചു. പൂമ്പാറ്റകളും തുമ്പികളും സന്തോഷത്തോടെ പാറിപ്പറന്നു. കുയിൽ ഉറക്കെ കൂവി, ഞാനും ഒപ്പത്തിനൊപ്പം കൂവി. അവസാനം അവൻ തോറ്റു പിൻവാങ്ങി.

എനിക്ക് സങ്കടം വരുന്നുണ്ടായിരുന്നു. എല്ലാവരും നോക്കിക്കോ, അന്നക്കുട്ടിയും സ്കൂളിൽ പോകും. ഞാൻ ഇനി പുതിയ ക്ലാസിൽ, ആറാം ക്ലാസിൽ എന്റെ ടീച്ചർമാരെയും കൂട്ടുകാരെയും ഒക്കെ കാണും.

**എബിനെ ഏലിയാസ്**
5 എ
ഹൈസ്കൂൾ പരിപ്പ്
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം